news@vachakam.com

CHICAGO

Newspaper for Malayalees Worldwide

Vol.2 ◆ Issue 36 ◆ Pages32

# വാചകം VACHAKAM vachakam.com

01 ഫെബ്രുവരി 2023
ബുധനാഴ്ച
1198 മകരം 18

01 America | 13 Canada | 14 Keralam | 18 India | 20 Socialmedia | 23 Cinema | 26 Sports | 29 Technology | 30 World




# കലക്കവെള്ളത്തിൽ മീൻ പിടിക്കുന്നതാര്?

ഉക്രെയിൻ - റഷ്യ യുദ്ധത്തിൽ 'കലക്കവെള്ളത്തിൽ മീൻ പിടിക്കാൻ ശ്രമിക്കുകയാണ്' അമേരിക്കയ്ക്കും സഖ്യകക്ഷികളും എന്നാണ് വിലയിരുത്തൽ. അത് ശരിയാണോ? ശരിക്കും 'കൈ പൊള്ളുന്ന' അവസ്ഥയാണ് നിലവിലുള്ളത്. റഷ്യയെ ഇനിയും പ്രകോപിപ്പിച്ചാൽ അവർ ഏത് നിമിഷവും ആണവായുധം പ്രയോഗിച്ചേക്കുമെന്നാണ് അമേരിക്കൻ രഹസ്യാന്വേഷണ ഏജൻസിയായ സി.ഐ.എ മുന്നറിയിപ്പു നൽകിയിരിക്കുന്നത്. കൃത്യമായ ഈ വിവരത്തെ തുടർന്ന് എഫ് 16 യുദ്ധവിമാനങ്ങൾ ഉക്രെയിന് നൽകില്ലന്ന് പ്രഖ്യാപിച്ചിരിക്കുകയാണ് അമേരിക്ക.

ബ്രിട്ടനും ജർമ്മനിയും സമാന നിലപാട് തന്നെയാണ് സ്വീകരിച്ചിരിക്കുന്നത്. ഇതോടെ മറ്റൊരു നാറ്റോ സഖ്യ രാജ്യമായ ഫ്രാൻസും യുദ്ധവിമാനങ്ങൾ നൽകുന്നതിൽ നിന്നും പിറകോട്ട് പോയിരിക്കുകയാണ്. ഉക്രെയിന് ആധുനിക ടെക്നോളജിയും ആയുധങ്ങളും നൽകി സഹായിക്കുന്ന അമേരിക്കയും സഖ്യകക്ഷികളും ടാങ്കുകൾ നൽകാൻ തീരുമാനിച്ചതിനു പിന്നാലെയാണ് യുദ്ധവിമാനങ്ങൾ നൽകാനും അണിയറയിൽ നീക്കം നടത്തിയത്. പ്രതിരോധത്തിന് 200 ഓളം യുദ്ധവിമാനങ്ങൾ വേണമെന്ന ഉക്രെയിൻ ആവശ്യമാണ് നാറ്റോ സഖ്യകക്ഷികൾ പരിഗണിച്ചിരുന്നത്.

എന്നാൽ ഈ ഇടപാട് റഷ്യക്കെതിരായ യുദ്ധപ്രഖ്യാപനമായി കണ്ട് ശക്തമായി തിരിച്ചടിക്കാനാണ് റഷ്യ പദ്ധതി ഒരുക്കിയിരുന്നത്.ലോകത്തിലെ ഏറ്റവും നശീകരണ ശേഷിയുള്ള ആണവായുധമായ 'സാത്താൻ' ഉൾപ്പെടെയാണ് റഷ്യ സജ്ജമാക്കി നിർത്തിയിരിക്കുന്നത്. ഇത് ഉക്രെയിന് നേരെയല്ലന്നും റഷ്യയുടെ ലക്ഷ്യം അമേരിക്കയും സഖ്യകക്ഷികളും ആണെന്ന ഞെട്ടിക്കുന്ന റിപ്പോർട്ടാണ് സി.ഐ.എ ഉദ്യോഗസ്ഥർ അമേരിക്കൻ ഭരണകൂടത്തിന് കൈമാറിയിരിക്കുന്നത്.

തുടർന്നാണ് കൂടുതൽ പ്രകോപനത്തിനു മുതിരാതെ യുദ്ധവിമാനങ്ങൾ നൽകുന്നതിൽ നിന്നും നാറ്റോ സഖ്യ രാജ്യങ്ങൾ പിറകോട്ട് പോയിരിക്കുന്നത്.ഉക്രെയിനുമായുള്ള പ്രത്യേക സൈനിക നടപടി പിന്നിട്ടിട്ടും വൻ നശീകരണ ശേഷിയുള്ള ആയുധങ്ങൾ ഇതുവരെ റഷ്യൻ സൈന്യം പ്രയോഗിച്ചിട്ടില്ല. സോവിയറ്റ് യൂണിയന്റെ കാലം മുതൽ ഉള്ള ആയുധങ്ങളുടെ വലിയ ഒരു ശേഖരം തന്നെയാണ് ഇപ്പോഴും റഷ്യയിലുള്ളത്. ഇതാകട്ടെ അമേരിക്കയുടെ കൈവശമുള്ളതിനേക്കാൾ

ശേഷം പേജ് 8 ൽ

# ബൈഡന്റെ കോവിഡ് റെസ്ക്യൂ നിയമം: 18 ദശലക്ഷം കോളജ് വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം



വാഷിംഗ്ടൺ: പ്രസിഡന്റ് ജോ ബൈഡന്റെ കോവിഡ് റെസ്ക്യൂ പാക്കേജിൽ നിന്നും മറ്റ് ദുരിതാശ്വാസ ഫണ്ടുകളിൽ നിന്നും 18 ദശലക്ഷം കോളജ് വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം ലഭിച്ചു. ഇത് പകർച്ചവ്യാധി സമയത്ത് ദശലക്ഷക്കണക്കിന് ആളുകളെ എന്റോൾ ചെയ്യാൻ സഹായിച്ചതായി വിദ്യാഭ്യാസ വകുപ്പിന്റെ പുതിയ റിപ്പോർട്ട് പറയുന്നു.ദശലക്ഷക്കണക്കിന് കോളജ് വിദ്യാർത്ഥികൾക്ക് വിദ്യാർത്ഥി വായ്പാ കടം ഇളവ് ചെയ്യാൻ ശ്രമിച്ച പ്രത്യേക ബൈഡൻ നടപടിയുടെ ഭാവി സുപ്രീം കോടതി ഉടൻ തീരുമാനിക്കുമെന്നതിനാൽ യുഎസ്എ ടുഡേ നേടിയതും ബുധനാഴ്ച പരസ്യമായി റിലീസ് ചെയ്യാനിരിക്കുന്നതുമായ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ഉടൻ പുറത്തിറങ്ങും. 2021 മാർച്ചിൽ ബൈഡൻ ഒപ്പുവെച്ച 1.9 ട്രില്യൺ ഡോളർ അമേരിക്കൻ റെസ്ക്യൂ പ്ലാനിൽ, ഉന്നത വിദ്യാഭ്യാസ എമർജൻസി റിലീഫ് ഫണ്ടിലേക്ക് അല്ലെങ്കിൽ ഒല്ലഌഞഎലേക്ക് ചരിത്രംകുറിച്ച് നിക്ഷേപിച്ചാണ് കോളജുകൾക്കും സർവ്വകലാശാലകൾക്കുമായി 40 ബില്യൺ ഡോളർ ഉൾപ്പെടുത്തിയത്.ഉന്നത വിദ്യാഭ്യാസത്തിന് അടിയന്തര ദുരിതാശ്വാസ ഫണ്ടുകൾ എങ്ങനെയാണ് പ്രവർത്തിച്ചത്?വിദ്യാഭ്യാസ വകുപ്പിന്റെ കണക്കുകൾ പ്രകാരം 5,000 കോളജുകൾക്കും സർവ്വകലാശാലകൾക്കും അനുവദിച്ച അധിക ഒല്ലഌഞഎ ഫണ്ടിംഗിന്റെ 90% വിഹിതവും 2022 അവസാനത്തോടെ തീർന്നിരുന്നു. ഫുഡ് ഹൗസിംഗ്, മാനസികാരോഗ്യം, ശിശു സംരക്ഷണം എന്നിവയുൾപ്പെടെ കോളജിൽ ചേരുന്നതിനുള്ള ഒരു വിദ്യാർത്ഥിയുടെ ചെലവുമായി ബന്ധപ്പെട്ട ഏത് ചെലവും പിന്തുണ

ശേഷം പേജ് 8 ൽ

നിലപാട് മയപ്പെടുത്തി ബൈഡൻ

## അലാസ്കയിൽനിന്ന് എണ്ണ ഖനനം ചെയ്യാൻ അനുമതി



വാഷിംഗ്ടൺ: ആഭ്യന്തര എണ്ണ ഉൽപ്പാദനത്തോട് ദീർഘകാലമായി തുടരുന്ന എതിർപ്പ് മാറ്റിവെച്ച് പരിമിതമായ തോതിൽ അലാസ്കയിൽ നിന്ന് എണ്ണ ഖനനം ചെയ്യാൻ ബൈഡൻ ഭരണകൂടം സമ്മതം മൂളി. മേഖലയിൽ മൂന്ന് പുതിയ എണ്ണക്കിണറുകൾ കുഴിക്കാനുള്ള കോനോകോഫിലിപ്സ് (സിപി) കമ്പനിയുടെ പദ്ധതിക്ക് ബ്യൂറോ ഓഫ് ലാൻഡ് മാനേജ്മെന്റ് പാരിസ്ഥിതിക അനുമതി നൽകി. അഞ്ച് എണ്ണക്കിണറുകൾക്കാണ് കമ്പനി അനുമതി തേടിയിരുന്നത്. 600 ദശലക്ഷം ബാരൽ ക്രൂഡ് ഓയിൽ അടുത്ത 30 വർഷം കൊണ്ട് ഖനനം ചെയ്യാൻ കമ്പനി നേരത്തെ ബൃഹദ് പദ്ധതി തയാറാക്കിയിരുന്നു. വില്ലോ എന്ന പേരിൽ ഇതിന്റെ ലഘ്വുവായ രൂപമാണ് ഇപ്പോൾ ബൈഡൻ ഭരണകൂടത്തിന് മുന്നിലെത്തിയത്.

ഗ്യാസ് വില കഴിഞ്ഞ വർഷം കുത്തനെ ഉയർന്നപ്പോഴും ആഭ്യന്തര ഉൽപ്പാദനത്തോട് ബൈഡൻ മുഖം തിരിച്ചിരുന്നു. കൂടുതൽ ക്രൂഡ് ഉൽപ്പാദിപ്പിക്കാൻ സൗദി അറേബ്യ നേതൃത്വം നൽകുന്ന ഒപെകിനോട് ആവശ്യമുന്നയിക്കുകയാണ് ബൈഡൻ ചെയ്തത്. ഫോസിൽ ഇന്ധനങ്ങൾ അവസാനിപ്പിക്കുമെന്നും ഇനി യുഎസിൽ എണ്ണ ഖനനം ഉണ്ടാവില്ലെന്നുമാണ് തെരഞ്ഞെടുപ്പ് പ്രചാരണ കാലത്ത് അദ്ദേഹം വാഗ്ദാനം ചെയ്തിരുന്നത്. സൗദിയോട് ഉൽപ്പാദനം വർധിപ്പിക്കാൻ ആവശ്യപ്പെട്ട ശേഷം യുഎസിൽ എണ്ണ ഉൽപ്പാദനത്തെ എതിർക്കുന്ന ബൈഡന്റെ നടപടി ഇരട്ടത്താപ്പാണെന്നാണ് വിമർശകർ കുറ്റപ്പെടുത്തുന്നത്.

ഏറ്റവും പുതിയ വാർത്തകൾ (24 X 7) അറിയുന്നതിന് www.vachakam.com സന്ദർശിക്കൂ

വാട്ട്സ്ആപ്പ് ഗ്രൂപ്പിൽ അംഗമാകുന്നതിന് ക്യു ആർ കോഡ് സ്കാൻ ചെയ്യൂ

# എസ്രികെയർ ഐ ഡ്രോപ്പ് ഉപയോഗം നിർത്താൻ സിഡിസി നിർദ്ദേശം




യുഎസിലുടനീളം വ്യാപകമായി അണുബാധകൾ റിപ്പോർട്ട് ചെയ്ത എസ്രികെയർ ഐ ഡ്രോപ്പ് (കണ്ണിൽ ഉറ്റിക്കുന്ന തുള്ളി മരുന്നുകൾ) ഉപയോഗിക്കുന്നത് നിർത്താൻ സെന്റർസ് ഫോർ ഡിസീസ് കൺട്രോൾ ആൻഡ് പ്രിവൻഷൻ നിർദ്ദേശം. 50 അണുബാധകളും ഒരു മരണവും റിപ്പോർട്ട് ചെയ്തതിന് പിന്നാലെയാണ് നടപടി.

അമേരിക്കൻ അക്കാദമി ഓഫ് ഒഫ്താൽമോളജി (എഎഒ) യുടെ പ്രസ്താവന പ്രകാരം, സിഡിസിയുടെ അന്വേഷണം പൂർത്തിയാകുന്നതുവരെ, ഡോക്ടർ ഈ മരുന്ന് രോഗികൾക്ക് ശുപാർശ ചെയ്യരുത്. എസ്രികെയറിന്റെ മരുന്നിൽ സ്യൂഡോമോണസ് എരുഗിനോസയുടെ സാനിധ്യം കണ്ടെത്തിയതായാണ് റിപ്പോർട്ട്.

11 സംസ്ഥാനങ്ങളിലായി 50 കേസുകളെങ്കിലും സിഡിസി അന്വേഷിക്കുന്നുണ്ട്. ഇത് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുന്നതിനും സ്ഥിരമായ കാഴ്ച നഷ്ടപ്പെടുന്നതിനും ഒരു മരണത്തിനും കാരണമായി.

കാലിഫോർണിയ, കൊളറാഡോ, കണക്ടിക്കട്ട്, ഫ്ളോറിഡ, ന്യൂജേഴ്സി, ന്യൂ മെക്സിക്കോ, ന്യൂയോർക്ക്, നെവാഡ, ടെക്സസ്, യൂട്ട, വാഷിംഗ്ടൺ എന്നിവിടങ്ങളിലാണ് കേസുകൾ റിപ്പോർട്ട് ചെയ്തത്.

എപ്പിഡെമിയോളജിക്കൽ അന്വേഷണവും ലബോറട്ടറി വിശകലനങ്ങളും പൂർത്തിയാകുന്നതുവരെ ക്ലിനിക്കുകളും രോഗികളും എസ്രികെയർ തുള്ളി മരുന്നുകൾ ഉപയോഗിക്കുന്നത് ഉടൻ നിർത്തണമെന്ന് സിഡിസി ശുപാർശ ചെയ്യുന്നു, 'ജനുവരി 20 ലെ വാർത്താക്കുറിപ്പിൽ പറയുന്നു. 2019 ലെ റിപ്പോർട്ട് പ്രകാരം യുഎസിൽ 2,700 പേർ സ്യൂഡോമോണസ് എരുഗിനോസ അണുബാധ മൂലം മരിക്കുകയും 32,600 പേർ ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയും ചെയ്തിരുന്നു.

# ക്രെഡിറ്റ് കാർഡ് ലേറ്റ് ഫീസ് കുറയ്ക്കാനൊരുങ്ങി ബൈഡൻ ഭരണകൂടം




ക്രെഡിറ്റ് കാർഡ് ലേറ്റ് ഫീസ് ഡോളർ 30ൽ നിന്ന് 8 ഡോളറായി ആയി കുറയ്ക്കുന്ന നിയമം നിർദ്ദേശിക്കാനൊരുങ്ങി ബൈഡൻ ഭരണകൂടം. ഇതുവഴി ഉപഭോക്താക്കൾക്ക് പ്രതിവർഷം ഡോളർ 9 ബില്യൺ വരെ ലാഭിക്കാമെന്ന് വൈറ്റ് ഹൗസ് ബുധനാഴ്ച പ്രഖ്യാപിച്ചു.

കൺസ്യൂമർ ഫിനാൻഷ്യൽ പ്രൊട്ടക്ഷൻ ബ്യൂറോ മുന്നോട്ട് വയ്ക്കുന്ന നിയമം 2024 മുതൽ പ്രാബല്യത്തിൽ വരുമെന്ന് അഡ്മിനിസ്ട്രേഷൻ ഉദ്യോഗസ്ഥർ പറഞ്ഞു.

2009 ലെ ക്രെഡിറ്റ് കാർഡ് അക്കൗണ്ടബിലിറ്റി റെസ്പോൺസിബിലിറ്റി ആൻഡ് ഡിസ്ക്ലോഷർ ആക്ട് പ്രകാരം നിയമങ്ങൾ ഭേദഗതി ചെയ്യാൻ സിഎഫ്പിബിക്ക് അധികാരമുണ്ടെന്ന് സിഎഫ്പിബി ഡയറക്ടർ രോഹിത് ചോപ്ര പറഞ്ഞു.

നിലവിലെ നിയമങ്ങൾ ക്രെഡിറ്റ് കാർഡ് കമ്പനികൾക്ക് ഉയർന്ന ഫീസ് ഈടാക്കാനും പണപ്പെരുപ്പം കണക്കിലെടുത്ത് അത് വർദ്ധിപ്പിക്കാനും അനുവദിക്കുന്നു.

കമ്പനികൾ ഇപ്പോൾ ആദ്യ വൈകിയുള്ള പേയ്മെന്റിന് 30 ഡോളർ വരെയും അധിക വൈകിയുള്ള പേയ്മെന്റുകൾക്ക് 41 ഡോളർ വരെയും ഈടാക്കുന്നുണ്ട്.

അമേരിക്കക്കാർ ഓരോ വർഷവും ഏകദേശം 12 ബില്യൺ ഡോളർ ക്രെഡിറ്റ്കാർഡ് ലേറ്റ് ഫീസായി അടയ്ക്കുന്നുണ്ടെന്ന് ചോപ്ര പറഞ്ഞു.

അതേസമയം 'ജങ്ക് ഫീസ്' വെട്ടിക്കുറയ്ക്കാനും ബൈഡൻ കോൺഗ്രസിനോട് ആവശ്യപ്പെടും

Published from Chicago by Vachakam Ltd, 1001 E. Chicago Ave. Ste.151, Naperville Illinois 60540, USA. Director: Cyril Chennikkara, Weekly publication. Phone: 1-773-888-2242, 1-773-888-2243 (WhatsApp). E-Mail: news@vachakam.com , vachakamonline@gmail.com. website www.vachakam.com. (An online news portal for Malayalees worldwide, 24 hrs updating). Cost $1.00 per copy.
**Phone Number: 1-773-888-2242.**
**Email: vachakamonline@gmail.com.**

## American Diary — 40 Years Ago



### *Message to the Congress Transmitting the Proposed United States- Bangladesh Agreement on Nuclear Energy*

To the Congress of the United States:

I am pleased to transmit to the Congress, in accordance with Section 123 d of the Atomic Energy Act of 1954, as amended (42 U.S.C. 2153(d)), the text of the proposed Agreement for Cooperation Between the United States of America and the People's Republic of Bangladesh Concerning Peaceful Uses of Nuclear Energy and accompanying annex and agreed minute; my written determination, approval, and authorization concerning the agreement; and the memorandum of the Director of the United States Arms Control and Disarmament Agency with the Nuclear Proliferation Assessment Statement concerning the agreement. The joint memorandum submitted to me by the Secretaries of State and Energy, which includes a summary analysis of the provisions of the agreement, and the views and recommendations of the Members of the Nuclear Regulatory Commission and the Director of the United States Arms Control and Disarmament Agency are also enclosed.

The Nuclear Non-Proliferation Act of March 10, 1978 sets forth certain requirements for new agreements for peaceful nuclear cooperation with other countries. In my judgment, the proposed agreement for cooperation between the United States and Bangladesh, together with its accompanying annex and agreed minute, meets all statutory requirements.

The proposed bilateral agreement reflects the desire of the Government of the United States and the Government of Bangladesh to establish a framework for peaceful nuclear cooperation between our two countries in a manner which recognizes both the shared non-proliferation objectives and the friendly and harmonious relations between the United States and Bangladesh. The proposed agreement will, in my view, further the non-proliferation and other foreign policy interests of the United States.

I have considered the views and recommendations of the interested agencies in reviewing the proposed agreement and have determined that its performance will promote, and will not constitute an unreasonable risk to, the common defense and security. Accordingly, I have approved the agreement and authorized its execution, and urge that the Congress give it favorable consideration.

RONALD REAGAN
The White House
February 2, 1982.






# ഡബ്ല്യു.എം.സി യൂണിഫൈഡ് റിപ്പബ്ലിക്ക് ദിനാചരണം

## ഇല്ലിനോയ് ഹൗസ് ഓഫ് റെപ്രസെന്റേറ്റീവ് കെവിൻ ഓലിക്കലിന് സ്വീകരണവും




വേൾഡ് മലയാളി കൗൺസിൽ(ഡബ്ല്യൂ.എം.സി) യൂണിഫൈഡ് ഷിക്കാഗോ പ്രോവിൻസിന്റെ 2023 വർഷത്തെ പ്രവർത്തനോദ്ഘാടനവും റിപ്പബ്ലിക് ദിനാചരണവും ഇല്ലിനോയ് ഹൗസ് ഓഫ് റെപ്രസെന്റേറ്റിവ് അംഗം കെവിൻ ഓലിക്കലിന് സ്വീകരണവും സംയുക്തമായി ശനിയാഴ്ച മൗണ്ട് പ്രോസ്‌പെക്ടിൽ നടത്തി. ഡബ്ല്യൂ.എം.സിയുടെ നവവത്സര ആഘോഷ ചടങ്ങുകളോടനുബന്ധിച്ചു നടന്ന പൊതുസമ്മേളനം കെവിൻ ഓലിക്കൽ ഉദ്ഘാടനം ചെയ്തു.

അലോണ ജോർജിന്റെ പ്രാർത്ഥനാഗാനാലാപനത്തെ തുടർന്ന് വൈസ് പ്രസിഡന്റ് ഫിലിപ്പ് പുത്തൻപുര സദസ്സിന് സ്വാഗതം പറഞ്ഞു. പ്രസിഡന്റ് ബഞ്ചമിൻ തോമസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. 2022 ജൂലൈ മാസത്തിൽ നടത്തിയ 'കലാസന്ധ്യ'യിൽനിന്നും ലഭിച്ച സ്പോൺസർഷിപ്പിൽ കേരളത്തിലെ നിർധനരായ ഭവനരഹിതർക്കുവേണ്ടി ഡബ്ല്യൂ.എം.സി ഷിക്കാഗോ പ്രോവിൻസ് നിർമ്മിച്ചുനൽകിവരുന്ന പുതിയ ഭവനങ്ങളുടെ നിർമ്മാണ പുരോഗതി പ്രസിഡന്റ് സംക്ഷിപ്തമായി വിശദീകരിച്ചു.

മലയാളി സമൂഹത്തിന് അഭിമാനമായി ഇല്ലിനോയ് ഹൗസ് ഓഫ് റെപ്രസെന്റേറ്റീവ് അംഗമായി തെരഞ്ഞെടുക്കപ്പെട്ട കെവിൻ ഓലിക്കലിനെ പ്രോവിൻസ് സെക്രട്ടറി തോമസ് ഡിക്രൂസ് സദസ്സിന് പരിചയപ്പെടുത്തി. തുടർന്ന് കെവിൻ ഓലിക്കലിനെ ഡബ്യൂ.എം.സിയുടെ ആശംസാഫലകം നൽകി എക്സിക്യൂട്ടീവ് ആദരിച്ചു. അദ്ദേഹത്തിന് അഭിവാദ്യങ്ങൾ അർപ്പിച്ചുകൊണ്ട് അമേരിക്ക റീജിയൻ വൈസ് പ്രെസിഡന്റ് മാത്യൂസ് ഏബ്രഹാം, പ്രൊവിൻസ് ചെയർമാൻ മാത്തുക്കുട്ടി ആലുംപറമ്പിൽ, അഡ്വൈസറി ബോർഡംഗം സാബി കോലത്തു, ഡോ. ജോർജ്ജ് പാലമറ്റം, ചാരിറ്റി ഫോറം ചെയർമാൻ തോമസ് വർഗീസ് എന്നിവർ സംസാരിച്ചു. കെവിൻ ഓലിക്കൽ നടത്തിയ മറുപടി പ്രസംഗത്തിൽ ഡബ്ല്യൂ.എം.സി ഷിക്കാഗോ പ്രൊവിൻസ് ഇതിനോടകം ഏറ്റെടുത്തു നടപ്പാക്കിയ ഭവനനിർമ്മാണ പദ്ധതികൾ ഉൾപ്പടെയുള്ള വിവിധങ്ങളായ ജീവകാരുണ്യ പ്രവർത്തനങ്ങൾ മാതൃകാപരവും പ്രശംസനീയവും ഏവർക്കും അനുകരണീയവുമാണെന്ന് പ്രസ്താവിച്ചു. ഡബ്ളിയു.എം.സി തനിക്ക് നൽകിയ സ്വീകരണത്തിന് നന്ദി പറഞ്ഞുകൊണ്ട്, മലയാളി സമൂഹത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടു ജനസേവനം നടത്താൻ തനിക്കു ലഭിച്ച ഈ സ്ഥാനലബ്ധിയിൽ അങ്ങേയറ്റം സന്തോഷിക്കുകയും അഭിമാനിക്കുകയും ചെയ്യുന്നതായി അദ്ദേഹം പറഞ്ഞു. ഡബ്ല്യൂ.എം.സി ഷിക്കാഗോ പ്രോവിൻസിന്റെ എല്ലാ പ്രവർത്തങ്ങൾക്കും കെവിൻ ഓലിക്കൽ പിന്തുണ അറിയിച്ചു.

ഷിക്കാഗോ പ്രൊവിൻസിൽനിന്നും ഡബ്ല്യൂ.എം.സി അമേരിക്ക റീജിയൻ വൈസ് പ്രസിഡന്റായി തെരെഞ്ഞെടുക്കപ്പെട്ട മാത്യൂസ് എബ്രഹാമിനെ സമ്മേളനം ആദരിച്ചു. സമ്മേളനത്തിനു ശേഷം വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു. ബീന ജോർജ്ജ് ചടങ്ങിൽ എം.സി ആയിരുന്നു.

*തോമസ് ഡിക്രൂസ്*

## ഷിക്കാഗോ എസ്ബി-അസംപ്ഷൻ അലമ്നൈ ദേശീയ ഉപന്യാസ മത്സരം റജിസ്ട്രേഷൻ മാർച്ച് 5 വരെ നീട്ടി

ഷിക്കാഗോ: ചങ്ങനാശ്ശേരി എസ്ബി-അസംപ്ഷൻ അലമ്നൈ അസോസിയേഷന്റെ ഷിക്കാഗോ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ ദേശീയ ഉപന്യാസ മത്സരം നടത്തും. എസ്ബി-അസംപ്ഷൻ അലമ്നൈ അംഗങ്ങളുടെ മക്കൾക്കായി മാത്രമുള്ള ഉപന്യാസ മത്സരമാണിത്.

വർദ്ധിച്ച ഡിമാൻഡു മൂലവും കൂടുതൽ അപേക്ഷാർത്ഥികൾക്കു അവസരം നൽകുന്നതിനുമായി റജിസ്ട്രേഷനുള്ള സമയം മാർച്ച് 5 വരെ നീട്ടിയതായി സംഘാടകർ അറിയിച്ചു. ഹൈസ്കൂൾ, കോളേജ് എന്നീ വിഭാഗങ്ങളിലാണ് മത്സരം.

ഹൈസ്കൂളിൽ ജൂനിയറോ സീനിയറോ ആയവർക്കും കോളേജിൽ ഫ്രെഷ്മെനോ സോഫ്മോർ ആയവർക്കോ ആയവർക്കോ അപേക്ഷിക്കാവുന്നതാണ്.

വിജയികൾക്ക് കാഷ് അവാർഡും സർട്ടിഫിക്കറ്റുമാണ് സമ്മാനം. റജിസ്ട്രേഷനും മത്സരത്തിനുള്ള എൻട്രികളും csbaessaycomp@gmail.com എന്ന ഇമെയിൽ വഴിയാണ് അയക്കേണ്ടത്.

മാർച്ച് 5 വരെയാണ് സൗജന്യ റജിസ്ട്രേഷൻ.

ഉപന്യാസ എൻട്രികൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി മെയ് 5 ആണ്. ജഡ്ജിങ് പാനലിന്റെ തീരുമാനം അന്തിമമായിരിക്കും എന്ന് പ്രസിഡന്റ് ആന്റണി ഫ്രാൻസിസും സംഘാടകരും അറിയിച്ചു.


കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക: ഡോ. തോമസ് സെബാസ്റ്റ്യൻ (601-715-2229)




## ഇന്ത്യൻ റിപ്പബ്ലിക് ദിനം ആചരിച്ചു

ഷിക്കാഗോ: ഫോമ സെൻട്രൽ റീജണിന്റെ ആഭിമുഖ്യത്തിൽ ജനുവരി 26ന് 74-ാമത് ഇന്ത്യൻ റിപ്പബ്ലിക് ദിനമായി ആചരിച്ചു. ആർവിപി ടോമി ഇടത്തിലിൽ അധ്യക്ഷനായിരുന്നു.

റിപ്പബ്ലിക്കൻ ദിനത്തിന് ആശംസകൾ നേർന്ന് ഫോമ നാഷണൽ വൈസ് പ്രസിഡന്റ് സണ്ണി വള്ളിക്കളം, നാഷണൽ കമ്മിറ്റി മെമ്പർ ജോയി ഇണ്ടിക്കുഴി, സെൻട്രൽ റീജൺ ചെയർമാൻ ഡോ. സാൽബി പോൾ ചേന്നോത്ത്, സെക്രട്ടറി ജോഷി വള്ളിക്കളം, ട്രഷറർ സിബു കുളങ്ങര, അഡ്വൈസറി ബോർഡ് ചെയർ പീറ്റർ കുളങ്ങര, മുൻ ആർവിപി ജോൺ പാട്ടപ്പതി, സ്റ്റീഫൻ കിഴക്കേകുറ്റ്, ജോൺസൺ കണ്ണൂക്കാടൻ, പോൾസൻ കുളങ്ങര, ജൂബി വള്ളിക്കളം, റോയി നെടുംചിറ എന്നിവർ സംസാരിച്ചു.






അമേരിക്ക വാചകം

# രാജിക്ക് പിന്നിൽ 'ബേൺ ഔട്ടോ'? ജസിന്ത വീണ്ടും ചർച്ച ആകുന്നു



ജസിന്ത ആർഡേന്റെ അപ്രതീക്ഷിതമായി രാജിപ്രഖ്യാപനം ശരിയായ സമയത്തായിരുന്നോ എന്നുള്ള ചർച്ചകൾക്ക് ചൂടേറുന്നു. തന്നോട് തന്നെ നീതി കാണിച്ചു കൊണ്ടാണ് ജസിന്ത അധികാരമൊഴിഞ്ഞതെന്നും മറ്റ് ലോക നേതാക്കളിൽ നിന്നും എപ്പോഴത്തെയും പോലെ ഇത്തവണയും അവർ വേറിട്ടു നിന്നുവെന്നുമെല്ലാമുള്ള പ്രശംസകളാണ് ഇവയിൽ ഏറെയും. രാജിക്ക് പിന്നിൽ വൈകാരികവും ശാരീരികവും മാനസികവുമായ തളർച്ചയുടെ ഒരു അവസ്ഥയായ 'ബേൺ ഔട്ട്' ആകാമെന്ന വിലയിരുത്തലും ലോകം നടത്തുന്നു.

### നേട്ടങ്ങളെല്ലാം കോട്ടങ്ങളായോ?

ന്യൂസിലൻഡിന്റെ പരമാധികാരക്കസേരയിലെത്തിയ പ്രായം കുറഞ്ഞയാൾ എന്ന ഒറ്റ വിശേഷണത്തോടെയാണ് ജസീന്ത ലോകത്തിന് മുന്നിൽ തന്നെ ഒരു അടയാള ചിഹ്നമായി മാറിയത്. ജോലിയും വ്യക്തി ജീവിതവും എങ്ങനെ സമന്വയിപ്പിച്ചുകൊണ്ടുപോകാം എന്നതിലൂടെ ജസിന്ത ആർഡേൻ ലോകത്തെ ഞെട്ടിച്ചു. ഐക്യരാഷ്ട്ര സഭയുടെ ജനറൽ അസംബ്ലിയെ കൈയിൽ കൈക്കുഞ്ഞുമായെത്തി അഭിസംബോധന ചെയ്തതുമെല്ലാം ജസിന്തയ്ക്ക് പ്രസിദ്ധിനേടിക്കൊടുത്തുവെങ്കിൽ നിലവിലെ വിടവാങ്ങലിലൂടെ ഇവയെല്ലാം തന്നെ അവരെ പിറകോട്ടടിക്കാനായും ചിലർ ഉപയോഗിക്കുന്നുണ്ട്.

### 'ബുദ്ധിശൂന്യത'യെന്ന് പരിഹസിക്കാമോ:

ജസിന്തയുടെ രാജി പ്രഖ്യാപനത്തെ വിമർശിക്കുന്നവർ പ്രധാനമായും ഉയർത്തിക്കാണിക്കുന്നത് അവർക്ക് തന്റെ പരിധിയെക്കുറിച്ച് യഥാർഥ ബോധ്യമില്ലായിരുന്നു എന്നതാണ്. വിടവാങ്ങലിൽ പോലും ജനങ്ങളോട് ശക്തരായി നിലകൊള്ളാൻ ആവശ്യപ്പെട്ട അവർക്ക് സ്വയമേവ ഇത് സാധ്യമാകാതെ പോയി എന്നും നീളുന്നു വിമർശകരുടെ പക്ഷം.

അതേസമയം ആരോഗ്യമേഖലയിൽ പ്രവർത്തിക്കുന്നവരിൽ ജോലിപരമായി സാധ്യമായതെല്ലാം ചെയ്ത ശേഷമുണ്ടാകുന്ന ഇത്തരം മാനസിക തളർച്ച അംഗീകാരമായി പരിഗണിക്കാറുണ്ട്. എന്നാൽ ജസിന്ത ആർഡേന്റെ വിടവാങ്ങലിൽ മുഴങ്ങിക്കേട്ടത് മുന്നോട്ടുപോകാനുള്ള ഊർജം തനിക്ക് നഷ്ടമായി എന്നതാണെന്നും ആ ജോലിയിൽ തുടരുന്നത് അവരെ അസ്വസ്ഥമാക്കുന്നു എന്നുമാണ് പ്രധാനമായി ഉയരുന്ന വാദം.

### എന്താവും ആ കാരണം:

സാമ്പത്തികവും സാമൂഹികവുമായി പല കാണങ്ങളാൽ ചെയ്തു വരുന്ന ജോലിയിൽ നിന്ന് പിരിഞ്ഞു പോകാൻ ലോകത്തിൽ ഒരുപാട് പേർ ആഗ്രഹിക്കുന്നുണ്ടെങ്കിലും ജസിന്ത അവരിൽ ഒരാളായി മാറുന്നതെങ്ങനെയെന്നാണ് മറ്റൊരു പക്ഷത്തിന്റെ ചോദ്യം. ഒരു പ്രധാനമന്ത്രി എന്ന നിലയിൽ ജസിന്ത ആർഡേന് നിരവധി ഉപാധികളുണ്ടായിരുന്നു. അതുകൊണ്ടു തന്നെ എന്തുകൊണ്ടു അവർ ആ പദവിയിൽ തുടരാൻ ആഗ്രഹിച്ചില്ല എന്നതിന് പിന്നാലെ പോകുന്നതിന് പകരം ആ ജോലിയിലെ ഏതെല്ലാം ഘടകങ്ങളാണ് അവരെ ഇത്തരത്തിലേക്ക് ചെന്നെത്തിച്ചത് എന്നു പരിശോധിക്കണമെന്നാണ് ഇവരുടെ ആവശ്യം.

### എന്താണ് ബോൺഔട്ട്:

അമിതമായ സമ്മർദം മൂലമുണ്ടാകുന്ന വൈകാരികവും ശാരീരികവും മാനസികവുമായ തളർച്ചയുടെ ഒരു അവസ്ഥയാണ് ബോൺഔട്ട്. 1. തുടർച്ചയായ ക്ഷീണം അനുഭവപ്പെടൽ, 2. ചെയ്യുന്ന ജോലിയോട് കൂടുതലായി വിരക്തി തോന്നുക, 3. തൊഴിൽ രംഗത്തെ തന്റെ പ്രകടനത്തെക്കുറിച്ച് മതിപ്പ് ഇല്ലായ്മ എന്നീ മൂന്ന് ഘടകങ്ങളാണ് ബോൺഔട്ടിനുള്ള പ്രധാനമായ കാരണങ്ങളായി ലോകാരോഗ്യ സംഘടന വിലയിരുത്തപ്പെടുന്നത്.

ജസിന്ത ആർഡേനെ പരിഗണിച്ചാൽ ഇവയിൽ ഏതെങ്കിലും ഒന്നോ അല്ലെങ്കിൽ ഇവയെല്ലാം ഒന്നിച്ചതുകൊണ്ടോ ആവാം പെട്ടന്നുള്ള രാജിപ്രഖ്യാപനത്തിലേക്ക് നീങ്ങാൻ കാരണമെന്നും അഭിപ്രായങ്ങളുണ്ട്. അതേസമയം ഏതൊരു വ്യക്തിയേയും പോലെ ജസിന്തയ്ക്കും അവരുടെ വ്യക്തി ജീവിതവും സ്വകാര്യതകളും ഉണ്ടാകാമെന്നും അതിലേക്കുള്ള അവരുടെ മടങ്ങിപ്പോകാണ് ഈ രാജിയെങ്കിൽ അതിൽ തെറ്റുപറയാനില്ലെന്നും അഭിപ്രായപ്പെടുന്നവുമുണ്ട്.

# യുഎസിൽ ആഞ്ഞടിച്ച് ശീതകാല കൊടുങ്കാറ്റ്, ആറ് ജീവൻ പൊലിഞ്ഞു

## ടെക്സാസിൽ 280,000 പേർക്ക് വൈദ്യുതിയില്ല, 1,800 വിമാനങ്ങൾ റദ്ദാക്കി

ടെക്സസ്: സംസ്ഥാനത്തുടനീളം ഏകദേശം 300,000 വീടുകളിലും സ്ഥാപനങ്ങളിലും ബുധനാഴ്ച വൈദ്യുതിയില്ല. 2,200ലധികം വിമാനങ്ങൾ അപകടകരമായ, മഞ്ഞുമൂടിയ അവസ്ഥകൾക്കും ക്രൂരമായ തണുപ്പിനും ഇടയിൽ റദ്ദാക്കി, കുറഞ്ഞത് ആറ് പേരെങ്കിലും മരിച്ചു.

ഓസ്റ്റിനിൽ വൈദ്യുതി മുടക്കം 1224 മണിക്കൂർ നീണ്ടുനിൽക്കുമെന്ന് ഓസ്റ്റിൻ എനർജി മുന്നറിയിപ്പ് നൽകി.

ശീതകാല കാലാവസ്ഥാ സംവിധാനം, ഇപ്പോൾ അതിന്റെ മൂന്നാം ദിവസത്തിൽ, മിനസോട്ടയിൽ നിന്ന് ടെക്സാസിന്റെ ഹൃദയത്തിലേക്ക് ആഴത്തിൽ എത്തിയിരിക്കുന്നു.

ടെക്സാസ്, അർക്കൻസാസ്, മറ്റ് സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ ആഴ്ചയിലുടനീളം വഴുവഴുപ്പുള്ള റോഡുകളുടെ തകർച്ചകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

'കാലാവസ്ഥയുമായി ബന്ധപ്പെട്ട ഈ തകരാറുകൾ വ്യാപകമാണ്. ഐസ് വൈദ്യുതി ലൈനുകളും മരച്ചില്ലകളും വീഴ്ത്തുന്നു, 'നഗരത്തിന്റെ കമ്മ്യൂണിറ്റി ഉടമസ്ഥതയിലുള്ള ഇലക്ട്രിക് യൂട്ടിലിറ്റി ട്വീറ്റ് ചെയ്തു.'

ക്രൂകൾ മഞ്ഞുമൂടിയ റോഡുകളും ശീതീകരിച്ച ഉപകരണങ്ങളും അഭിമുഖീകരിക്കുന്നു, പുനസ്ഥാപന സമയം നൽകുന്നത് ബുദ്ധിമുട്ടാണെന്നും അധികൃതർ പറയുന്നു.

ടെക്സാസിന്റെ ചില ഭാഗങ്ങൾ അലാസ്കയെക്കാൾ തണുപ്പായിരുന്നു. അക്യുവെതർ ബുധനാഴ്ച രാവിലെ ഡാളസിൽ 28 ഡിഗ്രി 'യഥാർത്ഥ അനുഭവം' റിപ്പോർട്ട് ചെയ്തു അലാസ്കയിലെ ആങ്കറേജിൽ ഉള്ളതിനേക്കാൾ മൂന്ന് ഡിഗ്രി ചൂട്.



# യുഎസ് സന്ദർശനത്തിനായി നരേന്ദ്ര മോദിയെ ക്ഷണിച്ച് ജോ ബൈഡൻ

ന്യൂഡൽഹി: യു എസ് സന്ദർശനത്തിനായി പ്രധാനമന്ത്രി നരേന്ദ്ര മോദിയെ ക്ഷണിച്ച് പ്രസിഡന്റ് ജോ ബൈഡൻ. ഇന്ത്യയും അമേരിക്കയും തമ്മിലുള്ള നയതന്ത്ര ചർച്ചകൾ നടക്കാനിരിക്കെയാണ് ബൈഡന്റെ ഈ ക്ഷണം. ക്ഷണം തത്വത്തിൽ മോദി സ്വീകരിച്ചതായും പിടിഐ റിപ്പോർട്ട് ചെയ്യുന്നു. രണ്ടു രാജ്യങ്ങളുടെയും നേതാക്കൾ തമ്മിലുള്ള കൂടിക്കാഴ്ചയുടെ തിയതി ഉടൻ അറിയിക്കും.

ഇന്ത്യ ജി20 യുടെ അദ്ധ്യക്ഷസ്ഥാനം ഏറ്റെടുത്ത വേളയിലാണ് വൈറ്റ് ഹൗസിൽ നിന്നുള്ള ഈ ക്ഷണം. ജി20 യുമായി ബന്ധപ്പെട്ട നിരവധി പരിപാടികൾക്കും യോഗങ്ങൾക്കും ഇന്ത്യ ഈ വർഷം ആതിഥേയത്വം വഹിക്കും.

ഒരു ഭൂമി, ഒരു കുടുംബം, ഒരു ഭാവി എന്ന പ്രമേയത്തിലാണ് ഇന്ത്യ ജി20 ഉച്ചകോടിക്ക് അദ്ധ്യക്ഷത വഹിക്കുന്നത്. എല്ലാ വർഷവും വിവിധ രാജ്യങ്ങളാണ് ജി20ക്ക് അദ്ധ്യക്ഷത വഹിക്കുക. വരുന്ന ഉച്ചകോടിയിൽ കാലാവസ്ഥാ വ്യതിയാനം, ഹരിത വികസനം, സാങ്കേതികപരമായ പരിവർത്തനങ്ങൾ, സ്ത്രീകളാൽ നയിക്കപ്പെടുന്ന സർക്കാർ എന്നീ വിഷയങ്ങൾ ചർച്ചയാവും.

അതേസമയം, ലോകത്തെ പ്രമുഖ വിജ്ഞാന സമ്പദ്‌വ്യവസ്ഥകളായ ഇന്ത്യയും അമേരിക്കയും തമ്മിലുള്ള പങ്കാളിത്തം വലിയ ആഗോള വെല്ലുവിളികളെ അഭിമുഖീകരിക്കുന്നതിന് അത്യന്താപേക്ഷിതമാണെന്ന് ബൈഡൻ വിശ്വസിക്കുന്നതായി ഒരു മുതിർന്ന അഡ്മിനിസ്ട്രേഷൻ ഉദ്യോഗസ്ഥൻ മാധ്യമപ്രവർത്തകരോട് പറഞ്ഞു.





House of Fresh Meat | Fish | Vegetables | Spices

8506 Golf Road, Niles, IL 60714
Ph: 847 663 8100 Fax: (847) 663-8480

Your Community Supermarket

P&P Niles ൽ നിങ്ങൾക്കു ലഭിച്ചുകൊണ്ടിരിക്കുന്ന എല്ലായിനം മത്സ്യമാംസാദികൾക്കു പുറമെ താറാവ്, നാടൻകോഴി, മുയൽകൂടാതെ കേരളത്തിനകത്തും പുറത്തുമുള്ള നിരവധി ആയുർവേദ കമ്പനികളുടെ ഗുണനിലവാരമുള്ള അരിഷ്ടം, ലേഹ്യം, കുഴമ്പ് സൗന്ദര്യവർധനവിനുള്ള കസ്തൂരിമഞ്ഞൾ, രക്തചന്ദനപ്പൊടി എന്നിവയും ഇപ്പോൾ ലഭ്യമാണ്.

STORE HOURS
Monday-Friday
10:00am-8:00pm
Saturday-Sunday
9:30am-8:00pm

Shop with us and your satisfation is guaranteed
We serve our customers better than anyone else
Visit: www.pandpfoods.com for weekly specials and sales

Kairali
FOODS & EVENTS
രുചിയുടെ രസക്കൂട്ട്....

CATERING
SNACKS & GROCERIES
TAKE-OUT FOODS
EVENT MANAGEMENT



WE CAN DELIVER ANYWHERE IN CHICAGO
847 729 2100
777 Milwaukee Ave, Glenview, IL 60025
Email:kairalifoodsofglenview@gmail.com

# ഇസ്രയേൽ–പാലസ്തീൻ ബന്ധം: അമേരിക്ക നോക്കി നിൽക്കില്ല കാരണം ഇതാണ്




ന്യൂയോർക്ക്: ഇസ്രയേൽ-പാലസ്തീൻ ബന്ധം വഷളാകുന്ന സാഹചര്യത്തിൽ സമാധാനം പുലർത്തണമെന്ന് ആവശ്യപ്പെട്ട് യു.എസ് സ്റ്റേറ്റ് സെക്രട്ടറി ആന്റണി ബ്ളിങ്കൻ രംഗത്തെത്തിയിരുന്നു. വെസ്റ്റ് ബാങ്കിൽ അഭയാർത്ഥി ക്യാമ്പിൽ ഇസ്രയേൽസേന നടത്തിയ റെയ്ഡിൽ പത്ത് പേർ കൊല്ലപ്പെട്ടതിന് പിന്നാലെ ജറുസലേമിലുണ്ടായ ആക്രമണത്തിൽ 7പേർ കൊല്ലപ്പെട്ടതോടെ ഉടലെടുത്ത സംഘർഷമാണ് സമാധാനപരമായി പരിഹരിക്കണമെന്ന് ആന്റണി ആവശ്യപ്പെട്ടത്.

ഇസ്രയേൽ-പാലസ്തീൻ സംഘർഷത്തിൽ നിരവധി സന്ദർഭങ്ങളിൽ അമേരിക്ക മദ്ധ്യസ്ഥത വഹിച്ചിട്ടുണ്ട്. ഇസ്രയേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവുമായും പാലസ്തീൻ നേതാവ് മഹ്മൂദ് അബ്ബാസുമായും ബ്ളിങ്കൻ ചർച്ച നടത്തിയിരുന്നു.

മിഡിൽ ഈസ്റ്റ് സന്ദർശനത്തിന് തുടക്കമിട്ട് ഈജിപ്റ്റിലെത്തിയ അദ്ദേഹം പ്രസിഡന്റ് അബ്ദുൽ ഫത്തേ അൽ സിസിയുമായും വിദേശകാര്യമന്ത്രിയുമായും ചർച്ച നടത്തിതിനുശേഷമാണ് ഇസ്രയേലിലെയും പാലസ്തീൻ അതിർത്തിയിലെയും സന്ദർശനത്തിനായി തിരിച്ചത്.

വെള്ളിയാഴ്ച ജറുസലേമിൽ സിനഗോഗിന് പുറത്തുള്ള കെട്ടിടത്തിൽ നടന്ന ആക്രമണത്തിൽ 7പേർ കൊല്ലപ്പെട്ടതിനെ തുടർന്ന് കടുത്ത നടപടികൾക്ക് ഇസ്രയേൽ കടക്കുകയാണെന്ന റിപ്പോർട്ടുകൾ പുറത്ത് വന്നിരുന്നു. വെസ്റ്റ്ബാങ്കിൽ ജെനിൻ അഭയാർത്ഥി ക്യാമ്പിൽ പട്ടാളം നടത്തിയ റെയ്ഡിനിടെ 10പേർ കൊല്ലപ്പെട്ടതിന് പിറ്റേന്നായിരുന്നു ജറുസലേമിലെ ആക്രമണം.

അഭയാർത്ഥിക്യാമ്പിൽനടന്നത്ഇസ്ളാമിക തീവ്രവാദികളെ ലക്ഷ്യമിട്ട് നടത്തിയ റെയ്ഡായിരുന്നുവെന്ന് ഇസ്രയേൽ വ്യക്തമാക്കി. സിനഗോഗിൽ നടന്ന ആക്രമണത്തെ തുടർന്ന് ഞായറാഴ്ചചേർന്ന മന്ത്രിസഭായോഗത്തിൽ തീവ്രവാദികൾക്കെതിരെ കടുത്ത നടപടികൾ സ്വീകരിക്കുമെന്ന് നെതന്യാഹു വ്യക്തമാക്കിയിരുന്നു. തീവ്രവാദികളെ പിന്തുണ നൽകുന്ന കുടുംബങ്ങൾക്കെതിരെയും നടപടിയെടുക്കാൻ മന്ത്രിസഭായോഗം തീരുമാനിച്ചു. വീട് ഇടിച്ചു നിരത്തുന്നതുൾപ്പെടെയുള്ള നടപടികളുണ്ടാവും.

കൂടാതെ സാമൂഹ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെട്ട തീവ്രവാദികളുടെ കുടുംബാംഗങ്ങളെ പദ്ധതിയിൽ നിന്ന് ഒഴിവാക്കാനും ആലോചനയുണ്ട്. ഇസ്രയേൽ പൗരൻമാർക്ക് തോക്ക് കൊണ്ടുനടക്കാനുള്ള ലൈസൻസ് നടപടിക്രമങ്ങൾ ലളിതമാക്കാനും നടപടികളെടുക്കുമെന്നായിരുന്നു റിപ്പോർട്ട്.

കഴിഞ്ഞ രണ്ടു ദിവസങ്ങളിലായി ഉണ്ടായ കനത്ത ആക്രമണങ്ങളെ തങ്ങൾ അപലപിക്കുന്നതായി ആന്റണി ബ്ളിങ്കൺ അൽ അറേബ്യ ചാനലിനോട് പറഞ്ഞിരുന്നു. കെയ്റോയിൽ നടന്ന പ്രസ് മീറ്റിൽ എല്ലാ പാർട്ടികളും സമാധാനം പാലിക്കണമെന്നും പ്രശ്നം വഷളാവാൻ ഇടയാക്കരുതെന്നും അദ്ദേഹം വ്യക്തമാക്കിയിരുന്നു. ഏറ്റവും ഒടുവിൽ കഴിഞ്ഞ ദിവസവും ഇസ്രയേലിസേന വെസ്റ്റ് ബാങ്കിൽ പാലസ്തീൻകാരനെ വെടിവച്ചുകൊന്നതായി പാലസ്തീൻ ആരോഗ്യ വകുപ്പ് മന്ത്രാലയം അറിയിച്ചിരുന്നു. ഒരു മാസത്തിനിടെ കൊല്ലപ്പെടുന്ന 35–ാമത്തെ പാലസ്തീൻകാരനാണെന്നും അദ്ദേഹം പറഞ്ഞു.

ആന്റണി ബ്ളിങ്കനുമായുള്ള ചർച്ചയിൽ നെതന്യാഹു കൂടുതൽനേരം സംസാരിച്ചത് ഇറാനെക്കുറിച്ചായിരുന്നു എന്നാണ് റിപ്പോർട്ട്. "ഞങ്ങളുടെ നയം മാത്രമല്ല എന്റെയും നയം ഇസ്രയേലിന്റെ എല്ലാ ശക്തിയുമുപയോഗിച്ച് ഇറാൻ ആണവായുധം കരസ്ഥമാക്കുന്നതിനെയും അവർക്ക് നൽകുന്നതിനെയും ചെറുക്കും എന്നുള്ളതാണ്." എന്ന് നെതന്യാഹു പറഞ്ഞു.

1970 മുതൽ അമേരിക്ക ഇസ്രയേലിന്റെ പ്രധാന സഖ്യ കക്ഷിയാണ്. 1979ൽ ഈജിപ്തും ഇസ്രയേലും തമ്മിൽ സമാധാന കരാറിൽ ഒപ്പു വച്ചു.1993ൽ ഇസ്രയേൽ പലസ്തീൻ ലിബറേഷൻ ഓർഗനൈസേഷനുമായി ഓസ്ലോ കരാറിൽ ഒപ്പ് വെച്ചു. 1994ൽ ഇസ്രയേൽ-ജോർദാൻ സമാധാന കരാറിൽ ഒപ്പ് വച്ചിരുന്നു.

# സൗഹൃദം പുതുക്കി രണ്ട് പുരാതന നാഗരികതകൾ



ലോകത്തിലെ തന്നെ ഏറ്റവും പുരാതനമായ രണ്ട് നാഗരികതകളാണ് ഇന്ത്യയും ഈജിപ്തും. മാത്രമല്ല, ഇരു രാജ്യങ്ങളും പുരാതന കാലം മുതൽക്ക് തന്നെ അടുത്ത ബന്ധം പുലർത്തിയിരുന്നു. 1955 ലാണ് ഇരു രാജ്യങ്ങളും തമ്മിലുള്ള സൗഹൃദ ഉടമ്പടി ആരംഭിച്ചത്. പ്രാദേശിക, ആഗോള, ഉഭയകക്ഷി, സഹകരണ മേഖലകളെ കേന്ദ്രീകരിച്ചാണ് ഉടമ്പടികൾക്ക് തുടക്കം കുറിച്ചത്. ഇന്ത്യയും ഈജിപ്തും ദൃഢമായ രാഷ്ട്രീയധാരണയിലൂടെയാണ് മുന്നോട്ട് പോകുന്നത്. ഇരു രാജ്യങ്ങളും ബഹുമുഖ വേദികളിൽ അടുത്ത് സഹകരിച്ച് പ്രവർത്തിക്കുന്നുണ്ട്.

നിരവധി ചരിത്ര നിമിഷങ്ങൾക്ക് സാക്ഷ്യം വഹിച്ച ഇന്ത്യയും ഈജിപ്തും നയതന്ത്ര ബന്ധത്തിന്റെ 75–ാം വാർഷികം ആഘോഷിക്കുന്ന വർഷമാണ് 2023. അതുകൊണ്ട് തന്നെ ഇരു രാജ്യങ്ങൾക്കും ഏറെ പ്രധാനപ്പെട്ട വർഷമാണിത്. ഇന്ത്യ ഈജിപ്ത് ഉഭയകക്ഷി വ്യാപാര കരാർ 1978 മാർച്ച് മുതലാണ് പ്രാബല്യത്തിൽ വന്നത്. കഴിഞ്ഞ പത്ത് വർഷത്തിനിടെ ഉഭയകക്ഷി വ്യാപാരത്തിൽ അഞ്ച് മടങ്ങിലധികം വർദ്ധനവാണ് ഉണ്ടായത്. കൊറോണ മഹാമാരി കാലത്തും വ്യാപര മേഖലയിൽ ഉണർവ് സൃഷ്ടിക്കാൻ ഇരു രാജ്യങ്ങൾക്കും കഴിഞ്ഞുവെന്നത് ശ്രദ്ധേയമായ നേട്ടമായിരുന്നു.

ഇന്ത്യയിലേക്കുള്ള ഈജിപ്തിന്റെ കയറ്റുമതി 1.89 ബില്യൺ യുഎസ് ഡോളറും ഇന്ത്യയിൽ നിന്നുള്ള ഇറക്കുമതി 2.26 ബില്യൺ യുഎസ് ഡോളറുമാണ്. സാങ്കേതിക സഹകരണവും സഹായവും ഇന്ത്യയുടെ ഉഭയകക്ഷി ബന്ധത്തിന്റെ പ്രധാന ഭാഗമാണ്. 2000 മുതൽ, 1,250ലധികം ഈജിപ്ഷ്യൻ ഉദ്യോഗസ്ഥർക്ക് ഇന്ത്യൻ ടെക്നിക്കൽ ആന്റ് ഇക്കണോമിക് കോ-ഓപ്പറേഷൻ (ഐടിഇസി), ഇന്ത്യൻ കൗൺസിൽ ഫോർ കൾച്ചറൽ റിലേഷൻസ് (ഐസിസിആർ), ഇന്റർനാഷണൽ അസോസിയേഷൻ ഓഫ് ഫോറൻസിക് സയൻസസ് (ഐഎഎഫ്എസ്) തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്ന് ആനുകൂല്യം ലഭിച്ചുവരുന്നുണ്ട്.

ശാസ്ത്രീയ സഹകരണ മേഖലയിൽ ഇന്ത്യൻ കൗൺസിൽ ഓഫ് അഗ്രികൾച്ചറൽ റിസർച്ച് (ഐസിഎആർ) കാർഷിക ഗവേഷണ മേഖലയിൽ ഈജിപ്തിലെ കാർഷിക ഗവേഷണ കേന്ദ്രം എന്നിവ പ്രവർത്തിക്കുന്നുണ്ട്. സിഎസ്ഐആർ (ഇന്ത്യ), എൻആർസി (ഈജിപ്ത്) എന്നിവയ്ക്കിടയിലുള്ള ദ്വിവത്സര എക്സിക്യൂട്ടീവ് പ്രോഗ്രാമുകളിലൂടെയും ശാസ്ത്രീയ സഹകരണ പരിപാടിയിലൂടെയും 'സയൻസ് & ടെക്നോളജി' സഹകരണം നടപ്പിലാക്കുന്നു.

മാത്രമല്ല, 1960കൾ മുതൽ ഇരു രാജ്യങ്ങൾ തമ്മിൽ സൈനിക ബന്ധങ്ങളും നിലനിൽക്കുന്നു. ഈജിപ്ഷ്യൻ പൈലറ്റുമാർക്ക് 1984 വരെ ഇന്ത്യൻ വ്യോമസേന പൈലറ്റുമാർ പരിശീലനം നൽകിയിരുന്നു. 2019ൽ പൂനെയിൽ നടന്ന രാജ്യങ്ങൾക്കായുള്ള പരിശീലനത്തിൽ ഈജിപ്ത് പങ്കെടുത്തിരുന്നു. തന്ത്രപരമായ ആദ്യത്തെ ഐഎഎഫ്ഇഎഎഫ് സംയുക്ത വ്യോമാഭ്യാസം 2021 ൽ നടക്കുകയുണ്ടായി. ഇന്ത്യയും ഈജിപ്റ്റും സംയുക്തമായി നടത്താനിരുന്ന ആദ്യത്തെ പ്രത്യേക സേനാ അഭ്യാസം 'സെക്ലോൺ 1' ഉടൻ നടക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇരു രാജ്യങ്ങളും തമ്മിലുള്ള സാംസ്കാരിക സഹകരണം പ്രോത്സാഹിപ്പിക്കുന്നതിനായി മൗലാന ആസാദ് സെന്റർ ഫോർ ഇന്ത്യൻ കൾച്ചർ ഹിന്ദി, ഉറുദു ഭാഷകളിൽ വിവിധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. സെമിനാറുകൾ, ഫിലിം ഷോകൾ എന്നിവയ്ക്കു പുറമെ പ്രാദേശിക സാംസ്കാരിക പ്രവർത്തനങ്ങളിൽ വിവിധ പ്രദർശനങ്ങളും സംഘടിപ്പിക്കുന്നുണ്ട്. ആറ് പതിറ്റാണ്ടായുള്ള എംബസിയുടെ മുൻനിര അറബി മാസികയായ 'സൗത്ത്ഉൽഹിന്ദ്' 2017 ജൂലൈയിൽ അതിന്റെ 500–ാം പതിപ്പ് പ്രസിദ്ധീകരിച്ച് നാഴികക്കല്ലായി മാറിയിരുന്നു.

ഇന്ത്യയും ഈജിപ്തും തമ്മിലുള്ള നയതന്ത്ര ബന്ധത്തിന്റെ 75–ാം വാർഷികം അടയാളപ്പെടുത്തുന്നതിനാൽ 2023 ന് വളരെയധികം പ്രാധാന്യമുണ്ട്. ഇന്ത്യയിൽ നിന്നും തേജസ്, ആകാശ് തുടങ്ങിയ അത്യാധുനിക ലൈറ്റ് കോംബാറ്റ് ഹെലികോപ്ടറുകൾ വാങ്ങാൻ ഈജിപ്ത് താൽപര്യം പ്രകടിപ്പിച്ച സാഹചര്യത്തിൽ ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ ബന്ധം ഏറെ ചർച്ചയാകുകയാണ്.

# എയർലൈൻസ് വൈകിയാൽ പിഴ; വരുന്നു 'പാസഞ്ചർ ബിൽ'

ന്യൂയോർക്ക്: അമേരിക്കയിൽ ഇനിമുതൽ എയർലൈൻസുകൾ വൈകിയാലോ അകാരണമായി യാത്ര മുടങ്ങിയാലോ ബന്ധപ്പെട്ട എയർലൈൻസിന് പിഴ ചുമത്താനുള്ള നിയമം കൊണ്ടുവരാൻ അമേരിക്കയിൽ നീക്കം. യാത്രക്കാരെ ദുരിതത്തിലാക്കുന്ന ഇത്തരം യാത്ര ദുരിതത്തിനെതിരെ ശക്തമായ ജനരോഷം ഉയർന്നതിനെത്തുടർന്നാണ് പുതിയ നിയമം വരുന്നത്.

ഡിസംബറിൽ സൗത്ത് വെസ്റ്റ് എയർലൈൻസിലുണ്ടായ തകർച്ചയെ തുടർന്ന് ആരംഭിച്ചതാണ് പുതിയ നീക്കം. യുഎസ് എയർലൈൻസ് യാത്രക്കാരെ ഞെരുക്കുകയോ വൈകിപ്പിക്കുകയോ ചെയ്യുമ്പോൾ കടുത്ത പിഴ ചുമത്താൻസെനറ്റർമാർതയാറെടുത്തുകഴിഞ്ഞു.

'പാസഞ്ചർബിൽ' വീണ്ടും നിയമമാകുമ്പോൾ എയർലൈനുകൾക്കെതിരെ നിയമ നടപടിസ്വീകരിക്കാൻ ഉപഭോക്താക്കളെ അനുവദിക്കുകയും എയർലൈൻ ഫീസ് പരിമിതപ്പെടുത്തുന്നതിനുള്ള നിയമനിർമ്മാണത്തെ അനുവദിക്കുകയും ചെയ്യും. ഡെമോക്രാറ്റായ കണക്ടിക്കട്ടിലെ റിച്ചാർഡ് ബ്ലൂമെന്റൽ, മസാച്യുസെറ്റ്സിലെ എഡ്വേർഡ് മാർക്കി എന്നിവർ ചൊവ്വാഴ്ച പറഞ്ഞു, എന്നാൽ ഏറ്റവും വലിയ യുഎസ് വിമാനക്കമ്പനികൾക്കായുള്ള വ്യാപാര സംഘം പുതിയ നിയമനിർമ്മാണത്തിനെതിരെ ശക്തമായി രംഗത്ത് വന്നു.

ശീതകാല കൊടുങ്കാറ്റിൽ നിന്ന് കരകയറാൻ ഒരാഴ്ചയിലേറെ അമേരിക്കയിൽ സമയമെടുത്തു. ഡിസംബർ അവസാനത്തോടെ സൗത്ത് വെസ്റ്റ് 16,700 വിമാനങ്ങൾ റദ്ദാക്കി, ഏകദേശം 2 ദശലക്ഷം ആളുകളുടെ യാത്രാ യാണ് ഇതുകാരണം മുടങ്ങിയത്. എയർലൈനിന്റെ സ്വന്തം കണക്കനുസരിച്ച് ഈ ദുരന്തത്തിന് സൗത്ത് വെസ്റ്റിന് ഏകദേശം 1.1 ബില്യൺ ഡോളർ നഷ്ടമാണ് വന്നത്.

2022ൽ എയർലൈനുകൾ 210,000 യു.എസ് ഫ്ലൈറ്റുകൾ റദ്ദാക്കിയിരുന്നു. ഫ്ലൈറ്റുകൾ റദ്ദാകുന്ന നിരക്ക് 2021 മുതൽ 52% വർദ്ധിച്ചു.

"ശരിയായ കാര്യങ്ങൾ ചെയ്യാൻ എയർലൈനുകൾക്ക് ചില പ്രോത്സാഹനങ്ങൾ നൽകേണ്ടതുണ്ട്, ഉപഭോക്താക്കൾക്ക് സംരക്ഷണം ആവശ്യമാണ്," ബ്ലൂമെന്റൽ മാധ്യമ പ്രവർത്തകരോട് പറഞ്ഞു.


Certified Accounting & Tax, Inc

506 B Zenith Dr. Glenview, IL 60025

Personal & Business Income Tax



FREE Electronic Filing

Incorporation, Sales Tax, Payroll, Business and Personal Income Tax & Accounting



Andrew P Thomas CPA
Cell: (847) 702-3877

Ph: (888) OUR-CPA-1, (888) 687-2721(224) 567-8089
Fax: (847) 890-6267 ourcpa1@gmail.com

Joseph Chamakala CPA
Cell: (847) 370-5673

അമേരിക്ക വാചകം



# സ്വപ്ന സഞ്ചാരി

തയ്യാറാക്കിയത്:
ശ്രീജേഷ് സി. ആചാരി

ഉറക്കത്തിൽ കാണുന്നതല്ല സ്വപ്നം, മറിച്ച് നമ്മുടെ ഉറക്കം നഷ്ടപ്പെടുത്തുന്നത് എന്താണോ അവയാണ് യഥാർത്ഥ സ്വപ്നമെന്നാണ് അബ്ദുൾ കലാം പറഞ്ഞത്. അങ്ങനെ ഉറക്കംകെടുത്തുന്ന സ്വപ്നങ്ങളിലൂടെയൊക്കെ നമ്മളും സഞ്ചരിച്ചിട്ടുണ്ടാകാം. എന്നാൽ ഒരു പത്ത് വർഷം കൂടി കഴിഞ്ഞാൽ തന്റെ ഭാവി എങ്ങനെയായിരിക്കുമെന്നോർത്ത് സ്വപ്നത്തിലും ആകുലപ്പെടുന്നവർ വളരെ വളരെ വിരളമായിരിക്കും, അല്ലെങ്കിൽ അങ്ങനെ ഒരാൾ ഉണ്ടോയെന്ന് നമുക്ക് സംശയമൊക്കെ തോന്നിയേക്കാം. എന്നാൽ അങ്ങനെ സ്വപ്നംകണ്ട ഒരാൾ നമുക്കിടയിലുണ്ടെന്നും അന്ന് കണ്ട സ്വപ്നങ്ങളിൽ ഒരോന്നും സാക്ഷാത്ക്കരിക്കാൻ ഇന്നും അയാൾ രാപ്പകൽ ഇല്ലാതെ മറ്റുള്ളവരുമായി മത്സരിക്കുന്നുവെന്നും പറഞ്ഞാൽ നിങ്ങൾ വിശ്വസിക്കുമോ? എങ്കിൽ വിശ്വസിച്ചേ പറ്റൂ... അത് മാറ്റാരുമല്ല, പുതുപുത്തൻ ആശയങ്ങളിലൂടെ ടെക്നോളജി രംഗത്തും, ഒട്ടോമൊബൈൽ, ബിസിനസ് രംഗത്തും തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച വ്യക്തി. വിപ്ലവങ്ങൾ രചിക്കുന്നതിനിടയിലും വിവാദങ്ങൾക്ക് കുടപിടിച്ച വ്യക്തി ഇലോൺ മസ്ക്ക്.

ഇലോൺമസ്ക്കിന്റെസ്വപ്നങ്ങളെഅങ്ങനെ വെറും സ്വപ്നങ്ങളെന്ന് പറഞ്ഞുകൊണ്ട് ഒരിക്കലും തള്ളിക്കളയാൻ സാധിക്കില്ല. കാരണം സ്വപ്നം കാണുന്നത്തിലും മസ്ക്ക് മറ്റുള്ളവരിൽ നിന്നേറെ വ്യത്യസ്തനായിരുന്നു. ലോകത്ത് തന്റേതായ രീതിയിൽ എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയും എന്നതായിരുന്നു പലപ്പോഴും അദ്ദേഹം സ്വപ്നം കണ്ടത്. അവിടെ അദ്ദേഹം നിരവധി പദ്ധതികൾ കണ്ടു. നമ്മൾ സാധാരണ രീതിയിൽ ഉറക്കമുണർന്ന ശേഷം പല സ്വപ്നങ്ങളും ഓർക്കാറുപോലുമില്ല. എന്നാൽ മസ്ക്ക് ആകട്ടെ തലേന്ന് കണ്ട സ്വപ്നത്തെ കാച്ചിക്കുറുക്കി എടുക്കുകയായിരുന്നു ചെയ്തത്. ആ കാച്ചിക്കുറുക്കലുകൾ ചെന്നവസാനിച്ചതോ ഇന്ന് നാം അതിശയത്തോടെ കാണുന്ന ടെസ്ല, സ്പേസ് എക്സ് അടക്കമുള്ള വമ്പൻ ആശയങ്ങളിൽ.

## മസ്ക്കിന്റെ കയ്പേറിയ ബാല്യം

1971 ജൂൺ 28ന് ദക്ഷിണാഫ്രിക്കയിലെ പ്രിട്ടോറിയയിൽ ദക്ഷിണാഫ്രിക്കൻ പൗരനും എഞ്ചിനീയറുമായ എറോൾ മസ്ക്കിന്റെയും കനേഡിയൻ വംശജയും ഡയറ്റീഷ്യനുമായിരുന്ന മെയ് മസ്ക്കിന്റെയും മൂന്നു മക്കളിൽ ഒന്നാമനായാണ് മസ്ക്ക് ജനിച്ചത്. വലിയ പ്രതിസന്ധികളിലൂടെയായിരുന്നു മസ്ക്ക് തന്റെ കുട്ടിക്കാലം തള്ളിനീക്കിയത്. മസ്ക്ക് ചെറിയ കുട്ടിയായിരിക്കുമ്പോൾ തന്നെ അച്ഛനും അമ്മയും വേർപിരിഞ്ഞിരുന്നു. യാത്ര മുള്ളുനിറഞ്ഞ പാതയിലൂടെ ആയിരുന്നപ്പോഴും വലിയ വലിയ സ്വപ്നങ്ങൾ കാണാൻ മസ്ക്ക് മറന്നില്ല. തികച്ചും ഒരു ഇൻട്രേവേർട്ടായ മസ്ക്ക് പലപ്പോഴും ദിവാസ്വപ്നങ്ങളിൽ മുഴുകിയിരുന്നപ്പോൾ അത് കണ്ട് അവനെ പരിഹസിച്ചവരുടെ എണ്ണത്തിന് കയ്യും കണക്കുമില്ല. ചിലപ്പോഴൊക്കെ ആ പരിഹാസം കയ്യാങ്കളിയിലേക്ക് വരെ എത്തിച്ചേർന്നിരുന്നു. എന്നാൽ മസ്ക്ക് അവിടെയൊന്നു തളർന്നില്ല. തനിക്ക് കുറെ സ്വപ്നങ്ങളുണ്ടെന്നും തന്റെ യാത്ര ആ ലക്ഷ്യങ്ങളിലേക്ക് ആണെന്നും മസ്ക്ക് അടിയുറച്ച് വിശ്വസിച്ചു.

## പ്രോഗ്രാമിങ്ങിലേക്കുള്ള ചുവടുവെപ്പ്

തികച്ചും ഇൻട്രേവേർട്ട് ആയിരുന്ന മസ്ക്കിന്റെ പ്രധാന ഹോബി പുസ്തകം വായിക്കുക എന്നതായിരുന്നു. കമ്പ്യൂട്ടറും സയൻസ് ഫിക്ഷനും ആയിരുന്നു മസ്ക്കിന്റെ ഇഷ്ട വിഷയങ്ങൾ. ഒരു ദിവസം പന്ത്രണ്ട് മണിക്കൂർ വരെ മസ്ക്ക് പുസ്തകം വായിക്കുമായിരുന്നു. ഒരു കമ്പ്യൂട്ടർ പ്രോഗ്രാമർ ആകണമെന്ന ആദ്യ ലക്ഷ്യത്തിലേക്കാണ് മസ്ക്ക് ഒരോ പുസ്തകത്താളുകളും മറിച്ചത്. അങ്ങനെ ഏകദേശം പുസ്തകങ്ങൾ വായിച്ചുകഴിഞ്ഞപ്പോൾ മസ്ക്കിന്റെ കൈകൾ എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയുടെ താളുകളിലേക്കാണ് ചെന്നെത്തിയത്. വായന കഴിഞ്ഞാൽ മസ്ക്കിന് പ്രിയം വീഡിയോ ഗെയിമുകളോടായിരുന്നു. അന്ന് വീട്ടിൽ ഉണ്ടായിരുന്ന മാഗ്നവോക്സ് എന്ന വീഡിയോ കൺസോൾ ആയിരുന്നു മസ്ക്കിന്റെ സുഹൃത്ത്. എന്നാൽ അതിൽ ആകെ ഉണ്ടായിരുന്ന നാല് ഗെയിമുകളും കളിച്ചു മടുത്തതോടെയാണ് സ്വന്തമായി എന്തുകൊണ്ട് ഒരു ഗെയിം നിർമ്മിച്ചുകൂടാ എന്ന ചിന്ത മസ്ക്കിന്റെ മനസ്സിലേക്ക് കടന്നുവന്നത്. പ്രോഗ്രാമിങ് പഠിച്ചാൽ മാത്രമെ ഇത് കഴിയുകയുള്ളൂവെന്ന് മനസിലാക്കിയ മസ്ക്ക് ഒടുവിൽ അച്ഛന്റെ കയ്യുംകാലും പിടിച്ച് വിഐസി 20 എന്ന ഒരു ഹോം കമ്പ്യൂട്ടർ സ്വന്തമാക്കി. ഇതിനിടെ പ്രോഗ്രാമിങ് ലാംഗ്വേജായ ബേസിക്കും മസ്ക്ക് പഠിച്ചെടുത്തു.

എന്നാൽ തലമുറ മാറ്റത്തിനൊപ്പം കമ്പ്യൂട്ടർ അപ്ഗ്രേഡ് ചെയ്യാൻ മസ്ക്കിന്റെ അച്ഛൻ സമ്മതിച്ചില്ല. വളരെ നേരം മസ്ക്ക് കമ്പ്യൂട്ടറിന്റെമുൻപിൽ ചിലവഴിക്കുന്നത് തന്നെയായിരുന്നു ഇതിന് കാരണം. എന്നാൽ മസ്ക്കിനെ സംബന്ധിച്ച് ഇത് വലിയൊരു വെല്ലുവിളിയായിരുന്നില്ല. കാരണം എങ്ങനെയെങ്കിലും കമ്പ്യൂട്ടർ അപ്ഗ്രേഡ് ചെയ്യണമെന്നത് മസ്ക്കിന്റെ വാശിയായിരുന്നു. കോഡിങ് പഠിച്ച് സ്വന്തമായി വികസിപ്പിച്ചെടുത്ത 'ബ്ലാസ്റ്റേഴ്സ്' എന്ന ഒരു കമ്പ്യൂട്ടർ ഗെയിം ബിടിഎ ഓഫിസ് ടെക്നോളജി എന്നൊരു മാഗസിന് അഞ്ഞൂറ് ഡോളറിന് വിറ്റുകൊണ്ടാണ് മസ്ക്ക് പുതിയ കമ്പ്യൂട്ടർ വാങ്ങാനുള്ള പണം കണ്ടെത്തിയത്. ഇതുവഴി തന്റെ പന്ത്രണ്ടാം വയസ്സിൽ ഒരു ബിസിനസുകാരന്റെ കുപ്പായവും മസ്ക്ക് അണിഞ്ഞു.

## മസ്ക്കിന്റെ ബിസിനസ് സാമ്രാജ്യം

കാനഡയിലേക്ക് വണ്ടി കയറിയതോടെയാണ് മസ്ക്ക് ശരിക്കും ഒരു ബിസിനസുകാരന്റെ കുപ്പായം അണിഞ്ഞത്. സൗത്ത് ആഫ്രിക്കയിലെ നിർബന്ധിത സൈനിക സേവനം ചെയ്യാൻ ഇഷ്ടമല്ലാതിരുന്നതാണ് മസ്ക്കിനെ കാനഡയിലേക്ക് പോകാൻ നിർബന്ധിതനാക്കിയത്. കാനഡയിലെത്തിയ മസ്ക്ക് ക്വീൻസ് സർവകലാശാലയിൽ ഉപരിപഠനത്തിന് ചേർന്നു. തുടർന്ന് അമേരിക്കയിലെ പെൻസിൽവാനിയ സർവകലാശാലയിൽ നിന്ന് ഭൗതിക ശാസ്ത്രത്തിലും ധനതത്വശാസ്ത്രത്തിലും ബിരുദം നേടി. 1995ൽ സ്റ്റാൻഫർഡ് സർവകലാശാലയിൽ അപ്ലൈഡ് ഫിസിക്സ് ആൻഡ് മെറ്റീരിയൽ സയൻസിൽ ഗവേഷണത്തിന് ചേർന്നെങ്കിലും ഇന്റർനെറ്റിന്റെ അനന്ത സാദ്ധ്യതകൾ മനസ്സിലാക്കിയ അദ്ദേഹം രണ്ട് ദിവസത്തിനുള്ളിൽ അവിടുത്തെ പഠനം അവസാനിപ്പിച്ച് സഹോദരനുമൊത്ത് സിപ്പ് 2 എന്ന പേരിൽ ഒരു സോഫ്റ്റ് വെയർ കമ്പനിക്ക് തുടക്കമിട്ടു. 1999ൽ ഇത് 307 മില്യൺ ഡോളറിനു വിറ്റു. ഈ പണമുപയോഗിച്ച് എക്സ് ഡോട്ട് കോം എന്ന പേരിൽ ഒരു ഓൺലൈൻ ബാങ്കിങ് സേവനവും തുടങ്ങി. പിന്നീട് ഈ കമ്പനി കൺഫിനിറ്റി എന്ന മറ്റൊരു കമ്പനി ഏറ്റെടുക്കുകയും ശേഷം പേപാൽ എന്നറിയപ്പെടുകയും ചെയ്തു.

## ആകാശത്തേക്ക് ചിറകുവിരിച്ച് സ്പേസ് എക്സ്

മസ്ക്കിന്റെ ജീവിതം മറ്റൊരു തലത്തിലേക്ക് എത്തിപ്പെട്ടത് സ്പേസ് എക്സിന്റെ വരവോടെയായിരുന്നു. ബഹിരാകാശയാത്രയ്ക്കുള്ള വാഹനങ്ങൾ നിർമ്മിക്കുക എന്ന ലക്ഷ്യത്തോടെ 2002ലാണ് സ്പേസ് എക്സ് എന്ന ആശയത്തിലേക്ക് മസ്ക്ക് എത്തിച്ചേർന്നത്. 2012ൽ ഫാൽക്കൺ 9 റോക്കറ്റ് വിക്ഷേപിച്ച് മനുഷ്യനില്ലാതെ ബഹിരാകാശ നിലയത്തിലേക്ക് വാഹനത്തിൽ സാധനങ്ങൾ എത്തിക്കുക എന്ന ചരിത്ര ദൗത്യം മസ്ക്ക് നിറവേറ്റി.

## ടെസ്ല വിപ്ലവം

വിപ്ലവംകൊണ്ട് നിരത്തുകളെ ത്രസിപ്പിക്കാനായിരുന്നു ടെസ്ലയുടെ വരവ്. വൈദ്യുതി കാറുകളുടെ ഡിസൈൻ, നിർമ്മാണം, വിൽപ്പന,കൂടാതെ വാഹന ഘടകങ്ങളുടെയും ബാറ്ററി തുടങ്ങിവയുടെയും നിർമ്മാണങ്ങളിലും ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ട് 2003 ലാണ് ടെസ്ല എന്ന കമ്പനി മസ്ക്ക് സ്ഥാപിച്ചത്. സാധാരണക്കാരന് താങ്ങാൻ പറ്റുന്ന ഇലക്ട്രിക് കാർ നിർമ്മിക്കുക എന്ന സ്വപ്നമാണ് മസ്ക്ക് ടെസ്ലയിലൂടെ കണ്ടത്. 2008ൽ ടെസ്ല റോഡ്സ്റ്റർ എന്ന ആദ്യത്തെ ഇലക്ട്രിക് സ്പോർട്സ് കാർ നിർമിച്ചതോടെയാണ്, കമ്പനി ശ്രദ്ധിക്കപ്പെടാൻ തുടങ്ങിയത്. ലിതിയം അയോൺ ബാറ്ററിയിൽ പ്രവർത്തിക്കുന്ന ഈ കാറിന് പൂജ്യത്തിൽ നിന്ന് മണിക്കൂറിൽ 60 കിലോമീറ്റർ വേഗതയിലേക്ക് എത്താൻ വെറും 3.7 സെക്കൻഡ് മതിയെന്നതായിരുന്നു ഏറ്റവും വലിയ പ്രത്യേകത. ആദ്യ മോഡൽ വൻ വിജയമായതോടെ മോഡൽ എസ്സ് എന്ന പേരിൽ ഒരു ഒരു സെഡാനും, പിന്നാലെ ക്രേസ്സോവർ വാഹനമായ മോഡൽ എക്സും മസ്ക്ക് വിപണിയിലെത്തിച്ചു.

2015ൽ ലോകത്തിലെ ഏറ്റവും വിൽപ്പന നേടിയ ഇലക്ട്രിക് കാർ ആയി മോഡൽ എസ്സ് മാറി. ഡിസംബർ 2015ലെ കണക്ക് പ്രകാരം ഒരു ലക്ഷം മോഡൽ എസ്സ് കാറുകളാണ് വിറ്റഴിച്ചത്. നിസ്സാൻ ലീഫിന് പിന്നിൽ ഏറ്റവും വിൽപ്പന നേടുന്ന രണ്ടാമത്തെ കാറുമായി മോഡൽ എസ്സ് മാറി. ഇലക്ട്രിക് കാർ എന്ന ആശയം വിജയം കണ്ടതോടെ ഡ്രൈവർ ഇല്ലാത്ത കാറുകൾ വിപണിയിലേക്ക് എത്തിക്കാനാണ് അദ്ദേഹം പിന്നീട് ശ്രമിച്ചത്. ഇതിനായി മറ്റു പല രാജ്യങ്ങളിലും ടെസ്ല എന്ന പേരിൽ ഒരു കമ്പനി തുടങ്ങുകയും ചെയ്തിരുന്നു.

2017ൽ ടെസ്ല സ്വയം നിയന്ത്രിത (ഒട്ടോപൈലറ്റ്) സംവിധാനത്തിൽ പ്രവർത്തിക്കുന്ന കാർ പുറത്തിറക്കി. പാത കേന്ദ്രീകരണം, അഡാപ്റ്റീവ് ക്രൂയിസ് നിയന്ത്രണം, സ്വയം പാർക്കിംഗ്, പാതകൾ സ്വപ്രേരിതമായി മാറ്റാനുള്ള കഴിവ്, തുടങ്ങിയ നൂതന സവിശേഷതയാണ് ടെസ്ല ഒട്ടോപൈലറ്റിലുള്ളത്. ഇന്ന് വീടുകൾക്കും സ്ഥാപനങ്ങൾക്കുമായി വേഗത്തിൽ ബാറ്ററി ചാർജു ചെയ്യാനുള്ള ഉപകരണങ്ങളും ടെസ്ല നിർമ്മിക്കുന്നുണ്ട്. ഡെസ്റ്റിനേഷൻ ചാർജിങ്ങ് പരിപാടി എന്ന പേരിൽ അറിയപ്പെടുന്ന പദ്ധതി പ്രകാരം കടകൾ, റെസ്റ്റോറന്റുകൾ എന്നിവിടങ്ങളിൽ വേഗത്തിൽ ചാർജ് ചെയ്യാനുള്ള സംവിധാനവും കമ്പനി ലഭ്യമാക്കുന്നുണ്ട്.

## ദ ഗ്രേറ്റ് ട്വിറ്റർ ഡീൽ

അടുത്തിടെ മസ്ക്കിന്റെ ട്വിറ്റർ ഏറ്റെടുക്കൽ ഏറെ ചർച്ച ചെയ്യപ്പെട്ട ഒരു വിഷയമായിരുന്നു. വമ്പൻ ട്വിസ്റ്റുകൾ നിറഞ്ഞതായിരുന്നു ഈ ഏറ്റെടുക്കൽ. 4,400 കോടി യുഎസ് ഡോളറിനാണ് ട്വിറ്ററുമായി മസ്ക്ക് ഇടപാട് ഉറപ്പിച്ചത്. അഭിപ്രായ സ്വാതന്ത്ര്യത്തിനായുള്ള സാധ്യത വേണ്ട വിധത്തിൽ 'ട്വിറ്റർ' ഉപയോഗപ്പെടുത്തുന്നില്ല എന്നതിനാലാണ് താൻ ഈ ഇടപാട് നടത്തുന്നതെന്നും ഉപയോക്താക്കളുടെ വിശ്വാസം ആർജിക്കാൻ ഇത് സ്വകാര്യ കമ്പനിയാകണമെന്നുമായിരുന്നു മസ്ക്കിന്റെ മറുപടി.

ഒടുവിൽ ട്വിറ്ററിനെ മസ്ക്ക് തന്റെ കൈക്കുളിൽ ആക്കിയപ്പോഴും ട്വിസ്റ്റുകൾ അവസാനിച്ചില്ല. ട്വിറ്ററിന്റെ ആസ്ഥാനത്തേക്ക് കാലെടുത്ത വെച്ച മസ്ക്ക് ഒറ്റയടിക്ക് ട്വിറ്ററിനെ നിരവധി മാറ്റങ്ങൾക്ക് വിധേയമാക്കി. തന്റെ കീഴിൽ ട്വിറ്റർ നിയന്ത്രണങ്ങളില്ലാതെ ആർക്കും എന്തും ചെയ്യാനാകുന്നൊരു ഇടമായി മാറില്ലെന്ന് മസ്ക്ക് വ്യക്തമാക്കിയിരുന്നു. മാധ്യമ പ്രവർത്തകരുടെ അക്കൗണ്ട് നീക്കം ചെയ്തതും, ബ്ലൂ ടിക്കിന് നിരക്ക് ഈടാക്കാനും സോഷ്യൽ മീഡിയ അക്കൗണ്ടുകൾ പ്രചരിപ്പിക്കുന്നതിനുള്ള ലിങ്കുകൾ, ഫേസ്ബുക്ക്, ഇൻസ്റ്റഗ്രാം, മസ്റ്റഡോൺ, ട്രൂത്ത് സോഷ്യൽ പോലുള്ള പ്ലാറ്റ്ഫോമുകൾ എന്നിവയ്ക്ക് വിലക്കേർപ്പെടുത്തുമെന്നുമുള്ള തീരുമാനങ്ങൾ എല്ലാം പരസ്യമാക്കിയത്തോടെ വലിയ വിമർശനങ്ങളാണ് മസ്ക്കിന് അഭിമുഖീകരിക്കേണ്ടി വന്നത്.

ഇത്തരം വിമർശനങ്ങൾ ശക്തമായതോടെ ട്വിറ്ററിലൂടെ അഭിപ്രായ സർവ്വേ നടത്തി ജനങ്ങളുടെ മനസ്സ് അറിയാനും മസ്ക്ക് മറന്നില്ല. എന്നാൽ പോൾ നടത്തി മസ്ക്ക് വെട്ടിലായി എന്നുതന്നെവേണം പറയാൻ. സിഇഒ പദവി ഒഴിയണമോ എന്ന് ചോദിച്ച് നടത്തിയ സർവ്വേയിൽ ഭൂരിഭാഗം പേരും മസ്ക്കിനെതിരെ വോട്ടുചെയ്തതോടെ മസ്ക്കിന്റെ കണ്ണുതള്ളി. ആകെ ഒരു കോടി 75 ലക്ഷം പേർ പങ്കെടുത്ത വോട്ടെടുപ്പിൽ 57.5 ശതമാനം പേർ മസ്ക്കിനെതിരായി വോട്ട് ചെയ്തു. 43 ശതമാനം പേർ മാത്രമാണ് മസ്ക്കിനെ പിന്തുണച്ചത്. അഭിപ്രായ സ്വാതന്ത്ര്യത്തിന് പ്രാധാന്യം നൽകുന്ന മറ്റാരെയെങ്കിലും പദവി ഏൽപ്പിക്കണമെന്നായിരുന്നു ഭൂരിഭാഗം പേരും ആവശ്യപ്പെട്ടത്. ഇതോടെ മസ്ക്ക് അല്പം കുഴഞ്ഞു. എന്തായാലും അഭിപ്രായ സർവ്വേയിൽ മസ്ക്കിന്റെ തുടർചലനങ്ങൾ എന്തെന്ന് ഇപ്പോഴും വ്യക്തമല്ല. ഒന്നുകിൽ മസ്ക്ക് ട്വിറ്ററിന്റെ പടിയിറങ്ങും, അല്ലെങ്കിൽ ട്വിറ്ററിനെ കൂടുതൽ ജനകീയമാക്കും, അതുമല്ലെങ്കിൽ ട്വിറ്ററിന് ബദലായി മറ്റൊരു പ്ലാറ്റ്ഫോം എന്ന ആശയത്തിലേക്ക് മസ്ക്ക് എത്തിച്ചേർന്നേക്കാം...

## അടുത്ത ലക്ഷ്യം 'മിഷൻ മാർസ്'

ഭൂമിക്ക് പുറമെ മറ്റ് ഗ്രഹങ്ങളിലും മനുഷ്യ ജീവിതം എന്ന ആശയമാണ് മിഷൻ മാർസിലേക്ക് മസ്ക്കിനെ കൊണ്ടെത്തിച്ചത്. ചൊവ്വയിലെത്തി അവിടെ മനുഷ്യർക്ക് ജീവിക്കാൻ കഴിയുന്ന വിധം കോളനികൾ നിർമ്മിക്കുക എന്നതാണ് മസ്ക്കിന്റെ ആശയം. 2024ന് മുൻപ് ഈ പദ്ധതി ആരംഭിക്കണമെന്നും അദ്ദേഹം മുൻപ് വെളിപ്പെടുത്തിയിരുന്നു.

ഇങ്ങനെ തന്റെ സ്വപ്നങ്ങൾക്ക് പിന്നാലെ ഒരു അസാധാരണ വ്യക്തിത്വമായി മസ്ക്ക് ഇന്നും സഞ്ചരിച്ചുകൊണ്ടിരിക്കുകയാണ്. അന്ന് തന്റെ ഉറക്കംകെടുത്തിയ സ്വപ്നങ്ങളെ അപ്പാടെ സാക്ഷാത്ക്കരിക്കാനാണ് മസ്ക്ക് തുടർന്നും ശ്രമിക്കുന്നതെങ്കിൽ നമ്മുടെ ചിന്തകളുടെ വേലികെട്ടുകളെ തകർക്കുന്ന വലിയ വലിയ മാറ്റങ്ങൾക്കായിരിക്കും നാം ഇനി സാക്ഷികളാവുക എന്ന് നിസംശയം പറയാം.






### വഞ്ചനാകുറ്റം:

# ട്രംപിനും വക്കീലിനും തെളിവ് നിരത്താൻ വീണ്ടും അവസരം



ന്യൂയോർക്ക്: മുൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിനെതിരെയുള്ള 250 മില്യൺ ഡോളറിന്റെ വഞ്ചന കേസിൽ തെളിവ് നിരത്താൻ വീണ്ടും അവസരം. കേസിൽ ഉൾപ്പെട്ട അദ്ദേഹത്തിന്റെ കുട്ടികൾക്കും അവരുടെ അഭിഭാഷകർക്കും കഴിഞ്ഞ വർഷം ഫയൽ ചെയ്ത കേസിൽ മറ്റു ശിക്ഷാ നടപടികളിലേക്ക് നീങ്ങാൻ ന്യൂയോർക്ക് അറ്റോർണി ജനറലിന്റെ ഓഫീസ് ജഡ്ജിയോട് ആവശ്യപ്പെട്ടു.

കഴിഞ്ഞ ആഴ്ച, ട്രംപിന്റെയും മറ്റ് പ്രതികളുടെയും അഭിഭാഷകർ ന്യൂയോർക്ക് കേസിനു മറുപടി നൽകിയിരുന്നു. ഒരു കേസിൽ ആരോപിക്കപ്പെടുന്ന ഓരോ ഖണ്ഡികയ്ക്കും പ്രതി മറുപടി നൽകേണ്ട നിയമപരമായ സംക്ഷിപ്തമാണെന്നാണ് പുതിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്.


ഒന്നിലധികം ആരോപണങ്ങൾക്ക് ഉത്തരം നൽകാൻ തങ്ങൾക്ക് വേണ്ടത്ര അറിവില്ലെന്ന് ട്രംപ് ആവർത്തിച്ച് പറഞ്ഞിരുന്നു. അവർ പറയുന്ന ചില പ്രതികരണങ്ങൾ 'അനുചിതമാണ്' എന്ന് സമ്മതിക്കുന്നു. എന്നാൽ അവരുടെ ചില പ്രതിരോധങ്ങൾ നിരസിക്കുകയും പ്രതികളെയും അവരുടെ അഭിഭാഷകരെയും അനുവദിക്കുകയും ചെയ്യുന്നുവെന്ന് കോടതി ചൂണ്ടിക്കാട്ടി.

പരിശോധിച്ച ഉത്തരങ്ങളുടെ ഒരു അവലോകനം വെളിപ്പെടുത്തുന്നത് നിരവധി നിഷേധങ്ങൾ പ്രകടമായി തെറ്റാണെന്നും മറ്റ് നടപടികളിലെ പ്രതികളുടെ സത്യപ്രതിജ്ഞയ്ക്ക് വിരുദ്ധമാണെന്നും, ന്യൂയോർക്ക് അറ്റോർണി ജനറൽ ലെറ്റിഷ്യ ജെയിംസിന്റെ അഭിഭാഷകർ പറഞ്ഞു.

കടം കൊടുക്കുന്നവരെയും ഇൻഷുറർമാരെയും മറ്റുള്ളവരെയും തെറ്റിദ്ധരിപ്പിക്കുന്ന ഒരു പതിറ്റാണ്ട് നീണ്ട വഞ്ചനയിൽ ഏർപ്പെട്ടുവെന്നാരോപിച്ച് ജെയിംസ് കഴിഞ്ഞ വർഷം ട്രംപിനും അദ്ദേഹത്തിന്റെ മൂത്തമക്കൾക്കുമെതിരെ 250 മില്യൺ ഡോളറിന് കേസെടുത്തിരുന്നു.

ഒരു തെറ്റും ചെയ്തിട്ടില്ലെന്ന് ട്രംപ് നിഷേധിക്കുകയും കേസ് രാഷ്ട്രീയ പ്രേരിതമാണെന്നും കോടതിയിൽ ട്രംപിനു വേണ്ടി വാദിച്ചവർ പറഞ്ഞിരുന്നു.

# ആ 'പച്ച വാൽനക്ഷത്രം' അടുത്തെത്തി; എങ്ങനെ, എപ്പോൾ കാണാം!



ഭൂമിക്കു സമീപം ഏകദേശം 50,000 വർഷത്തിന്ശേഷംപ്രത്യക്ഷപ്പെട്ട്,തുടർന്ന് വർഷങ്ങൾക്കശേഷം നമ്മുടെ അടത്തേക്കു വരുമെന്നു കരുതുന്ന 'പച്ച വാൽനക്ഷത്ര'ത്തെ കാണാൻ മണിക്കൂറുകൾ മാത്രം. അടുത്തിടെയാണ് ഈ വാൽനക്ഷത്രത്തെ കണ്ടുപിടിച്ചത്. ഈ വാൽനക്ഷത്രം ഫെബ്രുവരി രണ്ടിനു ഭൂമിയോട് ഏറ്റവുമടുത്ത് എത്തുമെന്നാണു കണക്കാക്കപ്പെടുന്നത്.

ആദ്യം കണ്ടവരെ സൂചിപ്പിച്ചുകൊണ്ട് സി/2022 ഇ3(സെഡ്.ടി.എഫ്)എന്നാണ് ഈ വാൽനക്ഷത്രത്തെ വിളിക്കുന്നത്. യു.എസിലെ സ്വിക്കി ട്രാൻസിയന്റ് ഫെസിലിറ്റി (സെഡ്.ടി.എഫ്) യിലെ വൈഡ് ഫീൽഡ് സർവേ കാമറ ഉപയോഗിച്ച് 2022 മാർച്ചിലാണ് വാൽനക്ഷത്തെ ജ്യോതിശാസ്ത്രജ്ഞർ കണ്ടെത്തിയത്.

ധൂമകേതുവിനെ ദൂരദർശിനികളും ബൈനോക്കുലറുകളും ഉപയോഗിച്ച് കാണാമെന്നും രാത്രിയിൽ ആകാശം വ്യക്തമാണെങ്കിൽ നഗ്ന നേത്രങ്ങൾ കൊണ്ടു തന്നെ ദൃശ്യമാകാമെന്നുമാണു നാസ പറയുന്നത്. ഗ്രീൻ വാൽനക്ഷത്രത്തെക്കുറിച്ച് നിങ്ങൾ അറിയണ്ട കാര്യങ്ങൾ ഇതാ:

## എന്താണ് 'പച്ച വാൽനക്ഷത്രം'?

ജനുവരിപകുതിയോടെസൂര്യനെസമീപിച്ച വാൽനക്ഷത്രം ഇപ്പോൾ അതിൽനിന്നു സ്വന്തം ഭ്രമണപഥത്തിലൂടെ അകന്നു സഞ്ചരിക്കുകയാണ്. സെഡ്.ടി.എഫിന്റെ കോ-പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്റർമാർ ടോം പ്രിൻസും മേരിലാൻഡ് യൂണിവേഴ്സിറ്റിയിൽനിന്നുള്ള വാൽനക്ഷത്ര വിദഗ്ധനായ മൈക്കൽ കെല്ലിയുമാണ്. നമ്മുടെ സൗരയൂഥത്തിന്റെ അരികിൽ നിന്നാണ് ഇതു വരുന്നതെന്ന് ഭ്രമണപഥം സൂചിപ്പിക്കുന്നു, ധൂമകേതുക്കളുടെ ഒരു വിദൂര തടാകത്തെ തങ്ങൾ ഊർട്ട് മേഘം എന്ന് വിളിക്കുന്നുവെന്ന് കെല്ലി സ്പേസ് ഡോട്ട് കോമിനോട് പറഞ്ഞു.

ധൂമകേതുക്കളും ഛിന്നഗ്രഹങ്ങളും പോലെയുള്ള എണ്ണമറ്റ ചെറിയ വസ്തുക്കളെ ഉൾക്കൊള്ളുന്ന, സൂര്യനെ വലയം ചെയ്യുന്ന ബഹിരാകാശത്തിന്റെ വലിയ വർത്തുളാകൃതിയിലുള്ള ഒരു മേഖലയാണ് ഊർട്ട് മേഘമെന്നു കരുതപ്പെടുന്നത്. ഇതിനെ സൗരയൂഥത്തിലെ ഏറ്റവും ദൂരെയുള്ള പ്രദേശം എന്നുംധൂമകേതുക്കളുടെവീട്എന്നുംനാസ വിശേഷിപ്പിക്കുന്നു. ഗ്രീൻ വാൽനക്ഷത്രം ഭൂമിയിൽ നിന്ന് 2.5 ലൈറ്റ് മിനിറ്റ് അഥവാ 2.7 കോടി മൈൽ അകലെയായിരിക്കുമെന്ന് ഗാർഡിയൻ പത്രം റിപ്പോർട്ട് ചെയ്തു.

## പച്ച വാൽനക്ഷത്രം എപ്പോൾ, എവിടെ കാണാം?

വാൽനക്ഷത്രത്തിൽ ഇതേ തെളിച്ചത്തിൽ തുടരുകയാണെങ്കിൽ ടെലിസ്കോപ്പുകൾ, ബൈനോക്കുലറുകൾ എന്നിവ ഉപയോഗിച്ച് എളുപ്പം കാണാൻ കഴിയുമെന്നു നാസ വ്യക്തമാക്കി. ചിലസന്ദർഭങ്ങളിൽഇരുണ്ടആകാശത്തിൽ നഗ്ന നേത്രങ്ങൾ ഉപയോഗിച്ചും കാണാനാവും.

ജനുവരിയിൽ വടക്കുപടിഞ്ഞാറ് ഭാഗത്തേക്ക് അതിവേഗം നീങ്ങുന്ന വാൽനക്ഷത്തെ വടക്കൻ അർധഗോളത്തിലെ നിരീക്ഷകർക്കു പ്രഭാത ആകാശത്ത് കാണാനാവും. ഫെബ്രുവരി ആദ്യം തെക്കൻ അർധഗോളത്തിൽ വാൽനക്ഷത്രം ദൃശ്യമാകും.

ഇന്ത്യൻ ആകാശത്ത്, വടക്കുപടിഞ്ഞാറൻ ദിശയിൽ നോക്കമ്പോൾ, ബൂടെസ് നക്ഷത്ര സമൂഹത്തിലെ ചക്രവാളത്തിനു 16 ഡിഗ്രി മുകളിലായി ഒരാൾ വാൽനക്ഷത്രത്തെ കാണാൻ സാധ്യതയുണ്ടെന്നു വെതർ ഡോട്ട് കോം പറയുന്നു. എന്നാൽ കെട്ടിടങ്ങളിൽനിന്നുള്ളവിളക്കുകളുംതെരുവ്വിളക്കുകളും പ്രകാശിക്കുന്നതിനു കാരണം നിരീക്ഷണ ഉപകരണങ്ങളില്ലാതെ വാൽനക്ഷത്രതെ ദർശിക്കുക ബുദ്ധിമുട്ടാവും.

സി/2022 ഇ3 (സെഡ്.ടി.എഫ്) വാൽനക്ഷത്ത്രിന്റെ സഞ്ചാരം വെർചൽ ടെലിസ്കോപ്പ്പ്രോജക്ട്കിഴക്കൻസ്റ്റാൻഡേർഡ്സമയം ഫെബ്രുവരി ഒന്നിനു രാത്രി 11ന് അല്ലെങ്കിൽ ജനുവരി 31നു രാവിലെ 9.30നു സൗജന്യമായി ലൈവായി സംപ്രേഷണം ചെയ്യും. പ്രോജക്ടിന്റെ വെബ്സൈറ്റിലോ യൂട്യൂബ് ചാനലിലോ സംപ്രേഷണം കാണാം.

## എന്തുകൊണ്ടാണ് പച്ച നിറം?

സൗരയൂഥ രൂപീകരണത്തിന്റെ അവശിഷ്ടങ്ങളായ തണുത്തുറഞ്ഞ പാറകളോ വാതകം നിറഞ്ഞതോ ആയ വസ്തുക്കളാണ് ധൂമകേതുക്കൾ അഥവാ വാൽനക്ഷത്രങ്ങൾ. അവയുടെ ഘടന, സ്വഭാവസവിശേഷതകൾ, സഞ്ചരിക്കുന്ന പാത എന്നിവ കാരണം പിന്നിൽ പ്രകാശം അവശേഷിപ്പിക്കുന്നു. ഇവിടെ, വാൽനക്ഷത്രം തന്നെ പച്ചയാണ് (ധൂമകേതുവിന്റെ തല എന്ന് വിളിക്കുന്നു). പിന്നിൽ ഒരു വെളുത്ത പ്രകാശം പുറപ്പെടുവിക്കുന്നു (പലപ്പോഴും വാൽനക്ഷത്രത്തിന്റെ വാൽ എന്ന് വിളിക്കപ്പെടുന്നു).

ബഹിരാകാശത്തെ മറ്റു വസ്തുക്കളെപ്പോലെ, ധൂമകേതുക്കൾക്കും ഭ്രമണപഥമുണ്ട്. സൂര്യന്റെ ഗുരുത്വാകർഷണം കാരണം അവയെ ചിലപ്പോൾ സൂര്യനോട് അടുപ്പിക്കുന്നു. വാൽനക്ഷത്രങ്ങൾ സൂര്യനു സമീപംപരിക്രമണംചെയ്യമ്പോൾ,അവചൂടാകുകയും വാതകങ്ങളും പൊടിപടലങ്ങളും ഒരു ഗ്രഹത്തേക്കാൾ വലുതായി തിളങ്ങുന്ന നിലയിൽ വമിക്കുകയും ചെയ്യുന്നുവെന്ന് നാസ വിശദീകരിക്കുന്നു.

കത്തുന്നതിനെത്തുടർന്നുള്ള പൊടിപടലങ്ങൾ, ദൂരെനിന്ന് നോക്കമ്പോൾ ഭൂമിയിലെ മനുഷ്യർക്ക് ഒരു പ്രകാശത്തിന്റെ പാത പോലെ കാണപ്പെടുന്നു. അതുകൊണ്ട് ധൂമകേതുക്കൾപലപ്പോഴുംനീലയോവെള്ളയോ അല്ലെങ്കിൽ പച്ചയോ ഉള്ള പ്രകാശം പുറപ്പെടുവിക്കുന്നതായി കാണുന്നു.

ഈ സാഹചര്യത്തിൽ വാൽനക്ഷത്രത്തിന്റെ തലയിലെ ഡയറ്റോമിക് കാർബണിന്റെ (പരസ്പരം ബന്ധിക്കപ്പെട്ടിരിക്കുന്ന കാർബൺ ആറ്റങ്ങളുടെ ജോഡികൾ) സാന്നിധ്യത്തിൽ നിന്നാണ് പച്ച തിളക്കം ഉയരുന്നതായി കരുതപ്പെടുന്നത്.സൗരവികിരണത്തിലെ അൾട്രാവയലറ്റ് രശ്മികളാൽ ഉത്തേജിപ്പിക്കപ്പെടമ്പോൾതന്മാത്രപച്ചവെളിച്ചംപുറപ്പെടുവിക്കുന്നുവെന്ന് ഗാർഡിയൻ റിപ്പോർട്ട് ചെയ്തു.

## പച്ച വാൽനക്ഷത്രം വിരളമാണോ?

സൂര്യനെ ചുറ്റാൻ 200 വർഷത്തിലധികം സമയമെടുക്കുന്ന ദീർഘകാല ധൂമകേതുക്കളുടെ വിഭാഗത്തിൽ വരുന്ന ഈ പച്ച വാൽനക്ഷത്രത്തെ എളുപ്പത്തിൽ കണ്ടെത്താനാവില്ല. ഉയർന്ന വർത്തുളാകൃതിയിലുള്ള ഭ്രമണപഥത്തിൽ, ധൂമകേതു ഊർട്ട് മേഘത്തിലേക്ക് മടങ്ങുകയും ഏകദേശം 50,000 വർഷങ്ങൾക്കു ശേഷം വീണ്ടും പ്രത്യക്ഷപ്പെടുകയും ചെയ്യും. എന്നാൽ ധൂമകേതുക്കളുടെ ഭ്രമണപഥങ്ങൾ കണക്കിലെടുക്കുമ്പോൾ, അനേകം വർഷങ്ങൾക്കു ശേഷമാണ് അവ ഭൂമിയുടെ അടുത്ത് വീണ്ടും പ്രത്യക്ഷപ്പെടുന്നത് എന്ന് മനസിലാക്കാൻ ആവും.






# കലക്കവെള്ളത്തിൽ മീൻ പിടിക്കുന്നതാര്?

(ഒന്നാം പേജ് തുടർച്ച)

കൂടുതലുമാണ്.ലോകത്ത് ഏറ്റവും കൂടുതൽ ആണവായുധങ്ങൾ ഉള്ള രാജ്യമാണ് റഷ്യ. ടെക് നോളജിയുടെ പുതിയ കാലത്ത് ഇത്തരം മാരക പ്രകരശേഷിയുള്ള ആയുധങ്ങൾ ആദ്യം പ്രയോഗിക്കുന്നവർക്കു തന്നെയാണ് യുദ്ധത്തിൽ മേൽക്കോയ്മ ഉണ്ടാകുക. അതുകൊണ്ടു തന്നെയാണ് റഷ്യയെ അമേരിക്കൻ സഖ്യവും ഭയക്കുന്നത്. റഷ്യയുമായുള്ള ഏതൊരു ഏറ്റുമുട്ടലും ലോകാവസാനത്തിലാണ് കലാശിക്കുക എന്ന തിരിച്ചറിവ് അമേരിക്കയ്ക്കുണ്ട്. അതു കൊണ്ടു തന്നെയാണ് ഇപ്പോൾ യുദ്ധവിമാനങ്ങളുടെ കാര്യത്തിൽ തന്ത്രപരമായ നിലപാട് / യുഎസ് സ്വീകരിച്ചിരിക്കുന്നത്. എന്നാൽ ഉക്രെയിന് ടാങ്കുകൾ ഉൾപ്പെടെ മറ്റു ആയുധങ്ങൾ നാറ്റോ സഖ്യം നൽകുന്ന സാഹചര്യത്തിൽ ഈ ആയുധങ്ങൾ കൊണ്ടുവരുന്ന സംവിധാനങ്ങൾ ആക്രമിക്കപ്പെടാനുള്ള സാധ്യത ഇപ്പോഴും കൂടുതലാണ്. അത്തരമൊരു ഘട്ടത്തിൽ അമേരിക്കൻ സഖ്യം പ്രതികരിച്ചാലും അത് വലിയ യുദ്ധത്തിലാണ് കലാശിക്കുക. ഉക്രെയിനിൽ മാരക ബോംബുകൾ വർഷിച്ച് എത്രയും പെട്ടന്ന് സൈനിക നടപടി അവസാനിപ്പിക്കണമെന്ന മാനസിക അവസ്ഥയിലാണിപ്പോൾ റഷ്യൻ സൈനിക നേതൃത്വമുള്ളത്. ഈ നിലപാടിൽ അമേരിക്കയും സഖ്യകക്ഷികളും ഭയക്കേണ്ടതുണ്ട്. ഉക്രെയിനെ പിന്നിൽ നിന്നും നിയന്ത്രിക്കുന്നത് നാറ്റോ ആയതിനാൽ റഷ്യ കൈവിട്ട കളിക്ക് ഇറങ്ങിയാൽ അവരും അനുഭവിക്കേണ്ടി വരും. ഉത്തര കൊറിയയുടെ ആണവ മിസൈലിനെ ഭയക്കുന്ന അമേരിക്കയും സഖ്യകക്ഷികളും റഷ്യയുടെ 'സാത്താനെ ' എത്രമാത്രം ഭയപ്പെടുന്നുണ്ട് എന്നത് തീർച്ചയായും ഊഹിക്കാവുന്നതേയൊള്ളു. ലോകത്തെ ആയുധ വിപണി സജീവമാക്കാനും റഷ്യയെ തളർത്തി നേട്ടം കൊയ്യാനുമാണ് അമേരിക്ക ഉക്രെയിനെ മുൻ നിർത്തി നാണംകെട്ട കളി കളിക്കുന്നത എന്നുവരെ ലോകം ചർച്ച ചെയ്യുന്നു. നേരിട്ടു യുദ്ധം ചെയ്യാനുള്ള ധൈര്യമില്ലാത്തതു കൊണ്ടാണ് ഇത്തരം രണ്ടാംകിട ഏർപ്പാട് അവർ നടത്തുന്നതെന്നാണ് മറ്റൊരു വിലയിരുത്തൽ. ലോക രാജ്യങ്ങൾക്കു മുന്നിൽ റഷ്യയെ ഒറ്റപ്പെടുത്തുവാൻ നിറം പിടിപ്പിച്ച കഥകളാണ് പാശ്ചാത്യ മാധ്യമങ്ങളും പടച്ചു വിട്ടു കൊണ്ടിരിക്കുന്നത്. ഒരു ചെറിയ രാജ്യത്തിനു മുന്നിൽ റഷ്യക്ക് വിജയിക്കാൻ കഴിയുന്നില്ലന്ന് കളിയാക്കുന്ന ഈ മാധ്യമങ്ങൾ കണ്ടില്ലന്ന് നടിക്കുന്നത് യാഥാർത്ഥ്യങ്ങളെയാണെന്നാണ് വിദഗ്ദർ വരെ അഭിപ്രായപ്പെടുന്നു. ഗ്രൗണ്ട് റിയാലിറ്റി അറിയാത്ത വാർത്തകളാണ് പുറത്ത് വരുന്നതെന്നാണ് നയതന്ത്ര വിദഗ്ദരും ചൂണ്ടിക്കാട്ടുന്നത്. റഷ്യൻ സൈന്യത്തിന് വൻ നാശനഷ്ടം സംഭവിച്ചിട്ടുണ്ടെങ്കിൽ അതിന്റെ തിരിച്ചടി എത്രമാത്രം ഭീകരമായിരിക്കുമെന്നതാണ് ഇവരുടെ മറു ചോദ്യം. ഏറെ പ്രസക്തമായ ചോദ്യം തന്നെയാണിത്. വലിയ നഷ്ടം റഷ്യക്ക് സംഭവിച്ചിരുന്നു എങ്കിൽ ഉക്രെയിൻ തലസ്ഥാനമായ കീവ് ഇപ്പോൾ ഭൂപടത്തിൽ പോലും കാണില്ലായിരുന്നുവെന്നാണ് വിലയിരുത്തൽ.

ജപ്പാനു ചുറ്റും സ്ഥാപിച്ച അമേരിക്കൻ മിസൈൽ പ്രതിരോധ സംവിധാനങ്ങളെ ഉത്തര കൊറിയയുടെ മിസൈലുകൾക്ക് തകർക്കാൻ കഴിയുമെങ്കിൽ കീവിലെ ഏത് പ്രതിരോധ സംവിധാനങ്ങളെയും നിമിഷ നേരം കൊണ്ടു തകർത്ത് തലസ്ഥാനം തന്നെ ഇല്ലാതാക്കാൻ റഷ്യക്കും നിമിഷ നേരം മതിയാകും. ലോകത്ത് ഇന്ന് നിലവിലുള്ള മിസൈൽ പ്രതിരോധ സംവിധാനങ്ങളിൽ ഏറ്റവും മികച്ച ''എസ് 400 ട്രയംഫാണ്'' റഷ്യയെ സംരക്ഷിച്ചു നിർത്തുന്നത്. ശത്രുവിന്റെ ഏത് ആധുനിക മിസൈലുകളെയും യുദ്ധവിമാനങ്ങളെയും മിന്നൽ വേഗത്തിൽ തകർക്കാനുള്ള ശേഷി ഇതിനുണ്ട്. അമേരിക്കയുടെ വിലക്ക് വകവയ്ക്കാതെയാണ് റഷ്യയുടെ ഈ പ്രതിരോധ സംവിധാനത്തെ ഇന്ത്യയും ഇപ്പോൾ കൈവശപ്പെടുത്തിയിരിക്കുന്നത്. അമേരിക്കൻ ചേരിയുടെ സമ്മർദ്ദം ഏറെയുണ്ടായിട്ടും യുക്രെയിൻ വിഷയത്തിൽ ഇതുവരെ ഇന്ത്യ റഷ്യക്കെതിരായ നിലപാട് സ്വീകരിച്ചിട്ടില്ല അതിന് ചരിത്രപരമായ നിരവധി കാരണങ്ങളുണ്ട്. രാജ്യം ഏറ്റവും വലിയ വെല്ലുവിളികളെ അഭിമുഖീകരിച്ച ഇന്ത്യ പാക്ക് യുദ്ധത്തിൽ തുടങ്ങിയ ബന്ധമാണത്. അന്ന് പാക്കിസ്ഥാനെ സഹായിക്കാൻ വന്ന അമേരിക്കൻ നാവിക സേനയെ സോവിയറ്റ് യൂണിയന്റെ പടക്കപ്പൽ ഓടിച്ചു വീട്ടിരുന്നു. ഇന്നത്തെ യുദ്ധഭൂമിയിൽ നിന്ന് മോചനം എന്ന് ഉണ്ടാകും എന്നതിൽ ആർക്കും ഒരു തീർപ്പ് കൽപിക്കാൻ പറ്റാത്തതിന് കാരണവും ഈ കലക്കവെള്ളത്തിൽ മീൻ പിടുത്തം എന്ന സമ്പ്രദായം തന്നെയാണ്.

# ബൈഡന്റെ കോവിഡ് റെസ്ക്യൂ നിയമം: 18 ദശലക്ഷം കോളജ് വിദ്യാർത്ഥികൾക്ക് സാമ്പത്തിക സഹായം

(ഒന്നാം പേജ് തുടർച്ച)

യ്ക്കാൻ ഫണ്ട് ഉപയോഗിക്കാം.2021 ൽ മാത്രം, കോളജുകളും സർവ്വകലാശാലകളും 12.7 ദശലക്ഷം വിദ്യാർത്ഥികൾക്ക് 19.5 ബില്യൺ ഡോളർ അടിയന്തര സാമ്പത്തിക ഗ്രാന്റായി കൈമാറിയെന്ന് റിപ്പോർട്ട് പറയുന്നു.

കുറഞ്ഞ വരുമാനമുള്ള പെൽ ഗ്രാന്റ് സ്വീകർത്താക്കളിൽ ഏകദേശം 80% പേർക്കും ഗ്രാന്റ് പണം ലഭിച്ചു.

പ്രഥമ വനിത ജിൽ ബൈഡനും വിദ്യാഭ്യാസ സെക്രട്ടറി മിഗ്വൽ കാർഡോണയും ബുധനാഴ്ച ഔദ്യോഗികമായി ഡാറ്റ പുറത്തിറക്കും. ഇപ്പോൾ എന്താണ് സംഭവിക്കുന്നത്?

കോവിഡ് ഫണ്ടിംഗ് ചരിത്രപരമായി കറുത്തവർഗ്ഗക്കാരായ കോളജുകളെ മഹാമാരിയെ അതിജീവിക്കാൻ സഹായിച്ചു.

# പണപ്പെരുപ്പത്തിനെതിരെ പോരാട്ടം തുടർന്ന് യുഎസ് ഫെഡ്


## പലിശ നിരക്ക് 25 ബേസിസ് പോയന്റ് ഉയർത്തി

വാഷിംഗ്ടൺ: പ്രതീക്ഷിച്ചതു പോലെ പലിശ നിരക്ക് വീണ്ടും ഉയർത്തി യുഎസ് ഫെഡ്. തുടർച്ചയായി ആറു മാസമായി പണപ്പെരുപ്പം കുറഞ്ഞു വരുന്ന സാഹചര്യത്തിൽ വലിയ ആഘാതം ഇത്തവണയില്ല. 25 ബേസിസ് പോയന്റ് വർധനയാണ് പലിശ നിരക്കിൽ വരുത്തിയിരിക്കുന്നത്. ഇതോടെ യുഎസിലെ പലിശ നിരക്ക് 4.54.75 ശതമാനത്തിലേക്കെത്തി.

'പണപ്പെരുപ്പം കുറച്ച് കുറഞ്ഞെങ്കിലും ഉയർന്നു തന്നെയാണ് നിൽക്കുന്നത്' ഫെഡ് നയ രൂപീകരണ സമിതിയായ ഫെഡറൽ ഓപ്പൺ മാർക്കറ്റ് കമ്മിറ്റി (എഫ്ഒഎംസി) പ്രതികരിച്ചു. ഉൽപ്പാദനത്തിലും ചെലവഴിക്കലിലും ഒതുങ്ങിയ വളർച്ച പ്രകടമാണ്. രണ്ട് ശതമാനമെന്ന ലക്ഷ്യത്തിലേക്ക് പണപ്പെരുപ്പത്തെ താഴ്ത്തിക്കൊണ്ടു വരാൻ നിലവിലെ നിരക്ക് വർധന അനുയോജ്യമാണെന്ന് എഫ്ഒഎംസി പ്രതീക്ഷിക്കുന്നു.

2022 മാർച്ചിന് ശേഷം എട്ടു തവണയാണ് ഫെഡ് പലിശ നിരക്ക് ഉയർത്തിയത്. നാലു തവണ തുടർച്ചയായി 0.75 പെർസന്റേജ് പോയന്റുകൾ വർധിപ്പിച്ചു. 2022 ജൂണിൽ 9.1 ശതമാനത്തിലേക്ക് ഉയർന്ന പണപ്പെരുപ്പം ഡിസംബറിൽ 6.5 ശതമാനം വരെ താഴ്ന്നിട്ടുണ്ട്.

# ജെറ്റ് എഞ്ചിനുകൾ നിർമ്മിക്കാൻ ജിഇയ്ക്ക് അതിവേഗ ക്ലിയറൻസ് നൽകുമെന്ന് യുഎസ് വാഗ്ദാനം



വാഷിംഗ്ടൺ: എച്ച്എഎല്ലിന്റെ യുദ്ധവിമാനങ്ങൾക്കായി ഇന്ത്യയിൽ ജെറ്റ് എഞ്ചിനുകൾ നിർമ്മിക്കാൻ ജിഇയ്ക്ക് അതിവേഗ ക്ലിയറൻസ് നൽകുമെന്ന് യുഎസ് വാഗ്ദാനം. ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡ് നിർമ്മിക്കുന്ന യുദ്ധവിമാനങ്ങൾക്ക് കരുത്തേകാനുള്ള എഞ്ചിനുകൾ ഇന്ത്യയിൽ നിർമ്മിക്കാൻ അമേരിക്കയിലെ ജനറൽ ഇലക്ട്രിക് കമ്പനി ശ്രമിച്ചതിന്റെ അംഗീകാരം വേഗത്തിലാക്കുമെന്ന് പ്രസിഡന്റ് ജോ ബൈഡന്റെ ഭരണകൂടം വാഗ്ദാനം ചെയ്തു.

യുഎസിൽ നിന്ന് ഇന്ത്യയിലേക്കുള്ള ഹൈപെർഫോമൻസ് കമ്പ്യൂട്ടിംഗ് സാങ്കേതികവിദ്യയും സോഴ്സ് കോഡും കയറ്റുമതി ചെയ്യുന്നതിനുള്ള തടസ്സങ്ങൾ കുറയ്ക്കുന്നതിന് അമേരിക്കൻ കോൺഗ്രസുമായി ചേർന്ന് പ്രവർത്തിക്കാനും ബൈഡൻ അഡ്മിനിസ്ട്രേഷൻ സമ്മതിച്ചു.

ഇന്ത്യ തദ്ദേശീയമായി പ്രവർത്തിപ്പിക്കുകയും നിർമ്മിക്കുകയും ചെയ്യുന്ന ജെറ്റ് വിമാനങ്ങൾക്ക് ഊർജം പകരാൻ കഴിയുന്ന ജെറ്റ് എഞ്ചിനുകൾ സംയുക്തമായി നിർമ്മിക്കാൻ ജനറൽ ഇലക്ട്രിക്കിൽ നിന്ന് യുണൈറ്റഡ് സ്റ്റേറ്റ്സ് സർക്കാരിന് അപേക്ഷ ലഭിച്ചിട്ടുണ്ടെന്ന് വൈറ്റ് ഹൗസ് സ്ഥിരീകരിച്ചു.

ബൈഡന്റെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജെയ്ക്ക് സള്ളിവനും ഇന്ത്യൻ ഗവൺമെന്റിലെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലും നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷം പുറപ്പെടുവിച്ച പ്രസ്താവനയിലാണ് ഇക്കാര്യം പറയുന്നത്

ഉഭയകക്ഷി ബന്ധത്തിൽ കുതിച്ചുചാട്ടം കൈവരിക്കാനുള്ള ശ്രമങ്ങൾക്കിടയിലാണ് ബൈഡന്റെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ജെയ്ക്ക് സള്ളിവനും ഇന്ത്യൻ ഗവൺമെന്റിലെ ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവലും തമ്മിൽ കൂടിക്കാഴ്ച നടത്തിയത്. പ്രധാനമന്ത്രി നരേന്ദ്ര മോദിക്ക് യുഎസ് സന്ദർശനത്തിനായുള്ള ക്ഷണവും ലഭിച്ചിട്ടുണ്ട്.

നാസ ജോൺസൺ ബഹിരാകാശ കേന്ദ്രത്തിൽ ഒരു ഇന്ത്യൻ ബഹിരാകാശ ഗവേഷണ സ്ഥാപനത്തിനും ബഹിരാകാശ സഞ്ചാര വകുപ്പിനും വിപുലമായ പരിശീലനം ഉൾപ്പെടെയുള്ള എക്സ്ചേഞ്ചുകൾ സ്ഥാപിക്കുന്നതുൾപ്പെടെ മനുഷ്യ ബഹിരാകാശ യാത്രയിൽ ഇരുപക്ഷവും സഹകരണം ശക്തിപ്പെടുത്തുമെന്ന് വൈറ്റ് ഹൗസ് പുറത്തുവിട്ട വസ്തുതാപത്രത്തിൽ പറഞ്ഞു.

നാസ അഡ്മിനിസ്ട്രേറ്റർ ബിൽ നെൽസൺ ഈ വർഷം അവസാനം ഇന്ത്യ സന്ദർശിക്കും. ഇന്ത്യ തദ്ദേശീയമായി പ്രവർത്തിപ്പിക്കുന്നതും ഉൽപ്പാദിപ്പിക്കുന്നതുമായ ജെറ്റ് വിമാനങ്ങൾക്ക് ഊർജം പകരാൻ കഴിയുന്ന ജെറ്റ് എഞ്ചിനുകൾ സംയുക്തമായി നിർമ്മിക്കാൻ ജനറൽ ഇലക്ട്രിക്കിൽ നിന്ന് യുഎസിന് അപേക്ഷ ലഭിച്ചിട്ടുണ്ട്.

'സാങ്കേതിക മൂല്യ ശൃംഖലകൾ കെട്ടിപ്പടുക്കുന്നതിലൂടെയും ഇനങ്ങളുടെ സഹവികസനത്തിനും സഹനിർമ്മാണത്തിനും പിന്തുണ നൽകിക്കൊണ്ട് ഇരു രാജ്യങ്ങളെയും വിശ്വസനീയമായ സാങ്കേതിക പങ്കാളികളായി സ്ഥാപിക്കാനാണ് ഐസിഇടി ലക്ഷ്യമിടുന്നത്.

ഒരു സ്റ്റാൻഡിംഗ് മെക്കാനിസത്തിലൂടെ റെഗുലേറ്ററി നിയന്ത്രണങ്ങൾ, കയറ്റുമതി നിയന്ത്രണങ്ങൾ, മൊബിലിറ്റി തടസ്സങ്ങൾ എന്നിവ പരിഹരിക്കാനും ഇത് ലക്ഷ്യമിടുന്നു. നിയമനിർമ്മാണ മാറ്റങ്ങളിലേക്കുള്ള ശ്രമങ്ങൾ ഉൾപ്പെടെ, ചില നിർണായക മേഖലകളിൽ ഇന്ത്യയിലേക്കുള്ള കയറ്റുമതി തടസ്സങ്ങൾ ലഘൂകരിക്കുന്നതിനുള്ള പിന്തുണയും യുഎസ് ഉറപ്പുനൽകിയിട്ടുണ്ട്.



# സമുദ്രനിരപ്പിൽ നിന്നു 18380 അടി ഉയരെ ഒരു നിരാഹാര സമരം, എന്തിന്?

എൻജിനീയറും വിദ്യാഭ്യാസ പരിഷ്കർത്താവുമാണ് ലഡാക്ക് സ്വദേശിയായ സോനം വാങ്ചുക്ക്. അദ്ദേഹം ഒരു ഒറ്റയാൾ പോരാട്ടം നടത്തിയിരുന്നു. ലഡാക്കിൽ കൂടുതൽ സ്വയംഭരണം ആവശ്യപ്പെട്ട് അഞ്ച് ദിവസത്തെ നിരാഹാര സമരം നടത്തി. സമരത്തിന്റെ മൂന്നാം ദിവസമായ ജനുവരി 27 നാണ് വാങ്ചുക്ക് ഒരു കാര്യം വ്യക്തമാക്കിയിരുന്നു "സമാധാനമുള്ള ലഡാക്കിൽ തീവ്രവാദത്തിന്റെ വിത്ത് പാകിയെന്നും ഇന്നത്തെ കേന്ദ്ര ഭരണപ്രദേശത്തെക്കാൾ ജമ്മു കാശ്മീരിൽ തങ്ങൾ മെച്ചമായിരുന്നുവെന്ന്" ലഫ്റ്റനന്റ് ഗവർണർ കരുതിയെന്നും ഒരു യൂട്യൂബ് വീഡിയോയിൽ വാങ്ചുക്ക് കുറ്റപ്പെടുത്തി.





ലഡാക്കിലെ പരിസ്ഥിതിനാശം അടക്കമുള്ള പ്രശ്നങ്ങളിലേക്കു കേന്ദ്ര സർക്കാരിന്റെ ശ്രദ്ധ ക്ഷണിക്കാനായി അഞ്ച് ദിവസം ഖർദുങ് ലാ ചുരത്തിൽ നിരാഹാരം വാങ്ചുക്ക് പ്രഖ്യാപിച്ചിരുന്നു. സമുദ്രനിരപ്പിൽ നിന്നു 18380 അടി ഉയരെയാണ് ഖർദുങ് ലാ ചുരം സ്ഥിതി ചെയ്യുന്നത്.

കുറച്ച് ദിവസങ്ങൾക്ക് മുൻപ് ജനുവരി 21 ന്, ഖാർദുങ് ലായിൽ നിന്ന് പ്രധാനമന്ത്രി നരേന്ദ്ര മോഡിയെ അഭിസംബോധന ചെയ്യുന്ന ഒരു വീഡിയോ വാങ്ചുക്ക് യൂട്യൂബിൽ പോസ്റ്റ് ചെയ്തു. ഉത്തരധ്രുവത്തിനും ദക്ഷിണധ്രുവത്തിനും ശേഷം ലഡാക്കിനെയും ഹിമാലയത്തെയും മൂന്നാം ധ്രുവം എന്ന് വിശേഷിപ്പിച്ച്, ഈ പ്രദേശത്തിന്റെ പരിസ്ഥിതിയും തദ്ദേശീയരുടെ അവകാശങ്ങളും സംരക്ഷിക്കുന്നതിനായി ഭരണഘടനയുടെ ആറാം പട്ടികയിൽ പ്രദേശം ഉൾപ്പെടുത്തണമെന്ന ദീർഘകാലമായുള്ള ആവശ്യം വാങ്ചുക്ക് ആവർത്തിക്കുകയുണ്ടായി.

## ആരാണ് സോനം വാങ്ചുക്ക്?

ലഡാക്കി എൻജിനീയറും പരിഷ്കർത്താവുമാണ് സോനം വാങ്ചുക്ക്. 1987ൽ ശ്രീനഗറിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിൽ നിന്ന് മെക്കാനിക്കൽ എൻജിനീയറിങ്ങിൽ ബിരുദം നേടിയ വാങ്ചുക്ക് ഫ്രാൻസിലെ ഗ്രെനോബിളിലെ ക്രേറ്റർ സ്കൂൾ ഓഫ് ആർക്കിടെക്ചറിൽ രണ്ട് വർഷം എർത്ത് ആർക്കിടെക്ചർ പഠിച്ചു. ബിരുദപഠനത്തിനു ശേഷം, 1988ൽ വാങ്ചുക്കും സഹോദരനും മറ്റ് അഞ്ച് പേരും ചേർന്ന് സ്റ്റുഡന്റ്സ് എഡ്യൂക്കേഷണൽ ആൻഡ് കൾച്ചറൽ മൂവ്മെന്റ് ഓഫ് ലഡാക്ക് (എസ്.ഇ.സി.എം.ഒ.എൽ) ആരംഭിച്ചു. പൂർണമായും സൗരോർജത്തിൽ പ്രവർത്തിക്കുന്ന എസ്.ഇ.സി.എം.ഒ.എൽ കാമ്പസ് അതിന്റെ സുസ്ഥിര പ്രവർത്തനങ്ങൾക്കു പേരുകേട്ടതാണ്.

ഇവയിലൊന്നാണ് ഐസ് സ്തൂപ. ശീതകാലത്ത് ജലം സംഭരിക്കുന്ന കോണാകൃതിയിലുള്ള ഈ ഐസ് പർവതങ്ങൾ, വേനൽക്കാലത്ത് ക്രമേണ ഉരുകി കാർഷിക ആവശ്യങ്ങൾക്കു വെള്ളം വിതരണം ചെയ്യുന്നു. 2009ൽ പുറത്തിറങ്ങിയ ഹിന്ദി ചിത്രമായ '3 ഇഡിയറ്റ്സിൽ' ആമിർഖാൻ അവതരിപ്പിച്ച കഥാപാത്രത്തിനു പ്രചോദനമായത് വാങ്ചുക്കാണെന്ന് കരുതപ്പെടുന്നു. ഇത് അദ്ദേഹത്തിന്റെ പ്രവർത്തനത്തിനു കൂടുതൽ അംഗീകാരം നൽകി.

2018ൽ വാങ്ചുക്കിന് രമൺ മഗ്സസെ അവാർഡ് ലഭിച്ചു. 'ലഡാക്കി യുവാക്കളുടെ ജീവിത അവസരങ്ങൾ മെച്ചപ്പെടുത്തുന്ന വിദൂര വടക്കേ ഇന്ത്യയിലെ പഠന സമ്പ്രദായങ്ങളിലെ അദ്ദേഹത്തിന്റെ അതുല്യമായ വ്യവസ്ഥാപിതവും സഹകരണപരവും സാമൂഹ്യപ്രേരിതവുമായ പരിഷ്കരണവും പ്രാദേശിക സമൂഹത്തിലെ എല്ലാ മേഖലകളിലുമുള്ള അദ്ദേഹത്തിന്റെ ക്രിയാത്മക ഇടപെടലും ലോകത്തിലെ ന്യൂനപക്ഷങ്ങൾക്ക് ഒരു മാതൃകയായി,'' രമൺ മഗ്സസെ അവാർഡ് ഫൗണ്ടേഷൻ പറഞ്ഞു.

## എന്തിനാണു സോനം വാങ്ചുക്ക് പ്രതിഷേധിക്കുന്നത്?

ഭരണഘടനയുടെ ആറാം പട്ടികയിൽ ലഡാക്കിനെ ഉൾപ്പെടുത്തണമെന്ന ആവശ്യം ആവർത്തിച്ച് ഉന്നയിക്കുന്നതായി തന്റെ സമീപകാല വീഡിയോയിൽ വാങ്ചുക്ക് പറഞ്ഞു. 2020ന്റെ തുടക്കത്തിൽ കേന്ദ്രമന്ത്രി അർജുൻ മുണ്ട തന്റെ കത്തിനോട് പ്രതികരിച്ചത് എങ്ങനെയെന്ന് അദ്ദേഹം പറഞ്ഞു. പ്രശ്നം മനസിലാക്കിയെന്നും എന്നും ലഡാക്കിനെ ആറാം പട്ടിക പ്രദേശമായി പ്രഖ്യാപിക്കുന്നതിനുള്ള നിർദേശം ആഭ്യന്തര മന്ത്രാലയത്തെ അറിയിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചതായി വാങ്ചുക്ക് പറഞ്ഞു.

"അതിനാൽ ലഡാക്ക് സംരക്ഷിക്കപ്പെടുമെന്ന് എനിക്ക് ഉറപ്പുണ്ടായി. എന്നാൽ ലഡാക്കിലെ എല്ലാ ജനങ്ങളുടെയും ഈ സന്തോഷം, മാസങ്ങൾ കടന്നുപോകുകയും ചർച്ചകളൊന്നും നടക്കാതിരിക്കുകയും ചെയ്തപ്പോൾ സങ്കടമായി മാറി,'' വാങ്ചുക്ക് തന്റെ വീഡിയോയിൽ പറഞ്ഞു. ഇത് വിദ്യാർത്ഥികളുടെ പ്രതിഷേധത്തിനും മുൻ എം.പി തുപ്സ്റ്റാൻ ഛേവാങ് ഈ ആവശ്യത്തെ പിന്തുണയ്ക്കുന്നതിനും കാരണമായി. ആറാം പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി തുപ്സ്റ്റാൻ ലേ അപെക്സ് ബോഡി ഓഫ് പീപ്പിൾസ് മൂവ്മെന്റ് സൃഷ്ടിച്ചു. കാർഗിലിലെ സംഘടനകൾ ചേർന്ന് കാർഗിൽ ഡെമോക്രാറ്റിക് അലയൻസ് (കെ.ഡി.എ) രൂപീകരിച്ചു.

2020 ൽ ലഡാക്ക് ഹിൽ കൗൺസിൽ തിരഞ്ഞെടുപ്പ് നടന്നപ്പോൾ, ലഡാക്കി നേതാക്കൾ തിരഞ്ഞെടുപ്പ് ബഹിഷ്കരിക്കുമെന്ന് ഭീഷണിപ്പെടുത്തിയിരുന്നു. എന്നാൽ അന്ന് ചർച്ചയ്ക്ക് ആഭ്യന്തര മന്ത്രാലയം ഉറപ്പുനൽകിയതായി വാങ്ചുക്ക് ഈ വീഡിയോയിൽ അവകാശപ്പെട്ടു. 2019ലെ ലോക്സഭാ തിരഞ്ഞെടുപ്പിലെന്നപോലെ സംസ്ഥാന തിരഞ്ഞെടുപ്പിനുള്ള പ്രകടന പത്രികയിലും ബി.ജെ.പി ആറാം പട്ടിക വിഷയം ഉൾപ്പെടുത്തി. എന്നാൽ ചർച്ചകൾ നടന്നില്ലെന്നു വാങ്ചുക്ക് പറഞ്ഞു.

ഇവിടെയുള്ള എല്ലാ താഴ്വരകളിലും ഖനനം നടക്കണമെന്ന് ആഗ്രഹിക്കുന്ന വ്യാവസായിക ശക്തികളും ബിസിനസ് സ്ഥാപനങ്ങളും താഴെ തട്ടിലുള്ള ഉദ്യാഗസ്ഥരെ സ്വാധീനിച്ചിരിക്കാം എന്ന് ലഡാക്കിലെ ജനങ്ങൾ കരുതുന്നതായി വാങ്ചുക്ക് പറഞ്ഞു. ടിബറ്റിൽ ചൈന സമാനമായ ഒരു ചൂഷണം നടത്തിയെന്ന് പറഞ്ഞ വാങ്ചുക്ക്, വർധിച്ചുവരുന്ന വ്യാവസായിക വൽക്കരണത്തിൽ പർവത ശിഖരങ്ങൾ ഉരുകുന്നതിനാൽ ജലക്ഷാമത്തിന്റെ പ്രശ്നങ്ങൾ ഉയർന്നുവരുമെന്നും ഗോത്ര വർഗക്കാരുടെ ഉപജീവനത്തിനും നിലനിൽപ്പിനും ഭീഷണിയുണ്ടെന്നും ആശങ്കയറിച്ചു.

സൈനിക വീക്ഷണത്തിൽ നിന്നു നോക്കിയാൽ ലഡാക്ക് ഒരു സെൻസിറ്റീവ് പ്രദേശമാണെന്നും ഇവിടെ സുരക്ഷ ആവശ്യമാണെന്നും വാങ്ചുക്ക് എടുത്തു പറഞ്ഞു. ഈ മാസം ആദ്യം, ഈ വിഷയത്തിൽ കേന്ദ്രം രൂപീകരിച്ച ഉന്നതാധികാര സമിതിയുടെ യോഗങ്ങളിൽ പങ്കെടുക്കില്ലെന്ന് ആവശ്യങ്ങൾക്ക് നേതൃത്വം നൽകുന്ന പ്രധാന സംഘടനകൾ അറിയിച്ചിരുന്നു. വ്യക്തമായ ഉത്തരവിന്റെ അഭാവത്തിൽ കെ.ഡി.എ, അപെക്സ് ബോഡിലേ (എബിഎൽ) അംഗങ്ങൾ കേന്ദ്ര സമിതിയെ തള്ളി.

## എന്താണ് ആറാം പട്ടിക?

ഭരണഘടനയുടെ 244ാം അനുച്ഛേദം പ്രകാരമുള്ള ആറാം പട്ടിക, സ്വയംഭരണാധികാരമുള്ള ഭരണ പ്രദേശങ്ങൾ രൂപീകരിക്കുന്നതിന് സ്വയംഭരണ ജില്ലാ കൗൺസിലുകൾ (എ.ഡി.സി) സ്ഥാപിക്കാൻ വ്യവസ്ഥ ചെയ്യുന്നു. ഒരു സംസ്ഥാനത്തിനുള്ളിലെ നിയമനിർമാണ, ജുഡീഷ്യൽ, ഭരണപരമായ കാര്യങ്ങളിൽ ഇവയ്ക്ക് ചില സ്വയംഭരണാധികാരമുണ്ട്.

അഞ്ച് വർഷത്തെ കാലാവധിയുള്ള എ.ഡി.സികളിൽ 30 അംഗങ്ങൾ വരെ ആവാം. ഭൂമി, വനം, ജലം, കൃഷി, ഗ്രാമ കൗൺസിലുകൾ, ആരോഗ്യം, ശുചിത്വം മുതലായവയുമായി ബന്ധപ്പെട്ട് നിയമങ്ങളും ചട്ടങ്ങളും രൂപീകരിക്കാൻ എ.ഡി.സിയ്ക്ക് കഴിയും. വടക്കുകിഴക്കൻ സംസ്ഥാനങ്ങളായ അസം, മേഘാലയ, മിസോറാം (മൂന്ന് കൗൺസിലുകൾ വീതം), ത്രിപുര (ഒരു കൗൺസിൽ) എന്നിവയ്ക്കാണ് ഇപ്പോൾ ഇത് ബാധകം.

## വാങ്ചുക്കിന്റെ വീട്ടുതടങ്കൽ

ലേ ഭരണകൂടം തന്നെ വീട്ടുതടങ്കലിലാക്കിയിരിക്കുകയാണെന്നും മോചനത്തിനായി കരാറിൽ ഒപ്പിടാൻ തന്നോട് ആവശ്യപ്പെടുകയാണെന്നും വാങ്ചുക്ക് പറഞ്ഞു. തന്റെ സുരക്ഷയെക്കുറിച്ചുള്ള ആശങ്കകൾ അവർ ചൂണ്ടിക്കാട്ടിയതായി അദ്ദേഹം അവകാശപ്പെട്ടു. നിരാഹാരം ഖാർദുങ് ലായിൽ നിന്ന് ഹിമാലയൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആൾട്ടർനേറ്റീവ്സ് ലഡാക്ക് (എച്ച്.ഐ.എ.എൽ) എന്ന തന്റെ സ്കൂളിന്റെ കാമ്പസിലേക്കു മാറ്റാൻ അവർ ആവശ്യപ്പെട്ടു.

നിലവിൽ ലേ ജില്ലയുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രവർത്തനങ്ങളിൽ അദ്ദേഹം അഭിപ്രായം പറയുകയോ പൊതു പ്രസ്താവനകൾ നടത്തുകയോ പ്രസംഗങ്ങൾ നടത്തുകയോ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയോ ചെയ്യാൻ പാടില്ലെന്നതും കരാർ നിബന്ധനകളിൽ ഉൾപ്പെടുന്നു.

പ്രധാനമന്ത്രിയുടെ ശ്രദ്ധ ആകർഷിക്കുന്നതുവഴി നേതാക്കൾക്ക് അവരുടെ ആശങ്കകളും ആവശ്യങ്ങളും അദ്ദേഹത്തെ അറിയിക്കുകയായിരുന്നു ഉപവാസത്തിന്റെ ലക്ഷ്യമെന്ന് വാങ്ചുക്ക് മാധ്യമപ്രവർത്തകരോട് വ്യക്തമാക്കിയിരുന്നു. എന്നാൽ വാങ്ചുക്കിന്റെ അവകാശവാദങ്ങൾ ലേ സീനിയർ പൊലീസ് സൂപ്രണ്ട് പി.ഡി നിത്യ നിഷേധിച്ചു. വാങ്ചുക്ക് പ്രതിഷേധിക്കാൻ പോകുന്ന പ്രദേശത്തെ താഴ്ന്ന താപനില കണക്കിലെടുത്ത് വാങ്ചുക്കിനും അനുയായികൾക്കും ഇത് ഉയർന്ന അപകടസാധ്യതയുള്ളതിനാലാണ് ഭരണകൂടം പ്രതിഷേധിക്കാൻ അനുവദിക്കാത്തതെന്നു നിത്യ വാർത്താ ഏജൻസിയായ പി.ടി.ഐയോട് വ്യക്തമാക്കിയിരുന്നു.

## വാങ്ചുക്ക് ഇനി എന്താണ് ചെയ്യുന്നത്?

ആവശ്യമെങ്കിൽ പ്രതിഷേധം ശക്തമാക്കുമെന്ന് വാങ്ചുക്ക് അറിയിച്ചു. ഇതൊരു പ്രതീകാത്മക പ്രതിഷേധം മാത്രമായിരുന്നു, പ്രതികരണമുണ്ടായില്ലെങ്കിൽ 10 ദിവസം, പിന്നീട് 15 ദിവസം, അങ്ങനെ അവസാന ശ്വാസം വരെ നിരാഹാര സമരം നടത്തുമെന്നും വാങ്ചുക്ക് പറയുന്നു.

# യുഎസ് പ്രസിഡന്റ് തിരഞ്ഞെടുപ്പ് കളത്തിലേക്ക് പ്രവേശനത്തിനൊരുങ്ങി ഇന്ത്യൻ വംശജയായ നിക്കി ഹേലിയും



കൊളംബിയ: പ്രമുഖ ഇന്ത്യൻ-അമേരിക്കൻ റിപ്പബ്ലിക്കൻ പാർട്ടി നേതാവ് നിക്കി ഹേലിയും യുഎസ് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ മത്സരിക്കാനൊരുങ്ങുന്നുവെന്ന് റിപ്പോർട്ട്. യുഎന്നിലെ മുൻ യുഎസ് അംബാസഡറും സൗത്ത് കാരലൈന മുൻ ഗവർണറുമായ നിക്കി ഹേലി 15ന് ഇക്കാര്യം പ്രഖ്യാപിക്കും. 2024 നവംബറിലെ തിരഞ്ഞെടുപ്പിൽ മുൻ പ്രസിഡന്റ് ഡോണൾഡ് ട്രംപ് റിപ്പബ്ലിക്കൻ സ്ഥാനാർഥിയായി മത്സരിക്കാനിരിക്കെയാണ് നിക്കി ഹേലിയുടെ രംഗപ്രവേശം.

ട്രംപ് ഭരണകൂടത്തിൽ ഇന്ത്യൻ വംശജരിൽ ഏറ്റവും ഉയർന്ന പദവി വഹിച്ചയാളാണ് നിക്കി ഹേലി. റിപ്പബ്ലിക്കൻ സ്ഥാനാർഥിയായി മത്സരിക്കാൻ ട്രംപ് മാത്രമാണ് നിലവിൽ മുന്നോട്ടുവന്നിട്ടുള്ളത്. ട്രംപ് മത്സരിക്കുകയാണെങ്കിൽ താൻ സ്ഥാനാർഥിയാവില്ലെന്ന മുൻ നിലപാട് തിരുത്തിയാണ് നിക്കി ഹേലിയുടെ പ്രഖ്യാപനം. നേതൃത്വത്തിൽ പുതിയ തലമുറ വരേണ്ട സമയമായി എന്നും യുഎസ് പുതിയ പാതയെ പറ്റി ചിന്തിക്കാൻ സമയമായി എന്നുമാണ് അടുത്തിടെ ഒരു അഭിമുഖത്തിൽ അവർ പറഞ്ഞത്. യുഎസ് ചരിത്രത്തിലെ ഏറ്റവും പ്രായം ചെന്ന പ്രസിഡന്റായ ജോ ബൈഡന് മറ്റൊരു ഊഴം നൽകരുതെന്നും പറഞ്ഞു. പഞ്ചാബിൽനിന്ന് 1960 കളിൽ കാനഡയിലേക്കും തുടർന്ന് അമേരിക്കയിലേക്കും കുടിയേറിയ അജിത് സിങ് രൺധാവ രാജ് കൗർ ദമ്പതികളുടെ മകൾ ആണ് നിക്കി ഹേലി. 51 കാരിയായ ഹാലി യുഎന്നിലെ അംബാസഡറായി സേവനമനുഷ്ഠിക്കുന്നതിന് മുമ്പ് ആറ് വർഷം സൗത്ത് കരോലിനയുടെ ഗവർണറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്.






FAMILY DENTAL PRACTICE

GENERAL DENTIST
IMPLANT
ORTHODONTIC TREATMENT
GUM SURGERY
WISDOM TOOTH EXTRACTIONS

Dr. Susan Edukkutharayil B.D.S.,D.D.S.
9709 N. Milwaukee Ave., Glenview, IL 60025
(Northwest Corner of Milwaukee & Greenwood)
Office: 847 581 1418 Home: 630 674 6207
Emergency: 630 674 6201 Fax: 847 581 1445
Appointment, Visit: www.MyDentistToday.com



JAYC REALTY, Inc.
NEW ON THE MARKET
New on the Market

DES PLAINES



*** 3 Bedrooms 2 Full Bath Spacious Brick Bi-Level Home with Attached 2 Car Garage. Extra Wide Lot. Very Conveniently located close to easy access to Interstate I-90. Close to Schools and Shopping. Gleaming Hardwood Floors. Stainless Steel Appliances. Eat In Kitchen. Big backyard and patio. Quick closing possible. Only $399,900

MUNDELEIN



*** 3 Bedrooms 2.5 Baths DUPLEX without Association Fee in sought after Lakewood Village Subdivision. Newer Roof and Siding. Living Room with Skylight. Master Suite with walk-in closet and Full bath. 2 Car Attached Garage. Near shopping and Metra Station. Call before it is gone. Only $299,900

SKOKIE



*** 2 Bedrooms and 2 Full baths Condominium near Skokie public Library. Walk to Library, Banks, Shopping and Skokie Swift Train Station. Very Convenient location. Only $219,900

If you are planning to sell or buy, take advantage of current mortgage rates before it goes up. Call Jay or Nij for a FREE market evaluation.

Call for a personal consultation. JAY CHANDRAN & NIJESH CHANDRAN are always available to fulfill your real estate needs




JAY CHANDRAN
GRI, CRS, ABR, SFR
847 673 2000 (OFFICE)
847 361 7653 (CELL)



NIJESH CHANDRAN
847 922 2330(CELL)

11 Shoreside Drive,
South Barrington, IL 60010
www.LuckyHome.net

# എന്തുകൊണ്ട് ചാറ്റ്ജിപിടി




ഇന്ന് ഫാനും ലൈറ്റും വരെ കൈകൊണ്ട് സ്വിച്ച് ഓൺ ചെയ്യാതെ പ്രവർത്തിപ്പിക്കാം. കാറിൽ നിന്ന് ഇറങ്ങാതെ വീടിന്റെ ഗേറ്റ് തുറക്കാം. അത് മാത്രമല്ല, ഡ്രൈവറില്ലാ കാറുകളുവരെ നിരത്തിലെത്തിക്കഴിഞ്ഞു. ഇത്തരത്തിൽ നിർമിത ബുദ്ധി അഥവാ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് (എ.ഐ) ഉപയോഗിച്ചുള്ള സാങ്കേതിക വിദ്യ എല്ലാ മേഖലകളിലും സാധാരണമായിക്കൊണ്ടിരിക്കുന്ന നാളുകളിലൂടെയാണ് നാം കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്.

പഠനസംബന്ധവും ജോലിസംബന്ധവുമായ നമ്മുടെ എല്ലാ സംശയങ്ങൾക്കും ഉത്തരം കണ്ടെത്താൻ ഗൂഗിൽ സെർച്ച് നടത്തുക പതിവാണ്. എന്നാൽ ഒരു കവിത എഴുതി തരാൻ പറഞ്ഞാൽഅല്ലെങ്കിൽസ്കൂളിൽനിന്നുതന്നഹോംവർക്ക് ചെയ്തു തരാൻ പറഞ്ഞാൽ അത് ഗൂഗിളിന് സാധ്യമാകുമെന്നു തോന്നുന്നുണ്ടോ?

എന്നാൽ ഇതെല്ലാം സാധ്യമാകുന്ന പുതിയ സംവിധാനമാണ് ചാറ്റ്ജിപിടി. ഹോംവർക്ക്, ഉപന്യാസം, കവിത, കോഡിങ് എന്നുവേണ്ട ഒട്ടുമിക്ക ആവശ്യങ്ങൾക്കും ഉത്തരം റെഡി. എന്താണ് ചാറ്റ്ജിപിടി? ഗൂഗിളുമായുള്ള വ്യത്യാസം എന്താണെന്നറിയാം.

## എന്താണ് ചാറ്റ്ജിപിടി?

ആർട്ടിഫിഷ്യൽഇന്റലിജൻസിന്റെസഹായത്തോടെ ഉപഭോക്താക്കളോട് ടെക്സ്റ്റ് രൂപത്തിൽ ആശയ വിനിമയം നടത്താൻ കഴിയുന്ന ചാറ്റ് ബോട്ടാണ് ചാറ്റ് ജിപിടി (ചാറ്റ് ജനറേറ്റിവ് പ്രീട്രെയിൻഡ് ട്രാൻസ്ഫോമർ). ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ഉപയോഗിച്ച് പ്രവർത്തിക്കുന്ന കംപ്യൂട്ടർ പ്രോഗ്രാമുകളെയാണ് ചാറ്റ് ബോട്ട് എന്ന് പറയുന്നത്.

2022 നവംബർ 30 നാണ് ചാറ്റ്ജിപിറ്റിയുടെ പ്രോട്ടോടൈപ് ലോഞ്ച് ചെയ്തത്. 2021 വരെ ഇന്റർനെറ്റിൽ ലഭ്യമായിട്ടുള്ള ഡേറ്റയെ വിലയിരുത്തുകയാണ് ഈ ബോട്ട് ചെയ്യുന്നത്. 'ഞാൻ നിങ്ങളെ സഹായിക്കട്ടെ' എന്ന ചോദ്യവുമായി ചില ബാങ്ക് വെബ്സൈറ്റുകളിലും മറ്റും വരുന്ന പോപ്പ് അപ്പുകൾ ചാറ്റ് ബോട്ടിന് ഉദാഹരണമാണ്.

എഐ ഗവേഷണ കമ്പനിയായ ഓപ്പൺ എഐയാണ് ചാറ്റ്ജിപിടി പുറത്തിറക്കിയത്. കമ്പനിയുടെ ജിപിടി 3.5 സീരീസ് ഭാഷാ പഠന മോഡലുകളെ (എൽ.എൽ.എം) അടിസ്ഥാനമാക്കിയുള്ളതാണ് ചാറ്റ്ജിപിടി. ജനറേറ്റീവ് പ്രീട്രെയിൻഡ് ട്രാൻസ്ഫോർമർ 3 യാണ്ജിപിടി. ഇതൊരു കമ്പ്യൂട്ടർ ഭാഷ മോഡലാണ്. ഇൻപുട്ടുകളെ അടിസ്ഥാനമാക്കി തീവ്രമായ പഠന സാങ്കേതിക പദ്ധതികളിലൂടെ മനുഷ്യരുടേതു പോലെയുള്ള വാചകം നിർമിക്കുന്ന കമ്പ്യൂട്ടർ ഭാഷാ മോഡലാണിത്.

എ.ഐ ചാറ്റ്ബോട്ടിന് സ്വാഭാവിക ഭാഷ മനസിലാക്കാനും അവയിൽ പ്രതികരിക്കാനും കഴിയും. ഒരാഴ്ചയ്ക്കുള്ളിൽ ഉപയോക്താക്കളുടെ എണ്ണം 10 ലക്ഷം കടന്നു. എ.ഐയിൽ പ്രവർത്തിക്കുന്ന ചാറ്റ്ബോട്ട് കണ്ട് മിക്ക ഉപയോക്താക്കളും അദ്ഭുതപ്പെട്ടു. പലരും ഇതിനെ ഗൂഗിളിനു പകരമായി കാണുകയും ചെയ്തു. സങ്കീർണമായ പ്രശ്നങ്ങൾക്കു നേരിട്ടു പരിഹാരം നൽകാൻ ചാറ്റ്ബോട്ടിനു സാധിക്കുമെന്നതാണു കാരണം.

സംഭാഷണാത്മകമായ രീതിയിൽ ഇടപെടുന്നചാറ്റ്ജിപിടിഎന്നമോഡൽഞങ്ങൾപരിശീലിപ്പിച്ചിട്ടുണ്ട്. ഫോളാഅപ് ചോദ്യങ്ങൾക്ക് ഉത്തരം നൽകാനും തെറ്റുകൾ സമ്മതിക്കാനും അനുചിതമായഅഭ്യർത്ഥനകൾനിരസിക്കാനും ഡയലോഗ് ഫോർമാറ്റ് ചാറ്റ്ജിപിടിയെ സാധ്യമാക്കുന്നുവെന്നുമാണ് ചാറ്റ്ജിപിടിയെ ഓപ്പൺ എഐ വിവരിച്ചത്.

ഓപ്പൺഎഐയുടെ ശ്രദ്ധേയമായ നിക്ഷേപകരിൽ മൈക്രോസോഫ്റ്റ്, ഖോസ്ല വെഞ്ചേഴ്സ്, റീഡ് ഹോഫ്മാന്റെ ചാരിറ്റബിൾ ഫൗണ്ടേഷൻ എന്നിവ ഉൾപ്പെടുന്നു. ഗ്രെഗ് ബ്രോക്ക്മാൻ കമ്പനിയുടെ ചെയർമാനും പ്രസിഡന്റും സാം ആൾട്ട്മാൻ സിഇഒയുമാണ്. ഇല്യ സറ്റ്സ്കേവറാണ് ഓപ്പൺ എഐയുടെ മുഖ്യ ശാസ്ത്രജ്ഞൻ.

## പ്രവർത്തനം എങ്ങനെ?

അടുത്തതായി സംഭവിക്കാൻ പോകുന്നത് അല്ലെങ്കിൽ ചോദിക്കാൻ പോകുന്നത് എന്താണെന്ന് പ്രവചിക്കാൻ മോഡലിനെ പരിശീലിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടാണ് ഒരാൾക്ക് ചാറ്റ്ജിപിടിയുമായി സാങ്കേതികമായി ഒരു 'സംഭാഷണം' നടത്താൻ കഴിയുന്നത്. ചാറ്റ്ജിപിടിയെക്കുറിച്ചുള്ള ഓപ്പൺഎഐയുടെ ബ്ലോഗ് പോസ്റ്റ് അനുസരിച്ച്, 'റീഇൻഫോഴ്സ്മെന്റ് ലേണിങ് ഫ്രം ഹ്യൂമൻ ഫീഡ്ബാക്ക് (ആർ.എൽ.എച്ച്.എഫ്) ഉപയോഗിച്ചും ചാറ്റ്ബോട്ടിനെ പരിശീലിപ്പിച്ചിട്ടുണ്ട്.

സൂപ്പർവൈസ്ചെയ്തഫൈൻട്യൂണിങ്ഉപയോഗിച്ച് ഞങ്ങൾ ഒരു പ്രാരംഭ മോഡൽ പരിശീലിപ്പിച്ചു. എ.ഐ പരിശീലകർ തന്നെ ഉപയോക്താവും എ.ഐ അസിസ്റ്റന്റുമായി പ്രവർത്തിച്ച് സംഭാഷണങ്ങൾ നടത്തി. പരിശീലകർക്ക് അവരുടെ പ്രതികരണങ്ങൾക്കു സഹായകരമാകാൻ മോഡൽ സജഷൻസിലേക്ക് പ്രവേശനവും നൽകിയെന്ന് ഇതിന്റെ നിർമാണത്തെക്കുറിച്ച് ബ്ലോഗിൽ പറയുന്നു.

നിലവിൽ ബീറ്റ വേർഷനാണ് ഉപയോക്താക്കൾക്ക് ലഭിക്കുന്നത്. ചാറ്റ്ജിപിറ്റി പരീക്ഷിക്കാൻ ഓപ്പൺ എ.ഐ വെബ്സൈറ്റിൽ പോയി സൈൻ അപ് ചെയ്യാം. എന്നാലും സേവനം ലഭ്യമാകാൻ ഓപ്പൺ എ.ഐയിൽ അക്കൗണ്ട് സൃഷ്ടിക്കണം. ചാറ്റ്ബോട്ട് ഇതിനകം ഒരു മില്യൺഉപയോക്താക്കൾകവിഞ്ഞതിനാൽബീറ്റ നിറഞ്ഞിരിക്കുന്നുവെന്ന സന്ദേശം ലഭിച്ചേക്കാം.

ഈ ചാറ്റുകൾ പ്രവർത്തിപ്പിക്കുന്നതിനുള്ളഉയർന്ന ചിലവ്കാരണം ഭാവിയിൽ പണമിടാക്കേണ്ടി വരുമെന്ന് ഓപ്പൺഎഐ സിഇഒ സാം ആൾട്ട്മാൻ സൂചന നൽകുന്നു. ഈ മോഡലുകൾപ്രവർത്തിപ്പിക്കുന്നതിന് ഓപ്പൺഎഐ മൈക്രോ സോഫ്റ്റ് അസ്യൂറിന്റെ ക്ലൗഡ് ഇൻഫ്രാസ്ട്രക്ചർ ഉപയോഗിക്കുന്നുണ്ട്.

അനുചിതമായ 'അഭ്യർത്ഥനകൾ നിരസിക്കാൻ ചാറ്റ്ജിപിടി പരിശീലനം നേടിയിട്ടുണ്ട്. ഒരുപക്ഷേ അവ നിയമവിരുദ്ധമായ' സ്വഭാവമുള്ളവയായിരിക്കാം. ചാറ്റ്ജിപിടിയ്ക്കു പരിമിതികളുണ്ടെന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. അതു തെറ്റായ വിവരങ്ങൾ സൃഷ്ടിക്കാനും സാധ്യതയുണ്ട്. 2021നു ശേഷമുള്ള ലോകത്തെയും സംഭവങ്ങളെയും കുറിച്ചുള്ള ചാറ്റ് ബോട്ടിന്റെ അറിവ് പരിമിതമാണ്.

## ഗൂഗിളും ചാറ്റ്ജിപിടിയും തമ്മിലുള്ള വ്യത്യാസമെന്ത്?

അടിസ്ഥനപരമായി ഗൂഗിൾ ഒരു സെർച്ച് എൻജിനാണ്. ഇന്റർനെറ്റിൽ നമ്മൾ ആവശ്യപ്പെടുന്ന വിവരങ്ങൾ, പല സൈറ്റുകളിൽനിന്നായി ആവശ്യക്കാരുടെ മുന്നിലെത്തിക്കും. നമ്മുടെ ചോദ്യങ്ങൾക്കു ഗൂഗിൾ ഉത്തരം നൽകുന്നില്ല. മറ്റുള്ളവരുടെ ഉത്തരങ്ങൾ മുന്നിലെത്തിക്കുകയാണു ചെയ്യുന്നത്. അതിൽനിന്നു നാം ആവശ്യമുള്ള ഉത്തരം തിരഞ്ഞെടുക്കണം. എന്നാൽ ചാറ്റ്ജിപിടി നമ്മുടെ ചോദ്യങ്ങൾക്കു വ്യക്തമായ ഉത്തരം നൽകുകയാണ്. നമ്മുടെ ചോദ്യത്തിന്റെ ഉത്തരം അറിയില്ലെങ്കിൽ അറിയില്ല അഥവാ അൺനോൺ എന്ന മറുപടി തരുന്നു.

## എന്തുകൊണ്ടാണ് ചാറ്റ്ജിപിടി ഇത്രയധികം ചർച്ചയായത്?

ചാറ്റ്ജിപിടി ഇത്രയധികം ചർച്ചകൾ സൃഷ്ടിച്ചതിനു കാരണം അത് നൽകുന്ന ഉത്തരങ്ങളാണ്. അടിസ്ഥാന ഇമെയിലുകൾ, പാർട്ടി പ്ലാനിങ് ലിസ്റ്റുകൾ, സിവികൾ, കൂടാതെ കോളജ് ഉപന്യാസങ്ങൾ, ഗൃഹപാഠങ്ങൾ എന്നിവ് ചെയ്യാൻ ചാറ്റ്ജിപിടിയെകൊണ്ട് സാധിക്കും. കമ്പ്യൂട്ടർ കോഡ് എഴുതാനും ഇത് ഉപയോഗിക്കാം. നാല് പേജുള്ള ഉപന്യാസങ്ങൾ എഴുതാനും ഗണിത സമവാക്യങ്ങൾ പരിഹരിക്കാനും കോഡിലെ പിശകുകൾ കണ്ടെത്താനും ചാറ്റ് ബോട്ട് എങ്ങനെ ഉപയോഗിക്കാമെന്നു ടിറ്ററിൽ പങ്കുവച്ച ചില സ്ക്രീൻഷോട്ടുകൾ കാണിക്കുന്നു.

എന്നാൽ എ.ഐയുടെ പ്രതികരണങ്ങളിൽ കുറവുകൾ വരാമെന്ന് ഓപ്പൺ എഐ സമ്മതിക്കുന്നു. ചാറ്റ്ബോട്ടിനു ചിലപ്പോൾ 'ശരിയെന്നു തോന്നാവുന്ന എന്നാൽ തെറ്റായതോ അസംബന്ധമോ ആയ ഉത്തരങ്ങൾ' ചാറ്റ് ബോട്ട് നൽകാമെന്ന് അവർ പറയുന്നു. ഉപയോക്താക്കൾക്ക് ഒരു പ്രതികരണം ഡൗൺവോട്ട് ചെയ്യുന്നതിനോ അനുകൂലിക്കുന്നതിനോ ഉള്ള ഓപ്ഷൻ ഉണ്ട്. 'പരിശീലന ഡേറ്റയിലെ പ്രശ്നങ്ങൾ കാരണം ചാറ്റ്ബോട്ട് ചിലപ്പോൾ ചില ശൈലികൾ അമിതമായി ഉപയോഗിക്കാമെന്നും ഓപ്പൺഎഐ കുറിക്കുന്നു.

## എഴുത്തിന്റെ കാര്യത്തിൽ ചാറ്റ്ജിപിടി മനുഷ്യരെ കടത്തിവെട്ടുമോ?

വ്യാകരണപരമായി ശരിയായതും നന്നായി വായിക്കുന്നതുമായ ഉത്തരങ്ങൾ ചാറ്റ് ബോട്ട് നൽകുന്നുവെന്നു ചിലർ ചൂണ്ടിക്കാണിച്ചിട്ടുണ്ടെങ്കിലും അവ ഉപയോഗിക്കുന്ന സന്ദർഭത്തിലും അർഥത്തിലും കുറവുണ്ട്.

## ചാറ്റ്ജിപിടിക്ക് ഫിക്ഷൻ എഴുതാൻ കഴിയുമോ?

ഈ ചോദ്യത്തിന് കഴിയും എന്ന് തന്നെ ഉത്തരം പറയാൻ ആകും. ഒരു മനുഷ്യൻ ചെയ്യുന്ന പോലെ ഇപ്പോൾ അതിന് സാധിക്കില്ല. എ.ഐ വഴി എഴുത്ത് ഏറ്റെടുക്കാൻ ശ്രമിക്കുന്ന കമ്പനി ഓപ്പൺ എഐ മാത്രമല്ല. ഫിക്ഷൻ റൈറ്റിങ്ങിനു സഹായിക്കാൻ ലാം ഡിഎ ചാറ്റ്ബോട്ട് എങ്ങനെ ഉപയോഗിക്കുന്നുവെന്ന് ഗൂഗിൾ അടുത്തിടെ പ്രദർശിപ്പിച്ചിരുന്നു. എന്നാൽ ഇതിപ്പോൾ ഒരു സഹായി മാത്രമാണെന്നും മുഴുവൻ ചുമതലയും ഏറ്റെടുക്കാൻ കഴിയില്ലെന്നും ഗൂഗിൾ സമ്മതിച്ചു. എന്നിരുന്നാലും, ചാറ്റ്ജിപിടി വഴി മനുഷ്യർക്ക് ഒരു ചാറ്റ്ബോട്ടുമായി ഒരു 'യഥാർത്ഥ' സംഭാഷണം നടത്താനാകും എന്ന് തന്നെയാണ് വിലയിരുത്തപ്പെടുന്നത്.

# മിസിസിപ്പിയിൽ അപകടാവസ്ഥയിലായ ബോട്ടിൽ കുടുങ്ങിയ നാല് പേരെ കോസ്റ്റ് ഗാർഡ് രക്ഷപ്പെടുത്തി

മിസിസിപ്പി: മിസിസിപ്പിയിലെ ഗൾഫ്പോർട്ട് ഷിപ്പിംഗ് ചാനലിൽ അപകടാവസ്ഥയിലായ ബോട്ടിൽ കുടുങ്ങിയ നാലുപേരെ ചൊവ്വാഴ്ച രക്ഷപ്പെടുത്തിയതായി യുഎസ് കാസ്റ്റ് ഗാർഡ് അറിയിച്ചു. ഗൾഫ്പോർട്ട് മിസിന് സമീപം ലൈഫ് ജാക്കറ്റ് ധരിച്ച രണ്ട് മുതിർന്നവരെയും രണ്ട് കുട്ടികളെയും വഹിച്ചുകൊണ്ട് അപകടരമായ നിലയിൽ ബോട്ടിനെ കോസ്റ്റ് ഗാർഡ് കണ്ടെത്തുകയായിരുന്നു. ഞങ്ങളുടെ യൂണിറ്റും പങ്കാളി ഏജൻസികളും തമ്മിലുള്ള ഏകോപനത്തിന് നന്ദി, കാണാതായ നാല് ബോട്ടർമാരെ കണ്ടെത്തി അവരെ സുഹൃത്തുക്കളുടെയും കുടുംബാംഗങ്ങളുടെയും അടുത്തേക്ക് തിരികെ കൊണ്ടുവരാൻ കഴിഞ്ഞുവെന്ന് കോസ്റ്റ് ഗാർഡ് കമാൻഡ് ഡ്യൂട്ടി ഓഫീസർ എൻസൈൻ മോറിയ പ്രസ്താവനയിൽ പറഞ്ഞു. ബോട്ട് യാത്രക്കാർ വിക്ടോറിയ എലിസബത്ത് ( 42 ) റിച്ചാർഡ് അലൻ (37), പൈപ്പർ നിക്കോൾ (12), ചേസ് ജാക്സൺ ക്രെയ്ഗ് (11) എന്നിവരാണെന്ന് തിരിച്ചറിഞ്ഞിട്ടുണ്ട്.






VACHAKAM vachakam.com

# മാട്രിമോണിയൽ, ക്ലാസിഫൈഡ് സൗജന്യ പരസ്യം

**വാചകം.കോമിന്റെ വാർഷികത്തോടനുബന്ധിച്ച് വായനക്കാർക്ക് സൗജന്യമായി പരസ്യം നൽകാവുന്നതാണ്.**

**നിങ്ങളുടെ വിവാഹ പരസ്യങ്ങൾ, നാട്ടിലുള്ള വീട്, വസ്തു വില്പന തുടങ്ങിയ ക്ലാസിഫൈഡ് പരസ്യങ്ങൾ സൗജന്യമായി വാചകം.കോമിൽ ഒരു മാസത്തേക്ക് പ്രസിദ്ധീകരിക്കാവുന്നതാണ്. എന്നാൽ ഡിസൈൻ, മെയിന്റനസ് എന്നീ ചിലവുകൾക്കായി ഓരോ പരസ്യത്തിനും $25 വീതം നൽകേണ്ടതാണ്.**



**ബന്ധപ്പെടുക:**

**773 – 888 – 2242**

**E-mail:**

**vachakamonline@gmail.com**





# Classifieds

VACHAKAM vachakam.com

## SEEKING BRIDE

**Parents seeking proposals** for their son 43 years/ 5.8ft well settled in Bangalore (MBA) working for a Multi-National Company with HQ in the UK as Program Manager (PMP). He lost his wife due to Covid last year and have a son studying in 12 grade. Seeking an alliance from God-fearing, Born Again, Professionally qualified unmarried or widows.
Please email the proposal to
**Niju.thomas@gmail.com**

#102622

**Parents seeking proposals** for their son 29 years/5.7ft living in Boston, USA, working for a Bio-informatics Associate, Fluent Bio-sciences Inc. (Cambridge, MA, USA). His education qualification is BE, Electrical and Electronics Engineering (Sathyabama Universtiy, Chennai'15), MS, Data Analytics Engineering (Northeastern Universtiy, Boston'20). Native place Kottayam (Kerala), born and raised in Jaipur, Rajasthan. Seeking an alliance from Roman Catholic girl.
Contact at: +1-857-350-6252
mail to:
ashwin.george9397@gmail.com

#113022

**Seeking proposal for** the son 28 years old Living in Dubai working a pvt. LL C company as an engineer at planning section.His education qualification is BE. Mechanic Engineeringfrom Herroitwatt college Dubai campus. Business management Degree from St. Xavier's college Mumbai.Schooling at Indian high school Dubai.Native place Changanacherry. Born and brought up in Dubai. Father passed away last year. 2 elder sisters married and settled. Mother is working and staying in Dubai with Orville. He is the only one son. Seekingan alliancefrom Romancatholic girl. Now mother and son here in Chicago to visit. Holding 10 years visit visa.
**Contact 00971502811046**
**Mail to: susanpadiyath@gmail.com**

#122122

**Unmarried Boy 38, 5.8, 77 Kg, US Citizen**

Syro Malabar Parents, Seeking proposals for their son, BS-Health science, & communication / doing business self-employed in publication field, inviting proposals from family-oriented Christian parents, preferably medical fields (BSc/MSc Nurse, M.Pharm, BDS).
Call: +91-773-808-6441
Email: rosyjohn76@gmail.com

#012523

## SEEKING BRIDEGROOM

Parents invite proposal for **Roman Catholic girl** (upper midle class family), 26, born & brought up in Caritas, Kottayam. Height:169cm. Weight: 64kg.Preference is given to boys from the Syro-Malabar including Knanaya community, preferably from Kottayam or Palai diocese, Settled in USA.
contact at
**+91 9400 431 486 or**
**+91 9847 231 486**
**email: bljukadamban513@gmail.com**

#102622

**"Christian professional family** invites proposal for their only daughter, 34 years, with a Doctorate degree in family practice (Nurse Practitioner), with specialization in Dermatology. She is raised and educated in the U.S., working in midwest area. We are looking for professionally, qualified boys with similar backgrounds. Please contact us with recent pictures and details at, americanmatrimonials22@gmail.com."

#012523




## CARETAKER WANTED

ഷിക്കാഗോയിൽ താമസിക്കുന്ന മലയാളി കുടുംബത്തിന് പ്രായമായ അമ്മച്ചിയെ വീട്ടിൽ താമസിച്ച് പരിചരിക്കുന്നതിന് ആളെ ആവശ്യമുണ്ട്.
**ബന്ധപ്പെടുക:**
**847 – 454 – 6280 , 847 – 791 – 1452**

#102622

## PROPERTY FOR SALE

**20 cents property** with a small house near Adoor center toll 55 cents rubber land in kannankode (between Adoor and Parakode) 3 bedroom flat in panampilly nagar, Cochin. Only genuine person can contact in my
**email: marumpolil @gmail.com**

#111622

## BABY SITER



നിങ്ങളുടെ ബേബി സിറ്റർ പരസ്യങ്ങൾക്ക്

## നൊവേന

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും, മറക്കുവാനും കഴിവുതരുന്ന ദൈവീകദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്ക് ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതീകാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്ന് അകലുവാനോ വേർപ്പെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലയെന്ന് ഞാൻ തീർത്തു പറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടു കൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിനു വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...


ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നുദിവസം അടുപ്പിച്ചു പ്രാർത്ഥിക്കുക. മൂന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനു മുൻപ് താഴെ പറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും.
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**സെബാസ്റ്റ്യൻ ലൂക്കോസ്**

#111622

# റഷ്യയുടെ ടോർപ്പിഡോകൾ അമേരിക്കയ്ക്ക് വെല്ലുവിളിയാകുമോ?



റഷ്യയുടെ പുതിയ നീക്കങ്ങൾ ലോകരാഷ്ട്രങ്ങൾ സൂക്ഷ്മമായി വീക്ഷിക്കുകയാണ്. ഇപ്പോൾ തങ്ങളുടെ കൈവശമുള്ള വജ്രായുധം തന്നെ പുറത്തെടുക്കാൻ ഒരുങ്ങുകയാണ് റഷ്യ. ശക്തമായ ആണവവാഹക

ശേഷിയുള്ള, ആണവ ശക്തിയിൽ നീങ്ങുന്ന അണ്ടർവാട്ടർ ഡ്രോൺ. ഹരോഷിമയിൽ വർഷിച്ച ബോംബിനെക്കാൾ 130 ഇരട്ടി ശേഷിയുള്ള വിനാശകാരിയായ ഡ്രോൺ സ്വഭാവം ഉള്ള ടോർപിഡോ. പോസിഡോൺഎന്ന വിളിപ്പേരുള്ള ‘ആണവായുധശേഷിയുള്ള അണ്ടർവാട്ടർ ഡ്രോൺ’ ടോർപ്പിഡോകളുടെ ആദ്യ ബാച്ച് റഷ്യ നിർമ്മിച്ചതായാണ് പുറത്ത് വരുന്ന റിപ്പോർട്ട്.

ഇത് അമേരിക്കയ്ക്ക് വൻ ഭീഷണി ഉയർത്തുമെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കാരണം പാശ്ചാത്യരാജ്യങ്ങൾ കൈവിട്ട ഉക്രെയിനെ സഹായിക്കാൻ അമേരിക്കയാണ് മുന്നിട്ടിറങ്ങിയത്. അതിന് പിന്നിൽ മറ്റ് പല ലക്ഷ്യങ്ങളും ഉണ്ടെന്ന് റഷ്യ വ്യക്തമാക്കുന്നു. റഷ്യ തങ്ങളുടെ ആവനാഴിയിലെ ശക്തമായ ആയുധങ്ങളൊന്നും ഈ സമയങ്ങളിലൊന്നും പുറത്തെടുത്തിരുന്നില്ല. എന്നാൽ യുദ്ധം ഇപ്പോൾ അതിന്റെ അന്തിമഘട്ടത്തിലേയ്ക്ക് എത്തിയിരിക്കുന്നു. ലോകത്തിലെ ഒരു ശക്തിയും തടഞ്ഞ് നിർത്താൻ ആവാത്ത പുടിന്റെ ആയുധമാണ് പോസിഡോൺ. ലോകത്തിലെ ഏതൊരു രാജ്യവും ഇതുവരെ വികസിപ്പിച്ചതും വിന്യസിപ്പിച്ചതുമായ ഏറ്റവും വലിയ ടോർപ്പിഡോ ആയി ഇവ മാറുമെന്നാണ് വിലയിരുത്തൽ.

റഷ്യ അതിന്റെ ആദ്യ ബാച്ച് പോസിഡോൺ ഡൂംസ്ഡേ ടോർപ്പിഡോകൾ നിർമ്മിച്ചതായി ഈ ആഴ്ച സ്റ്റേറ്റ് മീഡിയ റിപ്പോർട്ട് ചെയ്തിരുന്നു. റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിന്റെ ‘സൂപ്പർ ആയുധങ്ങൾ’ എന്ന് വിളിക്കപ്പെടുന്ന ആറ് ആയുധങ്ങളിൽ ഒന്നാണ് പോസിഡോൺ.

റഷ്യയുടെ നീക്കത്തിൽ അമേരിക്ക കരുതിയിരിക്കണമെന്ന് പറയുന്നതിലും കാര്യമുണ്ട്. അമേരിക്കയോട് റഷ്യയ്ക്ക് ഇത്രയധികം ശത്രുത ഉണ്ടാവാൻ കാരണവും അവർ നിരത്തുന്നു. ഉക്രെയ്നിനെ റഷ്യൻ ആക്രമണത്തിൽ നിന്ന് രക്ഷിക്കാനെന്ന ഭാവത്തിൽ കിഴക്കൻ യൂറോപ്പിൽ യുദ്ധാന്തരീക്ഷം സൃഷ്ടിക്കാനാണ് അമേരിക്ക ശ്രമിക്കുന്നതെന്നാണ് പ്രധാന ആരോപണം.

ചൈനയെ ലക്ഷ്യമിട്ട് ഏഷ്യയിൽ യുദ്ധാന്തരീക്ഷം സൃഷ്ടിക്കുന്നതിനു പുറമേയാണ് അമേരിക്ക മറ്റൊരു ഭൂമേഖലയിലും അശാന്തി പടർത്താൻ ശ്രമിക്കുന്നത്. മൂന്നു പതിറ്റാണ്ടോളം തങ്ങൾ നിലനിർത്തിപ്പോന്ന ഏക വൻശക്തിയെന്ന സ്ഥാനം നഷ്ടപ്പെടുന്നുവെന്ന തിരിച്ചറിവാണ് ലോക പൊലീസ് ചമയുന്ന അമേരിക്കയുടെ നീക്കങ്ങൾക്ക് കാരണമെന്ന് പറയപ്പെടുന്നു.

മറ്റൊന്ന് ഇത്തരത്തിൽ യുദ്ധാന്തരീക്ഷം സൃഷ്ടിക്കുന്നതിലൂടെ തങ്ങളുടെ ആയുധ വ്യവസായത്തെ ഉത്തേജിപ്പിക്കാമെന്നും അമേരിക്ക കണക്കാക്കുന്നു എന്നതാണ്. കൂടാതെ തങ്ങളുടെ പരമ്പരാഗത സഖ്യശക്തികൾ പഴയതുപോലെ അമേരിക്കയെ വിശ്വസിക്കാത്തതും പുതിയ ശിങ്കിടികളെ കണ്ടെത്താൻ അമേരിക്കയെ പ്രേരിപ്പിക്കുന്നുണ്ടെന്ന മറ്റൊരു ആരോപണവും നിലനിൽക്കുന്നുണ്ട്.

യൂറോപ്പിൽ റഷ്യ കഴിഞ്ഞാൽ ഏറ്റവും വലിയ രാജ്യമാണ് പഴയ സോവിയറ്റ് യൂണിയന്റെ ഭാഗമായിരുന്ന ഉക്രെയ്ൻ. കിഴക്കൻ യൂറോപ്പിലെ സോഷ്യലിസ്റ്റ് വ്യവസ്ഥ അട്ടിമറിക്കപ്പെട്ട വേളയിൽ അന്നത്തെ സോവിയറ്റ് നേതൃത്വത്തിന് അമേരിക്ക നൽകിയ ഉറപ്പുകൾക്ക് വിരുദ്ധമായാണ് പിന്നീട് നാറ്റോയുടെ വ്യാപനമുണ്ടായത്.

തീർത്തും അമേരിക്കൻ ചൊൽപ്പടിയിലായിരുന്ന ആദ്യ റഷ്യൻ പ്രസിഡന്റ് ബോറിസ് യെൽറ്റ്സിന്റെ ഭരണ കാലത്ത് ആ വാഗ്ദാന ലംഘനം റഷ്യ വകവച്ചിരുന്നില്ലെങ്കിലും പിൻഗാമിയായി വന്ന പുടിൻ റഷ്യയിൽ ആധിപത്യം ഉറപ്പിച്ചതോടെ സ്ഥിതി മാറിയെന്ന് റപ്പോർട്ടുകൾ പറയുന്നു.

സോവിയറ്റ് യൂണിയന്റെ തകർച്ചയാണ് 20-ാം നൂറ്റാണ്ടിലെ ഏറ്റവും വലിയ ദുരന്തമെന്ന് കൃത്യമായി മനസിലാക്കിയ ആളാണ് പുടിൻ. പാശ്ചാത്യ ചേരിയിൽ നിന്ന്, വിശേഷിച്ച് അമേരിക്കയിൽ നിന്ന് റഷ്യ നേരിടുന്ന ഭീഷണിക്കെതിരെ ഉറപ്പുകൾ വേണമെന്ന് 2007 മുതലെങ്കിലും പുടിൻ ആവശ്യപ്പെട്ടിരുന്നു.

എന്നാൽ, ഇതിനെ പുച്ഛിക്കുന്ന നിലപാടാണ് പാശ്ചാത്യ ചേരിയുടെ ഭാഗത്തു നിന്ന് ഉണ്ടായത്. 2008 ൽ ബുക്കാറെസ്റ്റിൽ ചേർന്ന നാറ്റോ ഉച്ചകോടി റഷ്യയുടെ ആശങ്കകൾ വകവയ്ക്കാതെയാണ് അവരുടെ തൊട്ടയിലത്തേക്ക് അമേരിക്കൻ സൈനിക സഖ്യത്തിന്റെ വ്യാപനത്തിന് പദ്ധതി പ്രഖ്യാപിച്ചത്.

ഉക്രെയ്നിനും ജോർജിയക്കും നാറ്റോ അംഗത്വം നൽകാനുള്ള നീക്കം പ്രഖ്യാപിച്ചതോടെയാണ് റഷ്യ അതിനെതിരെ കടുത്ത നടപടികളലേക്ക് തിരിഞ്ഞത്. ഉക്രെയ്നിനെ ആക്രമിക്കാനാണ് റഷ്യ അതിർത്തിയിൽ സൈന്യത്തെ വിന്യസിച്ചത് എന്ന് അമേരിക്കൻ ചേരി ആരോപിക്കുന്നു.

എന്നാൽ റഷ്യ ഇത് നിഷേധിക്കുകയാണ് ഉണ്ടായത്. മേഖലയിൽ സമാധാനത്തിന് നിർദേശങ്ങളടങ്ങിയ രണ്ട് കരട് കഴിഞ്ഞ ഡിസംബറിൽ റഷ്യ-അമേരിക്കക്കും നാറ്റോയ്ക്കും നൽകിയിരുന്നു.

യൂറോപ്പിൽ നിന്ന് അമേരിക്കൻ ആണവായുധങ്ങൾ നീക്കുക, റഷ്യൻ ഭാഗത്തേക്ക് നാറ്റോ വ്യാപിപ്പിക്കുന്നത് നിരോധിക്കുക തുടങ്ങിയ നിർദേശങ്ങൾ സ്വീകാര്യമല്ല എന്ന് അമേരിക്ക നിലപാട് വ്യക്തമാക്കിയിരുന്നു.

കഴിഞ്ഞമാസം ജനീവയിലും ബ്രസൽസിലും വിയന്നയിലുമായി വിവിധ തലത്തിൽ നടന്ന ചർച്ചകൾ കാര്യമായ ഫലമുണ്ടാക്കിയില്ല. അമേരിക്കയുടെ പരമ്പരാഗത സഖ്യകക്ഷികളിൽ ചിലതുതന്നെ ഇക്കാര്യത്തിൽ യോജിപ്പിലല്ലായിരുന്നു.

യൂറോപ്പിൽ ഇനി അമേരിക്കൻ ആണവായുധങ്ങൾ സ്ഥാപിക്കണമെങ്കിൽ നാറ്റോയിൽ പുതിയ അംഗങ്ങളെ ചേർത്താലേ സാധിക്കൂ. മറ്റുള്ളവ സമ്മതിക്കുന്നില്ല.

യുദ്ധാന്തരീക്ഷത്തിന് ഗൗരവം നൽകാൻ യുഎൻ രക്ഷാസമിതിയിൽ വിഷയം ചർച്ചചെയ്യുന്നതിന് അനുമതി തേടിയുള്ള അമേരിക്കൻ പ്രമേയം 10 രാജ്യം അംഗീകരിച്ചിരുന്നു. റഷ്യക്കൊപ്പം ചൈനയും എതിർത്തു. ഇന്ത്യ അതിന് തയ്യാറായില്ലെങ്കിലും നിഷ്പക്ഷത പാലിച്ച് വിട്ടുനിന്നു. അമേരിക്കയുടെ മെഗാഫോൺ നയതന്ത്രത്തിന്റെ ഭാഗമായ പ്രചാരണത്തട്ടിപ്പ് മാത്രമാണ് ഈ വോട്ടെടുപ്പെന്നായിരുന്നു റഷ്യയുടെ നിലപാട്.

ഊർജാവശ്യത്തിനടക്കം റഷ്യയെ ആശ്രയിക്കേണ്ട പല യൂറോപ്യൻ രാജ്യവും നാറ്റോവ്യാപനത്തോട് വലിയ താൽപ്പര്യം കാണിക്കുന്നില്ല. അതുകൊണ്ടു തന്നെ ടോർപ്പഡോകളുടെ നിർമ്മാണം ഏറ്റവും അധികം ഭീഷണി ഉയർത്തുന്നത് അമേരിക്കയെ തന്നെയാണ്.

പോസഡോൺ അതിന്റെ ന്യൂക്ലിയർ പവർ യൂണിറ്റിന്റെ പരീക്ഷണം ഉൾപ്പെടെയുള്ള പരീക്ഷണങ്ങളുടെ ഒരു പരമ്പര പൂർത്തിയാക്കിയിട്ടുണ്ടെന്നും ചിലപ്പോൾ ഡ്രോണുകൾ എന്നു വിളിക്കപ്പെടുന്ന ഈ ടോർപ്പിഡോകളുടെ ആദ്യ ബാച്ച് നിർമ്മിച്ചിട്ടുണ്ടെന്നും റഷ്യൻ സൈന്യവുമായി അടുത്തറിയുന്ന ഉറവിടം സർക്കാർ നടത്തുന്ന വാർത്താ ഏജൻസിയായ ടാസനോട് വ്യക്തമാക്കിയിട്ടുണ്ട്.

ഇന്റർകോണ്ടിനെന്റൽ ഓട്ടോണമസ് ന്യൂക്ലിയർ ടോർപ്പിഡോ ആയ പോസിഡോണിന്റെ ചിത്രങ്ങൾ 2015ൽ ആദ്യമായി ചോർന്നിരുന്നു. എന്നാൽ 2018 മാർച്ചിലെ ഒരു പ്രസംഗത്തിൽ പുടിൻ അത് നിർമ്മിക്കുന്നതുവരെ പദ്ധതി ഔദ്യോഗികമായി പ്രഖ്യാപിച്ചിരുന്നില്ല.

മറ്റ് സൂപ്പർ ആയുധങ്ങൾക്കൊപ്പം അതിന്റെ വികസനവും നടന്നിരുന്നു. ഒരു വർഷത്തിനുശേഷം, സിസ്റ്റത്തിന്റെ പരീക്ഷണം കാണിക്കുന്ന ഒരു വീഡിയോ റഷ്യ പുറത്തിറക്കി.

പുടിന്റെ പ്രസംഗത്തിന് ഏതാനും മാസങ്ങൾക്ക് മുമ്പ്, യുഎസ് സൈന്യം 2018ലെ ന്യൂക്ലിയർ പോസ്ചർ റിവ്യൂവിൽ പോസിഡോൺ പദ്ധതിയുടെ അസ്തിത്വം വെളിപ്പെടുത്തിയിരുന്നു. റഷ്യ ‘ആണവായുധം, ആണവശക്തിയുള്ള, കടലിനടിയിൽ സ്വയംഭരണാധികാരമുള്ള ടോർപ്പിഡോ’ വികസിപ്പിക്കുകയാണെന്നായിരുന്നു വെളിപ്പെടുത്തൽ.

അൺലിമിറ്റഡ് റേഞ്ച് ഉണ്ടെന്നും 125 മൈൽ വേഗതയിൽ സഞ്ചരിക്കാൻ കഴിയുമെന്നും റഷ്യ അവകാശപ്പെടുന്ന ആയുധത്തിന് ആണവ, പരമ്പരാഗത വാർഹെഡുകൾ വഹിക്കാനും കഴിയും. കൂടാതെ വിമാനവാഹിനിക്കപ്പൽ സ്ട്രൈക്ക് ഗ്രൂപ്പുകളെയും തീരദേശ സൗകര്യങ്ങളെയും ആക്രമിക്കാൻ രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. ചില നിരീക്ഷകർ പോസിഡോണിനെ ‘ഡൂംസ്ഡേ’ സിസ്റ്റം എന്ന് വശേഷിപ്പിക്കുന്നു. കാരണം അതിന്റെ ഭീമമായ പേലോഡ് ഒരു റേഡിയോ ആക്ടീവ്

സുനാമിക്ക് കാരണമാകുമെന്ന് വാദിക്കപ്പെടുന്നു. ഇത് കാര്യമായ നാശനഷ്ടങ്ങളിലേക്ക് നയിച്ചേക്കും. റഷ്യയുടെ ആറ് പരീക്ഷണാത്മക ‘സൂപ്പർ ആയുധങ്ങളിൽ’ ഒന്നായിട്ടാണ് പോസിഡോൺ ടോർപ്പിഡോകൾ കണക്കാക്കപ്പെടുന്നത്.

‘ന്യൂക്ലിയർ സെക്കൻഡ്സ്ട്രൈക്ക് ശേഷി ഉറപ്പു നൽകുന്നതിനപ്പുറം നിരവധി പ്രവർത്തനങ്ങൾ നടത്താൻ പോസിഡോണിന് കഴിയും,’ ചാത്തം ഹൗസ് 2021 ലെ ആയുധത്തെക്കുറിച്ചുള്ള ഒരു വിശകലനത്തിൽ എഴുതി.

ഇത് ആണവശക്തിയുള്ള ആളില്ലാ അണ്ടർവാട്ടർ വാഹനങ്ങളുടെ ഒരു പരീക്ഷണ കേന്ദ്രമായും പ്രവർത്തിക്കുമെന്ന് വിശകലനത്തിൽ വ്യക്തമാക്കുന്നു.

സർമാറ്റ് ഭൂഖണ്ഡാന്തര ബാലിസ്റ്റിക് മിസൈൽ, അവാൻഗാർഡ് ഹൈപ്പർസോണിക് ഗ്ലൈഡ് വെഹിക്കിൾ, ബ്യൂറെവെസ്റ്റ്നിക് ന്യൂക്ലിയർ പവർഡ് ക്രൂയിസ് മിസൈൽ, കിൻസാൽ എയർ ലോഞ്ച്ഡ് ബാലിസ്റ്റിക് മിസൈൽ, സിർക്കോൺ ആന്റിഷിപ്പ് ഹൈപ്പർസോണിക് മിസൈൽ എന്നിവയാണ് മറ്റ് ‘സൂപ്പർ ആയുധങ്ങൾ’.

2019 ഏപ്രിലിൽ വക്ഷേപിച്ച റഷ്യൻ ആണവശക്തി അന്തർവാഹിനിയായ ബെൽഗൊറോഡിന് വേണ്ടിയാണ് പോസിഡോൺ ടോർപ്പിഡോകൾ നിർമ്മിച്ചതെന്ന് ടാസ് റിപ്പോർട്ട് ചെയ്തു.

ഈ അന്തർവാഹിനികൾ 2020ൽ റഷ്യൻ നാവികസേനയലേക്ക് അയക്കാനാണ് ആദ്യം തീരുമാനിച്ചിരുന്നത്. എന്നാൽ കോവിഡ് കാരണം ഇത് വൈകുകയായിരുന്നു. എന്തായാലും ലോകരാജ്യങ്ങൾക്ക് മുഴുവൻ ഒരു വലിയ ഭീഷണി തന്നെയാണ് ടോർപ്പിഡോകൾ എന്നതിൽ സംശയമില്ല.


Sunny E. Thomas
Licensed Agent - New York Life Insurance Company
(847) 370-9279
thomasse@ft.nyl.com
www.newyorklife.com/agent/thomasse



Proud to Offer
NEW YORK LIFE
20 N. Martingale Rd.
Suite 400
Schaumburg, IL 60173



Tom Sunny, CFP®, RICP®
SUNNY FINANCIAL STRATEGIES, LLC
Financial Advisor *
(847) 414-9116
tom@sunnyfinancial.com
www.sunnyfinancial.com

- 25+ Years of Industry Experience
- Protection and Insurance Solutions
  - Life Insurance
  - Long Term Care Insurance
  - Disability Income Insurance ^
- Fixed Immediate and Deferred Annuities

"Educating and providing our community with the optimal plans and strategies to achieve their financial goals"

Please Contact Us, Virtual Meetings Available

- Full-Service Financial Planning *
- Retirement Income/Retirement Savings
- Wealth Management & Investments ^
- Education Funds
- Estate Planning
- Risk Protection
- 401(k), 403(b), IRA, Roth IRA Rollovers & Account Set-ups
- Employee Benefits/Medicare/Pension/Business Plans

* Products available through one or more carriers not affiliated with New York Life Insurance Company, dependent on carrier authorization and product availability in your state

* Financial Adviser for Eagle Strategies LLC, a Registered Investment Adviser.
^ Registered Representative offering securities through NYLIFE Securities LLC (member FINRA/SIPC), A Licensed Insurance Agency. Eagle Strategies LLC and NYLIFE Securities LLC are New York Life Companies.
Sunny Financial Strategies, LLC is independently owned and operated from NYLIFE Securities LLC and its affiliates.

# ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷന്റെ മുതലാളിയെ അറിയുമോ?




ഗുജറാത്ത് കലാപത്തെക്കുറിച്ചുള്ള ബിബിസി ഡോക്യുമെന്ററിക്ക് വിലക്കേർപ്പെടുത്തിയ കേന്ദ്ര സർക്കാരിന്റെ തീരുമാനത്തെ ചോദ്യം ചെയ്തുള്ള ഹർജികൾ അടുത്തയാഴ്ച സുപ്രീം കോടതി പരിഗണിക്കുകയാണ്. മുതിർന്ന മാധ്യമപ്രവർത്തകൻ എൻ. റാം, അഭിഭാഷകൻ പ്രശാന്ത് ഭൂഷൺ, തൃണമൂൽ കോൺഗ്രസ് എം.പി മഹുവ മൊയ്ത്ര, അഭിഭാഷകനായ എം.എൽ.ശർമ എന്നിവരാണ് ഹർജി നൽകിയത്.

ഹർജിയിൽ അടിയന്തര വാദം കേൾക്കണമെന്ന് ജസ്റ്റിസുമാരായ പി.എസ് നരസിംഹ, ജെ.ബി പർദിവാല എന്നിവരും അടങ്ങുന്ന ബെഞ്ചിന് മുമ്പാകെ ശർമ്മ അഭ്യർത്ഥിച്ചു. കേസ് തിങ്കളാഴ്ച ലിസ്റ്റ് ചെയ്യും എന്നായിരുന്നു ബെഞ്ചിന്റെമറുപടി.'ആളുകളെഅറസ്റ്റ്ചെയ്യാനുള്ള സാധ്യത നിലനിൽക്കുന്നു, അതുകൊണ്ട് ദയവായി ഇത് അടിയന്തിരമായിപട്ടികപ്പെടുത്തണം'' എന്ന ആവശ്യം ശർമ്മ വീണ്ടും മുന്നോട്ട് വച്ചു. മിനിറ്റുകൾക്ക് ശേഷം, മുതിർന്ന അഭിഭാഷകൻ സി.യു സിംഗ് റാമും ഭൂഷണും നൽകിയ പ്രത്യേക ഹർജി പരിഗണിച്ചു.

അടിയന്തര അധികാരം ഉപയോഗിച്ച് റാമിന്റെയും ഭൂഷണിന്റെയും ട്വീറ്റുകൾ നീക്കം ചെയ്തതായും അദ്ദേഹം വാദിച്ചു. ബി.ബി.സി ഡോക്യുമെന്ററി സ്ട്രീം ചെയ്തതിന്റെ പേരിൽ അജ്മീറിലെ വിദ്യാർത്ഥികൾ നാടുവിട്ടുപോവേണ്ടി വന്നുവെന്നും അദ്ദേഹം പറഞ്ഞു.

### ഹർജികളിലെ ആവശ്യം

ബി.ബി.സി ഡോക്യുമെന്ററി ഒന്നും രണ്ടുംഭാഗങ്ങൾപരിശോധിക്കണമെന്നും2002 ലെ ഗുജറാത്ത് കലാപത്തിൽ നേരിട്ടും അല്ലാതെയും ഉത്തരവാദികളായ വ്യക്തികൾക്കെതിരെ നടപടിയെടുക്കണമെന്നും ഹർജിക്കാർ സുപ്രീം കോടതിയോട് ആവശ്യപ്പെട്ടു.തന്റെപൊതുതാൽപര്യഹർജിയിൽ താൻ ഭരണഘടനാപരമായ ചോദ്യമാണ് ഉന്നയിച്ചിരിക്കുന്നതെന്നും 2002ലെ ഗുജറാത്ത് കലാപത്തെക്കുറിച്ചുള്ള വാർത്തകളും വസ്തുതകളുംറിപ്പോർട്ടുകളുംഅറിയാൻആർട്ടിക്കിൾ 19 (1) (2) പ്രകാരം പൗരന്മാർക്ക് അവകാശമുണ്ടോ എന്ന് സുപ്രീം കോടതി തീരുമാനിക്കേണ്ടതുണ്ടെന്നും ശർമ്മ പറഞ്ഞു.

2023ജനുവരി21ലെഇൻഫർമേഷൻആൻഡ് ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയത്തിന്റെ ഉത്തരവ് നിയമവിരുദ്ധവും ദുരുദ്ദേശ്യപരവും ഏകപക്ഷീയവും ഭരണഘടനാ വിരുദ്ധവുമാണെന്ന് വിശേഷിപ്പിച്ച് അത് റദ്ദാക്കണമെന്നും അദ്ദേഹം ഹർജിയിലൂടെ ആവശ്യപ്പെട്ടു. ബിബിസി ഡോക്യുമെന്ററിയിൽ ചില വസ്തുതകൾഉണ്ടെന്നുംഅത്തെളിവുകൾആണെന്നും ഇരകൾക്ക് നീതി ലഭിക്കുന്നതിന് ഈ തെളിവുകൾ ഉപയോഗപ്പെടുത്തണം എന്നും ഹർജിയിൽ പറയുന്നു.

വിവാദമായ ബിബിസിയുടെ 'ഇന്ത്യ: ദ മോഡി ക്വസ്റ്റ്യൻ' എന്ന ഡോക്യുമെന്ററിയുടെ ലിങ്കുകൾപങ്കിടുന്നഒന്നിലധികംയൂട്യൂബ്വീഡിയോകളും ടിറ്റർ പോസ്റ്റുകളും നീക്കം ചെയ്യാൻ ജനുവരി 21 ന് കേന്ദ്രം നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

### ഇവിടെയാണ് ആ പ്രധാന ചോദ്യം ഉന്നയിക്കപ്പെടുന്നത്. ബി.ബി.സിയുടെ ഉടമ ആരാണ് ?

ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷൻ (ബി.ബി.സി) ഇംഗ്ലണ്ടിലെ രാജകീയ ചാർട്ടറിന് കീഴിൽ, പൊതു ധനസഹായത്തോടെ പ്രവർത്തിക്കുന്ന ഒരു ബ്രോഡ്കാസ്റ്റിംഗ് കമ്പനിയാണ് ബിബിസി. ടെലിവിഷൻ രംഗത്ത് അതിന്റെ തുടക്കം മുതൽ 1954 വരെയും റേഡിയോ പ്രക്ഷേപണ രംഗത്ത് 1972 വരെയും ബി.ബി.സിഎതിരാളികളില്ലാതെ വാണു.

### ബിബിസിയുടെ ചരിത്രം

1922ൽ ഒരു സ്വകാര്യ കോർപ്പറേഷൻ എന്ന നിലയിലാണ് ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിംഗ് കമ്പനി ആരംഭിച്ചത്. ബ്രിട്ടനിലെ ആളുകൾക്കു മാത്രേ ഇതിലെ സ്റ്റോക്ക് സ്വന്തമാക്കാനാകൂ. ഒരു പാർലമെന്ററി കമ്മിറ്റിയുടെ ശുപാർശ പ്രകാരം 1925 ൽ കമ്പനി ലിക്വിഡേറ്റ് ചെയ്യപ്പെട്ടു. 1927 ൽ ബ്രിട്ടീഷ് ബ്രോഡ്കാസ്റ്റിംഗ് കോർപ്പറേഷൻ എന്ന പബ്ലിക് കോർപ്പറേഷൻ നിലവിൽ വന്നു. ആത്യന്തികമായി പാർലമെന്റിനോട് ഉത്തരവാദിത്തമുണ്ടെങ്കിലും ബി.ബി.സിക്ക് അതിന്റെ പ്രവർത്തനങ്ങളിൽ ഏതാണ്ട് പൂർണ സ്വാതന്ത്ര്യം ഉണ്ട്.

ബ്രിട്ടീഷ് രാജാവാണ് ബിബിസി ട്രസ്റ്റിലെ അംഗങ്ങളെ നിയമിക്കുന്നത്. ദൈനംദിന പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത് ട്രസ്റ്റ് ചെയർമാന്റെ നേതൃത്വത്തിലുള്ള 12 പേരുള്ള ഒരു സ്വതന്ത്ര പാനലാണ്. രണ്ടാം ലോകമഹായുദ്ധ സമയത്ത് ബിബിസി തങ്ങളുടെ സേവനം താൽക്കാലികമായി നിർത്തിവച്ചിരുന്നുവെങ്കിലും 1946 ൽ പുനരാരംഭിച്ചു.

1964ൽ ബി.ബി.സി അതിന്റെ രണ്ടാമത്തെ ചാനൽ ആരംഭിച്ചു, 1967ൽ യൂറോപ്പിലെ ആദ്യത്തെ കളർ ടെലിവിഷൻ സേവനം ആരംഭിച്ചു. 1954ലെ ടെലിവിഷൻ നിയമം വരെ യുണൈറ്റഡ് കിംഗ്ഡത്തിലെ ടെലിവിഷൻ സേവനത്തിൽ ബി.ബി.സി അവരുടെ കുത്തക നിലനിർത്തി.

1955ൽഇൻഡിപെൻഡന്റ്ടെലിവിഷൻഅതോറിറ്റി (പിന്നീട് ഓഫീസ് ഓഫ് കമ്മ്യൂണിക്കേഷൻസ് ഒരു വാണിജ്യ ചാനൽ സ്ഥാപിച്ചു. 1982ൽ ബ്രിട്ടനിൽ രണ്ടാമത്തെ വാണിജ്യ ചാനലും സംപ്രേക്ഷണം ആരംഭിച്ചു. 1970കളുടെ തുടക്കത്തിൽ പ്രാദേശിക വാണിജ്യ പ്രക്ഷേപണം അനുവദിക്കാൻ ബ്രിട്ടിഷ്സർക്കാർതീരുമാനിച്ചതോടെറേഡിയോ പ്രക്ഷേപണ രംഗത്തും ബി.ബി.സിയുടെ കുത്തക ഇല്ലാതായി.

ബി.ബി.സിവേൾഡ്സർവീസ് 1932ൽ എംപയർ സർവീസ് എന്ന പേരിൽ ബി.ബി.സി ആഗോള തലത്തിൽ സർവീസ് ആരംഭിച്ചു.

ലോകമെമ്പാടുമുള്ള ഏകദേശം 120 ദശലക്ഷം ആളുകളിലേയ്ക്ക് 40 ലധികം ഭാഷകളിൽ ബി.ബി.സി വാർത്തകളെത്തി. വേൾഡ് സർവീസ് ടെലിവിഷൻ 1991 ൽ പ്രക്ഷേപണം ആരംഭിച്ചു. 1997 ൽ ബി.ബി.സി ന്യൂസ് 24 എന്ന പേരിൽ 24 മണിക്കൂർ വാർത്താ ചാനൽ നിലവിൽ വന്നു. ടെലിവിഷൻ പ്രോഗ്രാമിംഗിന്റെ അന്താരാഷ്ട്ര സിൻഡിക്കേഷനിൽ ബിബിസിയും ഭാഗമാണ്.

ഓൾ ക്രീച്ചേഴ്സ് ഗ്രേറ്റ് ആന്റ് സ്മോൾ, ഡോക്ടർ ഹൂ, മിസ്റ്റർ ബീൻ, അപ്പ്സ്റ്റെയേഴ്സ്, ഡൗൺസ്റ്റേയേഴ്സ് തുടങ്ങിയ പരമ്പരകൾ യുണൈറ്റഡ് സ്റ്റേറ്റ്സിലെ പബ്ലിക് ബ്രോഡ്കാസ്റ്റിംഗ് സേവനത്തിലൂടെ സംപ്രേഷണം ചെയ്തിട്ടുണ്ട്. ബ്രിട്ടാനിക്കയുടെ ഒരു റിപ്പോർട്ട് പറയുന്നതനുസരിച്ച് യുണൈറ്റഡ് കിംഗ്ഡത്തിലെ പ്രക്ഷേപണത്തിന്റെ എല്ലാമേഖലയിലുംബിബിസിക്ക്കുത്തകഉണ്ടായിരുന്നു.

1922 മുതൽ 1927 വരെ ജോൺ റീത്ത് (പിന്നീട് ലോർഡ് റീത്ത് എന്നറിയപ്പെട്ട) ബി.ബി.സിയുടെ ജനറൽ മാനേജരും 1927 മുതൽ 1938 വരെ ഡയറക്ടർ ജനറലും കോർപ്പറേഷന്റെ ആദ്യകാലത്തെ സുപ്രധാന വ്യക്തിയുമായിരുന്നു.

1936 ൽ ലോകത്തിലെ ആദ്യത്തെ റെഗുലർ ടെലിവിഷൻ സേവനത്തിന്റെ വികസനത്തിനും ബ്രിട്ടീഷ് ദ്വീപുകളിൽ ഉടനീളം റേഡിയോ പ്രക്ഷേപണത്തിന്റെ വികസനത്തിനും അദ്ദേഹം മേൽനോട്ടം വഹിച്ചു. പൊതു സേവന സംപ്രേക്ഷണം എന്ന അദ്ദേഹത്തിന്റെ ആശയം ഇംഗ്ലണ്ടിൽ വിജയിക്കുകയും മറ്റ് പല രാജ്യങ്ങളും അതിൽ നിന്നും പ്രചോദം ഉൾക്കൊള്ളുകയും ചെയ്തു.

# പ്രകൃതി വാതക വ്യവസായത്തിലൂടെ കോടികൾ കൊയ്യാം; എന്നിട്ടും കാനഡ പിന്നോട്ടടിക്കുന്നതിന് കാരണമെന്ത് ?




പ്രകൃതി വാതക പവർഹൗസ് എന്നാണ് കാനഡ പൊതുവെ അറിയപ്പെടുന്നത്. വാതക വിതരണത്തിലൂടെ സാമ്പത്തിക ഭദ്രത രാജ്യത്തിന് നേടാമെങ്കിലും രാജ്യം ഇപ്പോഴും ഗ്യാസിൽ നിക്ഷേപിക്കാൻ വിസമ്മതിക്കുകയാണ്. കനേഡിയൻപ്രകൃതിവാതകം നൽകാനുള്ള ജാപ്പനീസ് സർക്കാരിന്റെ അഭ്യർത്ഥന പ്രധാനമന്ത്രി ജസ്റ്റിൻ ട്രൂഡോ അടുത്തിടെ നിരസിച്ചു. ജനുവരി പകുതിയോടെ ജാപ്പനീസ് പ്രധാനമന്ത്രി ഫ്യൂമിയോ കിഷിഡ ഒട്ടാവയിലെ ഔദ്യോഗിക സന്ദർശനത്തോടെ കൂടുതൽ കനേഡിയൻ പ്രകൃതി വാതകം വാങ്ങാനുള്ള തന്റെ രാജ്യത്തിന്റെ പ്രചാരണത്തിന് തുടക്കമിട്ടിരുന്നു. കാനഡയിലെ ലിബറൽ ഗവൺമെന്റുമായി രാജ്യത്തെ പ്രകൃതി വാതകം വാങ്ങാൻ കരാറിൽ ഏർപ്പെടുമെന്ന് കിഷിദ പ്രതീക്ഷിച്ചിരുന്നു, എന്നാൽ ജസ്റ്റിൻ ട്രൂഡോ ഇതിന് തയാറായില്ല. റഷ്യ യുക്രെയ്നിനെതിരായ യുദ്ധം മൂലമുണ്ടാകുന്ന വാതക ക്ഷാമത്തിന്റെ പശ്ചാത്തലത്തിൽ ജപ്പാന്റെ സമ്പദ്വ്യവസ്ഥയും ജീവിത നിലവാരവും സംരക്ഷിക്കുന്നതിന് കാനഡയിൽ നിന്ന് അധിക പ്രകൃതിവാതക വിതരണം ഉറപ്പാക്കുന്നതിനുള്ള ജപ്പാന്റെ സഹായം ട്രൂഡോ നിരസിക്കുകയാണ് ഉണ്ടായത്.

കാനഡയ്ക്ക് ഭാവിയിൽ ആവർത്തിച്ചുള്ള ബിസിനസ്സ് സുരക്ഷിതമാക്കാനും രാജ്യത്തെ ഒരു പ്രകൃതി വാതക പവർഹൗസാക്കി മാറ്റാനും കഴിയുന്ന ഒരു സമയത്ത്, സർക്കാർഒരുപടിപിന്നോട്ട്പോകുകയുംഅതിന്റെവാതക വിഭവം വികസിപ്പിക്കാനും, വളർന്നുവരുന്ന സഖ്യകക്ഷികളെ സഹായിക്കാനും വിസമ്മതിക്കുന്നു.

കനേഡിയൻ ഗ്യാസ് അസോസിയേഷന്റെ അഭിപ്രായത്തിൽ കാനഡയിൽ നിലവിൽ ഏകദേശം '1,373 ട്രില്യൺ ക്യുബിക് അടി പ്രകൃതി വാതക സ്രോതസ്സുകൾ' ഉണ്ടെന്ന് കണക്കാക്കപ്പെടുന്നു. കാനഡയിലെ പ്രകൃതി വാതക മേഖല വികസിപ്പിക്കാൻ ട്രൂഡോ വിസമ്മതിച്ചതിന് പിന്നിലെ കാരണങ്ങൾ തികച്ചും രാഷ്ട്രീയമാണെന്ന് ചില വിശകലന വിദഗ്ധർ പറയുന്നു. നെറ്റ്സീറോ നയങ്ങളിൽ എത്തിച്ചേരുന്നതിനും, കാർബൺ കാൽപ്പാടുകൾകുറയ്ക്കുന്നതിന്തങ്ങളുടെപങ്ക്ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനുമാണ് ട്രൂഡോ പിന്നോട്ടടിക്കുന്നത്. ഈ സാഹചര്യം കാനഡയ്ക്ക് വളരെ മോശമാണെന്ന് കെന്നത്ത് ഗ്രീൻ വിശ്വസിക്കുന്നു. കാനഡയുടെ പടിഞ്ഞാറൻതീരത്ത്രണ്ട്പുതിയദ്രവീകൃതപ്രകൃതിവാതക ടെർമിനലുകൾ 2025ലും 2027ലും പൂർത്തിയാകും, എന്നാൽ രാജ്യത്തിന് അവ മതിയാകില്ല. കാനഡയിലെ പ്രകൃതി വാതക സ്രോതസ്സുകൾ വികസിപ്പിക്കുന്നതിൽ പൂർണ്ണമായി നിക്ഷേപം നടത്താൻ ട്രൂഡോ വിസമ്മതിക്കുന്നത് രാജ്യത്തെ പൗരന്മാരെ ദീർഘകാലത്തേക്ക് ദോഷകരമായി ബാധിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# 'മഷേൽ ഒബാമ: ദി ലൈറ്റ് പോഡ്കാസ്റ്റി'ന്റെ അരങ്ങേറ്റം പ്രഖ്യാപിച്ചു



വാഷിംഗ്ടൺ: മിഷേൽ ഒബാമ തന്റെ ദി ലൈറ്റ് വി ക്യാരി ബുക്ക് ടൂറിനെ അടിസ്ഥാനമാക്കി തന്റെ ആദ്യത്തെ ഓഡിബിൾ പോഡ്കാസ്റ്റ് സീരീസ് ആരംഭിക്കുന്നു. മിഷേൽ ഒബാമ: ദി ലൈറ്റ് പോഡ്കാസ്റ്റിന്റെ അരങ്ങേറ്റം ഓഡിബിൾ ബുധനാഴ്ച പ്രഖ്യാപിച്ചു. മുൻ പ്രഥമ വനിതയുടെ 'മിഷേൽ ഒബാമ: ദി ലൈറ്റ് പോഡ്കാസ്റ്റ്' മാർച്ച് 7 ന് സമാരംഭിക്കുമെന്ന് ഓഡിബിൾ ബുധനാഴ്ച പ്രഖ്യാപിച്ചു.

ഒബാമയുടെഏറ്റവുംപുതിയപുസ്തകമായ ദി ലൈറ്റ് വി ക്യാരി പ്രൊമോട്ട് ചെയ്യാനുള്ള പര്യടനത്തെ അടിസ്ഥാനമാക്കിയുള്ളതാണ് ഇത്. കൂടാതെ ഓപ്ര വിൻഫ്രി, എലൻ ഡിജെനെറസ്, ടൈലർ പെറി, ഡേവിഡ് ലെറ്റർമാൻ എന്നിവരെയും മറ്റും ഇതിൽ പ്രത്യേകം അവതരിപ്പിക്കുന്നു. ഏതാനും ആയിരം പേർക്ക് മാത്രമേ ഇവന്റുകളിൽ തത്സമയം പങ്കെടുക്കാൻ കഴിഞ്ഞുള്ളൂവെങ്കിലും ഈ ശ്രദ്ധേയമായ സംഭാഷണങ്ങൾ ഇപ്പോൾ എല്ലാവർക്കും കേൾക്കാനാകും. ഓഡിബിൾ ഒരു പത്രക്കുറിപ്പിൽ പറഞ്ഞു. എട്ട് എപ്പിസോഡുള്ള പോഡ്കാസ്റ്റിൽ മിഷേൽ ഒബാമയും സുഹൃത്തുക്കളും വ്യക്തിപരമായ കഥകളും മറ്റും പങ്കിടുന്നു.

കഴിഞ്ഞ വർഷം ഒബാമ തന്റെ സ്വയം സഹായ ശൈലിയിലുള്ള ഓർമ്മക്കുറിപ്പിനായുള്ള പ്രമോഷണൽ ടൂറിന്റെ ഭാഗമായി നടത്തിയ സ്റ്റാർ സ്റ്റഡ് സംഭാഷണങ്ങൾ പോഡ്കാസ്റ്റിൽ പ്രദർശിപ്പിക്കും. ഏതാനും ആയിരം പേർക്ക് മാത്രമേ ഇവന്റുകളിൽ തത്സമയം പങ്കെടുക്കാൻ കഴിഞ്ഞുള്ളൂവെങ്കിലും ഈ ശ്രദ്ധേയമായ സംഭാഷണങ്ങൾ ഇപ്പോൾ എല്ലാവർക്കും കേൾക്കാനാകും. പോഡ്കാസ്റ്റിനെക്കുറിച്ചുള്ള ഒരു പ്രസ്താവനയിൽ ഓഡിബിൾ പറഞ്ഞു.

RELIABLE TAX & ACCOUNTING INC.

REGISTRATION
ACCOUNTING & TAXATION FOR CORPORATION /LLC/PARTNERSHIPS
INCOME TAX & SALES TAX
PREPARE AND EXECUTE PROPERTY DEEDS FOR OWNERSHIP TRANSFERS
NOTARY PUBLIC INVESTMENT CONSULTING

THOMAS V OUSEPH CPA, EA
2644 E. Dempster st. Suite 110, Park Ridge, IL 60068
Ph: 224 622 9978 | Fax: 847 376 8260



tomvo99@comcast.net | www.CPATaxFiling.com

# ജഡ്ജിമാർക്കെന്ന പേരിൽ കൈക്കൂലി; സൈബിക്കെതിരെ കേസെടുത്തു

## പ്രത്യേക സംഘം അന്വേഷിക്കും

കൊച്ചി: ജഡ്ജിമാർക്കെന്ന പേരിൽ കക്ഷികളിൽ നിന്ന് 77 ലക്ഷം രൂപ കൈക്കൂലി വാങ്ങിയെന്ന ഹൈക്കോടതി വിജിലൻസ് രജിസ്ട്രാറുടെ പരാതിയിൽ കേരള ഹൈക്കോടതി അഭിഭാഷക അസോസിയേഷൻ പ്രസിഡന്റ് സൗത്ത് ചിറ്റൂർ ഡിവൈൻ നഗർ കൂരൻകല്ലോക്കാരൻ വീട്ടിൽ അഡ്വ. സൈബി ജോസ് കിടങ്ങൂരിനെതിരെ പൊലീസ് കേസെടുത്തു.

വഞ്ചനക്കുറ്റത്തിനും അഴിമതി നിരോധന നിയമത്തിലെ ഏഴ് (ഒന്ന്) വകുപ്പ് പ്രകാരവുമാണ് കേസ്. അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം ലഭിച്ചതിന് പിന്നാലെ, സംസ്ഥാന പൊലീസ് മേധാവി അനിൽകാന്ത് കൊച്ചി സിറ്റി പൊലീസ് കമ്മിഷണർ കെ. സേതുരാമന് കേസെടുക്കാൻ നിർദ്ദേശം നൽകുകയായിരുന്നു.

എറണാകുളംസെൻട്രൽപൊലീസ്രജിസ്റ്റർ ചെയ്ത കേസ് പ്രത്യേക സംഘം അന്വേഷിക്കും.. അന്വേഷണ സംഘത്തലവനായി എ.ഡി.ജി.പി റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥനെ നിയോഗിക്കാനാണ് സാദ്ധ്യത.

പ്രാഥമിക അന്വേഷണത്തിൽ മൊഴിയെടുത്തവരെ വീണ്ടും നോട്ടീസ് നൽകി വിളിച്ചുവരുത്തും. ഇതിന് ശേഷമാകും സൈബിയെ ചോദ്യം ചെയ്യുകയെന്നാണ് സൂചന.

മൂന്ന് ജഡ്ജിമാർക്ക് നൽകാനെന്ന പേരിൽ സിനിമാ നിർമ്മാതാവിൽ നിന്നടക്കം സൈബി ജോസ് പണം വാങ്ങിയെന്ന ഹൈക്കോടതി വിജിലൻസ് രജിസ്ട്രാറുടെ റിപ്പോർട്ട് ഡി.ജി.പിക്ക് കൈമാറിയതോടെയാണ് പ്രാഥമികാന്വേഷണത്തിന് വഴിതുറന്നത്. കഴിഞ്ഞ ശനിയാഴ്ച കെ.




സേതുരാമൻ ഡി.ജി.പിക്ക് നൽകിയ പ്രാഥമിക അന്വേഷണ റിപ്പോർട്ടിൽ സൈബി ജോസിനെതിരെ അഴിമതി നിരോധന നിയമപ്രകാരം കേസെടുക്കാമെന്നായിരുന്നു ശുപാർശ.

സൈബിക്കെതിരെ ജസ്റ്റിസ് പി.വി. കുഞ്ഞികൃഷ്ണൻ നൽകിയ പരാതിയെത്തുടർന്ന് ചീഫ് ജസ്റ്റിസിന്റെ നിർദ്ദേശ പ്രകാരം അന്വേഷണം നടത്തി കഴിഞ്ഞ ഡിസംബറിലാണ് വിജിലൻസ് രജിസ്ട്രാർ റിപ്പോർട്ടു നൽകിയത്. ജസ്റ്റിസ് കുഞ്ഞികൃഷ്ണനെന്നു പറഞ്ഞ് 25 ലക്ഷവും ജസ്റ്റിസ് മുഹമ്മദ് മുഷ്താഖിനെന്ന പേരിൽ രണ്ടുലക്ഷവും ജസ്റ്റിസ് സിയാദ് റഹ്മാനെന്ന പേരിൽ 50 ലക്ഷവും വാങ്ങിയതായി അറിയാമെന്ന് നാല് അഭിഭാഷകർ മൊഴിനൽകിയിട്ടുണ്ട്.

### പിന്നിൽ ഗൂഢാലോചന: സൈബി

ആരോപണങ്ങൾക്ക് പിന്നിൽ ഗൂഢാലോചനയുണ്ടെന്ന് സൈബി ജോസ് കിടങ്ങൂർ. തന്നെ കൊല്ലണമെന്ന് ആഗ്രഹിക്കുന്നവരാണ് ഇതിനെല്ലാം പിന്നിൽ. അന്വേഷണം മുന്നോട്ടുപോകുമ്പോൾ സത്യാവസ്ഥ പുറത്തുവരും. സമൂഹ മാദ്ധ്യമങ്ങളിലൂടെ ഇവർ നിരന്തരം ആരോപണം ഉന്നയിച്ചിരുന്നു. അസോസിയേഷൻ ഭാരവാഹിയായി മത്സരിച്ചപ്പോൾ മുതലാണ് ആരോപണം ശക്തമായത്.

കേട്ടുകേൾവിയുടെ അടിസ്ഥാനത്തിലുള്ള ആരോപണമാണിത്. പരാതിക്കാരില്ല. ഒരു മുൻ ജഡ്ജിയുടെ പേരു ചേർത്ത് മുൻ മന്ത്രി ഉന്നയിക്കുന്ന ആരോപണവും അടിസ്ഥാന രഹിതമാണെന്നും സൈബി മാദ്ധ്യമങ്ങളോട് പറഞ്ഞു.

# പ്രബന്ധ വിവാദം: ചങ്ങമ്പുഴയുടെ മകളെ സന്ദർശിച്ച് ചിന്ത ജെറോം



കൊച്ചി: ഗവേഷണ പ്രബന്ധത്തിൽ ചങ്ങമ്പുഴ കവിതയായ 'വാഴക്കുല' രചിച്ചത് വൈലോപ്പിള്ളിയാണെന്ന ഗുരുതര പിഴവ് വരുത്തി വിവാദത്തിലായ യുവജന കമ്മീഷൻ ചെയർപേഴ്സൺ ചിന്ത ജെറോം ചങ്ങമ്പുഴയുടെ ഇളയമകൾ ലളിത ചങ്ങമ്പുഴയെ സന്ദർശിച്ചു. ലളിതയുടെ വസതിയിൽ മണിക്കൂറുകളോളം ചെലവഴിച്ച ചിന്തയോടൊപ്പം യുവജന കമ്മീഷൻ അംഗങ്ങളായ ഡോ. പ്രിൻസി കുര്യാക്കോസും റെനീഷ് മാത്യുവും ഉണ്ടായിരുന്നു.

ചിന്ത ജെറോമിന്റെ ഗവേഷണ പ്രബന്ധത്തിൽ ഗുരുതര പിഴവ് കണ്ടെത്തിയ സ്ഥിതിക്ക് ഡോക്ടറേറ്റ് റദ്ദാക്കണമെന്ന് ചങ്ങമ്പുഴയുടെ മകൾ ലളിത ചങ്ങമ്പുഴ നേരത്തെ ആവശ്യപ്പെട്ടിരുന്നു. ഈ സാഹചര്യത്തിലാണ് ചിന്തയുടെ സന്ദർശനം.

ഹൃദയം നിറഞ്ഞ വാത്സല്യത്തോടെയാണ് അവർ സ്വീകരിച്ചതെന്നും മണിക്കൂറുകൾ വീട്ടിൽ ചെലവഴിച്ചെന്നും ചിന്ത തന്റെ ഫേസ്ബുക്ക് പോസ്റ്റിൽ കുറിച്ചു. സന്ദർശനത്തിന്റെ ചിത്രങ്ങളും ചിന്ത ജെറോം പങ്കുവെച്ചിട്ടുണ്ട്. എറണാകുളം വരുമ്പോഴെല്ലാം വീട്ടിൽ എത്തണമെന്ന സ്നേഹനിർഭരമായ വാക്കുകൾ പറഞ്ഞാണ് അമ്മ യാത്രയയച്ചതെന്നും കുറിപ്പിൽ പറയുന്നു.

വാഴക്കുല എഴുതിയത് വൈലോപ്പിള്ളിയെന്ന് പരാമർശമുള്ള പ്രബന്ധത്തിന് നൽകിയ ഡോക്ടറേറ്റ് റദ്ദാക്കണമെന്നും ഗൈഡിന് പറ്റിയ പിഴവ് ക്ഷമിക്കാൻ പറ്റാത്തതാണെന്നും തെറ്റുപറ്റിയ പ്രബന്ധത്തിന് എങ്ങനെ ഡോക്ടറേറ്റ് നൽകാൻ കഴിയുമെന്നും ലളിത ചോദിച്ചിരുന്നു.

# മാധ്യമപ്രവർത്തകൻ സിദ്ദീഖ് കാപ്പൻ ജയിൽ മോചിതനായി



27 മാസം നീണ്ട ജയിൽവാസത്തിന് ശേഷം മാധ്യമപ്രവർത്തകൻ സിദ്ദിഖ് കാപ്പൻ ജയിൽ മോചിതനായി.

സുപ്രീം കോടതിയും അലഹബാദ് ഹൈക്കോടതിയും ജാമ്യം നൽകിയതോടെയാണ് കാപ്പന്റെ മോചനത്തിന് വഴിയൊരുങ്ങിയത്.

പൊതുസമൂഹത്തോട് നന്ദിയറിയിച്ച കാപ്പൻ, പല സഹോദരൻമാരും കള്ളക്കേസിൽ കുടുങ്ങി ജയിൽ കഴിയുന്നുണ്ടെന്നും അവർക്കൊന്നും നീതി ലഭിക്കാത്ത കാലം വരെയും നീതി പൂർണമായി നടപ്പിലായെന്ന് പറയാൻ കഴിയില്ലെന്നും പറഞ്ഞു. മാധ്യമപ്രവർത്തകരോടും പൊതുസമൂഹത്തോടും നന്ദിയറിയിച്ച കാപ്പൻ തന്റെ മോചനത്തിന് വേണ്ടി മാധ്യമപ്രവർത്തകരടക്കം മുന്നിട്ടിറങ്ങിയതും ഓർമ്മിച്ചു.

'പല സഹോദരൻമാരും ജയിലിലാണ്, എന്റെ കൂടെ ജയിലിലായവരും പുറത്തിറങ്ങിയിട്ടില്ല. അതിനാൽ നീതി പൂർണമായും നടപ്പായെന്ന് പറയാൻ കഴിയില്ലെന്നും കാപ്പൻ പറഞ്ഞു. ലക്നൗ ജയിലിൽ നിന്നും പുറത്തിറങ്ങിയ കാപ്പൻ ഇനി ദില്ലിയിലേക്ക് പോകും. അതിന് ശേഷം ആറ് ആഴ്ചക്ക് ശേഷമാകും കേരളത്തിലേക്ക് മടങ്ങുക. ഉത്തർപ്രദേശ് പോലീസ് രജിസ്റ്റർ ചെയ്ത യുഎപിഎ കേസിലും, ഇഡി രജിസ്റ്റർ ചെയ്ത കേസിൽ ഹൈക്കോടതിയും ജാമ്യം അനുവദിച്ചതോടെയാണ് കാപ്പന് ജയിൽമോചനത്തിന് വഴിതുറന്നത്. ഹാഥ്റസിൽ ബലാത്സംഗത്തിനിരയായി ദളിത് പെൺകുട്ടി കൊലചെയ്യപ്പെട്ടത് റിപ്പോർട്ട് ചെയ്യാൻ പോകവെയായിരുന്നു കാപ്പനെ ഉത്തർ പ്രദേശ് പോലീസ് കസ്റ്റഡിയിലെടുക്കുന്നത്. പിന്നീട് യുഎപിഎ ചുമത്തി ജയിലിലടച്ചു. പിന്നീട് നീണ്ട രണ്ട് വർഷങ്ങൾ വിചാരണ പോലുമില്ലാതെ ജയിലിൽ കഴിയുകയായിരുന്നു കാപ്പൻ. ഇക്കഴിഞ്ഞ സെപ്തംബർ ഒൻപതിന് യുഎപിഎ കേസിൽ സുപ്രീംകോടതി ജാമ്യം നൽകി.

# ഡ്രൈവർ മദ്യപിച്ചിരുന്നെന്ന കാരണത്താൽ തേർഡ് പാർട്ടി ഇൻഷ്വുറൻസ് നിഷേധിക്കാനാവില്ല

കൊച്ചി: വാഹനമിടിച്ച് പരിക്കേറ്റയാൾക്ക് ഡ്രൈവർ മദ്യപിച്ചിരുന്നെന്ന കാരണത്താൽ തേർഡ് പാർട്ടി ഇൻഷുറൻസ് നിഷേധിക്കാനാവില്ലെന്ന് ഹൈക്കോടതി. തേർഡ് പാർട്ടിക്ക് ഇൻഷുറൻസ് കമ്പനി തുക കൈമാറണം. പിന്നീട് ഈ തുക വാഹനമുടമയിൽ നിന്നും ഡ്രൈവറിൽ നിന്നും കമ്പനിക്ക് ഈടാക്കാമെന്നും ജസ്റ്റിസ് സോഫി തോമസിന്റെ ഉത്തരവിൽ പറയുന്നു.

കാറിടിച്ച് പരിക്കേറ്റ ഓട്ടോയാത്രക്കാരൻ മലപ്പുറം സ്വദേശി മുഹമ്മദ് റഷീദ് മോട്ടോർ ആക്സിഡന്റ് ക്ലെയിം ട്രൈബ്യൂണൽ നിശ്ചയിച്ച നഷ്ടപരിഹാരത്തുക കുറഞ്ഞുപോയെന്നാരോപിച്ചു നൽകിയ ഹർജിയിലാണ് ഹൈക്കോടതി ഇതു വ്യക്തമാക്കിയത്. 2013 ഡിസംബർ 19 ന് മലപ്പുറത്താണ് അപകടം ഉണ്ടായത്.

നിലമ്പൂർ സ്വദേശി ഇ.കെ. ഗിരിവാസൻ മദ്യപിച്ച് ഓടിച്ച കാറിടിച്ചാണ് റഷീദിന് പരിക്കേറ്റത്. ഇതിൽ 2.40 ലക്ഷം രൂപയാണ് ട്രൈബ്യൂണൽ വിധിച്ചത്. ഇതു കുറഞ്ഞു പോയെന്ന റഷീദിന്റെ ഹർജിയിൽ കാർ ഡ്രൈവർ മദ്യപിച്ചതിനാൽ തേർഡ് പാർട്ടി ഇൻഷുറൻസ് നൽകാൻ തങ്ങൾക്ക് ബാദ്ധ്യതയില്ലെന്നും ഇതു പോളിസി വ്യവസ്ഥയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുമായിരുന്നു നാഷണൽ ഇൻഷുറൻസ് കമ്പനിയുടെ വാദം.

എന്നാൽ ഡ്രൈവർ മദ്യപിച്ചിരുന്നോയെന്ന് തേർഡ് പാർട്ടിക്ക് അറിയാനാവില്ലെന്നും ആ നിലയ്ക്ക് ഇൻഷുറൻസ് തുക നിഷേധിക്കാൻ കഴിയില്ലെന്നും ഹൈക്കോടതി വ്യക്തമാക്കി. ഇൻഷുറൻസ് തുക 39,000 രൂപ കൂടി കൂട്ടിയ ഹൈക്കോടതി ഈ തുക ഏഴു ശതമാനം പലിശ സഹിതം രണ്ടു മാസത്തിനകം ഹർജിക്കാരന്റെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകണമെന്നും നിർദ്ദേശിച്ചു.






# ശബരിമല വിമാനത്താവളം: പാരിസ്ഥിതികാഘാത പഠനം തുടങ്ങി

തിരുവനന്തപുരം: ശബരിമല വിമാനത്താവളത്തിന്റെ പാരിസ്ഥിതികാഘാത പഠനം ആറ് മാസത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ നിയമസഭയിൽ പറഞ്ഞു. പദ്ധതി പ്രദേശത്ത് നടത്തിയ ജിയോ ടെക്നിക്കൽ പഠനത്തിൽ സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കേന്ദ്ര വ്യോമയാന മന്ത്രാലയം, ഡി.ജി.സി.എ, എയർപോർട്ട് അതോറിട്ടി ഒഫ് ഇന്ത്യ എന്നിവ ആവശ്യപ്പെട്ട വിവരങ്ങൾ കെ.എസ്.ഐ.ഡി.സി നൽകി. മന്ത്രാലയത്തിൽ നിന്ന് ഉടൻ സൈറ്റ് ക്ളിയറൻസ് ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ചെറുവള്ളി എസ്റ്റേറ്റിലും സമീപത്തുമായുള്ള 2570 ഏക്കറിലാണ് വിമാനത്താവളം സ്ഥാപിക്കുകയെന്നും മാണി.സി.കാപ്പൻ, പി.ജെ.ജോസഫ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ് എന്നിവരെ മുഖ്യമന്ത്രി അറിയിച്ചു.

കേന്ദ്രാനുമതികിട്ടുന്നമുറയ്ക്ക്സിൽവർലൈൻപദ്ധതിയിൽ തുടർനടപടികൾ സ്വീകരിക്കും. 2013ലെ ഭൂമിയേറ്റെടുക്കൽ നിയമത്തിന്റെ നിബന്ധനകൾ പാലിച്ചായിരിക്കും നടപടികൾ. ഭൂമി നഷ്ടപ്പെടുന്നവർക്ക് അർഹമായ നഷ്ടപരിഹാരവും പുനരധിവാസവും ഉറപ്പാക്കും. പദ്ധതി പ്രദേശത്തെ ജനങ്ങളുടെ ആശങ്കയും എതിർപ്പും പരിഹരിക്കും. 50വർഷത്തിനകം തിരിച്ചടയ്ക്കാവുന്ന വ്യവസ്ഥയിൽ വായ്പ എടുക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വായ്പാ സമാഹരണത്തിന്റെ സാമ്പത്തിക ബാദ്ധ്യത കേരളം ഏറ്റെടുക്കാമെന്ന് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

# ചിന്താ ജറോമും ചിന്തയില്ലാ സർക്കാരും



ജോഷി ജോർജ്ജ്
ടൂൾകിറ്റ് 162

ഒരു പേരിലെന്തിരിക്കുന്നുവെന്ന് പറയാറുണ്ടെങ്കിലും. അതിലാണെല്ലാമിരിക്കുന്നതെന്നുള്ളതാണ് സത്യം. ഒരു കുഞ്ഞ് ഈ ലോകത്തേക്ക് കടന്നുവരുമ്പോൾ ആ കുഞ്ഞിനുവേണ്ടി മാതാപിതാക്കളെടുക്കുന്ന ഏറ്റവും പ്രധാനപ്പെട്ട മാർക്കറ്റിംഗ് തീരുമാനമാണ് ഭാവിയിൽ അയാൾ ഉപയോഗിക്കുന്ന ബ്രാന്റ് നെയിം. ചിലർക്കത് ലോട്ടറി പോലെയാണ്. അത്തരമൊരു ബംബർ ലോട്ടറി അടിച്ചവ്യക്തിയാണ് നമ്മുടെ യുവജന കമ്മിഷൻ ചെയർപേഴ്സനായ ചിന്താ ജറോം.

ദീർഘ കാലത്തെ പോരാട്ടങ്ങൾക്കൊടുവിൽ ശമ്പളകുടിശ്ശിക സർക്കാരിൽ നിന്ന് ഈടാക്കിയ സഖാവ് ചിന്ത ജെറോമിന് അഭിവാദ്യങ്ങളർപ്പിക്കാൻ ഈ നാട്ടിലെ കൊള്ളാവുന്ന ചെറുപ്പാക്കാർ മുന്നോട്ടുവന്നിട്ട്. അവരിൽ മുമ്പനാണ് മുൻ എം.എൽ.എ ശബരിനാഥൻ.

അനുദിനം ദാരിദ്രത്തിലേക്ക് കൂപ്പുകുത്തിവീണുകൊണ്ടിരിക്കുന്ന കേരളത്തിലെ ജനതയെ കണ്ടില്ലെന്നുനടിച്ച് ഇടംവലം നോക്കാതെ എട്ടരലക്ഷം രൂപ വാരിയെറിഞ്ഞ ഇടതുപക്ഷ സർക്കാരിനെയും മന്ത്രിമാരായ മുഹമ്മദ് റിയാസിനേയും രാജഗോപാലന്മരേയും എത്ര അഭിനന്ദിച്ചാലും അധികമാകില്ല. ചിന്ത ചോദിക്കാതെയാണ് ശമ്പളം ഇരട്ടിയാക്കിയത്. അതായത് 50,000 രൂപയിൽ നിന്നും ഒറ്റയടിക്ക് ഒരു ലക്ഷമാക്കിയതത്രെ. അതും മുൻകാല പ്രാബല്യത്തോടെ.

ഈ മിടുമിടുക്കിയ യുവജന കമ്മിഷൻ ചെയർപേഴ്സനായി നിയമിതയാകുന്നത് 2016ലാണ്. അതോടെ യുവജനപ്രസ്ഥാനത്തിന് വലിയ മാറ്റമൊന്നുമുണ്ടായില്ലെങ്കിലും ചിന്താ ജറോമിൽ അതിഭയങ്കരമായ മാറ്റങ്ങൾ അനുദിനം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. അത് അപ്പപ്പോൾ മാലോകരെ അറിയിക്കുന്നത് നമ്മുടെ ട്രോളർമാരാണ്.

2017ൽ ഓർത്തഡോക്സ് ക്രിസ്ത്യൻ യൂത്ത് മുവ്മെന്റിന്റെ 81-ാം വാർഷീക സമ്മേളനത്തിൽ കേരളത്തിലെ അമ്മമാർക്കെല്ലാം ജിമിക്കിക്കമ്മൽ ഇല്ല, എല്ലാ അമ്മമാരുടേയും ജിമിക്കിയും കമ്മലും മോഷ്ടിച്ചുകൊണ്ടുപോകുന്ന അച്ഛന്മാരും കേരളത്തിലില്ല. ഇനി അഥവാ അമ്മയുടെ ജിമിക്കിയും കമ്മലും മോഷ്ടിച്ചുകൊണ്ടുപോയാൽ ആ ദേഷ്യത്തിന് ബ്രാണ്ടിയെടുത്തുകുടിക്കുന്ന അച്ഛന്മാരും കേരളത്തില്ല. എന്നിട്ടും ആ പാട്ട് ഇത്രയ്ക്ക് ഹിറ്റായി എന്ന് നമ്മൾ ചിന്തിക്കണം. ഹോ, ആ ചിന്താശകലം കേരളസമൂഹത്തെ എത്രമാത്രം ആഴത്തിലിരുന്ന് ചിന്തിക്കാനാണ് പ്രേരിപ്പിച്ചതെന്നോർക്കണം. അന്ന് ചിന്താജറോമിന് മറ്റൊരു ലോട്ടറിയടിച്ചതുവഴി നേടിയ കീർത്തി ചില്ലറയല്ലായിരുന്നു.

ഇതുമാത്രമോ, കാലത്തെ അതിശയിപ്പിച്ച 10 പെൺയൗവനങ്ങളെക്കുറിച്ചൊരു കിത്താബുമെഴുതിയ മഹതിയാണ് ചിന്താ ജറോം. വിവിധ രംഗങ്ങളിൽനിന്നുള്ള പത്ത് സ്ത്രീകളെയാണ് അടിമുതൽ മുടിവരെ വർണ്ണിച്ചെഴുതിയത്. അതിൽ കാലാവസ്ഥാവ്യതിയാനത്തിനെതിരെ ഒറ്റയാൾ പോരാട്ടം നടത്തുന്ന ഗ്രെറ്റ തൻബർഗ് ഉണ്ട്. കോവിഡിനെമാത്രമല്ലത്രീവ്രവാദത്തെയുംഎങ്ങനെയാണ് നേരിടേണ്ടത് എന്ന് ലോകത്തെ പഠിപ്പിച്ച ജെസീന്ത ആർഡർ ഉണ്ട്.

അതിൽ പതിനൊന്നാമത്തെ താരംഝാ ചിന്താ ജറോം തന്നെയാണ്. പറഞ്ഞിട്ടെന്തുകാര്യം ഒരു മലയാളി സ്ത്രീയായതുകൊണ്ടുമാത്രംതഴയപ്പെട്ടു. എന്നാൽ ഇടതുസർക്കാർ ഒരുകാരണവശാലംചിന്തയെതഴയില്ലെന്ന്ഉറപ്പിച്ചിരിക്കുകയാണ്. അതുകൊണ്ടാണല്ലോ 2018 മുതൽ ഒരു ലക്ഷം രുപ ശമ്പളം ചിന്തയ്ക്ക് എണ്ണിയെണ്ണിക്കൊടുത്തത്.

യുവജന കമ്മീഷനുള്ള ശമ്പള കുടിശ്ശിക ആവശ്യപ്പെട്ട്? ഇനി ചിന്ത തന്നെ കത്തയച്ചെങ്കിൽ അതിലെന്താണ് തെറ്റ്. അവരുടെ കാര്യം അവരല്ലാതെ മറ്റാരുപറയാൻ. ഒന്നു പറഞ്ഞുകിട്ടേണ്ടതാമസമെ ഉണ്ടായിരുന്നുള്ളു ശമ്പള കുടിശ്ശിക 8.50 ലക്ഷം രൂപ അനുവദിച്ചു; മന്ത്രി റിയാസ് ഉടനെ ഉത്തരവിട്ടില്ലെ..! ചോദിച്ചിട്ട് കൊടുത്തതിനാണോ പരാതി. എന്നാൽ ഇതുകണ്ടിട്ട് ഇനി പല സ്ഥാപനങ്ങളിലേയും തലപ്പത്തുള്ളവർ തങ്ങൾക്കും മുൻകാല പ്രാബല്യത്തോടെ ശമ്പളം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ചാടിപ്പുറപ്പെടുകയൊന്നും വേണ്ടാകെട്ടോ..! പാവം സർക്കാർ പെട്ട് പോകും. സാമ്പത്തിക പ്രതിസന്ധി അതിരൂക്ഷമാണ്. 5 മാസമായി കെട്ടിട നിർമാണ തൊഴിലാളികൾക്ക് പെൻഷൻ പോലും ഇല്ല. ആശ്വാസ കിരണം പെൻഷൻ മുടങ്ങിയിട്ട് 1 വർഷമായി. സർക്കാർ ജീവനക്കാർക്ക് 4 ഗഡു ഡി.എ കുടിശികയാണ്.

പെൻഷൻകാർക്കും 4 ഗഡുക്കൾ കുടിശികയാണ്. പെൻഷൻ പരിഷ്കരണ കുടിശിക 2 ഗഡുക്കൾ സർക്കാർ തടഞ്ഞ് വച്ചിരിക്കുകയാണ്. 12000 കോടി രൂപ കരാറുകാർക്ക് നൽകാനുണ്ട്. പദ്ധതി ചെലവ് പോലും നാൽപത് ശതമാനം വെട്ടി ചുരുക്കി. ലൈഫ് മിഷൻ പണമില്ലാത്തത് കൊണ്ട് നിശ്ചലമാണ്. 9 ലക്ഷം പേരാണ് ലൈഫ് മിഷൻ വീടിന് അപേക്ഷിച്ചിരിക്കുന്നത്. ആർക്കും ഒന്നും കിട്ടുന്നില്ല. കറന്റ് ചാർജ്, വാട്ടർ ചാർജ്, ബസ് ചാർജ്, ഭൂനികുതി എല്ലാം കുത്തനെ വർദ്ധിപ്പിച്ചു. വിലകയറ്റം മൂലം ജനങ്ങൾ ജീവിക്കാൻ ബുദ്ധിമുട്ടുകയാണ്. ഇങ്ങനെയൊക്കെപ്പറഞ്ഞ് പ്രതിപക്ഷം മുക്രയിട്ടെന്നു വരും. അതൊന്നും പ്രബുദ്ദകേരളിയർ വിശ്വസിക്കരുത്. അവയെല്ലാം പച്ചക്കള്ളമാണ് സഹാക്കളെ പച്ചക്കള്ളം..

ലാൽ സലാം.

# ബഡ്ജറ്റ് നിരാശാജനകം, വികസന ആവശ്യങ്ങൾ ഉൾപ്പെടുത്തിയില്ല: മുഖ്യമന്ത്രി

തിരുവനന്തപുരം: ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് മെഡിക്കൽ സയൻസസും റെയിൽവേ വികസനവും പോലുള്ള ദീർഘകാല ആവശ്യങ്ങൾ ഉൾപ്പെടുത്താത്ത കേന്ദ്ര ബഡ്ജറ്റിൽ കേരളത്തിന് നിരാശയാണെന്ന് മുഖ്യമന്ത്രി പിണറായിവിജയൻ.പ്രാദേശികസന്തുലനംപാലിക്കാത്തബഡ്ജറ്റാണിത്. വർദ്ധിച്ചുവരുന്ന സാമ്പത്തിക അസമത്വം പരിഹരിക്കാൻ ഒരു മാർഗവും ഇല്ല. കോർപ്പറേറ്റ് മൂലധന കേന്ദ്രീകരണം കൂടുതൽ ശക്തമാക്കുന്നതുമാണ് ബഡ്ജറ്റ്.

2023-24 സാമ്പത്തിക വർഷത്തെ ധനകമ്മി സംസ്ഥാനങ്ങളുടെ ആഭ്യന്തര വരുമാനത്തിന്റെ 3.5 ശതമാനമായിരിക്കുമെന്ന് കേന്ദ്ര ധനമന്ത്രി ബഡ്ജറ്റ് പ്രസംഗത്തിൽ പറയുന്നു. മൂന്ന് ശതമാനം സാധാരണ പരിധിയും 0.5 ശതമാനം വൈദ്യുതി വിതരണ പരിഷ്കാരങ്ങൾ നടപ്പാക്കണമെന്ന നിബന്ധനയിലുമാണ്. 15-ാം ധനകാര്യ കമ്മീഷന്റെ ശുപാർശകളിൽ ഉള്ളത് ആവർത്തിച്ചതല്ലാതെ ഒരു ഇളവും പ്രഖ്യാപിച്ചില്ല.

കേന്ദ്രത്തിന്റെ ധനകമ്മി 6.4 ശതമാനമായിരിക്കും. കോവിഡ് പ്രത്യാഘാതങ്ങളിൽ ഉഴലുന്ന സംസ്ഥാനങ്ങൾക്ക് നാല് ശതമാനമെങ്കിലും അനുവദിക്കണം. അത് പരിഗണിച്ചിട്ടില്ല. മൂലധന ചെലവിന് സംസ്ഥാനങ്ങൾക്കുള്ള പലിശരഹിത വായ്പ തുടരുമെന്ന പ്രഖ്യാപനമുണ്ടെങ്കിലും ധാരാളം നിബന്ധനകളുണ്ട്. അതിസമ്പന്നർക്ക് നികുതി ചുമത്താനുള്ള നടപടികളും ഇല്ല. തൊഴിലുറപ്പു പദ്ധതിക്ക് 2021-22ൽ 98,467.85 കോടിയാണ് ചെലവിട്ടത്. പുതിയ ബഡ്ജറ്റിൽ 60,000 കോടിയും. കേന്ദ്രത്തിന്റെ സുപ്രധാന പദ്ധതിയുടെ കേന്ദ്ര വിഹിതം കുറയ്ക്കുന്നത് തിരുത്തണം.

ആരോഗ്യമേഖലയിലെ കേന്ദ്ര പദ്ധതികൾക്ക് 2021-22ൽ 15097.44 കോടി ചെലവിട്ടെങ്കിൽ ഇപ്പോൾ 8,820 കോടിയായി കുറഞ്ഞു. നാഷണൽ ഹെൽത്ത് മിഷന് 2021-22ൽ 27,447.56 കോടി ചെലവിട്ടെങ്കിൽ ഇപ്പോൾ 29,085.26 കോടിയാണ്. 0.42 ശതമാനത്തിന്റെ നാമമാത്ര വർദ്ധന. ആരോഗ്യമേഖലയ്ക്ക് പരിഗണനയില്ലെന്നതിന്റെ തെളിവാണ് ഇത്.

കേന്ദ്ര ബഡ്ജറ്റിലെ സംസ്ഥാന പദ്ധതികൾ സർക്കാർ പരിശോധിച്ച് കേരളത്തിന് ഗുണമുള്ളവയ്ക്ക് പരമാവധി ചെലവ് ചെയ്യും. കേരളത്തിന്റെ റെയിൽവേ, പശ്ചാത്തല വികസന പദ്ധതികൾക്ക് ആവശ്യമായ പ്രഖ്യാപനങ്ങൾ ബഡ്ജറ്റ് സമ്മേളനത്തിൽ തന്നെ ഉണ്ടാകണമെന്നും കേന്ദ്രത്തോട് മുഖ്യമന്ത്രി ആവശ്യപ്പെട്ടു.

## കേരളത്തിന് ഒന്നുമില്ല: വി.ഡി.സതീശൻ

ബി.ജെ.പി ഭരിക്കുന്ന കർണാടകത്തിന് തെരഞ്ഞെടുപ്പ് ലക്ഷ്യമിട്ട് 5300 കോടി രൂപയുടെ കുടിവെള്ള പദ്ധതി അടക്കം അനുവദിച്ചപ്പോൾ കേരളത്തിന് ബജറ്റ് വൻനിരാശയാണ് നൽകിയതെന്ന് പ്രതിപക്ഷ നേതാവ് വി.ഡി.സതീശൻ.

എയിംസ് ലഭിക്കുമെന്ന കേരളത്തിന്റെ പ്രതീക്ഷ അസ്ഥാനത്തായി. കോവിഡ് കാരണം മടങ്ങിയ പ്രവാസികൾക്ക് പാക്കേജ്, തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിൽ ദിനങ്ങൾ കൂട്ടുക, കശുവണ്ടി മേഖലയിലെ പാക്കേജ് എന്നിവ കേന്ദ്ര സർക്കാർ പരിഗണിച്ചില്ല.

തൊഴിലില്ലായ്മ പരിഹരിക്കാനോ വിലക്കയറ്റം നിയന്ത്രിക്കാനോ ഉള്ള പദ്ധതികളൊന്നും ബജറ്റിലില്ല. കർഷക വായ്പകൾ എഴുത്തള്ളുന്നതിലും കടാശ്വാസ പദ്ധതികളിലും ബജറ്റിൽ മൗനമാണ്. കഴിഞ്ഞ ബഡ്ജറ്റിൽ തൊഴിലുറപ്പ് പദ്ധതിക്ക് 89400 കോടി വകയിരുത്തി. പുതിയ ബഡ്ജറ്റിൽ 60,000 കോടിയായി കുറച്ചു.

## സർവതല സ്പർശിയായ ബഡ്ജറ്റ്: കെ.സുരേന്ദ്രൻ

കേന്ദ്ര ബഡ്ജറ്റ് എല്ലാ മേഖലകളേയും സ്പർശിക്കുന്നതാണെന്നും രാജ്യത്തിന്റെ വളർച്ചയ്ക്ക് കരുത്തേകുമെന്നും ബി.ജെ.പി സംസ്ഥാന അദ്ധ്യക്ഷൻ കെ.സുരേന്ദ്രൻ പഞ്ഞു. കോമ്പൗണ്ട് റബറിന്റെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിച്ചത് റബർ വില കൂടാൻ കാരണമാകും. ഇത് കേരളത്തിലെ റബർ കർഷകർക്ക് ആശ്വാസകരമാണ്.

63,000 പ്രാഥമിക സഹകരണ സംഘങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നത് കേരളത്തിലെ സഹകരണ മേഖലയിലെ തട്ടിപ്പുകൾ തടയുന്നതിനും ആധുനികവത്കരണത്തിനും തൊഴിലവസരങ്ങൾ വർദ്ധിക്കുന്നതിനും സഹായിക്കും. സ്വയം സഹായ സംഘങ്ങളിലൂടെ സ്ത്രീശാക്തീകരണമാണ് മോദി സർക്കാർ ലക്ഷ്യം വയ്ക്കുന്നത്.

ആവശ്യത്തിന് പിൻവലിക്കാൻ സാധിക്കുന്ന രീതിയിൽ സ്ത്രീകൾക്ക് ഉയർന്ന പലിശ നിരക്കിൽ സ്ഥിരനിക്ഷേപം എന്നത് സ്ത്രീകളുടെ സാമ്പത്തിക സ്വയംപര്യാപ്തതയ്ക്ക് കാരണമാകും. മത്സ്യസമ്പാദ്യ പദ്ധതിയിലൂടെ 6000 കോടി മാറ്റിവച്ചത് കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്ക് ആശ്വാസമാകും. ആദിവാസി വിഭാഗത്തിന്റെ സാമൂഹ്യ പുരോഗതിക്ക് 15000 കോടി മാറ്റിവച്ചതും മികച്ച നീക്കമാണ്.










# ഇ-പോസ് മെഷീൻ തകരാറിലാക്കുന്നത് ബോധപൂർവമെന്ന് മന്ത്രി അനിൽ



തിരുവനന്തപുരം: സംസ്ഥാനത്ത് റേഷൻ വിതരണത്തിനുള്ള ഇ-പോസ് മെഷീൻ തകരാറിലാക്കുന്നത് ബോധപൂർവമാണെന്നും, മാസാവസാനമാകുമ്പോൾ തകരാറുണ്ടാക്കി തിയതി മാറ്റാനുള്ള ശ്രമങ്ങളാണ് നടക്കുന്നതെന്നും മന്ത്രി ജി.ആർ.അനിൽ നിയമസഭയിൽ പറഞ്ഞു.

പലപ്പോഴും കണക്ടിവിറ്റി പ്രശ്നമുണ്ടാകുന്നതിനാൽ വ്യാപാരികൾക്ക് ഇഷ്ടമുള്ള സിം എടുക്കാൻ അനുവാദം നൽകിയിട്ടുണ്ട്. മാസാവസാനം കൂടുതൽ ആളുകൾ റേഷൻ വാങ്ങാനെത്തുന്നത് പ്രശ്നമാകുന്നു. ജനുവരി 31ന് 9.5 ലക്ഷം പേരാണ് റേഷൻ വാങ്ങിയത്. സാങ്കേതിക തകരാർ പരിഹരിക്കുന്നതിന് എൻ.ഐ.സിയുമായി ഐ.ടി വിദഗ്ദ്ധർ ചർച്ച നടത്തി

### 50,000 മുൻഗണനാ കാർഡുകൾ ഉടൻ

സംസ്ഥാനത്ത് 50,000 മുൻഗണനാ റേഷൻ കാർഡുകൾ ഉടൻ വിതരണം ചെയ്യും. നെല്ല് സംഭരിച്ചതിൽ 27,815 കർഷകർക്ക് മൂന്ന് മാസത്തെ കുടിശികയായ 189.37 കോടി ഒരാഴ്ചയ്ക്കുള്ളിൽ നൽകും. ഈയിനത്തിൽ കേന്ദ്രത്തിൽ നിന്ന് 400 കോടി ലഭിക്കാനുണ്ടെന്ന് മന്ത്രി അനിൽ അറിയിച്ചു.

### ഗ്രാഫിൻ ഇന്നൊവേഷൻ സെന്റർ ഒക്ടോബറിൽ

കിൻഫ്ര പാർക്കിൽ ഗ്രാഫിൻ ഇന്നൊവേഷൻ സെന്റർ ഒക്ടോബറിൽ പ്രവർത്തനമാരംഭിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അറിയിച്ചു. ഗ്രാഫിൻ അനുബന്ധ ഗവേഷണത്തോടോപ്പം ചെറിയ വ്യവസായ സംരംഭകർക്ക് സഹായവും ലഭ്യമാകും. വ്യവസായ സംരംഭകർക്ക് ഗ്രാഫീൻ ഗവേഷകരുമായി സംവദിക്കാനുള്ള സാഹചര്യം ഒരുക്കും.

കെ ഫോൺ വഴി ഇതുവരെ 11,832 ഓഫീസുകളിൽ ഇന്റർനെറ്റ് കണ്ക്ഷൻ നൽകി. 6510 കിലോമീറ്റർ ബാക്ക്ബോണും 18,615 കിലോമീറ്റർ ഒ.എഫ്.സി കേബിളും സ്ഥാപിച്ചു.

### ഡിജിറ്റൽ സയൻസ് പാർക്ക് മൂന്ന് വർഷത്തിനകം

1515 കോടി ചെലവിൽ സ്ഥാപിക്കുന്ന രാജ്യത്തെ ആദ്യത്തെ ഡിജിറ്റൽ സയൻസ് പാർക്ക് മൂന്ന് വർഷത്തിനുള്ളിൽ പൂർത്തിയാക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ടെക്നോസിറ്റിയിലെ 14 ഏക്കറിൽ ഡിജിറ്റൽ സർവകലാശാലയോട് ചേർന്നാണ് പാർക്ക്. പൊതു സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതിയിൽ കേന്ദ്രത്തിന്റെയും വ്യവസായ മേഖലയുടെയും സഹകരണം പ്രതീക്ഷിക്കുന്നു. നോളജ് ഇക്കോണമി മിഷനിലൂടെ ഇതുവരെ 32,235 ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ നൽകി.

### ഫെസിലേറ്റഷൻ സെന്ററുകൾ

സർക്കാരിന്റെ വിവിധ ഏജൻസികളുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി ഫെസിലേറ്റഷൻ സെന്ററുകൾ ആരംഭിക്കുമെന്ന് മന്ത്രി എം.ബി.രാജേഷ് അറിയിച്ചു. ഇവ അക്ഷയ സെന്ററുകൾക്ക് പകരമല്ല. അവയുടെ വരുമാനത്തെയും ബാധിക്കില്ല ഫെസിലിറ്റേഷൻ സെന്ററുകളിൽ ജീവനക്കാരെ നിയമിക്കുന്നത് പരിശോധിക്കും.

# കഥാപുരുഷൻ അടൂർ തന്നെ..!



ജോഷി ജോർജ്ജ്
ടൂൾകിറ്റ് 163

മലയാള സിനിമ 70കൾ പിറക്കുന്നതിനു മുമ്പ് കറുപ്പും വെളുപ്പിലുമായി ഏറെ കെട്ടുകാഴ്ചകളോടെ വിലസുകയായിരുന്നു. ലക്ഷങ്ങൾ വിതച്ച് ലക്ഷങ്ങൾ കൊയ്യാൻ പാട്ടും കൂത്തും മരംചുറ്റിയോട്ടവും കുത്തിനിറച്ച് സിനിമകൾ ചുട്ടെടുത്തിരുന്ന കോടംബാക്കത്തിന്റെ സുവർണ്ണകാലം. അങ്ങകലെ യൂറോപ്പിലാകെ വീശിയടിച്ച നവതരംഗത്തിന്റെ തിരയിളക്കത്തിൽ അതുവരെയുള്ള കാഴ്ചാശീലങ്ങളെല്ലാം കുത്തിയൊലിച്ചുതുടങ്ങിയത് മലയാള സിനിമാക്കാർ അറിഞ്ഞതുമില്ല.

ആ മുന്നേറ്റത്തിന്റെ സ്ഫോടനാത്മകമായ ഉള്ളടക്കം കാണികളുടെ ബോധമണ്ഡലത്തിൽ ആഴമേറിയ വിള്ളലുകളുണ്ടാക്കുകയായിരുന്നു.

അതുമനസിലാക്കാൻപോന്ന ബുദ്ധിയുമായി ഇങ്ങ് കേരളത്തിൽ തിരുവനന്തപുരത്തിനടുത്ത് ആക്കുളത്ത് ഒരു യുവാവുണ്ടായിരുന്നു.

പത്തനംതിട്ട ജില്ലയിലെ അടൂരിൽ 1941 ജനിച്ചൊരു ഗോപാലകൃഷ്ണൻ. കഥാപുരുഷനാകട്ടെ ഷോക്കടിച്ചതുപോലെ ആ ദൃശ്യവിസ്ഫോടനങ്ങൾ അനുഭവിക്കാനായി.

അതുവരെ കളിയരങ്ങിൽ ആട്ടവിളക്കിന്റെ നേർത്ത വെളിച്ചത്തിരുന്ന് കഥകളിച്ചമയങ്ങളും മേളപ്പദങ്ങളും ആസ്വദിച്ചതിന്റെ കിക്ക് വിട്ടുമാറി. നവസിനിമാപ്രസ്ഥാനം നൽകിയ ദൃശ്യശിക്ഷണത്തിൽ നിന്ന് ഊർജമുൾക്കൊണ്ട് 1965ൽ ആക്കുളത്താമനുഷ്യൻ ഒരു പ്രസ്ഥാനത്തിന് തുടക്കമിട്ടു.

ചിത്രലേഖ ഫിലിം സൊസൈറ്റി. പിന്നെ നാടുമഴുവൻ ചുറ്റിനടന്ന് 'ന്യൂവേവ്' ദൃശ്യ ശില്പങ്ങൾ പ്രദർശിപ്പിച്ച അയാൾ പിന്നീട് മലയാള സിനിമയുടെ തന്നെ വ്യാകരണം തിരുത്തുകയായിരുന്നു. അയാൾ കാമറക്കണ്ണിലൂടെ കണ്ടതത്രയും ചായം തേക്കാത്ത മുഖങ്ങൾ..! കച്ചവടസിനിമ മറച്ചുപിടിച്ച മനുഷ്യാവസ്ഥയുടെ ഇരുണ്ട മറുപുറങ്ങൾ.

സത്യജിത്റേ, ഋത്വിക് ഘട്ടക്ക്, മൃണാൾസെൻ എന്നിവർക്കൊപ്പം സിനിമ ലോകത്തിന്റെ നെറുകയിലേക്ക് നടന്നു കയറിയ അതുല്യപ്രതിഭയാണ് അടൂർ ഗോപാലകൃഷ്ണൻ.

കോട്ടയം കെ.ആർ.നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്സിന്റെ ചെയർമാൻ സ്ഥാനം ഇക്കാലമത്രയും അലങ്കരിച്ചുപോരുകയും ചെയ്തു.

എന്നാൽ അവിടെയുള്ള നല്ലവരിൽ നല്ലവനായ മനുഷ്യത്വം തുള്ളിത്തുളുമ്പി നിൽക്കുന്ന താഴ്മയുടെ പര്യായമായ വേണമെങ്കിൽ, ഗേറ്റ് കാവൽക്കാരനായി നിൽക്കാൻ പോലും മടിയില്ലാത്ത പച്ചപ്പാവത്തിന്

ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടർ ശങ്കർ മോഹന്റെയും അടൂരിന്റേയുമൊക്കെ കാടത്ത സംസ്ക്കാരവും മനുഷ്യത്വരഹിതമായ ചെയ്തികളും സഹിക്കാവുന്നതിലപ്പുറമായിരുന്നു.

ആ മനുഷ്യസ്നേഹി അവിടത്തെ പി.ആർ.ഒയേയും ചിലജീവനക്കാരേയും കുറെ കുട്ടിപ്പട്ടാളത്തേയും വട്ടംകൂട്ടി നട്ടപ്പാതിരായ്ക്ക് ഒളിപ്രവർത്തനം തുടങ്ങിയെന്നാണ് അടൂർജി പത്രക്കാരെ വിളിച്ചുകൂട്ടിപ്പറഞ്ഞത്.

ശുചീകരണത്തൊഴിലാളികളിൽ സ്വയം പട്ടികജാതിക്കായി മേക്കപ്പിട്ട് പരാതിയുടെ രൂക്ഷത വർദ്ധിപ്പിക്കുകയുമാണുണ്ടായതത്രെ. അങ്ങിനെ ഇൻസ്റ്റിറ്റ്യൂട്ടിനെ കരകയറ്റാൻ അഹോരാത്രം പ്രയത്നിച്ച ഡയറക്ടർ ശങ്കർ മോഹനെക്കൊണ്ട് രാജിവെപ്പിക്കാൻ ആ ശിങ്കാരിമേളക്കാർക്കു കഴിഞ്ഞു.

ശങ്കർ മോഹനെപ്പോലെയുള്ള ഒരു വ്യക്തിയെ ഇനി കണികാണാൻ പോലും കിട്ടിയെന്നുവരില്ല. അത്രത്തോളം ചലച്ചിത്ര സംബന്ധമായ ശേഷിയും ശേമൂഷിയും അറിവും പ്രവർത്തനപരിചയവും ഇള്ളൊരു പൂമാൻ ഇന്ത്യയിൽപോലും ഇല്ലെന്നറിയണം.

അങ്ങിനെയുള്ളൊരു മഹാപുരുഷനെയാണ് വിളിച്ചുവരുത്തി അപമാനിച്ചുവിട്ടതെന്നും അടൂർ മൊഴിയുകയുണ്ടായി. വില്പനയ്ക്ക് നല്ല സാധ്യതയുള്ള ജാതി പറഞ്ഞുതന്നെയാണിവിടെ കളികളത്രയും കളിച്ചിരിക്കുന്നത്.

കൂട്ടത്തിൽ നമ്മുടെ മാധ്യമങ്ങൾക്കും നല്ലൊരു കിഴുക്കുകൊടുക്കാൻ അടൂർ മടിച്ചില്ല. മാധ്യമശിങ്കിടികൾ ഒരുഭാഗം മാത്രം കേട്ടു.

അവർ ആടിനെ പട്ടിയാക്കി...പിന്നെ പേപ്പട്ടിയാക്കി തല്ലിക്കൊല്ലുകയാണ് ചെയ്തത്രെ..! എന്തായാലും സത്യം ഒരു നാൾ പുറത്തുവരുമെന്ന വിശ്വാസത്തോടെ നമുക്ക് നോക്കിപ്പാർത്തിരിക്കാം.









# 'പപ്പുഫിക്കേഷൻ' പഴങ്കഥ; പക്വതയുടെ രൂപമാറ്റവുമായി രാഹുൽ ഗാന്ധി



ആദർശപരമായ രാഷ്ട്രീയ പോരാട്ടത്തിന് ഊന്നൽ നൽകി സ്നേഹത്തിനും മാനവിക ഐക്യത്തിനുമായി 4080 കിലോ മീറ്റർ ദൂരം നടന്നു തീർത്ത രാഹുൽ ഗാന്ധി കോൺഗ്രസിനു പകർന്നു നൽകിയത് അപരിമിത ഊർജ്ജമെന്ന് ദേശീയ മാധ്യമങ്ങളുടെ നിരീക്ഷണം; ഇനിയൊരു നിമിഷവും 'പപ്പു' വെന്ന മിഥ്യാരൂപിയുടെ തടവറയിൽ രാഹുൽ ഗാന്ധിയെ തളച്ചിടാനാകില്ലെന്ന് ബി.ജെ.പി തിരിച്ചറിയുകയും ചെയ്തിരിക്കുന്നു ഭാരത് ജോഡോ യാത്രയുടെ വിജയകരമായ പൂർത്തീകരണത്തോടെ. വെറുപ്പിന്റെ കമ്പോളത്തിൽ സ്നേഹത്തിന്റെ കടമുറികൾ പണിയാമെന്ന രാഹുലിന്റെ വാക്കുകളുടെ പ്രതിധ്വനി വെറുപ്പിന്റെ ഉൽപ്പാദനശാലകളെ വല്ലാതെ പ്രകമ്പനം കൊള്ളിക്കുന്നുണ്ട്.

ഇന്ത്യയുടെ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ പദയാത്ര വിജയകരമായി പൂർത്തീകരിച്ചതിന്റെ ആത്മസംതൃപ്തിയെ ഒട്ടും ചെറുതായി കാണാനാകില്ല. പരിഹാസ ശരങ്ങളെയും കൂവലുകളെയും സ്നേഹമുദ്രകൾ കാട്ടിയാണ് രാഹുൽ ഗാന്ധി നേരിട്ടത്. ലോകത്തെവിടെയും സമകാലീന ജനാധിപത്യ പരിസരങ്ങളിൽ അസാധാരണമാണ് ഭാരത് ജോഡോ പോലൊരു ആശയത്തിന്റെ രചനാത്മക നിർവഹണം. ബോധപൂർവ മാധ്യമ അവഗണനകളെ അതിശയിപ്പിച്ച് കടന്നുപോയ വഴികളിൽ ഭാരത് ജോഡോ യാത്രയെ സാധാരണക്കാർ നെഞ്ചിലേറ്റി. ബി.ബി.സി ഡോക്യുമെന്ററി തീർത്ത രാഷ്ട്രീയ നാണക്കേടും ഹിൻഡൻ ബർഗ് റിപ്പോർട്ടിലൂടെ തുറന്നുകാട്ടപ്പെടുന്ന അദാനി കഥകളിലെ നിരന്തര മോദി സാന്നിധ്യവും ബി.ജെ.പിയെ വലിയ കുരുക്കിൽ വീഴ്ത്തിയതിനിടെ ഫാസിസ്റ്റു നയങ്ങളെ നിരന്തരം ചെറുക്കുന്ന ഇന്ത്യൻ നേതാവ് എന്ന പരിവേഷമാണ് രാഹുൽ ഗാന്ധിക്ക് അന്താരാഷ്ട്ര മാധ്യമങ്ങൾ നൽകുന്നത്.

2019ൽ നരേന്ദ്ര മോദിയോട് തുടർച്ചയായി രണ്ടാം തവണയും പരാജയപ്പെട്ട്, കോൺഗ്രസിന്റെ ദേശീയ അധ്യക്ഷസ്ഥാനവും രാജിവെച്ച് ഇന്ത്യൻ രാഷ്ട്രീയത്തിൽ തന്റെ റോളെന്തെന്ന അസ്തിത്വ ദുഃഖം പേറിയവനായി രാഹുലിനെ കണ്ടിരുന്നവർ സ്വരം മാറ്റിത്തുടങ്ങിയിരിക്കുന്നു. 'രാഹുൽ ഇപ്പോൾ ഇന്ദിരയുടെ കൊച്ചുമകനോ രാജീവ് ഗാന്ധിയുടെ മകനോ അല്ല. സ്വന്തമായി വ്യക്തിത്വമുള്ള രാഹുൽ ഗാന്ധിയാണ്' മുതിർന്ന പരസ്യവ്യവസായി പ്രഹ്ലാദ് കാക്കർ പറഞ്ഞു. ഗൗരവമില്ലാത്ത ചെറുപ്പക്കാരൻ എന്ന പഴയ

വിശേഷണത്തിൽ നിന്നുള്ള രൂപമാറ്റമാണിതെന്നും യാത്ര ഈ രൂപമാറ്റ പ്രഖ്യാപനമായിരുന്നുവെന്നും എഫ്.സി.ബി മീഡിയ സി.ഇ.ഒ രോഹിത് ഒഹ്‌റി അഭിപ്രായപ്പെട്ടു. പരസ്യ, ഇവന്റ് മനേജ്മെന്റ്, മോഡലിങ് രംഗത്തുള്ള പലരും സമാനമായ അഭിപ്രായമാണ് പങ്കുവച്ചത്.

ദേശവ്യാപകമായി ജനങ്ങളെ ആകർഷിക്കാൻ കഴിവുള്ള നേതാക്കളും രാജ്യം മുഴുവൻ നടന്നുതീർക്കാൻ കഴിവുള്ളവരുമുണ്ട് വിവിധ പാർട്ടികളിലെങ്കിലും ഇവ രണ്ടും സമ്മേളിക്കുന്ന ഇന്ത്യയിലെ ശുഷ്കം പേരുകളിലൊന്നായിട്ടുണ്ട് രാഹുൽ ഗാന്ധി. അതിലുപരി സംഘ്പരിവാറിനെതിരായ പോരാട്ടത്തിലെ രാഷ്ട്രീയ സത്യസന്ധതയും വിശ്വസ്തതയുമാണ് രാഹുലിന്റെ ഏറ്റവും വലിയ മൂലധനം. കേന്ദ്രഭരണവുമായും ആർ.എസ്.എസുമായും രാഹുൽ എവിടെയെങ്കിലും സന്ധി ചെയ്തതായി അദ്ദേഹത്തിന്റെ തീവ്രവിമർശകർ പോലും ഇന്നേവരെ ആരോപിച്ചിട്ടില്ല. 75 പിന്നിട്ട മാതാവിനെയും തന്നെയും ഇ.ഡി ചോദ്യം ചെയ്തതുൾപ്പെടെയുള്ള വേളകളിലും ക്രൂര പരിഹാസങ്ങൾക്ക് മുന്നിൽ വരെ കടുത്തഭാഷയിലുള്ള വിമർശനങ്ങൾക്കു രാഹുൽ ഗാന്ധി കുറവുവരുത്തിയിട്ടില്ല, ഭാരത് ജോഡോയിലും ദൃശ്യമായി ഈ നിലപാട്.

1977ൽ ഇന്ദിര ഗാന്ധിയെ പരാജയപ്പെടുത്തിയ ജയപ്രകാശ് നാരായണനെപ്പോലെ, രാജീവ് ഗാന്ധിയെ പരാജയപ്പെടുത്താൻ 1989ൽ പ്രതിപക്ഷ കക്ഷികളെ ഒരുമിച്ച് നിർത്തിയ ദേവിലാലിനെപ്പോലെ നരേന്ദ്ര മോദിയെ വീഴ്ത്താൻ രാഹുൽ ഗാന്ധിക്ക് സാധിക്കുമോയെന്ന് കാത്തിരുന്ന് കണേണ്ടിവരും. വാജ്പേയി സർക്കാരിനെ താഴെയിറക്കാൻ സി.പി.എം നേതാവ് ഹർകിഷൻ സിംഗ് സുർജിത്തിനോടൊപ്പം കരുക്കൾ നീക്കിയ സോണിയ ഗാന്ധിയെപ്പോലെ രാഹുൽ ഗാന്ധിക്കും വഴികളൊരുങ്ങുമോ? ബി.ജെ.പിയെ താഴെയിറക്കി സർക്കാർ രൂപീകരിച്ചതിന് ശേഷം ഹർകിഷൻ സിംഗോ, സോണിയ ഗാന്ധിയോ

പ്രധാനമന്ത്രിയായിട്ടില്ല. പകരം അവർ ചെയ്തത് പ്രതിപക്ഷ കക്ഷികളിൽ എല്ലാവർക്കും പൊതുസമ്മതനായ ഒരാളെ പ്രധാനമന്ത്രിയാക്കുകയാണ്. 2024ലെ തിരഞ്ഞെടുപ്പിന് ഏറെനാൾ ബാക്കിയില്ല. ഭാരത് ജോഡോ യാത്ര രാഹുലിനും കോൺഗ്രസ് പാർട്ടിക്കും എന്താണ് സമ്മാനിച്ചതെന്ന് അടുത്ത വർഷത്തെ തിരഞ്ഞെടുപ്പോടെയാകും വ്യക്തമാകുക.

കാൽനട യാത്രകളിലൂടെ രാഷ്ട്രീയ ഇതിഹാസങ്ങൾ ചമച്ചതിന്റെ ഉദാഹരണങ്ങൾ ചിലതുണ്ടെങ്കിലും പുതിയ കാലത്ത് ഇതിനു നേതൃത്വം നൽകിയതിലൂടെ സഹനമാർഗം രാഷ്ട്രീയ ആയുധമാക്കുന്ന ഇരുപത്തി ഒന്നാം നൂറ്റാണ്ടിലെ ആദ്യ പൊതു നേതാവായി രാഹുൽ ഗാന്ധി അടയാളപ്പെട്ടു കഴിഞ്ഞു. വെയിലത്തും മഴയത്തും കൊടും തണുപ്പത്തും യാതൊരുവിധ ക്ളേശവും പ്രകടിപ്പിക്കാതെ രാഹുൽ ഗാന്ധി തന്റെ രാഷ്ട്രീയജീവിതത്തിലെ മികച്ചൊരു നീക്കമാണു നടത്തിയത്. ഭാരത് ജേഡോ യാത്ര രാഹുലിന്റെ വ്യക്തിത്വത്തിലുണ്ടാക്കിയ മാറ്റവും സജീവചർച്ചയാകുന്നുണ്ട്. മാസങ്ങൾക്കിടെ നീണ്ട താടിയോടൊപ്പം ജനനായകന് ഗൗരവവും കൈവന്നു.

യാത്രയിലുടനീളം ഒരോ പ്രദേശത്തെ വെവ്വേറെ സംസ്കാരം പിന്തുടരുന്ന മനുഷ്യരുടെ കൂടെ ഒരു സങ്കോചവുമില്ലാതെ സംവദിക്കുന്ന രാഹുൽ ഗാന്ധിയുടെ ചിത്രങ്ങൾ സാമൂഹിക മാധ്യമങ്ങളിൽ വൈറൽ ആയിരുന്നു. അതേ സമയം, ഭാരത് ജോഡോ യാത്ര വിലയിരുത്തുമ്പോൾ ബി.ജെ.പിയുടെ ആദ്യഘട്ടത്തിലെ നിശിത പരിഹാസങ്ങൾ പിന്നീട് നീണ്ട മൗനത്തിലേക്കും അതിനുശേഷം പ്രതികാര നടപടികളിലേക്കും കടന്നത് രാജ്യം കണ്ടു. ഭാരത് ജോഡോ യാത്രയുടെ അവസാന മണിക്കൂറുകളിൽ സുരക്ഷാനിരയെ പിൻവലിച്ചും തടസങ്ങൾ തീർത്തും ബി.ജെ.പി ജനാധിപത്യവിരുദ്ധത മറയില്ലാതെ പ്രകടമാക്കി.

ക്ലീൻഷേവ് മുഖവുമായി പതിവ് വെളുപ്പ് നിറത്തിലുള്ള കുർത്തയും ജുബ്ബയും ധരിച്ചാണ് സെപ്തംബർ ഏഴിന് തമിഴ്നാട്ടിൽ ഭാരത് ജോഡോ യാത്ര തുടങ്ങുമ്പോൾ രാഹുൽ പ്രത്യക്ഷപ്പെട്ടത്. മൂന്നു ദിവസം കഴിഞ്ഞ്. കേരളത്തിലെത്തിയപ്പേഴേക്കും കുർത്തയും ജുബ്ബയും പോയി; പകരം പാന്റും വെള്ള ടീ ഷർട്ടുമായി വേഷം. ഡിസംബർ മധ്യത്തിൽ രാഹുൽ ഡൽഹിയിലെത്തുമ്പോൾ പത്തിൽ താഴെയായിരുന്നു താപനില. അപ്പോഴും വെള്ള ടീഷർട്ടുമായി അതിരാവിലെയും പൊതുമധ്യത്തിലിറങ്ങിയ രാഹുലിന്റെ ചർമ്മശേഷി മാധ്യമങ്ങളിൽ ചർച്ചയായി. മൈനസ് താപനിലയും ഏഴ് ഇഞ്ച് അടിവരെ ഉയരത്തിൽ മഞ്ഞുവീഴ്ചയുമുള്ള കശ്മീരിലെത്തിയപ്പോൾ മാത്രമാണ് പിന്നീട് രാഹുൽ വെള്ള ടീഷർട്ടിന് മുകളിൽ കോട്ട് ഇട്ടത്.

സെപ്തംബർ ഏഴിന് യാത്ര തുടങ്ങിയ ശേഷം രാഹുൽ ഗാന്ധി താടിയോ മുടിയോ മീശയോ വടിച്ചില്ല. ഒരോ ദിവസം പിന്നിടുമ്പോഴും രാഹുലിന്റെ വളർന്ന താടിയും പലപ്പോഴും യാത്രയോടൊപ്പം ചർച്ചയായി. ബി.ജെ.പി നേതാക്കളുടെ പരിഹാസത്തിനും ഇരയായി. ജനുവരി 30ന് യാത്ര ശ്രീനഗറിൽ സമാപിക്കുമ്പോൾ കാറൽ മാർക്സിന്റെയും സദ്ദാം ഹുസൈന്റെയും പോലുള്ള രൂപമായി രാഹുലിന്റെ മുഖംമാറി. എന്നാൽ ഈ രൂപമാറ്റം രാഹുലിന്റെ സ്വഭാവത്തിലും ഉണ്ടായെന്നും രാഹുൽ ആ പഴയ രാഹുലല്ലെന്നുമാണ് യാത്രയെ അവലോകനം ചെയ്ത് ഉയരുന്ന നിരീക്ഷണം.

ദീർഘദൂര പദയാത്രകൾ എല്ലാകാലത്തും കാല, ദേശാന്തര വ്യത്യാസമില്ലാതെ വലിയ രാഷ്ട്രീയ മുന്നേറ്റങ്ങൾക്ക് വഴിവച്ചിട്ടുണ്ട്. യാത്രാനായകർ രാഷ്ട്രീയപ്രതാപം തിരിച്ചുപിടിക്കുകയും പരിവേഷമുയർത്തുകയും ചെയ്ത നിരവധി അനുഭവങ്ങൾ ചരിത്രത്തിൽ കാണാം. ചിയാങ്കൈഷക്കിന്റെ നേതൃത്വത്തിൽ ദേശീയവാദി ഭരണകൂടം ചൈന ഭരിക്കുന്ന കാലത്തായിരുന്നു 1931ൽ മവോ സേ തുങ്ങ് സോവിയറ്റ് റിപ്പബ്ലിക് ഓഫ് ചൈനയുടെ ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടത്. ഭരണകൂടവും കമ്യൂണിസ്റ്റുകളും തമ്മിൽ രൂക്ഷമായ ആഭ്യന്തരയുദ്ധം പൊട്ടിപ്പുറപ്പെട്ട അക്കാലത്ത് ചിയാങ്കൈഷക്കിന്റെ ഉരുക്ക് മുഷ്ടിക്കു മുന്നിൽ പതിനായിരക്കണക്കിനു കർഷകർക്കു ജിവൻ വെടിയേണ്ടിവന്നു. അണികളുടെ രോഷം മുൻനിർത്തി കമ്യൂണിസ്റ്റ് സെൻട്രൽ കമ്മിറ്റി ചേർന്ന് മാവോയെ സ്ഥാനത്തുനിന്നു നീക്കുകയുണ്ടായി. 4000 മൈൽ ദൂരം താണ്ടിയ ലോങ് മാർച്ച് 1934 ഒക്ടോബർ 16ന് ആരംഭിക്കുമ്പോൾ മവോ സേതുങ്ങ് അതിൽ പങ്കെടുക്കുന്ന പല നേതാക്കളിൽ ഒരാൾ മാത്രമായിരുന്നു. ലോങ് മാർച്ചിനിടയിൽ സിയാങ് നദിക്കു സമീപം ഉൾപ്പെടെ പതിനായിരങ്ങളുടെ ജീവൻ ഹോമിച്ച പോരാട്ടങ്ങളിൽ മവോ വഹിച്ച നേതൃപങ്ക് അദ്ദേഹത്തെ എതിരാളികളില്ലാത്തവിധം വീണ്ടും അനിഷേധ്യനാക്കി. 1949ൽ ചിയാങ്കൈഷക്ക് സ്ഥാനഭ്രഷ്ടനായതു മുതൽ 1976ൽ മരിക്കുന്നതുവരെ മവോ ചൈനയെ നയിച്ചതു പിൽക്കാല ചരിത്രമാണ്.

1930 മാർച്ച് 12ന് സബർമതിയിൽനിന്ന് ദണ്ഡിയിലേക്ക് ഗാന്ധിജി നടത്തിയ 385 കി.മീ മാർച്ച് ഇന്ത്യൻ സ്വാതന്ത്ര്യസമര രംഗത്തു വരുത്തിയ ആവേശം വിവരണാതീതമാണ്. ലക്ഷക്കണക്കിന് മനുഷ്യർ രാജ്യം മുഴുവൻ ഇതിനു പ്രതിധ്വനി തീർത്തു. 4260 കിലോമീറ്റർ താണ്ടിയ ഭാരത യാത്രയ്ക്ക് എസ്. ചന്ദ്രശേഖർ തുടക്കമിട്ടത് 1983 ജനുവരി 6ന് ആയിരുന്നു. ഗ്രാമങ്ങളിൽ രാപാർത്തും സംഭാവനകൾ സ്വീകരിച്ചും മുന്നേറിയ യാത്ര കുടിവെള്ളം, പ്രാഥമിക വിദ്യാഭ്യാസം, പോഷകാഹാരം, മതമൈത്രി, പട്ടികജാതിവർഗ അഭിവൃദ്ധി എന്നിവ പ്രധാന മുദ്രാവാക്യമായി ഉയർത്തി. കോൺഗ്രസിനു ബദലാവാൻ തുനിഞ്ഞിറങ്ങിയ ചന്ദ്രശേഖർ അൽപ്പം വൈകിയാണെങ്കിലും ലക്ഷ്യത്തി. 1990 നവംബർ 10ന് എസ്. ചന്ദ്രശേഖർ ഇന്ത്യൻ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്തു. രാജ്യത്തിനകത്തും പുറത്തും ദീർഘദൂര പദയാത്രകൾ തീർത്ത ഇത്തരം രാഷ്ട്രീയ ചരിത്രങ്ങളാണ് രാഹുൽ ഗാന്ധിയുടെ ഭാരത് ജേഡോ യാത്രക്കെതിരേ തിരിയാൻ പലരെയും പ്രേരിപ്പിച്ചതെന്ന് നിസ്സംശയം പറയാം.

വർഷങ്ങളോളം ബി.ജെ.പി അനുവർത്തിച്ചുപോന്നിരുന്ന തന്ത്രം രാഹുൽ ഗാന്ധി തങ്ങൾക്കു ചേർന്ന രാഷ്ട്രീയ എതിരാളിയേ അല്ല എന്നായിരുന്നു. തെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ് തുടർച്ചയായി തിരിച്ചടികൾ നേരിട്ടതോടെ അതു വലിയ പരിഹാസത്തിനു വഴിമാറി. പ്രതിപക്ഷ പാർട്ടി നിരകളിലും അതേറ്റുപിടിക്കാൻ നേതാക്കൾ മുന്നോട്ടുവന്നു. ഇതു വിശ്വസിച്ചും ആവർത്തിച്ചും കോൺഗ്രസിന്റെ പടി വിട്ടിറങ്ങാനും ആളുണ്ടായി.

2024 ൽ ബി.ജെ.പിക്കെതിരേ ഐക്യനിര രൂപപ്പെടുത്തുന്ന ചർച്ചകൾ പ്രതിപക്ഷനിരയിൽ വ്യാപകമായി കേൾക്കാറുണ്ട്. പക്ഷേ, യാത്രയിലൊരിടത്തും പ്രധാനമന്ത്രി സ്ഥാനാർഥിയായി രാഹുൽ സ്വയം ഉയർത്തിക്കാട്ടിയില്ല. പ്രതിപക്ഷ ഐക്യത്തിനും ഏകോപനത്തിനും ഒരു തടസവുമുണ്ടാവരുത് എന്ന നിർബന്ധ ബുദ്ധിയാണ് അതുവഴി അദ്ദേഹം പ്രകടിപ്പിച്ചത്. അതേസമയം, കഴിഞ്ഞ രാഷ്ട്രപതി തെരഞ്ഞെടുപ്പിൽ ബി.ജെ.പിയെ പിന്തുണച്ച പാർട്ടികളുടെ നിര ഐക്യത്തിനു വലിയ നിരാശ നൽകുന്നു. ജെ.എം.എം, ടി.ഡി.പി, ജെ.ഡി.എസ്, ബി.എസ്.പി, വൈ.എസ്.ആർ കോൺഗ്രസ്, ശിവസേന, അകാലിദൾ, ബി.ജെ.ഡി, ജനതദൾ(യു) എന്നിങ്ങനെ പട്ടിക നീണ്ടതാണ്. ബി.ജെ.പിക്കെതിരായ നിലപാട് ഊന്നിപ്പറയാൻ ചന്ദ്രശേഖർ റാവു കൂട്ടാളിയാക്കാൻ തെരഞ്ഞെടുക്കുന്നത് കേജ്രിവാളിനെപ്പോലുള്ളവരെയാണ്. അഖിലേഷും മായാവതിയും ഭാരത് ജോഡോ യാത്രയിൽ പങ്കെടുക്കാൻ തയാറായില്ല. പ്രതീക്ഷയർപ്പിക്കുന്നവരിൽ ചിലരെങ്കിലും ഇടയ്ക്കു വെടിനിർത്തുന്ന പ്രവണത പുലർത്തുന്നവരാണ്. രാഹുൽ ഗാന്ധി സംഘ് വിരുദ്ധ ജനമനസ്സുകളുടെ പ്രതീക്ഷയാകുന്ന സാഹചര്യമിവിടെയാണ്.

12 സംസ്ഥാനങ്ങൾ, 2 കേന്ദ്രഭരണ പ്രദേശങ്ങൾ, 75 ജില്ലകൾ എന്നിവ 136 ദിവസങ്ങൾ കൊണ്ടാണ് രാഹുൽ നടന്നുതീർത്തത്. 4000 കിലോമീറ്ററുകൾ നടന്നിട്ടും ആരോഗ്യപ്രശ്നം കാരണം ഒരിക്കൽ പോലും യാത്ര നിർത്തേണ്ടിവന്നില്ല രാഹുൽ ഗാന്ധിക്ക്. ഇത് അദ്ദേഹത്തിന്റെ ശാരീരികക്ഷമതയെ വ്യക്തമാക്കുന്നു. 2004ൽ തുടങ്ങിയ തന്റെ രാഷ്ട്രീയജീവിതത്തിന് ഭാരത് ജോഡോ യാത്ര ഒരു പുതിയ മാനം നല്കിയെന്ന് രാഹുൽ ഗാന്ധിക്ക് ഉറപ്പുണ്ടാകും. രാജ്യത്തിന്റെ സൗന്ദര്യമായ വൈവിധ്യമാർന്ന സംസ്കാരങ്ങൾ കണ്ടറിഞ്ഞും കേട്ടറിഞ്ഞും നടന്നുനീങ്ങിയ രാഹുൽ ഗാന്ധിയിൽ മറ്റൊരു രാഷ്ട്രീയനേതാവിലും കാണാത്ത പ്രത്യേകതയുണ്ടെന്നാണ് കോൺഗ്രസ് പ്രവർത്തകരും പാർട്ടി സഹയാത്രികരും പറയുന്നത്. ഇന്ത്യയെ കണ്ടുവെന്നതും, തന്റെ ശാരീരികക്ഷമത ലോകത്തെ കാണിച്ചുവെന്നതും മാറ്റിനിർത്തിയാൽ ഭാരത് ജോഡോ യാത്ര രാഹുൽ ഗാന്ധിക്കും കോൺഗ്രസിനും എന്ത് മാറ്റമാണുണ്ടാക്കുക എന്നത് ഈ സന്ദർഭത്തിൽ ചർച്ചചെയ്യേണ്ട വിഷയമാണ്.

വെറും 16 മാസം മാത്രമാണ് ഇനി ലോക്സഭാ തിരഞ്ഞെടുപ്പിലേക്കുള്ളത്. മൂന്നാംവട്ടവും അധികാരക്കസേരയിലിരിക്കാൻ നരേന്ദ്ര മോദി കച്ചമുറുക്കുമ്പോൾ രാഹുൽ ഗാന്ധിയിലൂടെ ഭരണം തിരിച്ചുപിടിക്കാമെന്ന പ്രതീക്ഷയിലാണ് കോൺഗ്രസ്. രാജ്യത്തിന്റെ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ പദയാത്ര സംഘടിപ്പിച്ചതിലൂടെ രാഹുലിന്റെ പ്രതിച്ഛായ വർധിപ്പിക്കാൻ സാധിച്ചുവെന്ന ശുഭാപ്തിവിശ്വാസം കൂടി പാർട്ടിക്കുണ്ട്. ഭാരത് ജോഡോ യാത്ര രാഹുൽ ഗാന്ധിയെന്ന രാഷ്ട്രീയനേതാവിൽ വലിയ രീതിയിലുള്ള മാറ്റങ്ങളും സ്വാധീനവും ഉണ്ടാക്കിയിട്ടുണ്ടെന്ന കാര്യത്തിൽ കോൺഗ്രസ് പാർട്ടിക്ക് മാത്രമല്ല ഇന്ത്യൻ രാഷ്ട്രീയം പിന്തുടരുന്ന ആർക്കും സംശയമുണ്ടാകില്ല. ഏത് സാധാരണക്കാരനും ഏത് പണക്കാരനും ഏത് രാഷ്ട്രീയനേതാവിനും ഏത് പാവപ്പെട്ടവനും ഏത് മാധ്യമപ്രവർത്തകനും ഒരു തടസ്സവുമില്ലാതെ രാഹുൽ ഗാന്ധിയെ കാണാമെന്ന ഒരു സന്ദേശവും രാഹുൽ ഈ യാത്രയിലൂടെ നൽകി.

മോദിയിൽ നിന്ന് താൻ എത്ര വ്യത്യസ്തനായിരിക്കുന്നു എന്ന് ചൂണ്ടിക്കാണിക്കാൻ അദ്ദേഹം ശ്രമിച്ചുകൊണ്ടേയിരുന്നു. യാത്രയിലെ ഏറ്റവുമൊടുവിലത്തെ മണിക്കൂറുകൾ വരെയും അദ്ദേഹം നടത്തിയ ശ്രമം ആ വ്യതിരിക്തത ചൂണ്ടിക്കാട്ടുക എന്നതു തന്നെയായിരുന്നു. യാത്ര നടക്കുന്ന സമയത്ത് ഹിമാചൽ പ്രദേശിലും ഗുജറാത്തിലും തിരഞ്ഞെടുപ്പ് കാലമായിരുന്നു. പക്ഷെ അതിൽ ഒരു താൽപ്പര്യവും കാണിക്കാതിരുന്ന രാഹുൽ സമ്മർദ്ദങ്ങൾക്ക് മുമ്പിൽ കീഴടങ്ങി ഗുജറാത്തിൽ പാർട്ടി റാലിയെ നയിച്ചിരുന്നു. ആ സമയത്ത് തന്നെയായിരുന്നു രാജസ്ഥാൻ കോൺഗ്രസ്സിലെ ഗെഹലോട്ട് സച്ചിൻ പൈലറ്റ് പോര്. അതേസമയം, രാഹുൽ ഗാന്ധി രണ്ടുപേരെയും ചേർത്തുനിർത്തി യാത്ര രാജസ്ഥാനിൽ വിജയകരമായി സംഘടിപ്പിച്ചു. ശശി തരൂരും കേരളത്തിലെ മറ്റു കോൺഗ്രസ് നേതാക്കളും തമ്മിലുള്ള പ്രശ്നങ്ങളിലും രാഹുൽ ഗാന്ധി ഇടപെട്ടില്ല.

രാഹുലിന്റെ പ്രതിച്ഛായ വർധിപ്പിക്കാനും തകർന്നുപോയ പാർട്ടിയെ ശക്തിപ്പെടുത്താനുമാണ് കോൺഗ്രസ് ഭാരത് ജോഡോ യാത്ര സംഘടിപ്പിച്ചതെങ്കിലും രാഷ്ട്രീയ എതിരാളികൾ പോലും രാഹുലിനെ പ്രശംസിക്കുന്നയിടത്തേക്ക് കാര്യങ്ങൾ കടന്നു. വിശ്വഹിന്ദു പരിഷത്തും റാം മന്ദിർ അധികൃതരും രാഹുലിനെയും ഭാരത് ജോഡോ യാത്രയെയും പ്രശംസിച്ച് രംഗത്തുവന്നിരുന്നു. ഇതിനെ ഒരു നയതന്ത്രവിജയമായി കാണാവുന്നതാണ്.

മുൻ ആർബിഐ ഗവർണർ രഘുറാം രാജൻ, നടനും മക്കൾ നീതി മയ്യം പാർട്ടി അധ്യക്ഷൻ കമൽ ഹാസൻ, ബോക്സർ വിജേന്ദർ സിംഗ് തുടങ്ങിയവരും കേരളത്തിലെയും തെലങ്കാനയിലെയും പഞ്ചാബിലെയും സാധാരണക്കാരും രാഹുൽ ഗാന്ധിയുടെ സംസാരത്തിലും പെരുമാറ്റത്തിലും ആകൃഷ്ടരായവരായിരുന്നു. വെറുപ്പിന്റെ കമ്പോളത്തിൽ താൻ സ്നേഹത്തിന്റെ പീടിക തുറക്കുന്നുവെന്ന് ശ്രീനഗറിൽ അദ്ദേഹം പ്രസ്താവിച്ചു. രാഹുലിനെ കാണാൻ പറ്റിയതിൽ സന്തോഷത്താൽ കരഞ്ഞു കണ്ണുകലങ്ങിയവരെയും ഭാരത് ജോഡോ യാത്രയിൽ കണ്ടു. ഇതിനെക്കാളുമുപരി രാഷ്ട്രീയത്തിൽ ഒന്നും അറിയാത്തവനെന്ന് പരിഹസിച്ച് ബി.ജെ.പി രാഹുലിനെ വിളിച്ചിരുന്ന 'പപ്പു' എന്ന നാമം താൻ അർഹിക്കുന്നില്ല എന്നതും ഭാരത് ജോഡോ യാത്രയിലൂടെ ഇന്ത്യൻ രാഷ്ട്രീയത്തെ ഓർമ്മിപ്പിക്കാൻ രാഹുലിന് കഴിഞ്ഞിട്ടുണ്ട്.

◗ ബാബു കദളിക്കാട്




SERVING OUR COMMUNITY FOR OVER 30 YEARS

INSURANCE AND FINANCIAL SERVICES

Insurance Issued by The Prudential Insurance Company of America, Newark, NJ and its affiliates.

PAM-210
1/2020

**Paul Vadukumcherry**
Financial Professional
CA Insurance License #0N09917
**The Prudential Insurance Company of America**
523 N. Zenith Drive, Glenview, IL 60025
Ph: **847 375 4444** Cell: **847 815 9491**
paul.vadukumcherry@prudential.com

Prudential

# 20,000 കോടിയുടെ എഫ്പിഒ പിൻവലിച്ച് അദാനി ഗ്രൂപ്പ്; നിക്ഷേപകർക്ക് പണം തിരികെ നൽകും



ന്യൂഡെൽഹി: ഹിൻഡർബർഗ് റിപ്പോർട്ടിന്റെ പശ്ചാത്തലത്തിൽ വമ്പൻ മൂല്യച്യുതി നേരിടുന്ന അദാനി ഗ്രൂപ്പ് കഴിഞ്ഞ ദിവസം ഏറെ കൊട്ടിഘോഷിച്ച് പ്രഖ്യാപിച്ച അനുബന്ധ ഓഹരി വിൽപ്പന (എഫ്പിഒ) റദ്ദാക്കി. ഏറെ അപ്രതീക്ഷിതമായി എടുത്ത തീരുമാനം നിക്ഷേപകരെ ഞെട്ടിച്ചു. രാത്രി വൈകി ചേർന്ന അദാനി ഗ്രൂപ്പ് ബോർഡ് യോഗമാണ് എഫ്പിഒ പിൻവലിക്കാനുള്ള തീരുമാനമെടുത്തത്.

എഫ്പിഒക്ക് പിന്തുണ നൽകിയ നിക്ഷേപകർക്ക് നന്ദിയുണ്ടെന്ന് ഗ്രൂപ്പ് ചെയർമാൻ ഗൗതം അദാനി പറഞ്ഞു. 'വിപണിയിൽ മുമ്പു കാണാത്ത സംഭവങ്ങളുണ്ടായി. ഞങ്ങളുടെ ഓഹരി വില ദിവസം മുഴുവൻ ചാഞ്ചാടി. ഈ അസാധാരണ സാഹചര്യത്തിൽ എഫ്പിഒയുമായി മുന്നോട്ടു പോകുന്നത് ധാർമികമായി ശരിയല്ലെന്ന് കമ്പനി ബോർഡ് വിലയിരുത്തി.

നിക്ഷേപകരുടെ താൽപ്പര്യം പരമപ്രധാനമാണ്. അതിനാൽ, നഷ്ട സാധ്യതയിൽ നിന്ന് അവരെ സംരക്ഷിക്കാൻ എഫ്പിഒയുമായി മുന്നോട്ടു പോകേണ്ടെന്ന് ബോർഡ് തീരുമാനിച്ചു,' അദാനി വ്യക്തമാക്കി.

ബജറ്റ് ദിനത്തിൽ അദാനി ഗ്രൂപ്പ് ഓഹരികളുടെ മൂല്യം 26.70 ശതമാനമാണ് ഇടിഞ്ഞത്. 20000 കോടി രൂപയുടെ എഫ്പിഒ വിജയകരമായെന്ന റിപ്പോർട്ടുകൾക്കിടെ ഓഹരിവില കുത്തനെ ഇടിഞ്ഞത് ദലാൽ സ്ട്രീറ്റിലാകെ പരിഭ്രാന്തി പരത്തി. 4.5 കോടി ഓഹരികൾ വിൽപ്പനയ്ക്ക് വെച്ചപ്പോൾ 5.08 കോടി ഓഹരികൾക്കുള്ള അപേക്ഷ ലഭിച്ചു. അബുദാബി ഇന്റർനാഷണൽ ഹോൾഡിംഗടക്കം ഓഹരികൾക്ക് വേണ്ടി രംഗത്തെത്തിയിരുന്നു.

അതേസമയം അദാനി ഓഹരികളുടെ വമ്പൻ വിലത്തകർച്ച ഓഹരി നിയന്ത്രാതാവായ സെബി അന്വേഷിക്കുകയാണെന്നാണ് വിവരം. ഓഹരി വില പെരുപ്പിച്ചു കാട്ടിയും നികുതി വെളുപ്പിക്കൽ കേന്ദ്രങ്ങളുപയോഗിച്ചും കള്ളപ്പണം വെളുപ്പിക്കലിലൂടെയുമാണ് അദാനി ഗ്രൂപ്പ് വൻ ആസ്തിയുണ്ടാക്കിയതെന്നാണ് യുഎസ് ആസ്ഥാനമായ ഹിൻഡൻബർഗ് റിസർച്ച് ആരോപിച്ചിരിക്കുന്നത്.

## അദാനിയുടെ തകർച്ചക്ക് കാരണം വിഴിഞ്ഞം പദ്ധതി നടപ്പിലാക്കുന്നതിലെ ശ്രീരാമകോപമെന്ന് സുബ്രഹ്മണ്യൻ സ്വാമി

ന്യൂഡൽഹി: അദാനി ഗ്രൂപ്പ് നേരിടുന്ന തകർച്ചക്ക് കാരണം വിഴിഞ്ഞം തുറമുഖ നിർമാണത്തിന് രാമസേതു മുറിക്കുന്നതിലുള്ള ശ്രീരാമകോപമാണെന്ന് മുതിർന്ന ബി.ജെ.പി നേതാവും മുൻ എം.പിയുമായ സുബ്രഹ്മണ്യൻ സ്വാമി. രാമസേതു മുറിച്ചു കടന്ന് കപ്പലുകൾക്ക് പോകാനാണ് പദ്ധതി. രാമസേതുവിനെ പൈതൃത സ്മാരകമായി പ്രഖ്യാപിക്കാൻ മോദി മടിക്കുന്നത് ഇത് കൊണ്ടാണ്.



അദാനിയോടൊപ്പം തകരാൻ പോകുന്നത് ആരാണെന്ന് ഊഹിക്കുന്നുവെന്നും സുബ്രഹ്മണ്യൻ സ്വാമി പറഞ്ഞു. ട്വിറ്ററിൽ ഒരു ട്വീറ്റിന് നൽകിയ മറുപടിയിലാണ് അദ്ദേഹത്തിന്റെ ഈ അഭിപ്രായം രേഖപ്പെടുത്തിയത്.

'അടുത്തിടെ ഏറ്റെടുത്ത കേരള തുറമുഖം രാമസേതു മുറിച്ച് തെക്കുകിഴക്കൻ ഏഷ്യയിലേക്കുള്ള കപ്പൽ ഗതാഗതത്തിനായി ബന്ധിപ്പിക്കാൻ അദാനി പദ്ധതിയിട്ടിരുന്നു. അത് കൊണ്ടാണ് രാമസേതു പൈതൃക സ്മാരകമാക്കാൻ മോദി വിസമ്മതിക്കുന്നത്.

ശ്രീരാമഭഗവാൻ ഇപ്പോൾ തന്റെ അഗ്നി ബാണം പുറത്തെടുത്തിരിക്കുന്നു. ഇനി ആരൊക്കെ തകരുമെന്ന് ഊഹിക്കുക?', സുബ്രഹ്മണ്യൻ സ്വാമി ട്വിറ്ററിൽ കുറിച്ചു.

### രക്തസാക്ഷിത്വം ഗാന്ധി കുടുംബത്തിന്റെ കുത്തകയല്ല

## ഇന്ദിരയുടെയും രാജീവിന്റേതും അപകടമരണം വിവാദ പരാമർശവുമായി മന്ത്രി





രക്തസാക്ഷിത്വം ഗാന്ധി കുടുംബത്തിന്റെ കുത്തകയല്ലെന്നും ഇന്ദിരാ ഗാന്ധിയുടെയും രാജീവ് ഗാന്ധിയുടെയും അപകടമരണങ്ങളായിരുന്നെന്നുമുള്ള വിവാദ പരാമർശവുമായി ഉത്തരാഖണ്ഡ് മന്ത്രിയും ബി.ജെ.പി. നേതാവുമായ ഗണേഷ് ജോഷി. ഗാന്ധി കുടുംബത്തിലുള്ളവർക്ക് സംഭവിച്ചത് അപകട മരണങ്ങളാണ്. അപകടമരണവും രക്തസാക്ഷിത്വവും തമ്മിൽ വ്യത്യാസമുണ്ടെന്നും ഗണേഷ് ജോഷി പറഞ്ഞു.

ഭാരത് ജോഡോ യാത്രയുടെ സമാപന ചടങ്ങിൽരാഹുൽഗാന്ധിനടത്തിയപ്രസംഗം സംബന്ധിച്ചുള്ള മാദ്ധ്യമപ്രവർത്തകരുടെ ചോദ്യത്തിന് മറുപടി പറയുകയായിരുന്നു അദ്ദേഹം. രാഹുൽ ഗാന്ധിയുടെ ബുദ്ധിയിൽ സഹതാപം തോന്നുന്നു. രക്തസാക്ഷിത്വം ഗാന്ധി കുടുംബത്തിന്റെ കുത്തകയല്ല. ഇന്ത്യയുടെസ്വാതന്ത്ര്യത്തിനുവേണ്ടിരക്തസാക്ഷിത്വം വരിച്ചവരാണ് ഭഗത് സിംഗ്, സവർക്കർ, ചന്ദ്രശേഖർ ആസാദ് തുടങ്ങിയവർ. ഗാന്ധി കുടുംബാംഗങ്ങൾക്ക് സംഭവിച്ചത് അപകടങ്ങളായിരുന്നു.

അപകടങ്ങളും രക്തസാക്ഷിത്വവും തമ്മിൽ വ്യത്യാസമുണ്ടെന്നു പറഞ്ഞ ജോഷി ഒരാൾക്ക് അയാളുടെ ബുദ്ധിക്ക് അനുസരിച്ചേ സംസാരിക്കാൻ കഴിയൂയെന്ന് പരിഹസിക്കുകയും ചെയ്തു. ഭാരത് ജോഡോ യാത്ര സമാധാനപരമായി അവസാനിച്ചതിനു കാരണം പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ്. ജമ്മു കാശ്മീരിന്റെ പ്രത്യേക പദവി റദ്ദാക്കി സാധാരണ നിലയിലേക്ക് എത്തിച്ചില്ലായിരുന്നെങ്കിൽ രാഹുൽ ഗാന്ധിക്ക് ലാൽ ചൗക്കിൽ ഇന്ത്യൻപതാകയുയർത്താൻകഴിയുമായിരുന്നില്ലെന്നും അദ്ദേഹം പറഞ്ഞു.

അക്രമത്തിന്റെ വേദന പ്രധാനമന്ത്രി നരേന്ദ്രമോദിക്കും അമിത് ഷായ്ക്കും മനസ്സിലാവില്ലെന്നും കാശ്മീരിലെ ജനങ്ങൾക്കു മനസ്സിലാവുമെന്നുമാണ് ഇന്ദിരാ ഗാന്ധിയുടെയും രാജീവ് ഗാന്ധിയുടെയും കൊലപാതകത്തെ ഓർത്തുകൊണ്ട് ഭാരത് ജോഡോ യാത്രയുടെ സമാപനത്തിൽ രാഹുൽ പറഞ്ഞത്.

## എ.പി. സിംഗ് വ്യോമ സേനയുടെ വൈസ് മേധാവി



ന്യൂഡൽഹി: ഇന്ത്യൻ വ്യോമസേനയുടെ വൈസ് എയർ മാർഷലായി അമർ പ്രീത് സിംഗ് ചുമതലയേറ്റു. 39 വർഷത്തെ സേവനത്തിനു ശേഷം വിരമിച്ച എയർ മാർഷൽ സന്ദീപ് സിംഗിന്റെ പിൻഗാമിയായാണ് അദ്ദേഹം ചുമതലയേറ്റത്. അധികാരമേറ്റ ശേഷം ദേശീയ യുദ്ധ സ്മാരകത്തിലെത്തി വീരമൃത്യു വരിച്ച സൈനികർക്ക് അദ്ദേഹം പുഷ്പചക്രം അർപ്പിച്ചു. നാഷണൽ ഡിഫൻസ് അക്കാഡമി, ഡിഫൻസ് സർവീസസ് സ്റ്റാഫ് കോളേജ്, നാഷണൽ ഡിഫൻസ് കോളേജ് എന്നിവയിലെ പൂർവ വിദ്യാർത്ഥിയായ അദ്ദേഹം 1984ൽ വ്യോമസേനയുടെ ഫൈറ്റർ സ്ട്രീമിലേക്ക് കമ്മിഷൻ ചെയ്യപ്പെട്ടു.

ഫ്ളയിംഗ് ഇൻസ്ട്രക്ടറുമാണ്. വിവിധ ഫിക്സഡ്, റോട്ടറിവിംഗ് വിമാനങ്ങളിൽ 5000 മണിക്കൂർ പറന്ന അനുഭവ സമ്പത്തുണ്ട്. വ്യോമസേനാ ആസ്ഥാനത്ത് അദ്ദേഹത്തിന് ഗാർഡ് ഒഫ് ഓണർ നല്കി. തന്റെ കരിയറിൽ, ഉദ്യോഗസ്ഥൻ ഒരു ഓപ്പറേഷൻ ഫൈറ്റർ സ്ക്വാഡ്രണിനും ഒരു മുൻനിര വ്യോമതാവളത്തിനും കമാൻഡർ ചെയ്തിട്ടുണ്ട്. ഒരു പരീക്ഷണ പൈലറ്റെന്ന നിലയിൽ, റഷ്യയിലെ മോസ്കോയിൽ മിഗ് 29 അപ്ഗ്രേഡ് പ്രോജക്ട് മാനേജ്മെന്റ് ടീമിനെ നയിച്ചു. ലൈറ്റ് കോംബാറ്റ് എയർക്രാഫ്റ്റിന്റെ (തേജസ്) ഫ്ളൈറ്റ് ടെസ്റ്റിംഗ് നോക്കുന്ന നാഷണൽ ഫ്ളൈറ്റ് ടെസ്റ്റ് സെന്ററിലെ പ്രോജക്ട് ഡയറക്ടറും (ഫ്ളൈറ്റ് ടെസ്റ്റ്) അദ്ദേഹം ആയിരുന്നു. സൗത്ത് വെസ്റ്റേൺ എയർ കമാൻഡിൽ എയർ ഡിഫൻസ് കമാൻഡർ, ഈസ്റ്റേൺ എയർ കമാൻഡിൽ സീനിയർ എയർ സ്റ്റാഫ് ഓഫീസർ തുടങ്ങിയ പ്രധാന സ്റ്റാഫ് നിയമനങ്ങൾ അദ്ദേഹം വഹിച്ചിട്ടുണ്ട്. നിലവിലെ നിയമനം ഏറ്റെടുക്കുന്നതിന് മുമ്പ്, അദ്ദേഹം സെൻട്രൽ എയർ കമാൻഡിലെ എയർ ഓഫീസർ കമാൻഡിംഗ്ഇൻചീഫായിരുന്നു.

പരം വിശിഷ്ട സേവാ മെഡലും അതി വിശിഷ്ട സേവാ മെഡലും എയർ മാർഷൽ നേടിയിട്ടുണ്ട്. 39 വർഷത്തിലേറെ നീണ്ട സേവനത്തിന് ശേഷം 2023 ജനുവരി 31 ന് വിരമിച്ച എയർ മാർഷൽ സന്ദീപ് സിംഗിന്റെ പിൻഗാമിയായി അദ്ദേഹം ചുമതലയേറ്റു. (എഎൻഐ)




# അമൃതകാലത്തേക്കുള്ള വികസന ബഡ്ജറ്റ്

## ആദായനികുതി ഇളവ് പരിധി 7 ലക്ഷം, അടിസ്ഥാന വികസനത്തിന് 10 ലക്ഷം കോടി, റെയിൽവേയ്ക്ക് 2.40 ലക്ഷം കോടി, പ്രതിരോധത്തിന് 5.94 ലക്ഷം കോടി




ന്യൂഡൽഹി: ഇടത്തരക്കാരെയും ക്ഷേമ, തൊഴിൽ പരിശീലന പദ്ധതികളിലൂടെ സ്ത്രീകളെയും യുവാക്കളെയും ചേർത്തുപിടിച്ച് രണ്ടാം മോദി സർക്കാരിന്റെ അവസാന സമ്പൂർണ ബഡ്ജറ്റ്. 2024ൽ നടക്കുന്ന പൊതു തിരഞ്ഞെടുപ്പ് മുന്നിൽക്കണ്ടുള്ള ബഡ്ജറ്റ് എന്നാണ് രാഷ്ട്രീയ വിലയിരുത്തൽ. ആദായ നികുതി ഇളവ് പരിധി 7 ലക്ഷമാക്കി അടിസ്ഥാനസൗകര്യ വികസനം, കൃഷി, സ്റ്റാർട്ടപ്പ്, വിദ്യാഭ്യാസം, ആരോഗ്യം, ഹരിതോർജം എന്നിവയ്ക്കും ധനമന്ത്രി നിർമ്മലാ സീതാരാമൻ ഊന്നൽ നൽകി. അതേസമയം കേരളത്തിനായി പ്രഖ്യാപനങ്ങളൊന്നുമില്ല.

ഇറക്കുമതി ചെയ്യുന്ന സ്വർണം, അമൂല്യരത്നം, വെള്ളിയാഭരണങ്ങൾ എന്നിവയ്ക്ക് നികുതി കൂട്ടി. സിഗററ്റിനും വില കൂടും. ഇറക്കുമതി ചെയ്യുന്ന റബറിന് നികുതി കൂട്ടിയത് കേരളത്തിന് ഗുണം ചെയ്യും. കോമ്പൗണ്ടഡ് റബറിന്റെഅടിസ്ഥാനഇറക്കുമതിതീരുവ 10ൽ നിന്ന് 25ശതമാനമാക്കി. മൊബൈൽഫോൺ, ടിവി, ഇലക്ട്രിക് വാഹനങ്ങൾ എന്നിവയ്ക്ക് വിലകുറയാൻ വഴിയൊരുക്കി നിർമ്മാണഘടകങ്ങളുടെ ഇറക്കുമതിത്തീരുവ കുറച്ചു.

മൃഗസംരക്ഷണം, ഡെയറി, മത്സ്യബന്ധനം എന്നിവയ്ക്ക് 20 ലക്ഷം കോടി രൂപയുടെ കാർഷിക വായ്പ ഉറപ്പാക്കി. നടീൽ വസ്തുക്കൾക്കായി 2,200 കോടി രൂപ ചെലവിൽ ആത്മനിർഭർ ഹോർട്ടികൾച്ചർ ക്ലീൻ പ്ലാന്റ് പ്രോഗ്രാം, ഇന്ത്യയെ ചെറുധാന്യങ്ങളുടെ ആഗോള കേന്ദ്രമാക്കാനുള്ള 'ശ്രീ അന്ന' പദ്ധതി, ഫിഷറീസ് മേഖലയ്ക്ക് 6,000 കോടി രൂപ നിക്ഷേപത്തോടെ പ്രധാനമന്ത്രി മത്സ്യസമ്പത്ത് യോജനയുടെ ഉപപദ്ധതി എന്നിവയുമുണ്ട്.

അടിസ്ഥാന സൗകര്യ വികസനത്തിന് 10 ലക്ഷം കോടി രൂപയാണ് മാറ്റിവച്ചത്. 2022ൽ ഇത് 7.5 കോടിയായിരുന്നു. റെയിൽവേയ്ക്ക് അനുവദിച്ചത് റെക്കാഡ് തുകയായ 2.40 ലക്ഷം കോടി രൂപയാണ്. പ്രതിരോധമേഖലയ്ക്ക് വകയിരുത്തിയത് 5.94 ലക്ഷം കോടി രൂപ. നടപ്പുവർഷത്തെ 5.25 ലക്ഷം കോടി രൂപയേക്കാൾ 13 ശതമാനം അധികം.

സംസ്ഥാന സർക്കാരുകൾക്ക് മൂലധന നിക്ഷേപത്തിന് 13.7 ലക്ഷം കോടി രൂപ നൽകും. സംസ്ഥാനങ്ങൾക്കുള്ള 50 വർഷത്തെ പലിശ രഹിത വായ്പ ഒരു വർഷത്തേക്ക് കൂടി തുടരും. പ്രാദേശിക വിമാന സർവീസുകൾ പ്രോത്സാഹിപ്പിക്കാൻ 50 വിമാനത്താവളങ്ങളും ഹെലിപ്പാഡുകളും പ്രഖ്യാപിച്ചു.

നഗരങ്ങളിൽ സെപ്റ്റിക് ടാങ്കുകളും അഴുക്കുചാലുകളും വൃത്തിയാക്കുന്നത് പൂർണമായിയന്ത്രവത്കൃതമാക്കുന്നതിന് 1000 കോടി രൂപയും അനുവദിച്ചു. കർണാടകയിൽ തിരഞ്ഞെടുപ്പ് മുന്നിൽ കണ്ട് 5,300 കോടി രൂപ വകയിരുത്തി.

### മുൻഗണന, സപ്തർഷികൾ


സമഗ്ര വികസനം, അവസാന ലക്ഷ്യത്തിലേക്കെത്തൽ, അടിസ്ഥാന സൗകര്യങ്ങളും നിക്ഷേപവും, സാദ്ധ്യതകൾ വിനിയോഗിക്കൽ, ഹരിത വളർച്ച, യുവശക്തി, സാമ്പത്തിക മേഖല എന്നീ ഏഴ് മുൻഗണനാ വിഭാഗങ്ങളായാണ് ധനമന്ത്രി ബഡ്ജറ്റ് പ്രഖ്യാപനങ്ങൾ നടത്തിയത്. കർഷകർ, സ്ത്രീകൾ, യുവജനങ്ങൾ, ഒ.ബി.സി, പട്ടികജാതി, പട്ടികവർഗം, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിഭാഗങ്ങൾ എന്നിവരുടെയും സമഗ്രമായ വികസനമാണ് ലക്ഷ്യം

### വിലകുറയുന്നത്

മൊബൈൽ ഫോൺ, ടിവി, ലിഥിയം-അയൺ ബാറ്ററി, വാഹനം, ഇലക്ട്രിക് വാഹനം, സൈക്കിൾ, കളിപ്പാട്ടം, വജ്രാഭരണ നിർമ്മാണത്തിനുള്ള ഡയമണ്ട് സീഡുകൾ, ചെമ്മീൻ കൃഷിക്കായുള്ള ഷ്രിംപ് ഫീഡ്.

### വിലകൂടുന്നത്

ഇറക്കുമതി ചെയ്യുന്ന സ്വർണാഭരണം, വെള്ളി, പ്ളാറ്റിനം, സിഗററ്റ്, അടുക്കള ചിമ്മിനി, കോമ്പൗണ്ടഡ് റബർ, പൂർണമായി വിദേശത്ത് നിർമ്മിച്ച് ഇറക്കുമതി ചെയ്യുന്ന കാറുകൾ, ഇലക്ട്രിക് കാറുകൾ.




## 7 ലക്ഷം വരെ ആദായ നികുതിയില്ല; നേട്ടം പുതിയ സ്കീമിലുള്ളവർക്ക്

കൊച്ചി: പുതിയ ആദായനികുതി സ്കീമിലേക്ക് കൂടുതൽ പേരെ ആകർഷിക്കാനായി ഏഴു ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ളവർക്ക് നികുതി പൂർണമായും ഒഴിവാക്കി. പുതിയ സ്കീമിലെ സ്ളാബ് ഘടനയും പരിഷ്കരിച്ചു. നിലവിൽ ഏറ്റവുമധികം പേർ പിന്തുടരുന്ന പഴയ നികുതി സ്കീമിൽ മാറ്റമോ, ഇളവോയില്ല. പഴയ സ്കീമിൽ തുടരണമെങ്കിൽ ഇനി ഓപ്ഷൻ നൽകണം. അല്ലെങ്കിൽ പുതിയതിലേക്ക് മാറിയതായി കണക്കാക്കും. സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ തന്നെ ഏതാണ് താത്പര്യമെന്ന് അറിയിക്കണം. കഴിഞ്ഞ ബഡ്ജറ്റിൽ അവതരിപ്പിച്ച പുതിയ സ്കീമിൽ ചേർന്നവർ 20 ശതമാനം മാത്രം. ഇന്ത്യയിലാകെ 8 കോടി ആദായനികുതി ദായകരുണ്ട്.

### റിബേറ്റ്

1. നിലവിൽ 5 ലക്ഷം രൂപവരെ വാർഷിക വരുമാനമുള്ളവർക്ക് 100 ശതമാനം റിബേറ്റുള്ളതിനാൽ ആദായനികുതി അടയ്ക്കേണ്ട. ഇത് പുതിയതും പഴയതുമായ സ്കീമുകൾക്ക് ബാധകമായിരുന്നു

2. ഇന്നലത്തെ ബഡ്ജറ്റിൽ പുതിയ സ്കീമിലുള്ളവർക്കു മാത്രമാണ് 7 ലക്ഷം രൂപവരെയുള്ള വരുമാനത്തിന് 100 ശതമാനം ഇളവ് അനുവദിച്ചത്. പഴയ സ്കീമിൽ ആനുകൂല്യം 5 ലക്ഷം വരെ മാത്രം

3. പഴയ സ്കീമിൽ ഇൻഷുറൻസ്, ഭവന വായ്പ, സേവിംഗ്സ് നിക്ഷേപങ്ങൾ, വീട്ടുവാടക തുടങ്ങി 70 ഓളം കാര്യങ്ങൾക്ക് ഇളവുണ്ട്. പുതിയ സ്കീമിൽ ഇത്തരം ഇളവുകളേ ലഭിക്കില്ല

### പുതിയ സ്കീം

പുതിയ സ്കീം പ്രകാരം വാർഷിക വരുമാനം 7 ലക്ഷം കഴിഞ്ഞാൽ മൊത്തം തുകയ്ക്കും നികുതി ഈടാക്കുന്നത് ഓരോ സ്ലാബിലും വരുന്ന തുകയായി വിഭജിച്ചാണ്. ഉദാഹരണത്തിന് പത്തു ലക്ഷമാണ് വരുമാനമെങ്കിൽ, ആദ്യ മൂന്നു ലക്ഷത്തിനില്ല. അടുത്ത സ്ലാബിൽ വരുന്ന മൂന്നു ലക്ഷത്തിന് 5%. തൊട്ടടുത്ത സ്ലാബിലെ മൂന്നു ലക്ഷത്തിന് 10%. ഇപ്രകാരമാണ് സ്ലാബ് തിരിച്ചിരിക്കുന്നത്.

(0-3ലക്ഷംരൂപവരെനികുതിയില്ല, 3-6 ലക്ഷം രൂപവരെ 5%, 6-9 ലക്ഷം രൂപവരെ 10%, 9-12 ലക്ഷം രൂപവരെ 15%, 12-15 ലക്ഷം രൂപവരെ 20%, 15 ലക്ഷം രൂപ മുതൽ 30%)

### നേട്ടം ഇങ്ങനെ

9 ലക്ഷം രൂപവരെ വരുമാനമെങ്കിൽ നിലവിൽ 60,000 രൂപ നികുതി അടയ്ക്കണം. പുതിയ സ്ളാബ് പ്രകാരം 45,000 രൂപയടച്ചാൽ മതി. 15 ലക്ഷം രൂപവരെ വരുമാനമുള്ളയാളുടെ നികുതി ബാദ്ധ്യത 1,87,500 രൂപയിൽ നിന്ന് 1.5 ലക്ഷമായി കുറയും

### പഴയ സ്കീം

0-2.5 ലക്ഷം രൂപവരെ നികുതിയില്ല, 2.5-5 ലക്ഷം രൂപവരെ 5%, 5-10 ലക്ഷം രൂപവരെ 20%, 10 ലക്ഷം രൂപ മുതൽ 30%.

### സ്റ്റാൻഡേർഡ് ഡിഡക്ഷൻ

പഴയ നികുതി സ്കീമിലുള്ളവർക്ക് ലഭിക്കുന്ന 50,000 രൂപയുടെ സ്റ്റാൻഡേർഡ് ഡിഡക്ഷനും പുതിയ സ്കീമുകാർക്ക് ലഭ്യമാക്കി. നികുതിബാധകമായ മൊത്ത വരുമാനത്തിൽ നിന്ന് 50,000 രൂപ കുറച്ചശേഷം ബാക്കിത്തുകയ്ക്ക് നികുതിയടച്ചാൽ മതി. പുതിയ സ്കീമിൽ വാർഷികവരുമാനം 15.5 ലക്ഷം രൂപയാണെങ്കിൽ സ്റ്റാൻഡേർഡ് ഡിഡക്ഷൻ 52,500 രൂപയാണ്.

## റെയിൽവേയ്ക്ക് റെക്കാഡ് വിഹിതം; 2.40 ലക്ഷം കോടി

ന്യൂഡൽഹി: റെയിൽവേയ്ക്ക് ചരിത്രത്തിലെ തന്നെ ഏറ്റവും ഉയർന്ന വിഹിതവുമായി രണ്ടാം നരേന്ദ്ര മോദി സർക്കാരിന്റെ അവസാനസമ്പൂർണ്ണബഡ്ജറ്റ്. പൊതുബഡ്ജറ്റിൽ 2.40 ലക്ഷം കോടി രൂപയാണ് ധനമന്ത്രി നിർമ്മല സീതാരാമൻ റെയിൽവേക്കായി നീക്കിവെച്ചത്. 2013-2014 ൽ അനുവദിച്ച തുകയുടെ ഒമ്പത് മടങ്ങാണിത്. ഇന്ത്യൻ റെയിൽവെയുടെ സമഗ്ര വികസനം ലക്ഷ്യമിട്ടാണ് ഇത്രയും വലിയ തുക അനുവദിച്ചതെന്ന് ധനമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു. 2022-23 ബഡ്ജറ്റിൽ റെയിൽവെയ്ക്ക് 1.4 ലക്ഷം കോടി രൂപയാണ് അനുവദിച്ചിരുന്നത്.

### ബഡ്ജറ്റ് ഊന്നൽ നൽകുന്നത്



പദ്ധതികളുടെ പൂർത്തീകരണത്തിനും അടിസ്ഥാന സൗകര്യവികസനത്തിനും ഊന്നൽ നൽകുന്നതാണ് ഈ വർഷത്തെ റെയിൽവെ ബഡ്ജറ്റ്. അതിവേഗ ട്രെയിനുകൾ ഉടൻ പ്രവർത്തനക്ഷമമാക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കും. 2022 ലെ കേന്ദ്ര ബഡ്ജറ്റിൽ ഗതി ശക്തി ദേശീയ മാസ്റ്റർ പ്ലാനിൽ ശ്രദ്ധ കേന്ദ്രീകരിച്ചു. ഇത്തവണയും ഇത് മുൻഗണനയായി തുടരും. അടുത്ത മൂന്ന് വർഷത്തിനുള്ളിൽ 400 പുതു തലമുറ വന്ദേ ഭാരത് ട്രെയിനുകൾ നിർമ്മിക്കും.

പുതിയ വന്ദേഭാരത് ട്രെയിനുകൾക്കും വന്ദേഭാരത് 2.0 സ്ലീപ്പർ ക്ലാസ് ട്രെയിനുകൾക്കും കൂടുതൽ തുക നീക്കിവെച്ചു. പുതിയ ട്രാക്കുകൾ സ്ഥാപിക്കുന്നതിനും സെമി ഹൈസ്പീഡ് വന്ദേഭാരത് ട്രെയിനുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും ഹൈഡ്രജൻ പവർ ട്രെയിനുകൾ അവതരിപ്പിക്കുന്നതിനും അഹമ്മദാബാദ് മുംബൈ ബുള്ളറ്റ് ട്രെയിൻ പ്രൊജക്ടിനും ഫണ്ട് അനുവദിച്ചു.







## ചില വിട്ടു വീഴ്ചകൾ വേണ്ടിവരും; കാസ്റ്റിങ് കൗച്ച് അനുഭവം വെളിപ്പെടുത്തി നയൻതാര



സിനിമാ പ്രേമികളുടെ ഇഷ്ട താരമാണ് നയൻതാര. മലയാളത്തിലൂടെ കരിയർ തുടങ്ങിയ നടി വളരെ പെട്ടെന്ന് തന്നെ തെന്നിന്ത്യൻ സിനിമയിലെ തിരക്കേറിയ താരമായി. സ്വന്തം പരിശ്രമം കൊണ്ടാണ് താരം ലേഡി സൂപ്പർ സ്റ്റാർ എന്ന താരപദവി സ്വന്തമാക്കിയത്. ഇപ്പോഴിതാ തനിക്ക് നേരിടേണ്ടി വന്ന കാസ്റ്റിങ് കൗച്ച് അനുഭവം വെളിപ്പെടുത്തി രംഗത്ത് എത്തിയിരിക്കുകയാണ് നയൻതാര. അടുത്തിടെ ഒരു മാധ്യമത്തിന് നൽകിയ അഭിമുഖത്തിലാണ് തനിക്ക് നേരിടേണ്ടി വന്ന മോശം അനുഭവത്തെ കുറിച്ച് വെളിപ്പെടുത്തിയത്.കരിയറിന്റെ തുടക്കത്തിൽ ഒരു വലിയ ചിത്രത്തിന് വേണ്ടി അവർ എന്നെ സമീപിച്ചു. എന്നാൽ ചില വിട്ടുവീഴ്ചകൾ ചെയ്യേണ്ടി വരുമെന്ന് അവർ പറഞ്ഞു. ആ അവസരം ഒഴിവാക്കുകയായിരുന്നു എന്നാണ് താരം പറഞ്ഞത്. ഇപ്പോൾ ബോളിവുഡ് അരങ്ങേറ്റത്തിന് തയാറെടുക്കുകയാണ് നയൻ. ഷാറൂഖ് ഖാൻ ചിത്രമായ ജവാനിലൂടെയാണ് തുടക്കം.

## മുണ്ടയ്ക്കൽശേഖരൻ വിജയ്‌യുമായി പിണങ്ങിയിട്ട് 15 വർഷം

ദേവാസുര'ത്തിലെ മുണ്ടയ്ക്കൽ ശേഖരൻ എന്ന ഒറ്റ കഥാപാത്രം മതി മലയാളികൾക്ക് നെപ്പോളിയൻ എന്ന നടനെ ഓർമിക്കാൻ. നിലവിൽ അമേരിക്കയിൽ സ്ഥിരതാമസമാക്കിയിരിക്കുകയാണ് അദ്ദേഹം. നടൻ വിജയിയുമായുള്ള പിണക്കത്തേക്കുറിച്ചും അത് അവസാനിപ്പിക്കാൻ താനൊരുക്കമാണെന്നും തുറന്നുപറഞ്ഞിരിക്കുകയാണ് അദ്ദേഹം.ഒരു അഭിമുഖത്തിലാണ് നെപ്പോളിയൻ ഇക്കാര്യം പറഞ്ഞത്.




2007-ൽ പോക്കിരി എന്ന ചിത്രത്തിന്റെ സെറ്റിൽ വെച്ചാണ് ഇരുവരും അകലാനിടയായ സംഭവം നടന്നത്. ഇതിനു ശേഷം ഇരുവരും തമ്മിൽ കാണുകയോ സംസാരിക്കുകയോ ചെയ്തിട്ടില്ല. ആ സംഭവത്തിനുശേഷം വിജയ് അഭിനയിച്ച ചിത്രങ്ങൾ കാണുന്നതുപോലും നിർത്തിയെന്ന് നെപ്പോളിയൻ പറഞ്ഞു.എന്നാലിപ്പോൾ വിജയിയുമായുള്ള പിണക്കം അവസാനിപ്പിക്കാനും ഒരുമിച്ച് അഭിനയിക്കണമെന്നുമാണ് നെപ്പോളിയൻ ആഗ്രഹം പ്രകടിപ്പിച്ചിരിക്കുന്നത്.




# നാഗ ചൈതന്യ- ശ്രുതിഹാസൻ പ്രണയ തകർച്ചയ്ക്ക് കാരണം അക്ഷരയോ

നടൻ നാഗചൈതന്യയുടേയും നടി സമാന്തയുടേയും വിവാഹമോചനം തെന്നിന്ത്യൻ സിനിമാലോകത്തെ ഏറെ ഞെട്ടിച്ച താരവിവാഹ മോചനം ആയിരുന്നു. നാല് വർഷത്തെ ദാമ്പത്യ ജീവിതത്തിന് ശേഷം 2021 ഒക്ടോബറിലാണ് ഇരുവരും വേർപിരിഞ്ഞത്. അടുത്തിടെ നാഗ ചൈതന്യയും ബോളിവുഡ് നടി ശോഭിത ധൂലിപാലയും പ്രണയത്തിലാണെന്ന രീതിയിൽ ഗോസിപ്പ് വാർത്തകൾ സോഷ്യൽമീഡിയയിൽ പ്രചരിച്ചിരുന്നു. എന്നാൽ ഇത്തരം വാർത്തകൾ പരത്തുന്നത് നാഗചൈതന്യയുടെ പ്രതിച്ഛായ തകർക്കാനായി മുൻഭാര്യയും നടിയുമായ സാമന്തയുടെ പി.ആർ ടീം നടത്തുന്ന ശ്രമമാണെന്നുൾപ്പെടെ നാഗചൈതന്യയുടെ ആരാധകർ സോഷ്യൽമീഡിയയിൽ പ്രചരിപ്പിക്കുകയുമുണ്ടായി. സാമന്തയുമായി അടുക്കും മുമ്പ് തെന്നിന്ത്യൻ നിട ശ്രുതി ഹാസനുമായി നാഗ ചൈതന്യ പ്രണയത്തിലായിരുന്നുവെന്ന് റിപ്പോർട്ടുകളുണ്ടായിരുന്നു. ആ ബന്ധം തകർന്ന ശേഷമാണ് നാഗചൈതന്യ സാമന്തയെ കണ്ടെത്തിയത് എന്നാണ് അന്ന് വാർത്തകൾ വന്നത്. വിവാഹത്തിലേക്ക് അടുക്കും മുമ്പാണ് ശ്രുതിയും നാഗചൈതന്യയും വേർപിരിഞ്ഞത് എന്നാണ് റിപ്പോർട്ട്. പ്രേമം തെലുങ്ക് റീമേക്കിൽ ശ്രുതി ഹാസനും നാഗ ചൈതന്യയും ഒരുമിച്ച് അഭിനയിച്ചിരുന്നു. നാഗചൈതന്യയുടെ മുൻകാല പ്രണയങ്ങൾ ചർച്ച ചെയ്യപ്പെടുമ്പോൾ പൊതുവെ ശ്രുതിയുടെ പേര് ചർച്ച ചെയ്യപ്പെടാറില്ല. 2013 ൽ ഒരു പൊതുസുഹൃത്ത് വഴിയാണ് ശ്രുതി ഹാസനും നാഗ ചൈതന്യയും പരിചയപ്പെടുന്നത്. രണ്ടാളും തെന്നിന്ത്യൻ സിനിമയിലെ പ്രമുഖ നടന്മാർക്ക് ജനിച്ച മക്കളായത് കൊണ്ട് താരമൂല്യം ചെറുപ്പത്തിലെ ലഭിച്ചവരാണ്. സിനിമയിലേക്കുള്ള വരവും ഏകദേശം ഒരുപോലെയാണ്. പരിചയം പിന്നാലെ ഇഷ്ടമായി മാറിയതോടെ രണ്ടാളും ഡേറ്റിങ് ആരംഭിച്ചു. പരസ്പരം കാണാതിരിക്കാൻ പോലും സാധിക്കാത്ത അത്രയും ആഴത്തിലുള്ള പ്രണയമായിരുന്നു ശ്രുതിയും നാഗചൈതന്യയും തമ്മിലെന്നാണ് അടുത്തിടെ പുറത്ത് വന്നൊരു റിപ്പോർട്ടിൽ സൂചിപ്പിച്ചത്. 2013 ലെ സൗത്ത് ഫിലിം ഫെയർ പുരസ്കാര വേദിയിലെത്തിയപ്പോൾ ഇരുവരും തമ്മിലുള്ള അടുപ്പം ചർച്ചയാവുകയും ചെയ്തു. ശ്രുതിയും നാഗയും വിവാഹിതരാവുമെന്ന് തന്നെ മാധ്യമങ്ങൾ വാർത്ത നൽകിയിരുന്നു. ഒരിക്കൽ ശ്രുതി ഹാസനും നാഗ ചൈതന്യയ്ക്കും ഒപ്പം നടിയുടെ ഇളയ സഹോദരി അക്ഷര ഹാസനും ഒരു ചടങ്ങിൽ പങ്കെടുത്തതായി റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. അവിടെ വെച്ച് ശ്രുതിയ്ക്ക് സ്റ്റേജിൽ പെർഫോം ചെയ്യേണ്ടത് കൊണ്ട് സഹോദരിയെ കൂടെ കൂട്ടണമെന്ന് നാഗയോട് പറയുകയും ചെയ്തു. എന്നാൽ സമയം ഇല്ലാത്തത് കാരണം അക്ഷരയെ കൂട്ടാതെ നാഗ ഒറ്റയ്ക്ക് പോയി. ഇതിന് പിന്നാലെ ശ്രുതിയും നാഗയും തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടാവുകയും രണ്ടാളും വേർപിരിയുന്ന അവസ്ഥയിലേക്ക് വരെ കാര്യങ്ങൾ എത്തുകയും ചെയ്തു. നാഗയും ശ്രുതിയും വേർപിരിഞ്ഞ് നിൽക്കുന്ന സമയത്താണ് നടി സാമന്ത രുത്പ്രഭു നടൻ സിദ്ധാർഥും തമ്മിൽ വേർപിരിയുന്നത്. വൈകാതെ സാമന്തയും നാഗയും തമ്മിൽ അടുപ്പത്തിലായി. ഇരുവരെയും കുറിച്ച് നിരവധി ഗോസിപ്പുകൾ വന്നിരുന്നെങ്കിലും 2016 ലാണ് അത് സത്യമാണെന്ന് സാമന്ത അറിയിച്ചത്.



## കൊഹ്ലിയും അനുഷ്കയും ആത്മീയ യാത്രയിൽ




ആത്മീയ യാത്ര നടത്തി വിരാട് കോഹ്ലിയും അനുഷ്ക ശകർമ്മയും. ഋഷികേശിലെത്തിയ ദമ്പതികൾ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഗുരുവായ ദയാനന്ദഗിരിയുടെ ആശ്രമം സന്ദർശിച്ച് അനുഗ്രഹം വാങ്ങി. ഇരുവരും ആശ്രമത്തിൽ ഇരിക്കുന്ന ചിത്രങ്ങൾ സമൂഹമാദ്ധ്യമങ്ങളിൽ വൈറലാകുകയാണ്. ഓസ്ട്രേലിയയ്ക്കെതിരായ ടെസ്റ്റ് പരമ്പരയ്ക്ക് മുമ്പാണ് കോഹ്ലിയുടെ ഋഷികേശ് സന്ദർശനം. കോഹ്ലിയും അനുഷ്കയും ആശ്രമത്തിലെ പൊതു ചടങ്ങുകളിൽ പങ്കെടുക്കുമെന്നും തുടർന്ന് ഭണ്ഡാര (മത വിരുന്ന്) സംഘടിപ്പിക്കുമെന്നും റിപ്പോർട്ടുണ്ട്. മകൾ വാമികയ്ക്കൊപ്പം വൃന്ദാവനിലെ ഒരു ആശ്രമത്തിൽ ഇരുവരും അനുഗ്രഹം തേടി ദിവസങ്ങൾക്ക് ശേഷമാണ് വിരാടും അനുഷ്കയും ഋഷികേശ് സന്ദർശിക്കുന്നത്.

## തൃഷയും വിജയ്‌യും ഒന്നിക്കുന്നു





തൃഷ- വിജയ് ജോഡി ഏവർക്കും പ്രിയപ്പെട്ട താരജോഡി ആണ്. ഇരുവരും ഒരുമിച്ചു അഭിനയിച്ച ചിത്രങ്ങൾ എല്ലാം തന്നെ സൂപ്പർ ഹിറ്റ് ആയിരുന്നു. ഇപ്പോൾ ആരാധകരെ ഏറെ സന്തോഷത്തിൽ ആക്കുന്ന ഒരു വാർത്ത ആണ് ഇപ്പോൾ പുറത്തു വരുന്നത്. ഏറെ നാളുകൾക്ക് ശേഷം ദളപതി 67ൽ വിജയ്ക്കൊപ്പം തൃഷ എത്തുന്നു എന്ന വാർത്തയാണ് ഇപ്പോൾ പുറത്തു വരുന്നത്.ലോകേഷ് കനകരാജിന്റെ സംവിധാനം ചെയ്യുന്ന ചിത്രത്തിൽ വിജയ് നായകനാകുന്നുവെന്നതാണ് 'ദളപതി 67'ന്റെ പ്രത്യേകത. ചിത്രത്തിലെ അഭിനേതാക്കളിൽ ചിലരെ കഴിഞ്ഞ ദിവസം പ്രഖ്യാപിച്ചിരുന്നു. ഇപ്പോഴിതാ വിജയ് യുടെ നായിക ആയി തൃഷ എത്തുമെന്ന് അറിയിച്ചിരിക്കുകയാണ് അണിയറ പ്രവർത്തകർ.വിജയ്‌യും തൃഷയും 14 വർഷങ്ങൾക്ക് ശേഷമാണ് വീണ്ടും ഒന്നിക്കുന്നത്. 'കുരുവി' എന്ന ചിത്രമാണ് ഇരുവരും ഒടുവിൽ ഒന്നിച്ചത്. സംവിധായകൻ ഗൗതം വാസുദേവ് മേനോനും ചിത്രത്തിൽ പ്രധാന വേഷത്തിലുണ്ട്. സഞ്ജയ് ദത്ത്, പ്രിയ ആനന്ദ്, സാൻഡി, മിഷ്കിൻ, മൻസൂർ അലി ഖാൻ, അർജുൻ, മാത്യു തോമസ് എന്നിവരാണ് ചിത്രത്തിലെ മറ്റ് കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നത്.

## ദുൽഖറിന് വിരുന്നൊരുക്കി യാഷ്

സൂപ്പർതാരം യഷിന്റെ ആദിത്യമര്യാദയെ പുകഴ്ത്തി ദുൽഖർ സൽമാൻ. യഷിനെ 'ബെസ്റ്റ് ഹോസ്റ്റ്' എന്നാണ് ദുൽഖർ വിശേഷിപ്പിച്ചത്. കർണാടകയിലെ മൈസൂരുവിൽ ദുൽഖറും സംഘവും ഷൂട്ടിനെത്തിയപ്പോഴായിരുന്നു യഷ് വിരുന്നൊരുക്കിയത്.യഷിന്റെ ജന്മനാടാണ് മൈസൂരു. 'ഞങ്ങൾ രണ്ടുപേരും മൈസൂരിൽ ചിത്രീകരണം നടത്തുമ്പോൾ അദ്ദേഹം എനിക്കും എന്റെ ടീമിനും കഴിക്കാൻ കഴിയുന്നതിനേക്കാൾ കൂടുതൽ ഭക്ഷണം അയച്ചുതന്നു', ദുൽഖർ പറഞ്ഞു.

'അടുത്ത തവണ എന്റെ നാട്ടിലേക്ക് വരുമ്പോൾ നാടൻ വിഭവങ്ങൾ നിങ്ങൾക്കായി കാത്തിരിക്കും' എന്നാണ് ദുൽഖറിനോട് യഷ് പറഞ്ഞത്. താരങ്ങളുടെ സൗഹൃദം ആരാധകരും ഏറ്റെടുത്തിരിക്കുകയാണ്. യഷിന്റെ ലാളിത്യവും സൗഹൃദരീതിയും പലരും അഭിനന്ദിച്ചു.ദുൽഖറും യഷും ഏറെ നാളായി സുഹൃത്തുക്കളാണ്. മുമ്പ് ദുൽഖറിനെ പ്രശംസിച്ച് യഷ് കുറിച്ച വാക്കുകൾ ഏറെ ശ്രദ്ധനേടിയിരുന്നു.






# വിവാഹ ചടങ്ങിൽ നിന്നും ഫോട്ടോഗ്രാഫർ പിന്മാറി; 76,000 ഡോളർ ആവശ്യപ്പെട്ട് ഇന്ത്യൻ–അമേരിക്കൻ ശസ്ത്രക്രിയാ വിദഗ്ധൻ

## കുഞ്ഞതിഥിയെ വരവേറ്റ് അറ്റ്‌ലിയും പ്രിയ മോഹനും

സംവിധായകൻ അറ്റ്‌ലിക്കും പ്രിയ മോഹനും ആൺകുഞ്ഞ് പിറന്നു. ഇൻസ്റ്റഗ്രാം വഴിയാണ് തങ്ങളുടെ ആദ്യ കുഞ്ഞിൻറെ ജനനം ദമ്പതികൾ അറിയിച്ചത്. ജനുവരി 31നായിരുന്നു കുഞ്ഞ് ജനിച്ചത്. അറ്റ്‌ലി പോസ്റ്റ് ഇട്ടതിന് പിന്നാലെ അഭിനന്ദനങ്ങളുമായി സോഷ്യൽ മീഡിയയിലെ പ്രമുഖർ രംഗത്ത് എത്തി. കീർത്തി സുരേഷ്, കല്ല്യാണി പ്രിയദർശൻ തുടങ്ങിയ പ്രമുഖർ കുട്ടിക്കും മാതാപിതാക്കൾക്കും ആശംസയുമായി എത്തി.എല്ലാവരും പറഞ്ഞത് ശരിയാണ്, ലോകത്ത ഇതുപോലെ ഒരു ഫീലിംഗ് വേറെയില്ല. ഞങ്ങളുടെ മകൻ എത്തി. രക്ഷിതാക്കൾ എന്ന നിലയിലുള്ള സാഹസികവും ആവേശകരവുമായ യാത്ര ഇവിടെ ആരംഭിക്കുന്നു - അറ്റ്‌ലി തൻറെ ഇൻസ്റ്റഗ്രാമിൽ കുറിച്ചു. ഒരു ബെഡിൽ കിടന്ന് ഒരു കുട്ടി ഷൂ ഉയർത്തിപ്പിടിക്കുന്ന ദമ്പതികളുടെ ചിത്രവും ഇവർ പോസ്റ്റ് ചെയ്തിട്ടുണ്ട്. അതിൽ 'ക േെ മ യീ്യ' എന്നും എഴുതിയിട്ടുണ്ട്. ഈ പോസ്റ്റിന് പിന്നാലെ മകൻ ജനിച്ചതിൽ സന്തോഷം രേഖപ്പെടുത്തി അറ്റ്‌ലി തൻറെ ഇൻസ്റ്റഗ്രാമിൽ ഒരു സ്റ്റോറിയും ഇട്ടിരുന്നു. തൻറെ മകനെ അഭിസംബോധന ചെയ്യും പോലെയാണ് ഈ സ്റ്റോറി. 'കുഞ്ഞേ, ഞങ്ങൾ നിന്നെ ആദ്യം മുതൽ സ്നേഹിച്ചിരുന്നു, നീ ഞങ്ങളുടെ ശ്വാസമായിരുന്നു, ഞങ്ങളുടെ ഹൃദയങ്ങളെ ആശ്ലേഷിച്ചു. ഞങ്ങളുടെ ഒരുമിച്ചുള്ള ജീവിതം ആരംഭിച്ചിരിക്കുന്നു, നീ ഞങ്ങളുടെ ഭാഗമാണ്, സുന്ദരനായ കുഞ്ഞേ, സ്വാഗതം...' അറ്റ്‌ലിയുടെ വികാരഭരിതമായ സ്റ്റോറി പറയുന്നു.

## ഹൻസികയുടെ വിവാഹ വിഡിയോ ടീസർ പുറത്ത് : ഹോട്ട്സ്റ്റാറിലൂടെ സ്ട്രീം ചെയ്യും

തെന്നിന്ത്യൻ നടി ഹൻസികയുടെ വിവാഹ വിഡിയോ ടീസർ പുറത്ത്. ഫെബ്രുവരി 10ന് ഹോട്ട്സ്റ്റാറിലൂടെ വിവാഹവിഡിയോ സ്ട്രീം ചെയ്യും. വിവാഹച്ചടങ്ങുകൾ കൂടാതെ ഹൻസികയുടെ മെഹന്ദി, ഹൽദി ചടങ്ങുകളും ഹോട്ട്സ്റ്റാറിലൂടെ സ്ട്രീം ചെയ്യുന്നുണ്ട്. ബ്രൈഡൽ ഷവർ, സൂഫി എന്നിവയും അരങ്ങേറിയിരുന്നു. ഡിസംബർ നാലിന് വൈകിട്ട് അതിഥികൾക്കായി കാസിനോ തീമിലുള്ള പാർട്ടിയും സംഘടിപ്പിച്ചിരുന്നു. ഒരു സ്പെഷൽ പ്രോഗ്രാം പോലെയാകും വിവാഹ വിഡിയോ അവതരിപ്പിക്കുക. ഹൻസികാസ് ലവ് ശാദി ഡ്രാമ എന്നാണ് ഷോയുടെ പേര്. തന്റെ വിവാഹ ജീവിതത്തെക്കുറിച്ച് വികാരാധീനയായി സംസാരിക്കുന്ന ഹൻസികയെ ടീസറിൽ കാണാം. കഴിഞ്ഞ ഡിസംബറിലാണ് ഹൻസികയും മുംബൈ വ്യവസായിയും നടിയുടെ ബിസിനസ്സ് പങ്കാളിയുമായ സുഹൈൽ ഖതൂരിയും വിവാഹിതരാകുന്നത്. ഡിസംബർ 4ന് ജയ്പൂരിൽ വച്ചായിരുന്നു വിവാഹം. പതിനാലാം നൂറ്റാണ്ടിൽ നിർമ്മിച്ച ജയ്പൂരിലെ മുണ്ടോട്ട കോട്ടയിൽ വച്ചാണ് ഹൻസികയുടെ വിവാഹാഘോഷം നടന്നത്.ആരുടെയും ഭൂതകാലത്തിലേക്ക് ചികഞ്ഞ് നോക്കരുതെന്നൊരു സന്ദേശവും വിഡിയോയിലെ നടി നൽകുന്നു. പാരീസിലെ ഈഫൽ ഗോപുരത്തിനു മുന്നിൽ വച്ചാണ് മുംബൈ വ്യവസായിയും ഹൻസികയുടെ ബിസിനസ്സ് പങ്കാളിയുമായ സുഹൈൽ നടിയോട് പ്രണയാഭ്യർത്ഥന നടത്തിയത്. സുഹൈൽ പ്രൊപ്പോസ് ചെയ്യുന്ന ചിത്രങ്ങൾ സമൂഹമാധ്യമങ്ങളിലൂടെ പങ്കുവച്ച് ഹൻസിക തന്നെയാണ് വിവാഹവാർത്ത ആരാധകരെ ആദ്യം അറിയിച്ചത്.




## 'എന്റെ അമ്മ ഒരു സൂപ്പർസ്റ്റാർ ആണ്, അവിശ്വസനീയമാംവിധം ബുദ്ധിമതിയായ സ്ത്രീയാണ്"



തന്റെ അമ്മ പമേല ആൻഡേഴ്സൺ അവിശ്വസനീയമാംവിധം ബുദ്ധിമതിയായ സ്ത്രീ ആണെന്ന് ബ്രാൻഡൻ തോമസ് ലീ. 'പമേല, എ ലവ് സ്റ്റോറി' എന്ന നെറ്റ്ഫ്ലിക്സ് ഡോക്യുമെന്ററി കണ്ട് പ്രതികരിക്കുകയായിരുന്നു തോമസ് ലീ.

'അവൾ ഒരു സംരക്ഷകയാണെന്ന് ഞാൻ പറയും, ശബ്ദമില്ലാത്ത ആളുകൾക്കുള്ള ശബ്ദമാണ്. ആളുകൾക്ക് ഇനി അങ്ങനെയൊരു വികാരം ഉണ്ടാകില്ലെന്ന് ഞാൻ കരുതുന്നു. എന്നെ സംബന്ധിച്ചിടത്തോളം അമ്മ ഒരു സൂപ്പർസ്റ്റാർ ആണ്''. തോമസ് ലീ പറഞ്ഞു.'തീർച്ചയായും ഇത് എനിക്ക് വൈകാരികമാണ്,. 'ഇതെല്ലാം ഈ അത്ഭുതകരമായ ഓർമ്മകളും കഠിനമായ ഓർമ്മകളും മാത്രമാണ്. എന്നാൽ ആ വികാരങ്ങളിലേക്ക് തിരികെ പോകാനും ആ വികാരങ്ങൾ അനുഭവിക്കാനും ഞാൻ ആഗ്രഹിച്ചു.' ലോസ് ഏഞ്ചൽസിൽ തിങ്കളാഴ്ച രാത്രി നടന്ന നെറ്റ്ഫ്ലിക്സ് ഡോക്യുമെന്ററിയുടെ പ്രീമിയറിൽ, ആൻഡേഴ്സൺ പറഞ്ഞു. രണ്ട് ആൺമക്കൾക്കും മുൻ ഭർത്താവ് ടോമി ലീ: സിനിമയുടെ നിർമ്മാതാവായ ബ്രാൻഡൻ തോമസ് ലീ, ഡിലൻ ജാഗർ ലീ എന്നിവരും പ്രീമിയറിൽ പങ്കെടുത്തു. റയാൻ വൈറ്റ് സംവിധാനം ചെയ്തതും ജെസ്സിക്ക ഹാർഗ്രേവും ജൂലിയ നോട്ടിംഗ്ഹാമും ചേർന്നാണ് ഡോക്യുമെന്ററി നിർമ്മിച്ചത്. മുമ്പൊരിക്കലും കണ്ടിട്ടില്ലാത്ത ആർക്കൈവൽ ഫൂട്ടേജുകളും വ്യക്തിഗത ജേണലുകളും ഉൾപ്പെടെ, പോപ്പ് ഐക്കൺ പമേല ആൻഡേഴ്സന്റെ ജീവിതംപറയുന്നതാണ് ഡോക്യുമെന്ററി.



വിവാഹം ഏവരുടെയും ജീവിതത്തിലെ പ്രധാന ചടങ്ങ് ആണ്. അത് എന്നും ഓർത്തിരിക്കാൻ വിഡിയോയും ഫോട്ടോയും ഒക്കെ സൂക്ഷിക്കുന്നതും പതിവ് ആണ്. ഇപ്പോൾ അത്തരത്തിൽ ഫോട്ടോ എടുക്കാൻ ശ്രമിച്ചു വലിയ അബദ്ധത്തിൽപെട്ട ഒരു കഥ ആണ് ഇനി പറയാൻ ഉള്ളത്. ന്യൂജേഴ്സിയിൽ നിന്നുള്ള ഒരു ഇന്ത്യൻ-അമേരിക്കൻ ശസ്ത്രക്രിയാ വിദഗ്ധൻ തന്റെ മകളുടെ വിവാഹത്തിന് ഏർപ്പാടാക്കിയ ഫോട്ടോഗ്രാഫറിൽ നിന്ന് നഷ്ടപരിഹാരമായി 76,000 ഡോളർ റീഫണ്ട് ആവശ്യപ്പെട്ട വാർത്തയാണ് ഇപ്പോൾ പുറത്തു വരുന്നത്.വിവാഹത്തിന് ദിവസങ്ങൾക്ക് മുമ്പ് തന്നെ ഇദ്ദേഹം ഫോട്ടോഗ്രാഫറെ ഏർപ്പാടാക്കിയിരുന്നു. എന്നാൽ അവസാന നിമിഷം ഫോട്ടോഗ്രാഫർ ഉന്നയിച്ച ചില ആവിശ്യങ്ങൾ അംഗീകരിക്കാൻ പറ്റുന്നത് ആയിരുന്നില്ല. ഇതോടെ ചടങ്ങിൽ നിന്നും ഫോട്ടോഗ്രാഫർ പിന്മാറി. എന്നാൽ ഇതേ തുടർന്ന് വിവാഹ ചടങ്ങിന് പെൺകുട്ടിയുടെ കുടുംബം പുതിയ ഫോട്ടോഗ്രാഫർക്കായി നെട്ടോട്ടം ഓടേണ്ടി വന്നു.59 കാരനായ ഡോ. അമിത് പട്ടേലിനാണ് മകളുടെ വിവാഹത്തിന് ഈ ദുർവിധി ഉണ്ടായത്. തുർക്കിയിൽ നാല് ദിവസത്തെ ആഘോഷമായാണ് അർജുൻ മേത്തയുമായുള്ള അദ്ദേഹത്തിന്റെ മകൾ അനീഷയുടെ (28) വിവാഹം പ്ലാൻ ചെയ്തത്.നാല് ദിവസത്തെ വിവാഹ ആഘോഷത്തിൽ 250 അതിഥികൾ, വധുവിന് വേണ്ടിയുള്ള 13 ഇഷ്ടാനുസൃത വസ്ത്രങ്ങൾ, വോഗിലെ ഒരു ഫീച്ചർ എന്നിവ ആയിരുന്നു പ്ലാൻ ചെയ്തത്. ലക്ഷങ്ങൾ ചിലവുള്ള വിവാഹത്തിന് ഫോട്ടോഗ്രാഫർ പെട്ടെന്ന് പിന്മാറി എന്ന് അറിഞ്ഞതോടെ പട്ടേൽ തകർന്നു പോയി. തുടർന്ന് ഏറെ പണിപ്പെട്ട് അദ്ദേഹം ഒരു ഫോട്ടോഗ്രാഫറെ കണ്ടെത്തി. തുടർന്നാണ് മുൻപ് നിശ്ചയിച്ചിരുന്ന ഫോട്ടോഗ്രാഫറുടെ കൈയിൽ നിന്നും നഷ്ടപരിഹാരമായി 76,000 ഡോളർ റീഫണ്ട് ആയി ആവശ്യപ്പെട്ടത്.



കേരളാ വിൻഡോ

# എ ഗ്രൂപ്പിലെ പഴയ പടക്കുതിരകൾക്ക് തൊഴുത്തിലും തൊഴിയോ?

കോൺഗ്രസിലെ പഴയ എ ഗ്രൂപ്പിലെ മുൻനിര നേതാക്കളായ എ.കെ. ആന്റണിയുടെയും ഉമ്മൻചാണ്ടിയുടെയും വീടകങ്ങളിലെ (നാടിന്റെ അകം നാടകം, വീടിന്റെ അകം വീടകം) പൊട്ടിത്തെറികളാണ് പോയവാരം മലയാളികളെ ഞെട്ടിച്ചത്. കോൺഗ്രസിന്റെ ഐ.ടി. സെൽ നിയന്ത്രിച്ചിരുന്ന അനിൽ. കെ. ആന്റണി കോൺഗ്രസ് നേതാക്കൾക്കു ചുറ്റും സ്തുതിപാഠകരാണെന്നു തുറന്നടിക്കുക മാത്രമല്ല, ബി.ബി.സി ഡോക്യുമെന്ററി വിവാദത്തിൽ ബി.ജെ.പി ചായ്‌വ് പ്രകടമാക്കുകയും ചെയ്തു. എന്തിനും ഏതിനും 'മൗനി ബാബ'യെന്ന പഴയ കൗശലം ആന്റണി ഇനിയും ഉപേക്ഷിക്കാത്തതിനാൽ ചേർത്തലയിലെ സഹോദരന്റെ വീട്ടിൽ കുടുംബ ചടങ്ങിനെത്തിയ ആന്റണി മകന്റെ മനം മാറ്റത്തെക്കുറിച്ച് കമാന്നൊരക്ഷരം പറഞ്ഞില്ല.



ഇനി ഉമ്മന്റെ കാര്യം. ഉമ്മൻചാണ്ടിയുടെ ഭാര്യ മറിയാമ്മയും മകൻ ചാണ്ടി ഉമ്മനും മറ്റൊരു സഹോദരിയും ഉമ്മൻചാണ്ടിക്ക് മതിയായ ചികിത്സ നൽകുന്നില്ലെന്ന ആരോപണം നവമാധ്യമങ്ങളിൽ കണ്ടു. പപ്പയെ ചികിത്സിക്കാൻ സൗകര്യമൊരുക്കാൻ ഗൾഫിൽ നിന്ന് പറന്നുവന്ന അച്ചുവെന്ന മകളെ മറിയാമ്മ ഗ്രൂപ്പ് വീട്ടിൽ നിന്നിറക്കിവിട്ടതായും സ്ഥിരീകരിക്കാത്ത വാർത്തകളുണ്ട്. പുതുപ്പള്ളി നിയോജക മണ്ഡലത്തിലെ 'ഉമ്മൻ സ്നേഹികൾ' സ്വന്തം നേതാവിന്റെ ചികിത്സ കാര്യക്ഷമമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 'പുതുപ്പള്ളി ഹൗസി' ലേക്ക് നടത്താനിരുന്ന മാർച്ച് ഉമ്മൻചാണ്ടി തന്നെ ഇടപെട്ട് പിൻവലിപ്പിച്ചുവെന്ന് 'മറുനാടൻ മലയാളി' ഷാജൻ സ്ക്കറിയ ബുധനാഴ്ച രാവിലെയുള്ള ബുള്ളറ്റിനിൽ ആരോപിച്ചിട്ടുണ്ട്.

പാവങ്ങൾക്ക് മരുന്നും ചികിത്സാസഹായവും ലഭ്യമാക്കാൻ മുൻ ധനമന്ത്രി കെ.എം. മാണിയും മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും തുടക്കമിട്ട കാരുണ്യ ചികിത്സാ പദ്ധതി കേരളത്തിൽ ചർച്ചാ വിഷയമായ ദിനം കൂടിയാണിന്ന്. ഫെബ്രുവരി ഒന്നിന് കെ.എം. മാണിയുടെ തൊണ്ണൂറാമത്തെ ജന്മദിനമാണ്. മാണി ഗ്രൂപ്പ് ഈ വർഷത്തെ മാണിസാറിന്റെ ജന്മദിനം കാരുണ്യദിനമായാചരിക്കവേ, ഉമ്മൻചാണ്ടിയോട് അദ്ദേഹത്തിന്റെ കുടുംബം കരുണകാണിക്കുന്നില്ലെങ്കിൽ വിധിയുടെ 'തലപ്പന്തു കളി' എന്നല്ലാതെ എന്തു പറയാൻ?

## ഭരണകക്ഷിയുടെ സമരപ്രഹസനങ്ങൾ !

കേരളത്തിന്റെ വനമേഖലയോടു ചേർന്ന പ്രദേശങ്ങളിൽ ജനങ്ങൾ തീ തിന്നുകയാണ്. കാട്ടാനയും പുലികളുമെല്ലാം നാട്ടിലിറങ്ങി 'സവാരി ഗിരി ഗിരി' നടത്തുമ്പോൾ ജനം അന്തം വിട്ടു നിൽക്കുകയാണ്. വന്യജീവികളുടെ കണക്കെടുപ്പ് ശാസ്ത്രീയമായി നടത്തുമെന്ന് ബുധനാഴ്ച (ഫെ.1) മന്ത്രി എ.കെ. ശശീന്ദ്രൻ നിയമസഭയിൽ പ്രഖ്യാപിച്ചു കഴിഞ്ഞു. പടയപ്പ മുതലുള്ള കാട്ടാനകളെകൊണ്ട് ജീവിതം പൊറുതി മുട്ടിയ ജനങ്ങളെ സംഘടിപ്പിച്ച് സി.പി.എം. ഇടുക്കി ജില്ലാ കമ്മിറ്റി തന്നെ ഫോറസ്റ്റ് ഓഫീസിലേക്ക് മാർച്ചും നടത്തി. ഇടുക്കിയിൽ കൊല്ലപ്പെട്ട വനംവകുപ്പിലെ താത്ക്കാലിക ജീവനക്കാരൻ ശക്തിവേലിന് പെൺമക്കൾ അഞ്ചാണ്. ഏതായാലും ശക്തിവേലിന്റെ മകൾക്ക് വനം വകുപ്പിൽ ജോലി നൽകാമെന്ന് സർവ്വകക്ഷി യോഗത്തിൽ മന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്. ആശ്രിത നിമയനത്തിന്റെ നൂലാമാലകൾ കടന്ന് എന്നാണ് ആ തൊഴിൽ ലഭിക്കുകയെന്ന ഉത്കണ്ഠയിലാണ് ശക്തിവേലിന്റെ കുടുംബം. കാട്ടാനകൾ നാട്ടിലിറങ്ങി മനുഷ്യരെ ചവിട്ടിയരയ്ക്കുമ്പോൾ ആനയ്ക്ക് ഓമനപ്പേരിട്ട് രസിക്കുകയാണ് വനം വകുപ്പ് ഉദ്യോഗസ്ഥരെന്ന് സംസ്ഥാനം ഭരിക്കുന്ന മാർക്സിസ്റ്റ് പാർട്ടിയുടെ ഇടുക്കി ജില്ലാ സെക്രട്ടറി തന്നെ തുറന്നടിക്കുകയുണ്ടായി.

## വനംവകുപ്പല്ലേ വാഗ്ദാനക്കൃഷി ജോർ!

പാലക്കാട് മലമ്പുഴയ്ക്കടുത്ത്, ആ ഡാമിന്റെ ക്യാച്ച്മെന്റ് ഏരിയയിലാണ് കേരളത്തിലെ ഒട്ടുമിക്ക സ്വകാര്യ ആശുപത്രികളുടെ മാലിന്യം തള്ളാനുള്ള കേന്ദ്രമുള്ളത്. ഈ കേന്ദ്രത്തിൽ കാട്ടാനകൾ സകുടുംബമെത്തിയത് എന്തിനാണെന്ന് ആരും അന്വേഷിക്കുന്നില്ല, രോഗാവസ്ഥയിൽ മുറിച്ചു മാറ്റപ്പെടുന്ന മനുഷ്യരുടെ അവയവങ്ങൾ പോലും ഈ മാലിന്യ കേന്ദ്രത്തിൽ നിക്ഷേപിക്കാറുണ്ട്. ഇന്ത്യൻ മെഡിക്കൽ അസോസിയേഷനാണ് ഈ മാലിന്യ കേന്ദ്രത്തിന്റെ നടത്തിപ്പ് ചുമതല. പാലക്കാട്ടെ ധോണിയിൽ കാട്ടാനകൾക്കു പിന്നാലെ പുലികളും ഇറങ്ങിയിട്ടുണ്ടത്രെ. മണ്ണാർക്കാട്ട് വളർത്തുനായയെ ആക്രമിച്ചത് പുലിയാണെന്ന് വ്യക്തമായിട്ടുണ്ട്. വന്യജീവികളുടെ ശല്യം നിയന്ത്രിക്കാൻ അയൽ സംസ്ഥാനങ്ങളുമായി ചേർന്ന് പദ്ധതി ആവിഷ്ക്കരിക്കുമെന്ന് വയനാട്ടിൽ വച്ച് മന്ത്രി പറഞ്ഞതായി ജനുവരി മൂന്നാം വാരത്തിൽ വാർത്തകളുണ്ടായിരുന്നു. ജനുവരി 31ന് വന്യജീവി പ്രശ്നം ചർച്ച ചെയ്യാൻ ഇടുക്കിയിലും ചേർന്നത് മറ്റൊരു സർവകക്ഷി യോഗമാണ്. എന്നാൽ, വയനാട്ടിൽ ചേർന്ന സർവകക്ഷി യോഗത്തിന്റെ തുടർനടപടികളെപ്പറ്റി മന്ത്രി ശശീന്ദ്രൻ മിണ്ടിയതേയില്ല. വനം വകുപ്പ് പിടികൂടുന്ന പുലികളെ വളർത്താനും മെരുക്കാനും കേരളത്തിൽ ആകെ ഒരു അനിമൽ ഹോസ്പിസ് ആൻഡ് പാലിയേറ്റീവ് കെയർ സെന്ററേയുള്ളൂ. അത് ബത്തേരിയിലാണ്. മെരുങ്ങിക്കഴിഞ്ഞുവെന്ന് വനംവകുപ്പ് അവകാശപ്പെടുന്ന കടുവകളെ പറമ്പിക്കുളം, പെരിയാർ സങ്കേതങ്ങളിലേക്ക് മാറ്റുമെന്ന് മന്ത്രി അറിയിച്ചിരുന്നു. അതെല്ലാം കുറുപ്പിന്റെ ഉറപ്പാണെന്നാണ് ഇപ്പോൾ ജനത്തിന്റെ പരാതി.




## വാലുണ്ട്, പക്ഷെ വളഞ്ഞേ ഇരിക്കൂ

ചിന്താ ജെറോമിന്റെ 'വാഴക്കുല വിവാദം' ഇന്നലെ (ചൊവ്വ) അവർ നടത്തിയ പത്രസമ്മേളനത്തോടെ അവസാനിക്കേണ്ടതായിരുന്നു. വാഴക്കുല എഴുതിയത് വൈലോപ്പിള്ളി ശ്രീധരമേനോനാണെന്ന് ഒട്ടും ചിന്തയില്ലാതെ ചിന്ത എഴുതിയത് വായിച്ചു നോക്കാതെ ഡീൻ പ്രതിഭകൾ ഉഴപ്പിയതാണ് ഇപ്പോൾ പ്രശ്നമായിട്ടുള്ളത്. എന്നാൽ മുഖ്യമന്ത്രിയുടെ ഓഫീസിൽ വേണ്ടതിലേറെ പിടിപാടുള്ള ചിന്തയുടെ പ്രബന്ധത്തിൽ തെറ്റ് കണ്ടെത്താൻ ശ്രമിക്കേണ്ടെന്ന് അവരുടെ രാഷ്ട്രീയ ബുദ്ധിയിൽ തോന്നിയിരിക്കാം. കേരളത്തിലെ വാഴ്സിറ്റികൾ നൽകുന്ന ഡോക്ടറേറ്റുകൾക്ക് വിലയില്ലാതായിട്ട് കാലമേറെയായി. എന്നാൽ അതൊന്നും നമ്മുടെ സാംസ്ക്കാരിക നായകന്മാർ ചർച്ച ചെയ്യാറില്ലല്ലോ. ഭരണകക്ഷിയുടെ മുന്നിലും, പ്രത്യേകിച്ച് പിണറായിയുടെ മുന്നിലും ഇല്ലാത്ത വാൽ ഉണ്ടെന്ന് ചുരുട്ടി പൃഷ്ഠഭാഗത്ത് സെലോ ടേപ്പ് വച്ച് കെട്ടിവയ്ക്കുന്നതിരായി കേരളത്തിലെ മിക്ക സാംസ്ക്കാരിക വമ്പന്മാരും ഇതിനകം മാറിക്കഴിഞ്ഞിട്ടുണ്ട്. സാക്ഷര കേരളമേ, ലജ്ജിക്കു എന്ന് വേണമെങ്കിൽ ഒരു പഞ്ചിനു പറയാം, അത്ര തന്നെ !

## അബ്കാരികളേ, നിങ്ങൾ ഭാഗ്യവാന്മാർ !

പ്ലാസ്റ്റിക്കിനെതിരെ സംസ്ഥാന സർക്കാർ യുദ്ധം പ്രഖ്യാപിച്ചുവെങ്കിലും, മദ്യം ചില്ലുകുപ്പിയിൽ നൽകണമെന്ന നിർദ്ദേശം മദ്യവ്യവസായികളുടെ രക്ഷയ്ക്കുവേണ്ടി സർക്കാർ നടപ്പാക്കുന്നില്ലത്രെ. സാമ്പത്തിക ഞെരുക്കമുണ്ടെങ്കിലും മദ്യവ്യവസായികളുടെ കുടിശ്ശിക എഴുതിത്തള്ളാൻ സർക്കാരിന്റെ കൈതരിക്കുകയാണത്രെ. മാത്രമല്ല, മദ്യ വ്യവസായികളെ ഒരു തരത്തിലും പ്രകോപിപ്പിക്കാതിരിക്കാൻ പുതിയ എക്സൈസ് വകുപ്പ് മന്ത്രി എം.ബി. രാജേഷിനു പോലും കർശന നിർദ്ദേശമുണ്ട്. മദ്യവും ലോട്ടറിയുമാണ് സർക്കാരിന്റെ വരുമാന സ്രോതസ്സുകൾ. അതു മാത്രമല്ല, എക്സൈസ് വകുപ്പിൽ ഫയലുകൾ പറക്കുന്ന വേഗം മറ്റ് ഡിപ്പാർട്ടുമെന്റുകൾ കണ്ടു പഠിക്കണം. എന്നാൽ അബ്കാരികൾക്കെതിരെയുള്ള ഫയലാണെങ്കിലോ? കുടിയൻ ബൈജുവിനെ പോലെ ആ ഫയൽ നേരെയൊന്ന് 'നടക്കാൻ പോലും' ആവതില്ലാതെ എവിടെയെങ്കിലും 'ഭൂമി ദേവിയായി' കിടക്കും !

അങ്ങനെ വിവാദ പുരുഷൻ എം. ശിവശങ്കറും വിരമിച്ചു. നിരവധി കേസുകളിൽ ഉൾപ്പെട്ടുവെങ്കിലും, പിണറായി ശിവശങ്കറിനെ കൈവിടാതെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ



ലഭിക്കാൻ തക്കവിധം സർവീസിൽ തിരിച്ചെടുക്കുകയായിരുന്നു. ഒരു വർഷവും അഞ്ചു മാസവും ജയിൽ വാസവും കോടതിയുമെല്ലാമായി കഴിഞ്ഞ ശിവശങ്കർ പ്രതിയായ കേസ് സുപ്രീംകോടതിയിലുണ്ട്. സി.പി.എമ്മിന്റെ പതിവ് ശൈലിയനുസരിച്ച് ശിവശങ്കർ ഏതെങ്കിലും സർക്കാർ പദവിയിൽ നിയമിക്കപ്പെടാം. സ്വപ്നയെയും ശരതിനെയും ഇ.ഡി. വീണ്ടും ചോദ്യം ചെയ്തുവെങ്കിലും ശിവശങ്കറിന് ഡെൽഹിയിൽ പിടിയുള്ളതുകൊണ്ട്, അദ്ദേഹം സി.പി.എമ്മിന്റെ ഗുഡ് ബുക്കിൽ തുടരാനാണ് സാധ്യത.

## ഇവിടൊന്നും കിട്ടീല്ല്യാ, ഗണേഷിന്റെ നിലവിളി

മുൻമന്ത്രി ഗണേഷ്കുമാർ കട്ടക്കലിപ്പിലാണ്. ഭരണകക്ഷി എം.എൽ.എ. മാരെ പോലും നാട്ടിലെ വികസനത്തിനുള്ള ഫണ്ട് അനുവദിക്കാതെ ധനവകുപ്പ് തട്ടിക്കളിക്കുകയാണെന്നാണ് ഗണേഷിന്റെ പാരാതി. രണ്ടര വർഷം കഴിഞ്ഞാൽ ആന്റണിരാജുവിനു പകരം മന്ത്രി പദം കിട്ടുമെന്ന് ഗണേഷുമായി എൽ.ഡി.എഫ്. ധാരണയുണ്ടാക്കിയിരുന്നുവത്രെ. ശശീന്ദ്രനു പകരം കടന്നപ്പള്ളി രാമചന്ദ്രനെ മന്ത്രിയാക്കാമെന്നും അന്ന് വാക്കാൽ കരാറുണ്ടായിരുന്നു. ആ മന്ത്രി പദത്തിനു വേണ്ടിയാണ് ഗണേഷ് ബഹളമുണ്ടാക്കുന്നതെന്ന് സംസാരമുണ്ട്. എന്നാൽ പഴയ മാടമ്പി രാഷ്ട്രീയക്കാരൻ ബാലകൃഷ്ണപിള്ളയുടെ മകനെ 'കൊച്ചാക്കാനാ' ണ് ചില പരദൂഷണ വ്യവസായികൾ ശ്രമിക്കുന്നതെന്ന വാദവുമുയരുന്നുണ്ട്.

## വിനീതേ, നീ പൊന്നപ്പനല്ല, തങ്കപ്പൻ !

വിനീത്ശ്രീനിവാസനുംബിജുമേനോനും മുഖ്യകഥാപാത്രങ്ങളെ അവതരിപ്പിച്ച തങ്കം




കാണാൻ തിയറ്ററുകളിൽ തിരക്കുണ്ട്. ബോക്സോഫീസിലെ 'പൾസ്' അറിയാൻ റിലീസ് കഴിഞ്ഞതിനുശേഷമുള്ള തിങ്കളാഴ്ചത്തെ കളക്ഷൻ നോക്കിയാൽ മതി. തങ്കത്തിന് ഏതായാലും തിങ്കളാഴ്ചയും നല്ല ദിവസമായിരുന്നു. മമ്മൂട്ടി ഒരഭിമുഖത്തിൽ താൻ പുത്തൻ കാറുകൾ വാങ്ങിക്കൂട്ടാറില്ലെന്ന് പറഞ്ഞ് തടിതപ്പുന്നുണ്ട്. ഒരു കാർ പഴയതാകുമ്പോൾ, അത് വിറ്റാണത്രെ പുതിയ കാർ വാങ്ങുന്നത്. 'പാവം' ! ദുൽഖർ സൽമാന്റെ വീടിനോടു ചേർന്ന് പതിനായിരം ചതുരശ്രയടിയിലേറെയുള്ള കാർ ഷെഡ്ഡിൽ കിടക്കുന്ന ദുൽക്കറിന്റെ പഴയ സ്വപ്ന വാഹനങ്ങളെ മമ്മൂട്ടി മറന്നുവോ? സൂപ്പർ താരമല്ലേ, കാറുകളൊന്നും കളിപ്പാട്ടം വാങ്ങുന്നതുപോലെ വാങ്ങിക്കൂട്ടാറില്ലെന്നായിരിക്കും മമ്മൂട്ടി പറയാൻ ഉദ്ദേശിച്ചത്.

ആന്റണി ചടയംമുറി








## റിലീസിനൊരുങ്ങി രാംചരൺ– കിയാര ചിത്രം 'ആർസി 15'

രാംചരൺ അടുത്തതായി പുറത്തിറങ്ങാൻ പോകുന്ന തെലുങ്ക് ചിത്രമാണ് 'ആർസി 15'. ബോളിവുഡ് താരം കിയാര അദ്വാനിയാണ് ചിത്രത്തിലെ നായിക. 200 കോടി രൂപ മുതൽമുടക്കിലാണ് ചിത്രം ഒരുങ്ങുന്നതെന്ന് റിപ്പോർട്ടുകൾ പറയുന്നു. ചിത്രത്തിന്റെ റിലീസ് തിയ്യതിയാണ് ഇപ്പോൾ ചർച്ചകളിൽ നിറയുന്നത്. ഈ വർഷത്തെ സംക്രാന്തി റിലീസ് ആയാണ് ചിരഞ്ജീവിയുടെ വാൾ[illegible] റിലീസ് ചെയ്തത്. അടുത്ത സംക്രാന്തിക്ക് ചിരഞ്ജീവിയുടെ മകനായ രാം ചരണിന്റെ ചിത്രം റിലീസ് ചെയ്യാനാണ് നിർമ്മാതാക്കളുടെ ശ്രമം.എന്നാൽ ഇക്കാര്യത്തിൽ ഔദ്യോഗിക പ്രഖ്യാപനമുണ്ടായിട്ടില്ല. എങ്കിലും അടുത്ത സംക്രാന്തി സ്റ്റാർ രാം ചരൺ തന്നെയെന്ന് ആരാധകർ പറയുന്നു. രാം ചരണിന്റെ ജന്മദിനമായ മാർച്ച് 27ന് അദ്ദേഹത്തിന്റെ ഫസ്റ്റ് ലുക്ക് പോസ്റ്റർ പുറത്തിറക്കും. ശങ്കർ സംവിധാനം ചെയ്യുന്ന ചിത്രത്തിൽ ശ്രീകാന്ത്, എസ്ജെ സൂര്യ, അഞ്ജലി, നവീൻ ചന്ദ്ര, സുനിൽ, നാസർ, രഘു ബാബു, സമുദ്രക്കനി, ജയറാം എന്നിവരാണ് ചിത്രത്തിലെ മറ്റ് താരങ്ങൾ. തിരു, ആർ രത്നവേൽ എന്നിവരാണ് ചിത്രത്തിന്റെ ഛായാഗ്രഹണം നിർവഹിക്കുന്നത്. മലയാളിയായ ഷമീർ മുഹമ്മദാണ് ചിത്രത്തിന്റെ എഡിറ്റർ. എസ് തമനാണ് സംഗീതം.




## സാമന്ത വീണ്ടും ക്യാമറയ്ക്ക് മുന്നിലേക്ക്

മയോസൈറ്റിസ് രോഗ ബാധിതയാണെന്ന റിപ്പോർട്ടുകൾക്ക് ശേഷം നടി സാമന്ത റൂത്ത് പ്രഭു തന്റെ അഭിനയ ജീവിതത്തിൽ നിന്ന് ചെറിയൊരു ഇടവേള എടുത്തിരിക്കുകയായിരുന്നു. താരം അഭിനയിച്ചുകൊണ്ടിരുന്ന സാമന്തയുടെ ആരോഗ്യസ്ഥിതി കൂടി പരിഗണിച്ച് പൂർത്തിയാക്കാനുള്ള ചിത്രം ഖുഷിയുടെ ചിത്രീകരണം ചെറിയ ഇടവേളയിലേക്ക് നിർത്തിവച്ചിരിക്കുകയാണ്. ഇപ്പോഴിതാ ആമസോൺ പ്രൈം വീഡിയോയുടെ ഒരു വൻ പ്രോജക്റ്റിൽ ഒരു പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കാനൊരുങ്ങുകയാണ് അവർ.റൂസോ ബ്രദേഴ്സിൻറെ ഗ്ലോബൽ ഇവൻറ് സിരീസ് ആയ സിറ്റാഡെലിൻറെ ഇന്ത്യൻ പതിപ്പിലാവും സാമന്ത ഒരു പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കുക. വരുൺ ധവാൻ ആണ് ഈ സിരീസിലെ നായകൻ. രാജും ഡികെയും ചേർന്നാണ് സിറ്റാഡെലിൻറെ ഇന്ത്യൻ പതിപ്പ് ഒരുക്കുന്നത്. സിരീസിലെ സാമന്തയുടെ ഫസ്റ്റ് ലുക്ക് ഉൾപ്പെടെയാണ് ആമസോൺ പ്രൈം വീഡിയോ അവരുടെ സാന്നിധ്യം സ്ഥിരീകരിച്ചിരിക്കുന്നത്.നിലവിൽ മുംബൈയിൽ ചിത്രീകരണം പുരോഗമിക്കുന്ന സിരീസിൻറെ അടുത്ത ഷെഡ്യൂൾ ഉത്തരേന്ത്യൻ ലൊക്കേഷനുകളിൽ ആവും. വിദേശത്തും ചിത്രീകരണമുണ്ട്. സെർബിയയും സൌത്ത് ആഫ്രിക്കയുമാണ് ലൊക്കേഷനുകൾ. ചാരപ്രവർത്തനം നടത്തുന്ന കഥാപാത്രങ്ങളാണ് വരുണിൻറെയും സാമന്തയുടേതുമെന്നാണ് റിപ്പോർട്ടുകൾ.അതേസമയം ശാകുന്തമാണ് സാമന്തയുടെ അടുത്ത തിയറ്റർ റിലീസ്. ഗുണശേഖർ രചനയും സംവിധാനവും നിർവ്വഹിച്ചിരിക്കുന്ന ചിത്രത്തിൽ ടൈറ്റിൽ കഥാപാത്രത്തെയാണ് സാമന്ത അവതരിപ്പിച്ചിരിക്കുന്നത്. തെലുങ്കിൽ നിന്നുള്ള അടുത്ത പാൻ ഇന്ത്യൻ ചിത്രമാണ് ഇത്. മഹാഭാരതത്തിലെ ഉപകഥയെ ആസ്പദമാക്കി കാളിദാസൻ രചിച്ച പ്രശസ്ത നാടകം അഭിജ്ഞാന ശാകുന്തളത്തെ അധികരിച്ചാണ് തിരക്കഥ.

## മോഹൻലാലും ഭദ്രനും ഈ വർഷം വീണ്ടും ഒന്നിക്കുന്നു

മോഹൻലാലും ഭദ്രനും വീണ്ടും ഒന്നിക്കുന്നുവെന്ന് റിപ്പോർട്ട്. പ്രണയവും ആക്ഷനും വൈകാരിക മുഹൂർത്തങ്ങളും നിറഞ്ഞ കഥാപരമായ മികച്ച ചിത്രമായിരിക്കുമെന്ന് ഭദ്രൻ പറഞ്ഞു. ചിത്രീകരണം ഈ വർഷം അവസാനം ആരംഭിക്കും. പതിനെട്ടുവർഷത്തെ ഇടവേളയ്ക്കു ശേഷമാണ് മോഹൻലാലും ഭദ്രനും ഒന്നിക്കുന്നത്. 2005ൽ ഉടയോൻ എന്ന ചിത്രത്തിനു വേണ്ടിയാണ് ഭദ്രനും മോഹൻലാലും അവസാനം ഒന്നിച്ചത്. മോഹൻലാൽ ഇരട്ട വേഷത്തിൽ അഭിനയിച്ച ചിത്രമാണ് ഉടയോൻ. മോഹൻലാലിന്റെയും ദദ്രന്റെയും കരിയറിലെ മെഗാഹിറ്റ് ചിത്രമായ സ്ഫടികം ഇരുപത്തിയെട്ടുവർഷത്തിനുശേഷം 4 കെ അറ്റ്മോസിൽ റീമാസ്റ്റർ പതിപ്പ് ഫെബ്രുവരി 9ന് റിലീസ് ചെയ്യുകയാണ്. സ്ഫടികത്തിന്റെ പുതിയ പതിപ്പ് പുതിയ ഒരു മോഹൻലാൽ സിനിമയുടെ പ്രതീക്ഷ നൽകുന്നു. ആടുതോമയെ വീണ്ടും വരവേൽക്കാനുള്ള ഒരുക്കത്തിലാണ് ആരാധകർ.എന്റെ മോഹങ്ങൾ പൂവണിഞ്ഞു എന്ന ചിത്രത്തിലൂടെയാണ് മോഹൻലാലും ഭദ്രനും ആദ്യമായി ഒരുമിക്കുന്നത്. ചങ്ങാത്തം, പൂമുഖപ്പടിയിൽ നിന്നെയും കാത്ത്, അങ്കിൾ ബൺ, ഒളിമ്പ്യൻ അന്തോണി ആദം എന്നിവയാണ് മോഹൻലാൽ - ഭദ്രൻ കൂട്ടുകെട്ടിൽ പിറന്ന മറ്റ് ചിത്രങ്ങൾ.


## 'പഠാൻ' ബ്ലോക്സ്ബസ്റ്റർ അല്ല, വമ്പൻ വിജയം ആലിയ ഭട്ട്




ഷാരൂഖ് ഖാൻ ചിത്രം 'പഠാൻ' വൻ വിജയമാണ് സ്വന്തമാക്കിയിരിക്കുന്നത്. 'ബ്രഹ്മാസ്ത്ര'യുടെ റെക്കോർഡ് തിരുത്തിയതിനെ കുറിച്ച് ആലിയ ഭട്ട് നടത്തിയ പ്രതികരണമാണ് ഇപ്പോൾ ആരാധകർ ഏറ്റെടുത്തിരിക്കുന്നത്.ഷാരൂഖ് ഖാൻ നായകനായി എത്തിയ ചിത്രം ഏറ്റവും പെട്ടെന്ന് 100 കോടി സ്വന്തമാക്കിയ ഹിന്ദി സിനിമ എന്ന നേട്ടത്തിലെത്തിയിരുന്നു.'ബ്രഹ്മാസ്ത്ര'യെ മറികടന്നായിരുന്നു ഷാരൂഖ് ഖാൻ ചിത്രം ഈ നേട്ടം സ്വന്തമാക്കിയത്. ഇങ്ങനെ ഏത് സിനിമയായാലും മറ്റൊരു ചിത്രത്തിന്റെ റെക്കോർഡ് മറികടക്കേണ്ടതാണെന്നും അതിൽ സന്തോഷവതിയാണെന്നുമായിരുന്നു ആലിയയുടെ മറുപടി. 'പഠാനെ' പോലുള്ള ഒരു വലിയ സിനിമ ബ്ലോക്സ്ബസ്റ്റർ അല്ല വമ്പൻ വിജയം ആണ്. ഇത്തരമൊരു വിജയത്തിൽ നമ്മൾ നന്ദിയുള്ളവരാകേണ്ടതുണ്ടെന്നും താരം പ്രതികരിച്ചു. സിദ്ധാർഥ് ആനന്ദ് സംവിധാനം ചെയ്ത ചിത്രമാണ് 'പഠാൻ'

## 'ദളപതി 67' ൽ വിജയ്ക്കൊപ്പമെത്തുക ഈ 9 താരങ്ങൾ

തമിഴ് സിനിമയിൽ നിലവിൽ ഏറ്റവും ചർച്ച ചെയ്യപ്പെടുന്ന സംവിധായകനാണ് ലോകേഷ്. കൈതിയും മാസ്റ്ററും വിക്രമും ലോകേഷിന്റെ കരിയർ ?ഗ്രാഫ് ഉയർത്തിയ ചിത്രങ്ങളായിരുന്നു. ലോകേഷിൻറെ അടുത്ത ചിത്രവും സിനിമാപ്രേമികളുടെ സജീവ ചർച്ചയിൽ ഉണ്ട്. വിജയ് നായകനാവുന്ന ചിത്രത്തിൻറെ ഔദ്യോഗിക പ്രഖ്യാപനം കഴിഞ്ഞ ദിവസമായിരുന്നു. ചിത്രത്തിലെ കാസ്റ്റിംഗിൻറെ ഒരു പ്രധാന ഭാഗം പ്രേക്ഷകർക്ക് മുന്നിൽ അവതരിപ്പിച്ചിരിക്കുകയാണ് നിർമ്മാതാക്കൾ. വിജയ്ക്കൊപ്പം എത്തുന്ന ഒൻപത് താരങ്ങളെയാണ് നിർമ്മാതാക്കളായ സെവൻ സ്ക്രീൻ സ്റ്റുഡിയോ പ്രഖ്യാപിച്ചിരിക്കുന്നത്. ബോളിവുഡ് താരം സഞ്ജയ് ദത്ത് ആണ് അക്കൂട്ടത്തിലെ ഏറ്റവും വലിയ സർപ്രൈസ്. പ്രിയ ആനന്ദ്, സാൻഡി, സംവിധായകൻ മിഷ്കിൻ, മൻസൂർ അലി ഖാൻ, ഗൌതം വസുദേവ് മേനോൻ, അർജുൻ എന്നിവർക്കൊപ്പം മലയാളത്തിൽ നിന്ന് മാത്യു തോമസും ചിത്രത്തിൻറെ ഭാഗമാവുന്നുണ്ട്.







# ബോക്സ് ഓഫീസ് വേട്ടയ്ക്കൊരുങ്ങി കോളിവുഡ്: ഫെബ്രുവരിയിൽ 15 റിലീസുകൾ


തമിഴ് സിനിമ ഈ വർഷാരംഭത്തിൽ തന്നെ ബോക്സ് ഓഫീസിൽ വൻ വിജയം നേടി. വിജയ്യുടെ വാരിസും അജിത്തിന്റെ തുനിവും ആണ് ആ നേട്ടം കൊയ്തത്. ഫെബ്രുവരിയിലേക്ക് കടക്കുമ്പോൾ നിരവധി തമിഴ് റിലീസുകാളാണ് തിയേറ്ററിൽ വരാനായി കാത്തിരിക്കുന്നുത്.10 മുതൽ 12 വരെ, അല്ലെങ്കിൽ 15 തമിഴ് സിനിമകളെങ്കിലും ഫെബ്രുവരിയിൽ മാത്രം റിലീസിനായി എത്തുന്നുണ്ട് എന്നാണ് ട്രേഡ് അനലിസ്റ്റായ ശ്രീധർ പിള്ള പറയുന്നത്. എന്നാൽ ഇത്രയും സിനിമകൾ ഒരുമിച്ച് തിയേറ്ററുകൾ എങ്ങനെ കൈകാര്യം ചെയ്യുമെന്നാണ് ശ്രീധർ പിള്ള ചോദിക്കുന്നത്. ചെറുതും ഇടത്തരം സിനിമകളുടെ പ്രദർശനം എത്രത്തോളം വിജയിക്കും എന്നതും സംശയമാണ്. മുൻനിര താരങ്ങളുടേതല്ലാത്ത സിനിമകളും ഒരുപോലെ പ്രേക്ഷകർ കാണേണ്ടതുണ്ട്. സിനിമയിലെ നായകന്മാർ എന്നതിനപ്പുറം കണ്ടന്റിന് പ്രാധാന്യം നൽകണമെന്നും അത്തരം സിനിമകൾക്ക് ബോക്സ് ഓഫീസിൽ വിജയിക്കാൻ സാധിക്കുമെന്നും അദ്ദേഹം പറയുന്നു. ഈ ആഴ്ച്ചയിൽ ചെറുതും വലുതുമായ ഏഴ് റിലീസുകളാണ് ഒരുങ്ങുന്നത്. രഞ്ജിത്ത് ജെയ്കോടി സംവിധാനം ചെയ്യുന്ന മൈക്കിൾ ഈ മാസം മൂന്നിനാണ് റിലീസിനെത്തുന്നത്. വിജയ് സേതുപതി, സന്ദീപ് കിഷൻ, ?ഗൗതം വാസദേവ് മേനോൻ, വരലക്ഷ്മി ശരത് കുമാർ തുടങ്ങിയവരാണ് പ്രധാന വേഷത്തിലെത്തുന്നത്.ആർ ജെ ബാലാജി ഐശ്വര്യ രാജേഷ് എന്നിവർ പ്രധാന വേഷത്തിലെത്തുന്ന ചിത്രം റൺ ബേബി റൺ ആണ് ഫെബ്രുവരി മൂന്നിനെത്തുന്ന മറ്റൊരു ചിത്രം. യോഗി ബാബു നായകനായി ഷാൻ ഒരുക്കുന്ന സിനിമ ബോമ്മൈ നായകി, മലയാള ചിത്രം ദി ഗ്രേറ്റ് ഇന്ത്യൻ കിച്ചണിന്റെ തമിഴ് റീമേക്ക്, തലൈകൂതൽ എന്നിങ്ങനെയാണ് പുറത്തിറങ്ങാനിരിക്കുന്ന സിനിമകൾ. ഫെബ്രുവരി 10-ന് ഡാഡ, കസെതാൻ കടവുളെട, 17-ന് വാത്തി, ബാഗാസുരൻ, 24-ന് ബോർഡർ എന്നിങ്ങനെ നീളുന്ന റിലീസിനെത്തുന്ന ചിത്രങ്ങൾ.

# ഒരു കോടി കടക്കാതെ മോഹൻലാൽ ചിത്രം എലോൺ

## ചെലവ് 2.5 കോടി



കേരള ബോക്സ് ഓഫീസിൽ വൻ പരാജയമായി ഷാജി കൈലാസ് സംവിധാനം ചെയ്ത മോഹൻലാൽ ചിത്രം 'എലോൺ'. ചിത്രം റിലീസ് ചെയ്ത് അഞ്ച് ദിനം പിന്നീടുമ്പോൾ 68 ലക്ഷം രൂപ മാത്രമാണ് നേടിയത്. ഒരു മോഹൻലാൽ ചിത്രത്തിന് ലഭിക്കുന്ന ഏറ്റവും കുറഞ്ഞ കളക്ഷൻ റിപ്പോർട്ടാണ് ഇത്. 2.5 കോടി ബജറ്റിൽ ഒരുക്കിയ 'എലോൺ' കേരള ബോക്സ് ഓഫീസിൽ വൻ പരാജയമായി എന്ന് തന്നെ പറയാം. ജനുവരി 26 ന് ബിഗ് സ്ക്രീനുകളിൽ എത്തിയ സിനിമയുടെ കളക്ഷൻ റിപ്പോർട്ടുകൾ ട്രാക്ക് ചെയ്യുന്ന ടിറ്റർ ഫോറങ്ങൾ അനുസരിച്ച്, 68 ലക്ഷം രൂപ മാത്രമാണ് ചിത്രത്തിന് നേടാനായത്. ചിത്രത്തിന് സിനിമാ പ്രേമികളിൽ നിന്ന് മികച്ച പ്രതികരണങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും, തിയേറ്ററുകളിൽ ഒരു പ്രേക്ഷകനെയും എത്തിക്കാൻ 'എലോൺ' ശരിക്കും ബുദ്ധിമുട്ടുകയാണ്. ചിത്രത്തിൽ കാളിദാസ് എന്ന കഥാപാത്രത്തെ ആണ് മോഹൻലാൽ അവതരിപ്പിച്ചത്. ലോക്ക്ഡൗൺ കാലത്ത് കൊച്ചിയിലെ ഒരു പ്രമുഖ ഫ്ലാറ്റിൽ താമസം തുടങ്ങുന്ന കാളിദാസനെ കേന്ദ്രീകരിച്ചാണ് കഥ.'സൗണ്ട് ഓഫ് ബൂട്ട്', 'ടൈം', 'മദിരാശി', 'ജിഞ്ചർ' എന്നീ ചിത്രങ്ങളുടെ രചയിതാവായ രാജേഷ് ജയരാമനാണ് ഈ ചിത്രത്തിനും തിരക്കഥ ഒരുക്കിയിരിക്കുന്നത്. ചിത്രത്തിന്റെ എഡിറ്റിംഗ് ഡോൺ മാക്സാണ്. ആനന്ദ് രാജേന്ദ്രനാണ് ഡിസൈനർ. ഫോട്ടോഗ്രാഫി അനീഷ് ഉപാസനയാണ്. ഛായാഗ്രഹണം അഭിനന്ദ് രാമാനുജം നിർവഹിക്കും. സംഗീതം ജേക്സ് ബിജോയ്.





# ഫഹദ് ഫാസിലും അൻവർ റഷീദും വീണ്ടും ഒന്നിക്കുന്നു

അൻവർ റഷീദിൻറെ സംവിധാനത്തിൽ ഫഹദ് ഫാസിൽ രണ്ട് തവണയാണ് അഭിനയിച്ചിട്ടുള്ളത്. 5 സുന്ദരികളിലെ ചെറുചിത്രം ആമിയിലും 2020 ൽ പുറത്തിറങ്ങിയ ട്രാൻസിലും. ഇപ്പോഴിതാ ഒരിക്കൽക്കൂടി ഈ കൂട്ടുകെട്ട് വരാനിരിക്കുന്നുവെന്നാണ് റിപ്പോർട്ട്. എന്നാൽ ഫഹദ് നായകനാവുന്ന ഈ ചിത്രത്തിൽ അൻവർ റഷീദ് സംവിധായകൻ ആയിരിക്കില്ല, മറിച്ച് നിർമ്മാതാവ് ആയിരിക്കും.സൌബിൻ ഷാഹിറിനെ നായകനാക്കി രോമാഞ്ചം എന്ന ചിത്രം ഒരുക്കിയ ജിത്തു മാധവനാവും ഈ ചിത്രം സംവിധാനം ചെയ്യുകയെന്ന് ഒടിടി പ്ലേ റിപ്പോർട്ട് ചെയ്യുന്നു. ബംഗളൂരു ആയിരിക്കും പ്രധാന ലൊക്കേഷൻ. ഇനിയും പേരിട്ടിട്ടില്ലാത്ത ചിത്രത്തിൻറെ ഷൂട്ടിംഗ് മാർച്ചിൽ ആരംഭിക്കുമെന്നും ഈ വർഷം തന്നെ തിയറ്ററുകളിൽ എത്തുമെന്നും പ്രമുഖ ട്രേഡ് അനലിസ്റ്റ് ശ്രീധർ പിള്ള ടീറ്റ് ചെയ്തിട്ടുണ്ട്.ഉസ്താദ് ഹോട്ടൽ പുറത്തിറങ്ങി ഏഴ് വർഷത്തിനു ശേഷമെത്തുന്ന അൻവർ റഷീദ് ചിത്രമെന്ന നിലയിൽ വലിയ പ്രീ റിലീസ് ഹൈപ്പുമായി എത്തിയ ട്രാൻസിന് പ്രതീക്ഷിച്ച വിജയം ബോക്സ് ഓഫീസിൽ നേടാൻ കഴിഞ്ഞിരുന്നില്ല.

## നിത്യഹരിത മലയാള സിനിമാഗാനങ്ങൾ

056




ഈശ്വരനൊരിക്കൽ വിരുന്നിനുപോയി
രാജകൊട്ടാരത്തിൽ വിളിക്കാതെ..
കന്മതിൽ ഗോപുരവാതിലിനരികിൽ
കരുണാമയനവൻ കാത്തുനിന്നൂ..
കരുണാമയനവൻ കാത്തുനിന്നൂ..

അലങ്കാരദീപങ്ങൾ ആർത്തുചിരിച്ചു..
അന്തഃപ്പുരമാകെ കോരിത്തരിച്ചു..
കോരിത്തരിച്ചു...
വിഭവങ്ങളൊരുങ്ങി വിദ്വാന്മാരൊരുങ്ങി
വിലാസ നൃത്തം തുടങ്ങി..
വിലാസ നൃത്തം തുടങ്ങി..
(ഈശ്വരനൊരിക്കൽ)




ആടകൾ ചാർത്തിയ തൻ മണി വിഗ്രഹം..
അവിടെയും സൂക്ഷിച്ചിരുന്നു..
അവിടെയും സൂക്ഷിച്ചിരുന്നു..
മധുരപദാർത്ഥങ്ങളായിരം വിളമ്പി..
മധുരപദാർത്ഥങ്ങളായിരം വിളമ്പി..
മദിരാചഷകം തുളുമ്പി..
മദിരാചഷകം തുളുമ്പി..

ഒരുപിടി ചോറിനായ് യാചിച്ചു ദൈവം...
ചിരികൾ ഉയർന്നു സദസ്സിൽ...
ചിരികൾ ഉയർന്നു സദസ്സിൽ....
ഒരു കാവൽക്കാരൻ വാളോങ്ങിനിന്നു...
ചിരിച്ചു..... പിൻവാങ്ങി...
ഭഗവാൻ.... ഭഗവാൻ....

ഡൽഹി ഡെർബാർ

# അഴിമതിക്കെതിരെയും പൗരാവകാശത്തിനു വേണ്ടിയും നിരന്തരം പോരാടിയ ശാന്തിഭൂഷൻ ഓർമ്മയായി

അഴിമതിക്കെതിരെയും പൗരാവകാശത്തിനു വേണ്ടിയും നിരന്തരം കോടതിമുറികളിലും പുറത്തും കുരിശുയുദ്ധം നയിച്ച വ്യക്തിയായിരുന്നു ശാന്തിഭൂഷൺ. എന്നും നിയമത്തിനല്ല നീതിയ്ക്കാണ് അദ്ദേഹം പ്രഥമസ്ഥാനം നൽകിയിരുന്നത്. പൊതുജീവിതത്തിൽ നിരവധി പ്രശ്നങ്ങൾ ഏറ്റെടുത്തു. ഒറിജിനൽ കോൺഗ്രസ് എന്നപേരിൽ അറിയപ്പെട്ടിരുന്ന സംഘടനാ കോൺഗ്രസിൽ അല്പകാലം പ്രവർത്തിച്ച ശേഷം അതുപേക്ഷിച്ചു.

1957ൽ ജവഹർലാൽ നെഹ്റുവിനു വേണ്ടി അലഹബാദിൽ ശാന്തിഭൂഷൻ തിരഞ്ഞെടുപ്പു പ്രചാരണത്തിനിറങ്ങിയിരുന്നു, ഇന്ദിരാഗാന്ധിയുടെ കൂടെ. ശാന്തിഭൂഷന്റെ കുടുംബവും നെഹ്റു കുടുംബവുമായുള്ള സൗഹൃദമായിരുന്നു അതിനു കാരണം.

എന്നാൽ ഇന്ദിരാഗാന്ധിയുടെ തിരഞ്ഞെടുപ്പ്വിജയത്തെ വെല്ലുവിളിച്ച് അലഹബാദ് ഹൈക്കോടതിയിൽ തന്റെ കക്ഷിയായ രാജ് നാരായണനുവേണ്ടി വാദിക്കാൻ അദ്ദേഹം തെല്ലും മടി കാണിച്ചില്ല. ഒടുവിൽ ഇന്ദിരാഗാന്ധി അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതിലേക്ക് നയിച്ച കേസിൽ അദ്ദേഹം വിജയം നേടിയിരുന്നു.

1977ൽ, ജനതാ പാർട്ടി അധികാരത്തിൽ വന്നപ്പോൾ, ഇന്ദിരാഗാന്ധിയുടെ കാലത്ത് വരുത്തിയ ഭരണഘടനാ ഭേദഗതികളുടെ ഒരു പരമ്പര അസാധുവാക്കി. ആ കാലയളവിൽ ജനതാ പാർട്ടിയുടെ നിയമമന്ത്രി ശാന്തിഭൂഷൺ ആയിരുന്നു. അപ്പോഴൊക്കെ ഉന്നത ജുഡീഷ്യറിയിലെ നിയമനങ്ങളിൽ ഒരിക്കൽപ്പോലും അദ്ദേഹം ഇടപെട്ടിട്ടില്ല. ചീഫ് ജസ്റ്റീസ് നൽകുന്ന ശുപാർശ അംഗീകരിക്കുക മാത്രമാണ് ശാന്തിഭൂഷൺ ചെയ്തിരുന്നത്.

'അടിയന്തരാവസ്ഥയ്ക്ക് മുമ്പുണ്ടായിരുന്ന അവസ്ഥയിലേക്ക് ഭരണഘടന പുനഃസ്ഥാപിക്കുമെന്ന' രാഷ്ട്രീയ വാഗ്ദാനമായ 44-ാം ഭരണഘടനാ ഭേദഗതി അദ്ദേഹത്തിന്റെ ഭരണകാലത്ത് പാസാക്കി. അപ്പോഴും 1978 ഡിസംബർ 20ന് ഇന്ദിരാഗാന്ധിയെ ലോക്സഭയിൽ നിന്നും അയോഗ്യയാക്കാനും ജയിലിൽ അടയ്ക്കാനും ലോക്സഭ തന്നെ തീരുമാനിച്ചതിനെ ശാന്തിഭൂഷൻ എതിർക്കുകയാണുണ്ടായത്. ഭരണപക്ഷം അങ്ങിനെ തീരുമാനിക്കുക വഴി തെറ്റായ കീഴ്വഴക്കമുണ്ടാക്കുകയാണ് ചെയ്യുന്നതെന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം..! ഭാവിയിൽ എല്ലാപാർട്ടികളും പ്രതിപക്ഷ നേതാക്കളോട് അങ്ങിനെ പെരുമാറും എന്നതായിരുന്നു അദ്ദേഹത്തിന്റെ ആശങ്ക.

**'അടിയന്തരാവസ്ഥയ്ക്ക് മുമ്പുണ്ടായിരുന്ന അവസ്ഥയിലേക്ക് ഭരണഘടന പുനഃസ്ഥാപിക്കുമെന്ന' രാഷ്ട്രീയ വാഗ്ദാനമായ 44–ാം ഭരണഘടനാ ഭേദഗതി അദ്ദേഹത്തിന്റെ ഭരണകാലത്ത് പാസാക്കി. അപ്പോഴും 1978 ഡിസംബർ 20ന് ഇന്ദിരാഗാന്ധിയെ ലോക്സഭയിൽ നിന്നും അയോഗ്യയാക്കാനും ജയിലിൽ അടയ്ക്കാനും ലോക്സഭ തന്നെ തീരുമാനിച്ചതിനെ ശാന്തിഭൂഷൻ എതിർക്കുകയാണുണ്ടായത്. ഭരണപക്ഷം അങ്ങിനെ തീരുമാനിക്കുക വഴി തെറ്റായ കീഴ്വഴക്കമുണ്ടാക്കുകയാണ് ചെയ്യുന്നതെന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം..! ഭാവിയിൽ എല്ലാപാർട്ടികളും പ്രതിപക്ഷ നേതാക്കളോട് അങ്ങിനെ പെരുമാറും എന്നതായിരുന്നു അദ്ദേഹത്തിന്റെ ആശങ്ക.**



1980ൽ, ജനതാ പാർട്ടിയുടെ തകർച്ചയ്ക്ക് ശേഷം, ഭൂഷൺ ഭാരതീയ ജനതാ പാർട്ടിയിൽ ചേർന്നു. പക്ഷെ, ആ പാർട്ടിയുടെ നിലപാടുകളോട് ചേർന്നുപോകാനാകാതെ വന്നപ്പോൾ പാർട്ടിവിട്ടു. കഷ്ടിച്ച് ആറ് വർഷത്തോളം മാത്രമെ ബിജെപിക്കൊപ്പം പ്രവർത്തിച്ചിരുന്നുള്ളു. തുടർന്ന് മകൻ പ്രശാന്ത് ഭൂഷണിനോടൊപ്പം 2012ൽ ആം ആദ്മി പാർട്ടി രൂപീകരണ നേതാക്കളിൽ ഒരാളായിരുന്നു ശാന്തി ഭൂഷൺ. വ്യക്തമായ രാഷ്ട്രീയ കാഴ്ചപ്പാടില്ലാതെ ആം ആദ്മി പാർട്ടിക്ക് നിലനില്പില്ലെന്നുകണ്ടതിനാൽ ഇരുവരും ആം ആദ്മി പാർട്ടിയിൽ നിന്നും വിട്ടുമാറി. ഇടക്കാലത്ത് രാഷ്ട്രീയപ്രവർത്തനം മതിയാക്കി കോടതിയിൽ പ്രാക്ടീസ് ആരംഭിച്ചു ശാന്തിഭൂഷൺ. ഭരണഘടനാനിയമം മുതൽ ക്രിമിനൽ നിയമം വരെയുള്ള കേസുകളിലൂടെ ഒരു നീണ്ട പോരാട്ടം തന്നെ കാഴ്ചവച്ചു. ബോംബെയിൽ നിന്നും മദ്രാസിൽ നിന്നുമുള്ള ഭീമന്മാർ ആധിപത്യം പുലർത്തുന്ന കോടതിമുറികളിൽ, അദ്ദേഹം നിരവധി പൊതു ആവശ്യങ്ങൾക്കായി ശക്തിയുക്തം വാദിച്ചിരുന്നു. തീവ്രവാദ കേസുകളിൽ പോലീസിന് സ്വീകാര്യമായ കുറ്റസമ്മതം നടത്താനാണ് പോട്ട നിയമം കൊണ്ടുവന്നത്. ഒരു പക്ഷേ എല്ലാ ഭീകരവാദ കേസുകളുടെയും മാതാവ്, 2001 ലെ പാർലമെന്റ് ആക്രമണ കേസിൽ, പ്രതികളുടെ രണ്ട് കുറ്റസമ്മതം കോടതി അംഗീകരിച്ചില്ലെന്ന് ശാന്തി ഭൂഷൺ ഉറപ്പാക്കി. അതാണ് ശരിയായ കാര്യമെന്ന് ജഡ്ജിമാരെ ധാർമികമായി ബോധ്യപ്പെടുത്തുമെന്ന് അദ്ദേഹം കോടതിയെ അറിയിച്ചു, അത് കൃത്യമായി ചെയ്തു,''

ശാന്തിഭൂഷന്റെ വിട വാങ്ങൽ ഒരു യുഗത്തിന്റെ അന്ത്യമാണെന്ന് തന്നെ പറയാം. സ്വാതന്ത്ര്യത്തിന് ശേഷം ഇന്ത്യൻ ഭരണഘടനയുടെയും നിയമവ്യവസ്ഥയുടെ മാറ്റങ്ങൾ നേരിൽ കണ്ട ഒരാളായിരുന്നു ശാന്തിഭൂഷൺ എന്ന് നിസംശയം പറയാം.

◗ *എമ എൽസ എൽവിൻ*

# ബിബിസി ഡോക്യുമെന്ററി: ലിങ്ക് എങ്ങനെ നീക്കം ചെയ്തു എന്തിന് നീക്കം ചെയ്തു

പ്രധാനമന്ത്രി നരേന്ദ്ര മോഡിയെക്കുറിച്ച് ബിബിസി തയ്യാറാക്കിയ ഡോക്യുമെന്ററി വിവാദം ഇനി അടങ്ങിയിട്ടില്ല. പക്ഷെ താൽക്കാലികമായെങ്കിലും അതിന് തടയിടാൻ ലിങ്ക് നീക്കം ചെയ്തതിലൂടെ സാധിച്ചു. 'ഇന്ത്യ: ദ മോഡി ക്വസ്റ്റ്യൻ' എന്ന പേരിൽ ഗുജറാത്ത് കലാപത്തെ അടിസ്ഥാനമാക്കി നിർമിച്ച ഡോക്യുമെന്ററി കൃത്യമായ അജണ്ടയുടെ ഭാഗമാണെന്നാണ് വിദേശകാര്യ മന്ത്രാലയത്തിന്റെ ആരോപണം. ഇതേത്തുടർന്ന് ഡോക്യുമെന്ററിയുടെ ലിങ്കുകൾ യൂട്യൂബിൽ നിന്നും ടിറ്ററിൽ നിന്നും ഒഴിവാക്കാൻ കേന്ദ്ര സർക്കാർ ഉത്തരവിടുകയായിരുന്നു.

ഐടിനിയമം 2021പ്രകാരമുള്ള അടിയന്തര അധികാരം ഉപയോഗിച്ചാണ് ഡോക്യുമെന്ററിയുടെ പ്രദർശനം നിർത്തിവെയ്ക്കാൻ ഇൻഫർമേഷൻ ആൻഡ് ബ്രോഡ്കാസ്റ്റിംഗ് മന്ത്രാലയ സെക്രട്ടറി അപൂർവ ചന്ദ്ര ഉത്തരവിട്ടത്.

## എന്താണ് ഈ നിയമങ്ങൾ ?

അടിയന്തര സാഹചര്യങ്ങളിൽ ചില വിവരങ്ങൾ തടയുന്നതിനുള്ള സർക്കാരിന്റെ അധികാരത്തെപ്പറ്റി വിവരിക്കുന്ന അനുഛേദമാണ് ഐടി നിയമം 2021 ലെ ആർട്ടിക്കിൾ 16. 2021 ഫെബ്രുവരി 25 നാണ് ഇൻഫർമേഷൻ ടെക്നോളജി റൂൾസ് (ഇന്റർമീഡിയറി ഗൈഡ്ലൈൻസ് ആൻഡ് ഡിജിറ്റൽ മീഡിയ എത്തിക്സ് കോഡ്) 2021 ഔദ്യോഗികമായി നിലവിൽ വന്നത്. ഈ നിയമമനുസരിച്ച് പൊതുസുരക്ഷയെ ബാധിക്കുന്നതോ രാജ്യതാൽപര്യത്തിന് എതിരായതോ ആയ വിവരങ്ങൾ മറ്റുള്ളവരിലേക്ക് എത്തുന്നത് തടയാൻ സർക്കാരിന് അധികാരം നൽകുന്നു.

## ഡോക്യുമെന്ററി: സർക്കാരിന്റെ നിലപാട്

കേന്ദ്ര സർക്കാരിനെ മോശമായി ചിത്രീകരിക്കുന്ന പ്രൊപ്പഗൻഡ ചിത്രമാണ് ബിബിസിയുടെ ഡോക്യുമെന്ററി എന്നാണ് വിലയിരുത്തൽ. കേന്ദ്ര വിദേശകാര്യ മന്ത്രാലയം, ആഭ്യന്തര മന്ത്രാലയം, വാർത്തപ്രക്ഷേപണ മന്ത്രാലയം തുടങ്ങിയ എല്ലാ വകുപ്പുകളും ഡോക്യുമെന്ററിയ്ക്കെതിരെ രംഗത്തെത്തിയിരുന്നു. എന്നാൽ ഡോക്യുമെന്ററിയുടെ പ്രദർശനത്തിന് വിലക്കേർപ്പെടുത്തിയ കേന്ദ്ര സർക്കാർ നടപടിയെ രൂക്ഷമായി വിമർശിച്ച് കോൺഗ്രസ്, തൃണമൂൽ കോൺഗ്രസ് ഉൾപ്പെടെയുള്ള പ്രതിപക്ഷ പാർട്ടികൾ രംഗത്തെത്തി.




ഭിന്നിപ്പിച്ച് ഭരിക്കുക എന്ന തന്ത്രം ഇന്ത്യയിൽ പ്രയോഗിച്ച ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ മാതൃകയാണ് ഈ ഡോക്യുമെന്ററി പിന്തുടരുന്നതെന്ന് രാജ്യത്തെ ഉന്നത ഉദ്യോഗസ്ഥർ പുറത്തിറക്കിയ സംയുക്ത പ്രസ്താവനയിൽ പറയുന്നു. രാജസ്ഥാൻ ഹൈക്കോടതി മുൻ ചീഫ് ജസ്റ്റിസ് അനിൽ ദിയോ സിംഗ്, മുൻ ആഭ്യന്തര സെക്രട്ടറി എൽ.സി. ഗോയൽ, മുൻ വിദേശകാര്യ സെക്രട്ടറി ശശാങ്ക്, റോ മുൻ മേധാവി സഞ്ജീവ് ത്രിപാഠി, മുൻ എൻഐഎ ഡയറക്ടർ യോഗേഷ് ചന്ദർ മോഡി എന്നിവരാണ് സംയുക്ത പ്രസ്താവനയിൽ ഒപ്പ് വെച്ച പ്രമുഖർ.

ഈ ഡോക്യുമെന്ററി ഒരു നിഷ്പക്ഷ വിമർശനമല്ല നടത്തുന്നതെന്നും പ്രസ്താവനയിൽ പറയുന്നു. ഇന്ത്യയുടെ അഖണ്ഡതയേയും ഐക്യത്തേയും ചോദ്യം ചെയ്യുന്നതാണ് ഡോക്യുമെന്ററിയെന്ന് ഉന്നത വൃത്തങ്ങൾ പറഞ്ഞു. അതുകൊണ്ട് തന്നെയാണ് ഡോക്യുമെന്ററി പ്രദർശനം നിരോധിക്കണമെന്ന് ആവശ്യപ്പെടുന്നതെന്നും ഉന്നതവൃത്തങ്ങൾ അറിയിച്ചു. ഡോക്യുമെന്ററി പ്രദർശിപ്പിച്ചാൽ അത് സംസ്ഥാനങ്ങൾ തമ്മിലുള്ള ബന്ധം വഷളാക്കുമെന്നും രാജ്യത്തിന്റെ സമാധാനം തകർക്കുമെന്നും ഉദ്യോഗസ്ഥർ പറയുന്നു.

അതേസമയം ഡോക്യുമെന്ററിയുടെ യുട്യൂബ് ലിങ്കുകൾ ഷെയർ ചെയ്ത അമ്പതിലധികം ടീറ്റുകൾ ഇതിനോടകം തന്നെ ബ്ലോക്ക് ചെയ്തു. ബിബിസി ഡോക്യുമെന്ററിയ്ക്കെതിരെ രൂക്ഷമായ വിമർശനമാണ് കേന്ദ്ര വിദേശകാര്യ വക്താവ് അരിന്ദം ബാഗ്ചി നടത്തിയത്.

'മോഡിയെ അപകീർത്തിപ്പെടുക എന്ന ഉദ്ദേശ്യത്തോടു കൂടി മാത്രം നിർമിച്ച ഡോക്യുമെന്ററിയാണിത്. ചില മുൻവിധികളും വസ്തുതക്കു നിരക്കാത്ത കാര്യങ്ങളും കൊളോണിയൽ ചിന്തയുമെല്ലാം വ്യക്തമായി ഡോക്യുമെന്ററിയിൽ കാണാൻ സാധിക്കും. ഇതിന്റെ ഉദ്ദേശ്യത്തെ കുറിച്ചും ഇതിന് പിന്നിലെ അജണ്ടയെ കുറിച്ചും ആലോചിക്കുമ്പോൾ അത്ഭുതം തോന്നുകയാണ്. ഇത്തരം സംഭവങ്ങളെ മുഖവിലക്കെടുക്കാൻ ആഗ്രഹിക്കുന്നില്ല'', എന്നാണ് അരിന്ദം ബാഗ്ചി പറഞ്ഞത്.

## റഷ്യയുടെ പിന്തുണ

അതേസമയം ബിബിസി ഡോക്യുമെന്ററി വിവാദത്തിൽ പ്രതികരണവുമായി റഷ്യയും രംഗത്തെത്തിയിരുന്നു. വിവിധ മുന്നണികളിൽ വിവര യുദ്ധം (ഇൻഫർമേഷൻ വാർ) നടത്താനാണ് ബിബിസി ലക്ഷ്യമിടുന്നതെന്നായിരുന്നു റഷ്യയുടെ ആരോപണം. 'റഷ്യയ്ക്കെതിരെ മാത്രമല്ല, സ്വതന്ത്ര നയം സ്വീകരിക്കുന്ന മറ്റ് ആഗോള അധികാര കേന്ദ്രങ്ങൾക്കെതിരെയും ബിബിസി വിവര യുദ്ധം നടത്തുന്നതിന്റെ മറ്റൊരു തെളിവാണ് ഇത് എന്ന വസ്തുതയിലേക്ക് നിങ്ങളുടെ ശ്രദ്ധ ആകർഷിക്കാൻ ഞാൻ ആഗ്രഹിക്കുന്നുവെന്നും റഷ്യയുടെ വിദേശകാര്യ മന്ത്രാലയ വക്താവ് മരിയ സഖറോവ പറഞ്ഞു.

'ബിബിസി ബ്രിട്ടീഷ് സ്ഥാപനത്തിനുള്ളിൽ പോലും പോരാടുകയാണ്, ചില ഗ്രൂപ്പുകളുടെ താൽപ്പര്യങ്ങൾ നടത്താനുള്ള ഉപകരണമായി മറ്റുള്ളവർക്കെതിരെ പ്രവർത്തിക്കുകയാണ്. അതിനുസരിച്ച് ബിബിസിയെ പരിഗണിക്കണം,' സഖരോവയെ ഉദ്ധരിച്ച് വാർത്താ ഏജൻസിയായ എഎൻഐ റിപ്പോർട്ട് ചെയ്തത് ഇങ്ങനെയാണ്.




പ്രധാനമന്ത്രി നരേന്ദ്ര മോഡി മുഖ്യമന്ത്രിയായിരുന്ന കാലത്തെ ഗുജറാത്ത് കലാപത്തിന്റെ ചില വശങ്ങളാണ് രണ്ട് ഭാഗങ്ങളുള്ള ഡോക്യുമെന്ററിയിലുള്ളതെന്നാണ് ബിബിസി അവകാശപ്പെടുന്നത്. 'ഇന്ത്യ: ദി മോഡി ക്വസ്റ്റിയൻ' എന്ന ഡോക്യുമെന്ററിയുടെ ലിങ്കുകൾ ബ്ലോക്ക് ചെയ്യാൻ സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളായ ടിറ്ററിനും യൂട്യൂബിനും അടുത്തിടെ കേന്ദ്രം നിർദ്ദേശം നൽകിയിരുന്നു. ഇതേ തുടർന്ന് രാജ്യമൊട്ടുക്കെ പ്രതിഷേധ പ്രകടനങ്ങളും നടന്നിരുന്നു.


## ഡോക്യുമെന്ററിയെ തള്ളാതെ അമേരിക്ക


എന്നാൽ ബിബിസിയുടെ ഡോക്യുമെന്ററിയെ തള്ളാതെ അമേരിക്ക പ്രതികരിച്ചത്. മാധ്യമ സ്വാതന്ത്ര്യം എവിടെയും സംരക്ഷിക്കപ്പെടണമെന്ന് അമേരിക്കൻ വക്താവ് നെഡ് പ്രൈസ് പറഞ്ഞു. ജനാധിപത്യമൂല്യങ്ങൾക്കും അഭിപ്രായ സ്വാതന്ത്ര്യത്തിനും മത, മനുഷ്യാവകാശ സ്വാതന്ത്ര്യത്തിനും അമേരിക്ക പ്രാധാന്യം നൽകുന്നു. ഇന്ത്യയോടുള്ള ബന്ധവും ഇതിന്റെ അടിസ്ഥാനത്തിലാണെന്നും അമേരിക്ക പറഞ്ഞു.

ഡോക്യുമെന്ററി താൻ കണ്ടിട്ടില്ല. അമേരിക്കയും ഇന്ത്യയും പങ്കിടുന്ന മൂല്യങ്ങളെകുറിച്ച് തനിക്കറിയാം. അവ അതുപോലെ തന്നെ തുടരും. ഇന്ത്യയിലെ നടപടികളിൽ ആശങ്ക ഉണ്ടാകുമ്പോഴൊക്കെ പ്രതികരിക്കാറുണ്ടെന്നും നെഡ് പ്രൈസ് പറഞ്ഞു. പതിവ് മാധ്യമ സമ്മേളനത്തിനിടെയായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം.


# ജനുവരി ട്രാൻസ്ഫർ വിൻഡോ അടച്ചു; വമ്പന്മാരെ കൈക്കലാക്കി ക്ലബ്ബുകൾ












ലോകകപ്പ് ഇടവേളയ്ക്ക് ശേഷം നടന്ന ജനുവരി ട്രാൻസ്ഫർ വിൻഡോയിൽ വമ്പന്മാരെ കൈക്കലാക്കി വിവിധ ക്ലബ്ബുകൾ. എല്ലാ പ്രധാന ക്ലബ്ബുകളും അവരുടെ സ്ക്വാഡുകളെ ശക്തിപ്പെടുത്തുന്ന കാഴ്ച്ചയാണ് കണ്ടത്.
സീസൺ മികച്ച രീതിയിൽ അവസാനിപ്പിക്കാനുംലീഗ് വിജയിക്കാനും ടീമിനെ കൂടുതൽ ഉയരങ്ങളിലേക്ക് എത്തിക്കാനും കഴിയുന്ന താരങ്ങളെ എങ്ങനെയെങ്കിലും സ്വന്തമാക്കുക എന്നതായിരുന്നു എല്ലാ പ്രമുഖ ക്ലബ്ബുകളുടെയും ലക്ഷ്യം. ക്ലബ്ബുകൾ ഒരു പരിധി വരെ ഇതിൽ വിജയിച്ചുവെന്നും വേണമെങ്കിൽ പറയാം.ജനുവരി ട്രാൻസ്ഫർ വിൻഡോ ഡെഡ്ലൈൻ ഡേയിലേക്ക് അടുത്തതോടെ ചില അപ്രതീക്ഷിത ട്വിസ്റ്റുകളും ചില താരങ്ങളുടെ കാര്യത്തിൽ സംഭവിച്ചു.2023 ജനുവരി 31ന് ട്രാൻസ്ഫർ വിൻഡോ അവസാനിച്ചപ്പോൾ പ്രീമിയർ ലീഗിൽ നടന്ന ട്രാൻസ്ഫറുകൾ ഏതൊക്കെയെന്ന് നോക്കാം:
എൻസോ ഫെർണാണ്ടസ് (ബെൻഫിക്കയിൽ നിന്ന് ചെൽസിയിലേക്ക്)ജോർജീനോ (ചെൽസിയിൽ നിന്ന് ആഴ്സണലിലേക്ക്)മാർസൽ സാബിറ്റ്സർ (ബയേൺ മ്യൂണിക്കിൽ നിന്ന് ലോൺ അടിസ്ഥാനത്തിൽ മാഞ്ചസ്റ്റർ യുണൈറ്റഡിലേക്ക്)പെഡ്രോ പോറോ (സ്പോർട്ടിംഗ് ലിസ്ബണിൽ നിന്ന് ലോൺ അടിസ്ഥാനത്തിൽ ടോട്ടനത്തിലേക്ക്)ഹാരി സൗത്താർ (സ്റ്റോക്കിൽ നിന്ന് ലെസ്റ്ററിലേക്ക്)ജോൺജോ ഷെൽവി (ന്യൂകാസിൽ നിന്ന് നോട്ടിംഗാം ഫോറസ്റ്റിലേക്ക്)ഡിയോഗോ മോണ്ടെറോ (സെർവെറ്റിൽ നിന്ന്ലീഡ്സ് യുണൈറ്റഡിലേക്ക്)കെയ്ലർ ന വാ സ് (പാരീസ് സെന്റ് ജെർമെയ്നിൽ നിന്ന് ലോൺ അടിസ്ഥാനത്തിൽ നോട്ടിംഗ്ഹാം ഫോറസ്റ്റിലേക്ക്) ഹാരിസൺ ആഷ്ബി (വെസ്റ്റ് ഹാമിൽ നിന്ന് ന്യൂകാസിലിലേക്ക്)നേതൻ ഒപോകു (എളങ ഫീൽഡ് മാസ്റ്റേഴ്സ് സ്പോർട്ടിംഗ് ക്ലബ്ബിൽ നിന്ന് ലെസെസ്റ്ററിലേക്ക്) സാസ ലൂക്കിച്ച് (ടൊറിനോയിൽ നിന്ന് ഫുൾഹാമിലേക്ക്)ഇലിയ സബർണി (ഡൈനാമോ കീവിൽ നിന്ന് ബോൺമൗത്തിലേക്ക്)നവീഹു ആഹ്മദ (സ്റ്റട്ട്ഗാർട്ടിൽ നിന്ന് ക്രിസ്റ്റൽ പാലസിലേക്ക്) ബെർട്രാൻഡ് ട്രോർ (ഇസ്താംബുൾ ബസക്സെഹിറിൽ നിന്ന് ആസ്റ്റൺ വില്ലയിലേക്ക്) ഫെലിപ്പെ (അത്ലറ്റിക്കോ മാഡ്രിഡിൽ നിന്ന് നോട്ടിംഗ്ഹാം ഫോറെസ്റ്റിലേക്ക്)ഹാമെഡ് ട്രോർ (സാസുവോലോയിൽ നിന്ന് ബോൺമൗത്തിലേക്ക് ) ആൽബർട്ട് സാംബി ലോകോംഗ (ആഴ്സണലിൽ നിന്ന് ലോൺ അടിസ്ഥാനത്തിൽ ക്രിസ്റ്റൽ പാലസിലേക്ക്) കമാൽ ദീൻ സുലെമാന (റെന്നസിൽ നിന്ന് സതാംപ്ടണിലേക്ക്)സെഡ്രിക് സോറസ് (ആഴ്സണലിൽ നിന്ന് ലോൺ അടിസ്ഥാനത്തിൽ ഫുൾഹാമിലേക്ക്)പോൾ ഒനാച്ചു (ജെങ്കിൽ നിന്ന് സതാംടണിലേക്ക്)



## പീഡനവീരനെ വേണ്ട; ഡാനി ആൽവസിൽനിന്ന് വിവാഹമോചനം തേടി ഭാര്യ



നൈറ്റ്ക്ലബിൽ യുവതിയെ ലൈംഗിക പീഡനത്തിരയാക്കിയ കേസിൽ ജയിലിൽ കഴിയുന്ന ബ്രസീൽ താരം ഡാനി ആൽവസിൽനിന്ന് വിവാഹമോചനം ആവശ്യപ്പെട്ട് ഭാര്യ യൊആന സാൻസ്.വിവാഹമോചനം തേടി അഭിഭാഷകൻ വഴി ആൽവസിന് കത്ത് കൈമാറിയതായി റിപ്പോർട്ടുകൾ പറയുന്നു. താരവുമൊത്തുള്ള എല്ലാ ചിത്രങ്ങളും അടുത്തിടെ സാൻസ് സമൂഹ മാധ്യമങ്ങളിൽനിന്ന് ഒഴിവാക്കിയിരുന്നു.സ്പാനിഷ് നഗരമായ ബാഴ്സലോണയിലെ നൈറ്റ് ക്ലബിൽ ഡിസംബർ നടന്ന സംഭവവുമായി ബന്ധപ്പെട്ടാണ് ആൽവസ് ജാമ്യമില്ലാ വകുപ്പുകളുമായി ജയിലിൽ കഴിയുന്നത്.പീഡന പരാതി ഉന്നയിച്ച യുവതിയെ അറിയില്ലെന്ന് ആദ്യം പറഞ്ഞ താരം പിന്നീട് ഉഭയസമ്മതപ്രകാരമായിരുന്നുവെന്ന് തിരുത്തി. ഖത്തർ ലോകകപ്പിൽ ബ്രസീൽ നിരയിലുണ്ടായിരുന്ന ആൽവസ് മെക്സിക്കൻ ക്ലബായ പൂമാസിനു വേണ്ടി കരാറിലെത്തിയിരുന്നു.ബാഴ്സലോണയിൽനിന്ന് മെക്സിക്കോയിലെത്തിയ ഉടൻ തിരികെ സ്പെയിനിലെത്തിച്ചാണ് ജാമ്യമില്ലാ വകുപ്പുകൾ ചേർത്ത് അറസ്റ്റ് ചെയ്തത്. വിചാരണക്കാലയളവിൽ പുറത്തിറങ്ങാൻ അനുമതി തേടി താരം കഴിഞ്ഞ ദിവസം കോടതിയെ സമീപിച്ചിരുന്നു.



## പാരിസ് ഒളിമ്പിക്സ്; റഷ്യ പുറത്ത് തന്നെ

ടോകിയോ ഒളിമ്പിക്സിനു പിന്നാലെ 2024ലെ പാരിസ് ഒളിമ്പിക്സിലും റഷ്യക്കും ബെലറൂസിനും വിലക്ക് തുടർന്ന് അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി.ഉക്രെയ്ൻ അധിനിവേശത്തെ തുടർന്ന് കഴിഞ്ഞ വർഷം ഏർപെടുത്തിയ വിലക്ക് നിലനിൽക്കുമെന്ന് ഐ.ഒ.സി അറിയിച്ചു. ഇരു രാജ്യങ്ങളിലെയും അറ്റ്ലറ്റുകൾക്ക് രാജ്യത്തിന്റെ പതാകയില്ലാതെ മത്സരിക്കാനാകുമെന്ന് കഴിഞ്ഞ ദിവസം വ്യക്തമാക്കിയിരുന്നു. ഇതേകുറിച്ച് റഷ്യൻ ഒളിമ്പിക് കമ്മിറ്റി പുറത്തിറക്കിയ പ്രസ്താവനക്ക് മറുപടിയിലാണ് ഐ.ഒ.സി പ്രതികരണം.''റഷ്യ, ബെലറൂസ് രാജ്യങ്ങൾക്കെതിരായ വിലക്കിൽ ഒത്തുതീർപ്പ് അനുവദിക്കില്ല. കഴിഞ്ഞ ഡിസംബറിൽ ചേർന്ന ഒളിമ്പിക് ഉച്ചകോടി വിലക്കിന് അംഗീകാരം നൽകിയതാണ്''- പ്രസ്താവന പറയുന്നു. ഇരു രാജ്യങ്ങളിലെയും ഔദ്യോഗിക പ്രതിനിധികൾക്ക് ക്ഷണം നൽകാതിരിക്കുക, ഇരു രാജ്യങ്ങളിലും കായിക മത്സരങ്ങൾ സംഘടിപ്പിക്കാതിരിക്കുക എന്നതും തീരുമാനത്തിന്റെ ഭാഗമാണ്.അതേ സമയം, റഷ്യക്കും ബെലറൂസിനും യൂറോപിനു പകരം ഏഷ്യൻ വൻകരകളിലായി മത്സരങ്ങൾ നടത്താനും പങ്കെടുക്കാനും അവസരം നൽകുന്നത് പരിഗണിക്കാമെന്ന് ഏഷ്യൻ ഒളിമ്പിക് കൗൺസിൽ അറിയിച്ചിരുന്നു.

## 'ലോകകപ്പ് കിരീടം എന്നെ മാടിവിളിച്ചു'

ബ്യൂണസ് ഐറിസ്: ലോകകപ്പ് ഫുട്ബോൾ കിരീടം തന്നെ മാടിവിളിച്ചെന്ന് അർജന്റീനാ സൂപ്പർതാരം ലയണൽ മെസ്സി. അർജന്റീനയിലെ ഒരു റേഡിയോക്ക് നൽകിയ അഭിമുഖത്തിലാണ് മെസ്സി തന്റെ ലോകകപ്പ് അനുഭവങ്ങളും ഫൈനൽ നിമിഷങ്ങളും പങ്കുവെച്ചത്.ഖത്തർ ലോകകപ്പിൽ നാടകീയമായ നിമിഷങ്ങൾക്കൊടുവിലാണ് ഷൂട്ടൗട്ടിൽ മെസ്സിയും സംഘവും ഫ്രാൻസിനെ തോൽപ്പിച്ച് കിരീടത്തിൽ മുത്തമിട്ടത്.''അതിമനോഹരമായ ലുസെയ്ൽ സ്റ്റേഡിയത്തിൽ വിശ്വകിരീടം മിന്നിത്തിളങ്ങുന്നത് ഞാൻ കണ്ടു. ഫൈനലിനെത്തിയ എന്നെ ലോകകപ്പ് ട്രോഫി മാടിവിളിച്ച് പറഞ്ഞു, വന്നെടുത്തോളൂവെന്ന്. ഇപ്പോൾ നിങ്ങൾക്ക് എന്നെ തൊടാമെന്നും. കിരീടത്തിനരികെയെത്തിയപ്പോൾ സ്നേഹത്തോടെ മുത്തമിടാൻ ഞാൻ മടിച്ചില്ല.'' -മെസ്സി പറഞ്ഞു.

# എറിക്സൺ ഈ സീസണിൽ ബൂട്ടണിഞ്ഞേക്കില്ല

പരിക്ക് പറ്റിയ മധ്യനിര താരം ക്രിസ്റ്റ്യൻ എറിക്സൺ ഈ സീസണിൽ മാഞ്ചസ്റ്റർ യുണൈറ്റഡിന് വേണ്ടി കളത്തിലേക്ക് ഇറങ്ങിയേക്കില്ല എന്ന് റിപ്പോർട്ട്.താരത്തിന്റെ പരിക്ക് ഗുരുതരമാണെന്നും അതിനാൽ കൂടുതൽ വിശ്രമം വേണ്ടി വരുമെന്നുമാണ് ക്ലബ്ബ് ഇപ്പോൾ അറിയിച്ചിരിക്കുന്നത്.റീഡിംഗിന് എതിരായ എഫ്എ കപ്പ് മത്സരത്തിനിടയിലാണ്എറിക്സൺ പരിക്ക് പറ്റിയത്.താരത്തിന് ആങ്കിൾ ഇഞ്ചുറിയാണ്.പരിക്ക് മൂലം പുറത്ത് ഇരിക്കേണ്ടി വന്നതോടെ പിന്നീട് നടന്ന നോട്ടിങ്ഹാം ഫോറസ്റ്റിന് എതിരായ ലീഗ് കപ്പ് സെമി ഫൈനൽ അടക്കമുള്ള മത്സരങ്ങൾ അദ്ദേഹത്തിന് നഷ്ടമായിരുന്നു.

മൈതാനത്തെ കസെമിറോ- എറിക്സൺ കൂട്ടുകെട്ട് ഇത്തവണയും ക്ലബ്ബിനെ രക്ഷിക്കുമെന്ന വിശ്വാസം ക്ലബ്ബിനും ആരാധകർക്കും ഉണ്ടായിരുന്നു. എന്നാൽ പരിക്ക് സാരമായതിനാൽ മെയ് വരെ താരത്തിന് വിശ്രമം ലഭിക്കേണ്ടിവരുമെന്നാണ് ഇപ്പോൾ അടുത്ത വൃത്തങ്ങൾ അറിയിക്കുന്നത്. ഇതോടെ ആരാധകർ അടക്കം വലിയ നിരാശയിലാണ്.

അതേസമയം എറിക്സൺ പകരക്കാരനായി ആരെത്തുമെന്നാണ് ഇപ്പോൾ ഏവരും കാത്തിരിക്കുന്നത്.എറിക്സന്റെ അഭാവത്തിൽ ആദ്യ ഇലവനിൽ എത്തുക ഫ്രെഡോ മക്റ്റോമനിയോ ആയിരിക്കും എന്നാണ് സൂചന.



## പൊറുതി മുട്ടി; ട്വന്റി20ക്ക് പിച്ച് തയ്യാറാക്കിയ ക്യൂറേറ്ററെ പുറത്താക്കി

ട്വന്റി20 മത്സരത്തിലെ പതിവു വെടിക്കെട്ട് പ്രതീക്ഷിച്ചെത്തിയ ആരാധകർക്ക് വലിയ നിരാശയാണ് ഇക്കഴിഞ്ഞ ഇന്ത്യ- ന്യൂസിലൻഡ് രണ്ടാം ട്വന്റി20 സമ്മാനിച്ചത്. ജയം ഇന്ത്യക്കൊപ്പം ആയിരുന്നുവെങ്കിലും പിച്ചിനെച്ചൊല്ലിയുള്ള വിമർശനങ്ങളായിരുന്നു എവിടെയും. പിച്ച് വൻ ദുരന്തമായിരുന്നുവെന്നാണ് ക്യാപ്റ്റൻ ഹാർദിക് പാണ്ഡ്യ അടക്കം വിമർശിച്ചത്. ബാറ്റിങ്ങിനെ ഒട്ടും തുണക്കാത്ത പിച്ചിൽ പേസർമാർക്കു പകരം സ്പിന്നർമാരാണ് കളം വാണത്. ഇതോടെ പിച്ച് ക്യൂറേറ്റർ സുരേന്ദർ കുമാറിനെ പുറത്താക്കിയെന്ന് ഇപ്പോൾ യുപി ക്രിക്കറ്റ് അസോസിയേഷൻ അറിയിച്ചിട്ടുണ്ട്.പകരം ചുമതല സഞ്ജീവ് അഗർവാൾ ഏറ്റെടുക്കും. ഐപിഎല്ലിനായി പിച്ച് ഒരുക്കുകയാകും പുതിയ ക്യൂറേറ്ററുടെ പ്രധാന വെല്ലുവിളി.

# ഐപിഎല്ലിൽ വെള്ളം കുടിപ്പിച്ച ബോളർ, ഉശിരൻ! വെളിപ്പെടുത്തി ക്രിസ് ഗെയ്ൽ



ഐപിഎല്ലിലെ ഏക്കാലത്തേയും മികച്ച ബാറ്റർമാരിൽ ഒരാളാണ് വെസ്റ്റ് ഇൻഡീസിൻറെ മുൻ ക്യാപ്റ്റൻ ക്രിസ് ഗെയ്ൽ. 'യൂണിവേഴ്സൽ ബോസ്' എന്ന വിശേഷണമുള്ള ഗെയ്ൽ ഐപിഎല്ലിൻറെ ഇതേവരെയുള്ള 15ൽ 13 സീസണുകളിലും കളിച്ചിട്ടുണ്ട്.ലോകത്തിലെ ഏറ്റവും സമ്പന്നമായ ഫ്രാഞ്ചൈസി ലീഗിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സ്, റോയൽ ചലഞ്ചേഴ്സ് ബാംഗ്ലൂർ, പഞ്ചാബ് കിങ്സ് എന്നീ ടീമുകളെയാണ് ഇടങ്കയ്യൻ ബാറ്റർ പ്രതിനിധീകരിച്ചിച്ചുള്ളത്. ബോളർമാരുടെ പേടി സ്വപ്നമായിരുന്ന താരം ഐപിഎൽ ചരിത്രത്തിലെ ഏറ്റവും കൂടുതൽ സിക്സറുകൾ ഉൾപ്പെടെ നിരവധി റെക്കോഡുകൾ സ്വന്തം പേരിലാക്കിയിട്ടുണ്ട്. 142 മത്സരങ്ങളിൽ നിന്ന് 357 സിക്സറുകൾ പറത്തിയാണ് ഗെയ്ൽ റെക്കോഡിട്ടത്. പട്ടികയിൽ രണ്ടാം സ്ഥാനത്തുള്ള എബി ഡിവില്ലിയേഴ്സ് 251 സിക്സുകൾ മാത്രമാണ് നേടിയിട്ടുള്ളത്.ഐപിഎല്ലിലെ മുൻനിര ബോളർമാരിൽ മിക്കവരും ഗെയ്ലിൻറെ ബാറ്റിൻറെ ചൂടറിഞ്ഞിട്ടുണ്ട്. എന്നാൽ തന്നെ വെള്ളം കുടിപ്പിച്ച ഒരു ബോളറുണ്ടെന്നാണ് 43കാരനായ ഗെയ്ൽ വെളിപ്പെടുത്തിയിരിക്കുന്നത്. ലീഗിൽ ഏറ്റവും കൂടുതൽ തവണ കരീബിയൻ താരത്തെ പുറത്താക്കിയത് ഇന്ത്യൻ സ്പിന്നർമാരായ ആർ അശ്വിനും ഹർഭജൻ സിങ്ങുമാണ്.

അഞ്ച് തവണ വീതമാണ് ഇരുവരും ഗെയ്ലിനെ പുറത്താക്കിയിട്ടുള്ളത്. എന്നാൽ ഒരിക്കൽ പോലും പുറത്താക്കിയിട്ടില്ലാത്ത മറ്റൊരു ബോളറാണ് തന്നെ പ്രയാസപ്പെടുത്തിയതെന്നാണ് ഗെയ്ൽ പറഞ്ഞിരിക്കുന്നത്. ഇന്ത്യൻ പേസർ ജസ്പ്രീത് ബുംറയാണ് ഐപിഎല്ലിൽ തന്നെ ഏറ്റവും കൂടുതൽ വെള്ളം കുടിപ്പിച്ച ബോളറെന്ന് ഗെയ്ൽ ഒരു ചാറ്റ് ഷോയിൽ വെളിപ്പെടുത്തിയത്.'അത് ബുംറയാണ്. ഭാജിയെയോ അശ്വിനെയോ പോലെ ഒരു ഓഫ് സ്പിന്നറെ ഞാൻ തെരഞ്ഞെടുക്കില്ല. തീർച്ചയായും ബുംറയാണത്. അവൻറെ സ്ലോ ബാൾ കളിക്കാൻ ഏറെ പ്രയാസമാണ്, വേരിയഷനുകൾ അസാധാരണമാണ്', ഗെയ്ൽ പറഞ്ഞു.

# കെയ്ൽ സ്മൈൻ അന്തരിച്ചു




യുഎസ് സ്കീയർ കെയ്ൽ സ്മൈൻ അന്തരിച്ചു. മധ്യ ജപ്പാനിലെ പർവത നിരകളിൽ വച്ച് സ്കീയിങ് നടത്തുന്നതിനിടെ ഹിമപാതത്തിൽപ്പെട്ടാണ് ജീവൻ നഷ്ടമായത്. ഫ്രീസ്റ്റൈൽ സ്കീയിങ് ലോക ചാമ്പ്യനായിരുന്നു അദ്ദേഹം.സ്മൈൻ സ്കീയിങ് നടത്തുന്നതിനിടെ വായു സ്ഫോടനം സംഭവിക്കുകയും താരം 50 മീറ്ററോളം അകലേക്ക് എടുത്തെറിയപ്പെടുകയുമായിരുന്നുവെന്നാണ് ലഭിക്കുന്ന റിപ്പോർട്ടുകൾ. വീഴ്ചയുടെ ആഘാതത്തിൽ സ്മൈൻ മഞ്ഞിൽ പൂണ്ടു പോവുകയായിരുന്നു.അവിശ്വസനീയ മഞ്ഞു വീഴ്ചയുടെ പശ്ചാത്തലത്തിൽ സ്കീയിങ് നടത്തുന്നത് ആസ്വദിക്കുകയാണെന്ന് താരം കഴിഞ്ഞ ദിവസം സാമൂഹിക മാധ്യമങ്ങളിൽ കുറിച്ചിരുന്നു.പിന്നാലെയാണ് അപകടമുണ്ടായത്.അപകടം നടക്കുമ്പോൾ സ്മൈനിനൊപ്പം മറ്റ് രണ്ട് സ്കീയർമാർ കൂടിയുണ്ടായിരുന്നു.ഇതിൽ ഒരാൾക്കും ജീവൻ നഷ്ടമായി.

# ഹൾക്ക് ഹോഗന് ഗുരുതര ആരോഗ്യ പ്രശ്നമെന്ന് സഹതാരം

ശസ്ത്രക്രിയയ്ക്ക് പിന്നാലെ മുൻ ഹെവിവെയ്റ്റ് ചാമ്പ്യനായ ഹൾക്ക് ഹോഗന് അരയ്ക്ക് കീഴ്പ്പോട്ടുള്ള ചലനശേഷി നഷ്ടമായതായി റെസ്ലിംഗ് താരം കുർട്ട് ആംഗിൾ.69കാരനായ ഹൾക്ക് ഹോഗൻ അടുത്തിടെയാണ് നടുവിന് ശസ്ത്രക്രിയ ചെയ്തത്. നട്ടെല്ലിനുള്ള ബുദ്ധിമുട്ടുകൾ മൂലം നിലവിൽ വടിയുടെ സഹായത്തോടെയാണ് നടക്കുന്നതെന്നും കുർട്ട് ആംഗിൾ പറയുന്നത്.അരയ്ക്ക് താഴേയ്ക്കുള്ള ഞരമ്പുകളിൽ അടുത്തിടെ നടന്ന ശസ്ത്രക്രിയയിൽ പൊട്ടലുണ്ടായെന്നും കുർട്ട് പറയുന്നു. നിലിൽ ഹൾക്ക് ഹോഗന് അരയ്ക്ക് താഴേയ്ക്കുള്ള ചലനങ്ങൾ തിരിച്ചറിയാൻ സാധിക്കാത്ത അവസ്ഥയിലാണെന്നും കുർട്ട് പറയുന്നു.രണ്ട് ദശാബ്ദത്തിലധികം നീണ്ട് നിന്ന റെസ്ലിംഗ് കരിയറിൽ ഇതിനോടകം ഹൾക്ക് ഹോഗൻ ഇത്തരത്തിലുള്ള മൂന്ന് ശസ്ത്രക്രിയകൾക്ക് വിധേയനായിട്ടുണ്ട്. ഡബ്ല്യൂ ഡബ്ല്യൂ ഇ റെസ്ലിംഗ് താരമായിരുന്ന ഹൾക്ക് ഹോഗൻറെ യഥാർത്ഥ പേര് ടെറി ജീൻ ബോള്ളീ എന്നാണ്.

# ബ്രിട്ടന്റെ വേഗപ്പുലി മോ ഫറ വിരമിക്കുന്നു

ലണ്ടൻ: ദീർഘദൂര ഓട്ടമത്സരത്തിലെ ഇതിഹാസം ബ്രിട്ടന്റെ മോ ഫറ കരിയർ അവസാനിപ്പിക്കുന്നു. 2023 ലണ്ടൻ മാരത്തണിലൂടെ കായികരംഗത്തുനിന്ന് വിരമിക്കുമെന്ന് ഫറ അറിയിച്ചു.40 വയസ്സുകാരനായ ഫറ 5000, 10000 മീറ്റർ വിഭാഗങ്ങളിലാണ് പങ്കെടുക്കാറ്. ഈ രണ്ട് ഇനത്തിലും താരം ഒളിമ്പിക് സ്വർണം നേടിയിട്ടുണ്ട്. 2012 ലണ്ടൻ ഒളിമ്പിക്സിലും 2016 റിയോ ഒളിമ്പിക്സിലും ഈ രണ്ട് മത്സരങ്ങളിൽ ഫറ സ്വർണം നേടിയിരുന്നു.ഏപ്രിൽ 23 നാണ് ഫറയുടെ വിരമിക്കൽ മത്സരം. ''അത്ഭുതകരമായ കരിയറായിരുന്നു ഇത്. അതിന് ലണ്ടൻ മാരത്തണിലൂടെ അവസാനമാകുകയാണ്.കഴിഞ്ഞ വർഷം വിരമിക്കണമെന്നാണ് കരുതിയത്. എന്നാൽ ഒരു തവണകൂടി ഓടണമെന്ന് തോന്നി. അവസാന മത്സരത്തിൽ എന്റെ ശരീരം എത്രത്തോളം വഴങ്ങുമെന്ന് അറിയില്ല.''

# നിങ്ങൾ മരിക്കുമ്പോൾ നിങ്ങളുടെ ശരീരത്തിന് എന്ത് സംഭവിക്കും?

ഒരു മനുഷ്യന്റെ മരണ ശേഷം പിന്നീട് ആ ശരീരത്തിന് സംഭവിക്കുന്നത് എന്ന് എപ്പോഴെങ്കിലും നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ? മരണ ശേഷം എന്ത് എന്ന വിഷയം ലോകത്താകമാനം ചർച്ച ചെയ്യപ്പെട്ടതും ഇപ്പോഴും ചർച്ച ചെയ്യപ്പെടുന്നതും നിരന്തരം ഗവേഷണത്തിന് വിധേയമാകുന്നതുമായ കാര്യമാണ്. ഇവിടെ നാം സംസാരിക്കാൻ പോകുന്നത് മരണ ശേഷം ശരീരത്തിന് എന്താണ് സംഭവിക്കുക എന്നാണ്.



പ്രായോഗിക തലത്തിൽ മരിക്കുക എന്നതിന്റെ അർത്ഥമെന്താണെന്ന് നമുക്കെല്ലാവർക്കും അറിയാം, എന്നാൽ ആധുനിക വൈദ്യശാസ്ത്രത്തിന് എന്താണ് പറയാനുള്ളത്? നിങ്ങളുടെ ഹൃദയം, മസ്തിഷ്കം, ശ്വാസകോശം എന്നിവയുൾപ്പെടെ നിങ്ങളുടെ അവയവങ്ങളുടെ എല്ലാ സുപ്രധാന പ്രവർത്തനങ്ങളും നിർത്തലാക്കുന്നതിനെയാണ് യഥാർത്ഥ മരണം എന്ന് നിർവചിച്ചിരിക്കുന്നത്.

വളരെ അപൂർവമായ സന്ദർഭങ്ങളിൽ ഏതാനും മിനിറ്റുകൾക്കുള്ളിൽ മരിച്ചതായി പ്രഖ്യാപിക്കപ്പെട്ടാലും സിപിആർ പ്രവർത്തനം നിർത്തിയ ശേഷം ആളുകൾ ജീവിതത്തിലേക്ക് മടങ്ങിവരുന്നു. ഭൂരിഭാഗം രോഗികൾക്കും ലാസറസ് പ്രതിഭാസം വളരെക്കാലം നിലനിൽക്കില്ല, അവർ താമസിയാതെ മരിക്കുന്നു.

പലപ്പോഴും ഹൃദയസ്തംഭനത്തിന് ശേഷം സാധാരണയായി ഹൃദയത്തിലേക്കുള്ള വൈദ്യുത ആഘാതത്തിലൂടെ രോഗികൾ അവരുടെ ഹ്രസ്വകാല മരണത്തെക്കുറിച്ച് ബോധവാന്മാരാണ്. ഒരു മനുഷ്യൻ ജീവനോടെ ഉണ്ടോ അതോ മരണമടഞ്ഞോ എന്ന് പരിശോധിച്ച് ഉറപ്പിക്കുന്നത് അയാളുടെ ഹൃദയമിടിപ്പും പൾസും പരിശോധിച്ചിട്ടാണ്. അതിനാൽ ഒരാൾ മരിക്കുമ്പോൾ സ്വാഭാവികമായും അയാളുടെ ഹൃദയം നിശ്ചലമാകും. അങ്ങനെ ഞരമ്പുകളിലേക്കും മറ്റുമുള്ള രക്തയോട്ടം ഇല്ലാതെയാകും.

ഇങ്ങനെ സംഭവിക്കുമ്പോൾ മനുഷ്യ ശരീരത്തിലേക്ക് മൊത്തമായുള്ള രക്തയോട്ടം ഇല്ലാതെ ആകുകയും, ചില ശരീര ഭാഗങ്ങൾ വീർക്കുകയും വിളറുകയും ചെയ്യും. വിളറിയ ശരീര ഭാഗങ്ങളാണ് ശരിക്കും രക്തയോട്ടം പൂർണ്ണമായും നിലച്ച ഭാഗങ്ങൾ.

ശരീരത്തിലെ എല്ലാ പേശികളിലും മോർട്ടിസ് സജ്ജമാകുന്നതിന് മുമ്പ് വിശ്രമിക്കുന്നു. സ്ഫിൻക്റ്ററുകൾ വിശ്രമിക്കുകയും അവ വസ്തുക്കൾ പുറത്തുവിടുകയും ചെയ്യുന്നതിനാൽ തീർച്ചയായും ഒരു അന്തിമ മലവിസർജ്ജനം ആയിരിക്കും ഫലം. ഇത് യഥാർത്ഥത്തിൽ പലപ്പോഴും സംഭവിക്കുന്നില്ല, പക്ഷേ കുടൽ നിറഞ്ഞാൽ അത് ഉള്ളിലുള്ളതെല്ലാം പുറത്തുവരാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.

ഒരു മൃതശരീരത്തിലെ വിചിത്രമായ മാറ്റമാണ് കോച്ചി വലിയൽ. നിങ്ങൾ ഒരു മൃതശരീരത്തിലെ ഈ പ്രതിഭാസം നേരിൽ കാണാൻ ഇട വരുകയാണങ്കിൽ തീർച്ചയായും പേടിക്കും. മരണത്തിന് ശേഷവും ശരീരത്തിന് ചില ചലനങ്ങൾ ഉണ്ടാക്കാൻ സാധിക്കും. അത് പേശികളുടെ സങ്കോചം മൂലം ഉണ്ടാകുന്നതാണ്. ചില പേശികൾ ഒരേ സമയം കൂട്ടിവലിയുമ്പോൾ ആണ് കോച്ചിവലിയൽ സംഭവിക്കുക.

ഇളം ചർമ്മമുള്ളവരിൽ ഭൂരിഭാഗം ആളുകളുടെയും മരണത്തിന്റെ ആദ്യ ലക്ഷണം പല്ലർ മോർട്ടിസ് അല്ലെങ്കിൽ ശരീരത്തിന്റെ വിളർച്ചയാണ്. ശരീരത്തിന്റെ കാപ്പിലറികൾ രക്തചംക്രമണം നിർത്തുകയും ചർമ്മത്തിന് നിറം നൽകുകയും ചെയ്യുന്നു, ഇത് മരണശേഷം 15 മുതൽ 25 മിനിറ്റ് വരെ പെട്ടെന്ന് ശ്രദ്ധേയമാകും. ഹൃദയമിടിപ്പ് നിലയ്ക്കുമ്പോൾ സംഭവിക്കുന്ന വളരെ നീണ്ട പ്രക്രിയയുടെ ആദ്യ ഘട്ടമാണിത്.

പല്ലർ മോർട്ടിസിന് ശേഷം മരണശേഷം നിങ്ങളുടെ ശരീരത്തിൽ സംഭവിക്കുന്ന അടുത്ത കാര്യം ലിവർ മോർട്ടിസ് ആണ്, ഇത് മരണത്തിന്റെ നിറവ്യത്യാസത്തെ സൂചിപ്പിക്കുന്നു. ഹൃദയം മിടിക്കുന്നില്ലെങ്കിൽ ശരീരത്തിലെ രക്തം ഗുരുത്വാകർഷണത്തിന്റെ ഫലം അനുഭവിച്ച് നീങ്ങാൻ തുടങ്ങും. രക്തം താഴുതോടെ ഭാഗങ്ങൾ ഇരുണ്ടുപോകും.

സാധാരണയായി മനുഷ്യശരീരങ്ങൾക്ക് ഏകദേശം 37 ഡിഗ്രി സെൽഷ്യസ് (98.6 ഡിഗ്രി ഫാരൻഹീറ്റ്) വിശ്രമ താപനിലയുണ്ട്, അത് നിങ്ങളെ ജീവനോടെയും സുഖത്തോടെയും നിലനിർത്താൻ ചെലവഴിക്കുന്ന ഊർജ്ജം മൂലമാണ്. ഹൃദയമിടിപ്പ് നിലയ്ക്കുമ്പോൾ, അൽഗോർ മോർട്ടിസ് അല്ലെങ്കിൽ മരണത്തിന്റെ തണുപ്പ് എന്നറിയപ്പെടുന്ന ഒരു പ്രക്രിയയിൽ മൃതദേഹം പൊതുവെ അന്തരീക്ഷ ഊഷ്മാവിലേക്ക് തണുക്കും.

മരണശേഷം ശരീരത്തിന്റെ പേശികൾ കഠിനമാക്കാൻ തുടങ്ങും, ഇത് റിഗർ മോർട്ടീസ് അല്ലെങ്കിൽ മരണത്തിന്റെ കാഠിന്യം എന്നറിയപ്പെടുന്നു. നാഡീവ്യവസ്ഥയ്ക്ക് അതിന്റെ ജോലി ചെയ്യാൻ കഴിയാതെ വരുമ്പോൾ സംഭവിക്കുന്ന രാസപ്രവർത്തനം കാരണം പേശികൾ കഠിനമാകുന്നു. മരണത്തിന് രണ്ടോ മൂന്നോ മണിക്കൂർ കഴിഞ്ഞ് റിഗോർ മോർട്ടിസ് സംഭവിക്കുകയും ശരീരം ജീർണിക്കാൻ തുടങ്ങുന്നത് വരെ നീണ്ടുനിൽക്കുകയും ചെയ്യും.

മരണത്തിനു ശേഷവും ശരീരത്തിലെ മിക്ക ടിഷ്യൂകളും കോശങ്ങളും കുറച്ചു കാലത്തേക്ക് ജീവനോടെ നിലനിൽക്കും. കുടലിലെ ബാക്ടീരിയകൾ ശരീരത്തിന്റെ ഭാഗങ്ങൾ തകർക്കാൻ തുടങ്ങുമ്പോൾ ഈ ടിഷ്യുകൾ വിചിത്രവും ദുർഗന്ധമുള്ളതുമായ രീതിയിൽ പ്രതികരിക്കുന്നു. ഒരു മൃതദേഹത്തിനുള്ളിൽ സംഭവിക്കുന്ന രാസപ്രവർത്തനങ്ങൾ വയറ് വീർക്കുന്നതിന് കാരണമാകും.


ബാക്ടീരിയകളും എൻസൈമുകളും ശരീരത്തിൽ പ്രവർത്തിക്കുന്നത് തുടരുകയും വയറു വീർക്കുകയും ചെയ്യുന്നതിനാൽ ശരീരത്തിനുള്ളിൽ സംഭവിക്കുന്ന രാസപ്രവർത്തനങ്ങൾ ഒടുവിൽ കണ്ണുകളെ അവയുടെ സോക്കറ്റിൽ നിന്ന് പുറത്തേക്ക് തള്ളും. മരണശേഷം എംബാം ചെയ്ത് പരിപാലിക്കുന്ന ശവശരീരങ്ങൾക്ക് ഇത്തരമൊരു കാര്യം സംഭവിക്കില്ല.

മരണശേഷം ശരീരത്തിനുള്ളിൽ സംഭവിക്കുന്ന അഴുകൽ പ്രക്രിയയുടെ ഒരു അനന്തരഫലം, അത് ഒടുവിൽ ശരീരത്തിന്റെ നാവ് പുറത്തേക്ക് തള്ളിനിൽക്കാൻ പ്രേരിപ്പിക്കും എന്നതാണ്. ശരീരകലകൾ വിഘടിക്കുന്നത് തുടരുകയും മൃതശരീരത്തിനുള്ളിലെ രാസപ്രവർത്തനങ്ങൾ അധിക വാതകങ്ങൾ ഉൽപ്പാദിപ്പിക്കുകയും ചെയ്യുന്നതിനാൽ നാവ് വീർക്കുകയും വായിൽ നിന്ന് പുറത്തുവരുകയും ചെയ്യുന്നു.

ശരീര വിഘടനം വഴി ഉണ്ടാകുന്ന വാതകം ശരീരത്തെ വീർക്കാൻ മാത്രമല്ല, ദുർഗന്ധം വമിപ്പിക്കുകയും ചെയ്യും. ബാക്ടീരിയകൾ ശരീരത്തെ ഭക്ഷിക്കുന്നു.

# പാർക്കിൻസൺസിന് രോഗത്തിന് ഡിബിഎസ് ചികിത്സ; അറിയേണ്ടതെല്ലാം

തലച്ചോറിനെ ബാധിക്കുന്ന ഒരു തേയ്മാന രോഗമാണ് പാർക്കിൻസൺസ്. ഒരിക്കൽ രോഗത്തിന്റെ പിടിയിലായാൽ പിന്നെ ജീവിതത്തിലുടനീളം അത് രോഗികളെ ഏറെ പ്രയാസപ്പെടുത്തും.



അതുകൊണ്ടാണ് പാർക്കിൻസൺസ് രോഗികൾക്ക് ഏറെ ആശ്വാസം പകരുന്ന ശസ്ത്രക്രിയാ ചികിത്സയ്ക്ക് ഇപ്പോൾ പ്രചരമേറുന്നത്. ഡിബിഎസ് എന്ന ചുരുക്കപ്പേരിൽ അറിയപ്പെടുന്ന ഡീപ് ബ്രെയ്ൻ സ്റ്റിമുലേഷനാണ് അതിനൂതനമായ ശസ്ത്രക്രിയാ ചികിത്സ. തലച്ചോറിന് ഒരു പേസ്മേക്കർ എന്നു വേണമെങ്കിൽ ഡിബിഎസിനെ ലളിതമായി വിശേഷിപ്പിക്കാം.

ചലന സംബന്ധമായ പ്രശ്നങ്ങളാണ് പ്രധാനമായും പാർക്കിൻസൺസ് രോഗികളിൽ കാണുന്നത്. പ്രായം കൂടുന്തോറും രോഗ ലക്ഷണങ്ങൾ മൂർച്ഛിക്കും. വിറയൽ, പേശികളുടെ മുറുക്കം, പ്രവർത്തന മന്ദത, വീഴുമെന്ന് തോന്നൽ തുടങ്ങിയ രോഗ ലക്ഷണങ്ങളെ നിയന്ത്രിച്ചു നിർത്തുകയാണ് പാർക്കിൻസൺസ് ചികിത്സയിൽ ചെയ്യുന്നത്. പക്ഷെ മരുന്നുകൾ നൽകിയുള്ള ചികിത്സയ്ക്ക് രോഗ ലക്ഷണങ്ങളെ നിയന്ത്രിക്കുന്നതിൽ പലപ്പോഴും പരിമിതികൾ നേരിടാറുണ്ട്.

### എന്താണ് ഡിബിഎസ്സിന്റെ ഗുണം?

വിറയൽ, മാംസപേശികളുടെ മുറുക്കം, പ്രവൃത്തികൾ ചെയ്യാനുള്ള കാലതാമസം തുടങ്ങിയ ബുദ്ധിമുട്ടുകളാണ് പാർക്കിൻസൺസ് രോഗികളിൽ സാധാരണ കണ്ടുവരുന്നത്. ഈ ലക്ഷണങ്ങളെ 5070 ശതമാനം വരെ മെച്ചപ്പെടുത്താൻ ഡിബിഎസ് സഹായിക്കും.

ചലന സംബന്ധമായ രോഗലക്ഷണങ്ങൾ കുറയുന്നതോടെ ദൈനംദിന പ്രവൃത്തികൾ സ്വന്തമായി ചെയ്യാൻ കഴിയുമെന്നത് രോഗിയുടെ ജീവിത നിലവാരം മെച്ചപ്പെടുത്തും. ഇതുതന്നെയാണ് ഡിബിഎസ് ശസ്ത്രക്രിയാ ചികിത്സയുടെ ഏറ്റവും വലിയ ഗുണം. പക്ഷെ ബാലൻസില്ലായ്മ, നടത്ത സംബന്ധമായ പ്രശ്നങ്ങൾ എന്നിവയിൽ ഡിബിഎസിലൂടെ ലഭിക്കുന്ന ഗുണം കുറവായിരിക്കും.

### തലച്ചോറിനൊരു പേസ്മേക്കർ

ഇലക്ട്രോഡും ന്യൂറോസ്റ്റിമുലേറ്ററും തമ്മിൽ ബന്ധിപ്പിക്കുന്ന വൈദ്യുത തന്ത്രിയുമാണ് ഡിബിഎസ് ഉപകരണങ്ങൾ. ഇവ ശരീരത്തിനുള്ളിലാണ് സ്ഥാപിക്കുക. വളരെ സൂക്ഷ്മമായ ഒരു ഇലക്ട്രോഡ് ശസ്ത്രക്രിയയിലൂടെ തലച്ചോറിൽ ഘടിപ്പിക്കുകയാണ് ഡിബിഎസിൽ ചെയ്യുന്നത്.

തലച്ചോറിലെ ഉത്തേജിപ്പിക്കേണ്ട ഭാഗത്തേക്ക് ഈ ഇലക്ട്രോഡ് ഇറക്കിവയ്ക്കും. വൈദ്യുത തരംഗങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ന്യൂറോസ്റ്റിമുലേറ്റർ രോഗിയുടെ നെഞ്ചിന്റെ ഭാഗത്താണ് ഘടിപ്പിക്കുന്നത്. പിന്നെ വൈദ്യുത തന്ത്രി ഉപയോഗിച്ച് തലച്ചോറിലെ ഇലക്ട്രോഡിനെ ന്യൂറോസ്റ്റിമുലേറ്ററുമായി ബന്ധിപ്പിക്കുന്നു. ഇവയിലൂടെയാണ് വൈദ്യുത തരംഗങ്ങൾ തലച്ചോറിലെത്തിക്കുന്നത്.

രണ്ടു ഘട്ടങ്ങളിലായാണ് ഈ ശസ്ത്രക്രിയ നടത്തുന്നത്. ആദ്യ ഘട്ടത്തിൽ തലച്ചോറിൽ ഇലക്ട്രോഡ് ഘടിപ്പിക്കുന്ന സ്റ്റീരിയോടാക്റ്റിക് സർജറിയാണ് നടക്കുക. തലച്ചോർ എംആർഐ സ്കാൻ ചെയ്തതിനു ശേഷം ഒരു സോഫ്റ്റ്വെയറിന്റെ സഹായത്തോടെ ന്യൂറോ നേവിഗേഷൻ എന്ന നൂതന സങ്കേതികവിദ്യ ഉപയോഗിച്ചാണ് ഇത് ചെയ്യുന്നത്. രണ്ടാം ഘട്ടത്തിൽ ന്യൂറോസ്റ്റിമുലേറ്ററിനേയും ഇതിനെ തലച്ചോറിലെ ഇലക്ട്രോഡുമായി ബന്ധിപ്പിക്കുന്ന വൈദ്യുത തന്ത്രികളേയും രോഗിയുടെ ശരീരത്തിൽ സ്ഥാപിക്കും. ശേഷം തലച്ചോർ സ്കാൻ ചെയ്ത് ഇലക്ട്രോഡ് കൃത്യസ്ഥാനത്താണെന്ന് ഉറപ്പാക്കും.

### സങ്കീർണതകൾ

ഡിബിഎസ് ശസ്ത്രക്രിയയിൽ ചില സങ്കീർണ സാഹചര്യങ്ങൾ ഉണ്ടാകാറുണ്ട്. ശസ്ത്രക്രിയയുടെ സമയത്ത് തലച്ചോറിൽ ഉണ്ടയേക്കാവുന്ന രക്തസ്രാവമാണ് ഇതിൽ പ്രധാനം. ഡിബിഎസ് ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്നവരിൽ 12 ശതമാനം പേരിൽ ഇങ്ങനെ സംഭവിക്കാറുണ്ട്. ചെറിയ രക്തസ്രാവമാണെങ്കിൽ മറ്റു കുഴപ്പങ്ങളുണ്ടാകാറില്ല. എന്നാൽ വലിയതോതിലുള്ള രക്തസ്രാവം ശരീരത്തിന്റെ ഒരു വശത്തിന്റെ ബലക്ഷയത്തിന് കാരണമാകും. 250ൽ ഒരാൾക്കാണ് ഇത് കാണുന്നത്.

മറ്റൊരു സങ്കീർണത അണുബാധയാണ്. 23 ശതമാനം രോഗികളിലും ഇത് കാണാറുണ്ട്. ആന്റിബയോട്ടിക്സിനോട് പ്രതികരിക്കാത്ത ശക്തമായ അണുബാധയാണെങ്കിൽ ഡിബിഎസ് ഉപകരണം രോഗിയുടെ ശരീരത്തിൽ നിന്ന് നീക്കം ചെയ്യേണ്ടി വരും. ഇത്തരം സാഹചര്യങ്ങളിൽ അണുബാധ ചികിത്സിച്ചു ഭേദമാക്കിയ ശേഷം ഏതാനും മാസങ്ങൾ കഴിഞ്ഞ് വീണ്ടും ഡിബിഎസ് ചെയ്യാം.

# വിഷാദമുള്ള യുവാക്കളിൽ ഹൃദ്രോഗ സാധ്യത കൂടുതലായിരിക്കുമെന്ന് പഠനം

വാഷിങ്ടൺ : വിഷാദം അനുഭവിക്കുന്ന യുവാക്കൾക്ക് ഹൃദയസംബന്ധമായ അസുഖങ്ങൾ ഉണ്ടാവാനുള്ള സാധ്യത കൂടുതലാണെന്ന് കണ്ടെത്തൽ. 18നും 49നും ഇടയിൽ പ്രായമുള്ള അഞ്ച് ലക്ഷത്തിലധികം ആളുകളുടെ ആരോഗ്യ വിവരങ്ങൾ വിശകലനം ചെയ്ത് ജോൺസ് ഹോപ്കിൻസ് മെഡിസിനിലെ ഗവേഷകർ നടത്തിയ പഠനത്തിലാണ് കണ്ടെത്തൽ.

വിഷാദ രോഗമുള്ളവരുടെ ഹൃദയാരോഗ്യം മോശമായിരിക്കും. വിഷാദമുള്ളതോ മാനസിക ആരോഗ്യം കുറഞ്ഞവരോ ആയ യുവാക്കൾക്ക് ഹൃദയാഘാതവും പക്ഷാഘാതവും ഉണ്ടാവാനുള്ള സാധ്യത മാനസികാരോഗ്യ പ്രശ്നങ്ങളില്ലാത്ത സമപ്രായക്കാരേക്കാൾ കൂടുതലായിരിക്കുമെന്ന് പഠനം പറയുന്നു.

അമേരിക്കൻ ഹാർട്ട് അസോസിയേഷൻ എന്ന ജേർണലിലാണ് പഠനം പ്രസിദ്ധീകരിച്ചത്.ഠനത്തിൽ പങ്കെടുത്ത അഞ്ച് പേരിൽ ഒരാൾക്ക് വിഷാദം അനുഭവപ്പെട്ടിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തു. കൂടുതൽ ദിവസം വിഷാദമോ മാനസിക സംഘർഷങ്ങളോ ഉണ്ടെന്ന് റിപ്പോർട്ട് ചെയ്തവർക്ക് ഹൃദ്രോഗങ്ങൾ വരാനുള്ള സാധ്യത വളരെ കൂടുതലാണെന്നാണ് പഠനത്തിൽ കണ്ടെത്തിയത്.

കഴിഞ്ഞ 30 ദിവസത്തിനിടെ ഒരു പ്രശ്നങ്ങളും റിപ്പോർട്ട് ചെയ്യാത്ത ആളുമായി താരതമ്യം ചെയ്യുമ്പോൾ 13 ദിവസം വരെ മാനസികാരോഗ്യം മോശമാണെന്ന് റിപ്പോർട്ട് ചെയ്ത ആളുകൾക്ക് ഹൃദ്രോഗം വരാനുള്ള സാധ്യത 1.5 ശതമാനം കൂടുതലാണെന്ന് കണ്ടെത്തി.



ഹൃദയസംബന്ധമായ രോഗങ്ങളും മാനസികാരോഗ്യവുമായും ബന്ധം ഉണ്ടെന്നുള്ളതിന് കൂടുതൽ തെളിവാണ് പഠനം നൽകുന്നത്. പ്രായപൂർത്തിയാവുന്നതിന്റെ ആരംഭഘട്ടത്തിൽ തന്നെ ഇവ രണ്ടും തമ്മിലുള്ള ബന്ധം തുടരുമെന്നും പഠനം വ്യക്തമാക്കുന്നു. 'നമ്മൾ സമ്മർദത്തിലോ ഉത്കണ്ഠയിലോ ആയിരിക്കുമ്പോൾ ഹൃദയമിടിപ്പും രക്തസമ്മർദവും വർധിക്കുന്നു.

കൂടാതെ ഒരാൾക്ക് വിഷാദം അനുഭവപ്പെടുമ്പോൾ ആ വ്യക്തി പല അനാരോഗ്യകരമായ ജീവിത രീതിയും പിന്തുടരുന്നു. പുകവലി, മദ്യപാനം, കുറച്ച് ഉറങ്ങുക തുടങ്ങിയവ. കൂടാതെ വ്യായാമം ഇല്ലാത്ത അവസ്ഥയുമുണ്ടാകുന്നു. ഇതൊക്കെ ഹൃദയാരോഗ്യം നശിപ്പിക്കുന്നു' ജോൺ ഹോപ്കിൻസ് മെഡിസിനിലെ അസോസിയേറ്റ് പ്രൊഫസറും പഠനത്തിന് നേതൃത്വം നൽകിയ ഗവേഷകയുമായ ഗരിമ ശർമ പറഞ്ഞു.

# ഇനി വരുന്ന മഹാമാരിയെ നേരിടാൻ ലോകം ഒട്ടും തയാറെടുത്തിട്ടില്ലെന്ന് റെഡ് ക്രോസ്

ജനീവ: അടുത്ത മഹാമാരിയെ നേരിടാൻ ലോക രാജ്യങ്ങൾ ഒട്ടും തയാറെടുത്തിട്ടില്ലെന്ന് സന്നദ്ധ സംഘടനയായ റെഡ് ക്രോസ്. കോവിഡ് മഹാമാരിയുടെ മൂന്നു വർഷത്തെ മാരകമായ തേരോട്ടത്തിനു ശേഷവും ശക്തമായ മുന്നൊരുക്ക സംവിധാനങ്ങൾ കാണാനാകുന്നില്ലെന്ന് റെഡ് ക്രോസ് മുന്നറിയിപ്പ് നൽകുന്നു. 2022 ലെ ലോക ദുരന്ത റിപ്പോർട്ട് പുറത്തുവിട്ട സംഘടന ഈ വർഷം അവസാനത്തേക്കെങ്കിലും രാജ്യങ്ങൾ തങ്ങളുടെ തയാറെടുപ്പ് പൂർത്തിയാക്കണമെന്ന് അഭ്യർത്ഥിച്ചു.



പരസ്പര വിശ്വാസം, പ്രാദേശിക നടപടികൾ എന്നിവ അടുത്ത ദുരന്തത്തിനെ നേരിടാനുള്ള തയാറെടുപ്പിൽ വലിയ പ്രാധാന്യം വഹിക്കുന്നുണ്ടെന്ന് സംഘടന ചൂണ്ടിക്കാട്ടുന്നു. 'അടുത്ത മഹാമാരി സമീപത്തു തന്നെയുണ്ട്. കോവിഡ് മഹാമാരിയുടെ അനുഭവം തയാറെടുപ്പിലേക്കുള്ള നമ്മുടെ ചുവടുകളുടെ വേഗം കൂട്ടുന്നില്ലെങ്കിൽ മറ്റന്തിനാണത് സാധിക്കുക?,' റെഡ് ക്രോസ് സെക്രട്ടറി ജനറൽ ജഗൻ ചപഗേൻ ചോദിച്ചു.

# പുതിയ ഐഫോൺ വാങ്ങിയോ? എങ്കിൽ വാട്ട്സ്ആപ്പ് ഡാറ്റ വേഗം ട്രാൻസ്ഫർ ചെയ്തോളൂ

2022ലെ ബെസ്റ്റ് സെല്ലർ സ്മാർട്ട്ഫോണായി മാറിയ മോഡലാണ് ഐഫോൺ 13. ഈ മോഡലിന്റെ വിൽപ്പന ഇന്നും കുതിച്ചുയരുകയാണ്. ഇപ്പോഴിതാ മത്സരം അല്പം കൂടി കടുപ്പിച്ച് ഐഫോൺ 14ഉം വിപണിയിൽ എത്തിയിട്ടുണ്ട്. ആൻഡ്രോയിഡ് ഫോണുകളെ അപേക്ഷിച്ച് ഐഫോണുകളിൽ പ്രീമിയം ഫീച്ചറുകൾ വാഗ്ദാനം ചെയ്യുന്നുവെന്നത് കൊണ്ടാണ് ആപ്പിൾ ഇത്ര ജനപ്രിയമാകാൻ കാരണമെന്ന് നിസംശയം പറയാൻ കഴിയും.

കൂടാതെ ആൻഡ്രോയിഡിൽ നിന്ന് ഐഓഎസിലേക്ക് മാറുന്ന പുതിയ ഉപയോക്താക്കളുടെ മൈഗ്രേഷൻ പ്രക്രിയയും തടസ്സമില്ലാതെ പൂർത്തീകരിക്കാൻ ആപ്പിൾ അനുവദിക്കുന്നുണ്ട്. ആൻഡ്രോയിഡിൽ നിന്ന് ഐഓഎസിലേക്ക് മാറുകയും ഐഫോൺ 13 അല്ലെങ്കിൽ ഐഫോൺ 14 വാങ്ങുകയും ചെയ്യുന്ന ഉപയോക്താക്കൾക്ക് അവരുടെ ഡാറ്റയെക്കുറിച്ച് ഓർത്ത് ആശങ്കപ്പെടേണ്ടതില്ല. ഉപയോക്താക്കൾക്ക് ഫോട്ടോകളും വീഡിയോകളും വാട്ട്സ്ആപ്പ് ഡാറ്റയും അടകം പ്രധാനപ്പെട്ട എല്ലാ രേഖകളും വളരെ എളുപ്പം ട്രാൻസ്ഫർ ചെയ്യാൻ കഴിയും.

ഒരു സ്മാർട്ട്ഫോൺ ഉപയോക്താവിനെ സംബന്ധിച്ചിടത്തോളം വാട്ട്സ്ആപ്പ് ഡാറ്റയ്ക്ക് വളരെയധികം പ്രാധാന്യമുണ്ട്. ഒരു പുതിയ സ്മാർട്ട്ഫോൺ വാങ്ങബോൾ വാട്ട്സ്ആപ്പ് ഡാറ്റാ എത്രയും വേഗം പുതിയ ഫോണിലേക്ക് ട്രാൻസ്ഫർ ചെയ്യാനാകും ഏവരും ആദ്യം ശ്രമിക്കുക. ഐഫോൺ ഉപയോക്താക്കളെ സംബന്ധിച്ചിടത്തോളം ഈ പ്രക്രിയ അല്പം കൂടി എളുപ്പത്തിൽ പൂർത്തിയാക്കാം.




എന്നാൽ ഒരു ആൻഡ്രോയ്ഡ് ഉപയോക്താവ് പുതുതായി വാങ്ങിയ ഐഫോൺ മോഡലിലേക്ക് മാറമ്പോൾ ഇത്തരം ഡാറ്റാ ട്രാൻസ്ഫർ അല്പം കഠിനമായി തോന്നിയേക്കാം. എന്നാൽ കഠിനമായ ആ പ്രക്രിയ എങ്ങനെ വളരെ എളുപ്പത്തിൽ പൂർത്തിയാക്കാമെന്നാണ് ഇനി പരിശോധിക്കുന്നത്.

### ആൻഡ്രോയ്ഡിൽ നിന്ന് പുതിയ ഐഫോണിലേക്ക് വാട്ട്സ്ആപ്പ് ഡാറ്റ എങ്ങനെ കൈമാറാം?

അക്കൗണ്ട് വിവരങ്ങൾ, പ്രൊഫൈൽ ഫോട്ടോ, വ്യക്തിഗത ചാറ്റുകൾ, ഗ്രൂപ്പ് ചാറ്റുകൾ, ചാറ്റ് ഹിസ്റ്ററി, മീഡിയ, സെറ്റിംഗ്സ് എന്നിവ പഴയ ആൻഡ്രോയിഡ് ഫോണിൽ നിന്ന് പുതിയ ഐഫോണിലേക്ക് മാറ്റാൻ വാട്ട്സ്ആപ്പ് ഉപയോക്താക്കളെ അനുവദിക്കുന്നുണ്ട്. അതേസമയം, ഉപയോക്താക്കൾക്ക് വാട്സ്ആപ്പ് കോൾ ഹിസ്റ്ററി ട്രാൻസ്ഫർ ചെയ്യാൻ കഴിയില്ല. ആൻഡ്രോയ്ഡിൽ നിന്ന് ഐഓഎസിലേക്ക് വാട്സ്ആപ്പ് ഡാറ്റ ട്രാൻസ്ഫർ ചെയ്യുന്നതിന് മുൻപ് ചില കാര്യങ്ങൾ ശ്രദ്ധിക്കണം. അവ ഏതൊക്കെയെന്ന് ആദ്യം നോക്കാം:

1. നിങ്ങളുടെ പുതിയ ഐഫോണിൽ നിങ്ങളുടെ പഴയ ഫോണിന്റെ അതേ വാട്സ്ആപ്പ് ഫോൺ നമ്പർ തന്നെയാണ് നിങ്ങൾ ഉപയോഗിക്കുന്നതെന്ന് ഉറപ്പാക്കുക.

2. നിങ്ങളുടെ ഐഫോൺ ഫാക്ടറി പുതിയതായിരിക്കണം അല്ലെങ്കിൽ ഫാക്ടറി സെറ്റിംഗ്സ് പുനഃസജ്ജമാക്കണം, അതുവഴി നിങ്ങൾക്ക് ഐഓഎസിലേക്കുള്ള നീക്കവുമായി ജോടിയാക്കാനും നിങ്ങളുടെ ആൻഡ്രോയ്ഡ് ഫോണിൽ നിന്ന് ഡാറ്റ നീക്കാനും കഴിയും.

3. നിങ്ങളുടെ രണ്ട് ഡിവൈസുകളും ഒരു പവർ സോഴ്സുമായി ബന്ധിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക. ട്രാൻസ്ഫർ പ്രക്രിയക്കിടെ ഡിവൈസുകൾ സ്വിച്ച് ഓഫ് ആകുന്നത് ഇതുവഴി തടയാൻ കഴിയും.

4. നിങ്ങളുടെ ആൻഡ്രോയ്ഡ്, ഐഓഎസ് ഡിവൈസുകൾ ഒരേ വൈഫൈ നെറ്റ്വർക്കിലേക്ക് കണക്റ്റ് ചെയ്യേണ്ടതുണ്ട്.

### ഇനി ഡാറ്റ എങ്ങനെ ട്രാൻസ്ഫർ ചെയ്യാമെന്ന് നോക്കാം:

1. ആദ്യമായി നിങ്ങളുടെ ആൻഡ്രോയ്ഡ് ഫോണിൽ 'മൂവ് ടു ഐഓഎസ്' എന്ന ആപ്പ് ഡൗൺലോഡ് ചെയ്യുക.

2. ശേഷം ആപ്പ് തുറന്ന് ഓൺസ്ക്രീൻ നിർദ്ദേശങ്ങൾ പാലിക്കുക.

3. ഇതേസമയം, നിങ്ങളുടെ ഐഫോണിൽ സ്റ്റെപ്പ്അപ്പ് പ്രക്രിയയും ആരംഭിക്കുക.

4. ഡാറ്റ കൈമാറ്റം ആവശ്യപ്പെടമ്പോൾ, 'റിമൂവ് ഡാറ്റ ഫ്രം ആൻഡ്രോയ്ഡ്' എന്ന ഓപ്ഷനിൽ ടാപ്പ് ചെയ്യുക.

5. ഇപ്പോൾ നിങ്ങളുടെ ഐഫോണിൽ നിങ്ങൾക്ക് ഒരു കോഡ് ലഭിക്കും. ആവശ്യപ്പെടമ്പോൾ, നിങ്ങളുടെ ആൻഡ്രോയ്ഡ് ഫോണിൽ ആ കോഡ് നൽകുക.

6. അതിനശേഷം 'കണ്ടിന്യൂ' ടാപ്പുചെയ്ത് ഓൺസ്ക്രീൻ നിർദ്ദേശങ്ങൾ പിന്തുടരുക.

7. ട്രാൻസ്ഫർ ഓപ്ഷനിൽ നിന്ന് നിങ്ങളുടെ വാട്സ്ആപ്പ് ഡാറ്റ ഉൾപ്പെടെ നിങ്ങൾ കൈമാറാൻ ആഗ്രഹിക്കുന്ന ഡാറ്റ തിരഞ്ഞെടുക്കുക.

8. ശേഷം നിങ്ങളുടെ ആൻഡ്രോയ്ഡ് ഫോണിൽ 'സ്റ്റാർട്ട്' ടാപ്പ് ചെയ്യുക. ട്രാൻസ്ഫർ ചെയ്യേണ്ട ഡാറ്റ തയ്യാറാക്കിക്കഴിഞ്ഞാൽ, നിങ്ങളുടെ ആൻഡ്രോയ്ഡ് ഫോണിൽ നിന്ന് നിങ്ങൾ സൈൻ ഔട്ട് ചെയ്യപ്പെടും.

9. അതിനശേഷം, 'മൂവ് ടു ഐഓഎസ്' ആപ്പിലേക്ക് മടങ്ങാൻ 'നെക്സ്റ്റ്' ടാപ്പ് ചെയ്യുക.

10. നിങ്ങളുടെ ആൻഡ്രോയിഡ് ഫോണിൽ നിന്ന് ഐഫോണിലേക്ക് ഡാറ്റ കൈമാറാൻ 'കണ്ടിന്യൂ' ടാപ്പുചെയ്യുക.

11. ഇപ്പോൾ നിങ്ങളുടെ ഐഫോണിൽ ആപ്പ് സ്റ്റോറിൽ നിന്ന് വാട്സ്ആപ്പിന്റെ ഏറ്റവും പുതിയ പതിപ്പ് ഇൻസ്റ്റാൾ ചെയ്യണം

12. ശേഷം വാട്സ്ആപ്പ് ആപ്പ് തുറന്ന് അതേ ഫോൺ നമ്പർ ഉപയോഗിച്ച് ലോഗിൻ ചെയ്യുക. ആവശ്യപ്പെടമ്പോൾ സ്റ്റാർട്ട് ടാപ്പ് ചെയ്യുക, തുടർന്ന് പ്രക്രിയ പൂർത്തിയാക്കാൻ അനുവദിക്കുക.

# കാതുകളിലും അല്പം വിസ്മയം; അറിയാം ആപ്പിൾ എയർപോഡിലെ സ്പേഷ്യൽ ഓഡിയോ ഫീച്ചർ

സംഗീതം ആർക്കാണ് ഇഷ്ടമല്ലാത്തതല്ലെ. ഒഴിവ് സമയങ്ങളിലും യാത്രകളിലുമൊക്കെ നാം സംഗീതം ആസ്വദിക്കാറുണ്ട്. യാത്ര സമയങ്ങളിൽ അടക്കം നമ്മൾ ഇയർഫോണുകൾ അല്ലെങ്കിൽ ഹെഡ്സെറ്റ് ആയിരിക്കും സംഗീതാസ്വാദനത്തിനായി ഉപയോഗിക്കാറുള്ളത്. ശബ്ദം കൂടുതൽ മികവോടെ നമ്മുടെ കാതുകളിലേക്ക് എത്തിക്കാൻ അവയ്ക്ക് കഴിയുമെന്നതാണ് ഇതിന് കാരണം. ഇന്ന് വിപണിയിൽ നിരവധി ഇയർഫോൺ, ഹെഡ്സെറ്റ് മോഡലുകൾ ലഭ്യമാണ്.




അവയിൽ തന്നെ മികവിൽ ഒരു പടിക്ക് മുൻപിൽ നിൽക്കുന്ന ഒന്നാണ് ആപ്പിൾ എയർപോഡ്. ആപ്പിൾ എയർപോഡ് സ്പേഷ്യൽ ഓഡിയോ എന്ന സാങ്കേതിക വിദ്യയ്ക്ക് വലിയ പ്രാധാന്യമാണ് നൽകുന്നത്. ഐഫോണിലേക്ക് എയർപോഡ് കണക്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ, സംഗീതം കേൾക്കുമ്പോഴും വീഡിയോ കാണമ്പോഴും നിങ്ങൾക്ക് ഒരു സിനിമ തിയേറ്ററിന് സമാനമായ പകരം വെക്കാനില്ലാത്ത ഒരു അനുഭവം ആയിരിക്കും ആസ്വാദകർക്ക് ലഭിക്കുക.

അതേസമയം ഒരു യഥാർത്ഥ സ്പേഷ്യൽ ഓഡിയോ അനുഭവം ലഭിക്കുന്നതിന് നിങ്ങൾ വ്യക്തിഗതമാക്കിയ സ്പേഷ്യൽ ഓഡിയോ (പിഎസ്എ) പ്രവർത്തനക്ഷമമാക്കേണ്ടതാണ്. ഇതെങ്ങനെ ചെയ്യാമെന്ന് വിശദമാക്കുന്ന ഒരു ഗൈഡാണ് ഇനി ലഭ്യമാക്കുന്നത്.

### പേർസണലൈസ്ഡ് സ്പേഷ്യൽ ഓഡിയോ ഓപ്ഷൻ എങ്ങനെ പ്രവർത്തനക്ഷമമാക്കാം?

1. ഇതിനായി ആദ്യം നിങ്ങളുടെ എയർപോഡ്സ് ഐഫോണുമായി കണക്ട് ചെയ്യണം.

2. ശേഷം സെറ്റിംഗ്സ് ആപ്പ് തുറന്ന് പേജിന്റെ മുകൾ ഭാഗത്ത് കാണുന്ന എയർപോഡ് ടാബിൽ ടാപ്പ് ചെയ്യുക.


3. തുടർന്ന് സ്ക്രീനിന്റെ താഴേക്ക് സ്ക്രോൾ ചെയ്ത് പേർസണലൈസ്ഡ് സ്പേഷ്യൽ ഓഡിയോ എന്ന ഓപ്ഷനിൽ ടാപ്പ് ചെയ്ത് അത് ഓൺ ചെയ്യാം.

4. ഇനി ഡിവൈസിൽ ലഭ്യമായിട്ടുള്ള ആപ്പിൾ മ്യൂസിക് ആപ്പ് തുറന്ന് താഴെ വലതുവശത്തുള്ള സെർച്ച് ഓപ്ഷൻ ടാപ്പ് ചെയ്യുക.

5. തുടർന്ന് സ്പേഷ്യൽ ഓഡിയോ വിഭാഗം തുറന്ന് ഏതെങ്കിലും സംഗീതം പ്ലേ ചെയ്യാം.

3ഡി പോലെയുള്ള ശബ്ദ അനുഭവം അടുത്ത നിമിഷം മുതൽ നിങ്ങൾക്ക് ലഭ്യമാകും. നിങ്ങൾക്ക് മറ്റ് പ്ലാറ്റ്ഫോമുകളിലും സ്പേഷ്യൽ ഓഡിയോ കേൾക്കാൻ കഴിയും. ഡോൾബി അറ്റ്മോസ്, സറൗണ്ട് സൗണ്ട്, 7.1, 5.1.ഓഡിയോ ഫോർമാറ്റുകളിൽ നിങ്ങൾക്ക് മികച്ച ശ്രവ്യാനുഭവം എയർ പോഡിലെ സ്പേഷ്യൽ ഓഡിയോ ഫീച്ചറിലൂടെ നിങ്ങൾക്ക് ലഭിക്കും.

# അർബുദ ശസ്ത്രക്രിയക്ക് കോബ്ര റോബോട്ടുമായി ഗവേഷകർ



പത്തുവർഷത്തിനകം ക്യാൻസർ ശസ്ത്രക്രിയയ്ക്ക് പാമ്പുകളെപ്പോലെ സഞ്ചരിക്കാൻ ശേഷിയുള്ള റോബോട്ടുകളെ ഉപയോഗിക്കാനാകുമെന്ന് റിപ്പോർട്ട്. ജെറ്റ് എൻജിനീയറിങ്, ആണവ നിലയങ്ങൾ എന്നിവയിൽ ഉപയോഗിക്കുന്ന കോബ്ര എന്ന റോബോട്ടാണ് മെഡിക്കൽ മേഖലയിലും ഉപയോഗിക്കുന്നത്. ബ്രിട്ടനിലെ നോട്ടിംഗ്ഹാം സർവകലാശാലയിലെ ഗവേഷകരാണ് രൂപത്തിലും ഉപയോഗത്തിലും വ്യത്യസ്തമായ ഈ റോബോട്ട് നിർമ്മിച്ചത്.

മനുഷ്യരിലെ ശസ്ത്രക്രിയകളിൽ ഈ കോബ്ര റോബോട്ടിനെ ഉപയോഗിക്കാനാവുമോ എന്ന കാര്യത്തിലുള്ള പരീക്ഷണങ്ങൾ ആരംഭിച്ചു കഴിഞ്ഞുവെന്ന് പ്രഫ. ഡ്രാഗോസ് ആക്സിന്റെ പറഞ്ഞു. തൊണ്ടയിലെ അർബുദത്തിന്റേയും പരുക്കിന്റേയും ശസ്ത്രക്രിയകളിലാണ് ഈ റോബോട്ടിനെ ഉപയോഗിക്കാനാവുക.

റോൾസ് റോയ്സുമായി സഹകരിച്ചു നടത്തുന്ന ഗവേഷണത്തിന് ബ്രിട്ടനിലെ എൻജിനീയറിങ് ആൻഡ് ഫിസിക്കൽ സയൻസസ് റിസർച്ച് കൗൺസിലിന്റെ ധനസഹായവും ലഭിച്ചിട്ടുണ്ട്. നിലവിൽ എൻഡോസ്കോപി ഉപകരണങ്ങൾ ഉപയോഗിച്ച് നടത്തുന്ന പരിശോധനകളിൽ കൂടുതൽ വ്യക്തതയും കൃത്യതയും നൽകാൻ കോബ്ര റോബോട്ടിന് സാധിച്ചേക്കും.

പാമ്പിനെ പോലെ ചെറിയ സ്ഥലങ്ങളിലേക്ക് നുഴഞ്ഞു കയറാനും വളയാനും തിരിയാനുമൊക്കെ ഈ കോബ്ര റോബോട്ടിന് സാധിക്കും. ചെറിയൊരു ജോയ്സ്റ്റിക് ഉപയോഗിച്ച് ഇതിനെ നിയന്ത്രിക്കാനുമാവും. ലെസ്റ്ററിലെ ചില ആശുപത്രികളിലെ വൈദ്യശാസ്ത്ര വിദഗ്ധരുമായി ചർച്ചകൾ ആരംഭിച്ചു കഴിഞ്ഞു' എന്ന് ഗവേഷണ സംഘത്തിന് നേതൃത്വം നൽകുന്ന പ്രഫ. ആക്സിന്റെ പറഞ്ഞു.

അഞ്ച് മീറ്റർ (16 അടി) നീളമുള്ള റോബോട്ടിന് ഒരു പെൻസിലിന്റെ (9 മില്ലിമീറ്റർ) വ്യാസം മാത്രമാണുള്ളത്. ലെസ്റ്റർ എൻഎച്ച്എസ് ട്രസ്റ്റ് യൂനിവേഴ്സിറ്റി ആശുപത്രിയിലെ ഇഎൻടി വിഭാഗം ഡോക്ടറും റോബോട്ടിക് സർജനുമായ ഡോ. ഒലേയോ ഒലാലേയെയാണ് ഈ പാമ്പു റോബോട്ടിന്റെ സാധ്യതകളെക്കുറിച്ച് പഠിക്കുന്ന വൈദ്യശാസ്ത്ര വിദഗ്ധരിലൊരാൾ.

'തൊണ്ടയിലേയും ശബ്ദ പേടകത്തിലേയും അർബുദ ചികിത്സയിൽ ഇത് ഏറെ ഗുണം ചെയ്യും. കൂടുതൽ വ്യക്തതയുള്ള ദൃശ്യങ്ങൾ ലഭിക്കുക വഴി അർബുദ മുഴകളുടെ കൂടുതൽ വിശദാംശങ്ങൾ ലഭിക്കും. ഈ സാങ്കേതികവിദ്യ ഉപയോഗിച്ചാൽ രോഗികൾക്ക് കുറഞ്ഞ വേദന മാത്രമേ അനുഭവിക്കേണ്ടി വരൂ. ആശുപത്രിയിൽ നിന്നും വേഗം മടങ്ങാനും സാധിക്കും. ഇതെല്ലാം രോഗിക്ക് ആശ്വാസം നൽകുന്നതാണ്' എന്നും ഡോക്ടർ ഒലാലെയേയുടെ വാക്കുകളിലുണ്ട്.

# ഇനി ഇന്ത്യ നിർമിക്കും, ചൈന വാങ്ങും

ആപ്പിൾ കമ്പനിയുടെ എയർപോഡുകളുടെ ഘടകങ്ങൾ ഇന്ത്യയിൽ നിർമ്മിക്കാനും ചൈനയിലേക്കും വിയറ്റ്നാമിലേക്കും കയറ്റുമതി ചെയ്യാനും തുടങ്ങിയതായി ബ്ലൂംബെർഗ് റിപ്പോർട്ട് ചെയ്യുന്നു.

എയർപോഡ്സിന്റെ ഘടകഭാഗങ്ങൾ നിർമിക്കുന്ന അമേരിക്കൻ കമ്പനിയായ ജാബിലിന്റെ (Jabil Inc) ഇന്ത്യൻ വിഭാഗമാണ് ഇപ്പോൾ തുടക്കം കുറിച്ചിരിക്കുന്നത്. എയർപോഡ്സിന്റെ പ്ലാസ്റ്റിക് ബോഡിയാണ് ജാബിൽ ഇന്ത്യയിൽ നിർമിച്ച് കയറ്റുമതി ചെയ്യുന്നത്.

അമേരിക്കൻ നിർമാണ കമ്പനിയായ ജാബിൽ പുണെയിൽ സ്ഥാപിച്ച പ്ലാന്റിന് 80,000 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുണ്ട്. ഇവിടെ ഇപ്പോൾ 2,500 ലേറെ പേർ ജോലി ചെയ്യുന്നുണ്ട്. ട്രൂ വയർലെസ് സ്റ്റീരിയോ (ടിഡബ്ല്യൂഎസ്) വിഭാഗത്തിലാണ് എയർപോഡ്സ് പെടുന്നത്.

ഇയർഫോൺസും ഹെഡ്ഫോൺസുമായി ടിഡബ്ല്യൂഎസ് വിഭാഗത്തിൽ 23.8 ദശലക്ഷം യൂണിറ്റുകളാണ് ആപ്പിൾ 2022 മൂന്നാം പാദത്തിൽ കയറ്റുമതി ചെയ്തത് എന്നാണ് ക്യാനാലിസിന്റെ റിപ്പോർട്ടിൽ പറയുന്നത്.

ചൈനയിലുള്ള ആശ്രിതത്വം കുറയ്ക്കാനായി ആപ്പിൾ ഇന്ത്യയിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയാണെന്ന് ബ്ലൂംബെർഗ് റിപ്പോർട്ട്. അമേരിക്ക ചൈനയ്ക്കെതിരെ കൊണ്ടുവരുന്ന സാമ്പത്തിക ഉപരോധവും കോവിഡ് ഉണ്ടാക്കിയ സവിശേഷ സാഹചര്യവും ചൈനയ്ക്കപ്പുറത്ത് എന്ത് എന്നതിനെക്കുറിച്ച് ചിന്തിക്കാൻ ആപ്പിളിനെ പ്രേരിപ്പിക്കുന്നു. എയർപോഡ്സും ആപ്പിളിന്റെ ലാപ്ടോപ് ശ്രേണിയായ മാക്ബുക്കും അധികം താമസിയാതെ ഇന്ത്യയിൽത്തന്നെ നിർമിച്ചു തുടങ്ങുമെന്നും നേരത്തേ റിപ്പോർട്ടുണ്ടായിരുന്നു.

# ‘ആഫ്രിക്കയെ ശ്വാസം മുട്ടിക്കുന്നത് നിർത്തൂ, ഇത് നിങ്ങൾക്ക് കൊള്ളയടിക്കാനുള്ള ഖനിയല്ല’



ആഫ്രിക്കയുടെ പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കുന്നത് വിദേശശക്തികൾ അവസാനിപ്പിക്കണമെന്ന് ഫ്രാൻസിസ് മാർപാപ്പ. ചൊവ്വാഴ്ച്ച കോംഗോ സന്ദർശനത്തിനിടെ ആയിരുന്നു മാർപാപ്പയുടെ പ്രതികരണം.‘‘ആഫ്രിക്കയെ ശ്വാസം മുട്ടിക്കുന്നത് നിർത്തുക: ഇത് കൊള്ളയടിക്കാനുള്ള ഖനിയോ കൊള്ളയടിക്കാനുള്ള ഭൂപ്രദേശമോ അല്ല’’. കൊളോണിയൽ ശക്തികൾ ആഫ്രിക്കയെ നൂറ്റാണ്ടുകളായി ചൂഷണം ചെയ്യുന്നതിനെയും, പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കുന്നത് വിദേശശക്തികളെയും, കോംഗോയുടെ കാര്യങ്ങളിൽ ഇടപെടുന്ന അയൽ രാജ്യങ്ങളെയും ഫ്രാൻസിസ് നിശിതമായി വിമർശിച്ചു.കോംഗോയുടെ വിശാലമായ ധാതുവും പ്രകൃതിദത്തവുമായ സമ്പത്തിനെ ‘സൃഷ്ടിയുടെ വജ്രം‘ എന്ന് വിളിച്ച ഫ്രാൻസിസ്, വിദേശ ശക്തികൾ രാജ്യത്തെ കൊത്തിയെടുക്കുന്നത് അവസാനിപ്പിക്കണമെന്നും കോംഗോ ജനതയുടെ സാമ്പത്തിക മേഖലയെ ഉത്തേജിപ്പിക്കണമെന്നും ആവശ്യപ്പെട്ടു.ദക്ഷിണ സുഡാൻ ഉൾപ്പെടെ ആറ് ദിവസത്തെ യാത്ര ആദ്യം ജൂലൈയിൽ ഷെഡ്യൂൾ ചെയ്തിരുന്നെങ്കിലും ഫ്രാൻസിസിന്റെ കാൽമുട്ടിന് പ്രശ്നങ്ങൾ കാരണം മാറ്റിവയ്ക്കുകയായിരുന്നു.വിമാനത്താവളത്തിൽ നിന്ന് പ്രസിഡന്റിന്റെ കൊട്ടാരത്തിലേക്കുള്ള യാത്രയിൽ റോഡിനിരുവശവും തിങ്ങിക്കൂടിയ വൻ ജനക്കൂട്ടം മാർപാപ്പയെ സ്വാഗതം ചെയ്തു. പ്രസിഡന്റ് ഫെലിക്സ് ഷിസെക്ടിയുമായി കൂടിക്കാഴ്ച നടത്തി. ഇന്ന് മാർപാപ്പ പൊതുവേദിയിൽ കുർബാന അർപ്പിക്കും. കിഴക്കൻ കോംഗോയിൽനിന്നുള്ള യുദ്ധക്കെടുതി അനുഭവിക്കുന്നവരുമായി മാർപാപ്പ പ്രത്യേക കൂടിക്കാഴ്ച നടത്തും. വെള്ളിയാഴ്ച മാർപാപ്പ ദക്ഷിണ സുഡാനിലേക്കു പോകും. ഞായറാഴ്ച വത്തിക്കാനിലേക്കു മടങ്ങും

## നാം ഭീകരതയുടെ വിത്ത് വിതച്ചു; വിശ്വാസികൾ കൊല്ലപ്പെട്ടത് ഇവിടെത്തന്നെ: പാക് മന്ത്രി

ഇസ്ലാമാബാദ്: ’ഭീകരതയുടെ വിത്ത് വിതച്ചത് നാം തന്നെയാണ്. പ്രാർത്ഥനക്കിടെ വിശ്വാസികൾ കൊല്ലപ്പെട്ടത് ഇന്ത്യയിലോ ഇസ്രയേലിലോ അല്ല, ഈ പാകിസ്ഥാനിലാണത് സംഭവിച്ചത്,’ പാകിസ്ഥാൻ പ്രതിരോധ മന്ത്രി ഖ്വാജ ആസിഫിന്റെ ഏറ്റുപറച്ചിൽ. പെഷവാറിലെ പള്ളിയിൽ നിസ്കാരത്തിനിടെ 100 പേർ കൊല്ലപ്പെട്ട ഭീകരാക്രമണത്തിന്റെ പശ്ചാത്തലത്തിൽ പാർലമെന്റിൽ പ്രസ്താവന നടത്തുകയായിരുന്നു പാക് മന്ത്രി. നിസ്കാരത്തിനിടെ പൊട്ടിത്തെറിച്ച ചാവേർ സുഹ്ര് പ്രാർത്ഥനയുടെ മുൻ നിരയിലുണ്ടായിരുന്നെന്നും മന്ത്രി പറഞ്ഞു. രാജ്യം മുഴുവൻ ഭീകരതയ്ക്കെതിരെ ഒരുമിക്കണമെന്നും എങ്കിൽ മാത്രമേ അതിനെ പരാജയപ്പെടുത്താനാവൂയെന്നും ആസിഫ് പറഞ്ഞു. ’ഭീകരതയ്ക്ക് മതത്തിന്റെയോ കക്ഷിയുടെയോ വ്യത്യാസമില്ല. മതത്തിന്റെ പേരുപയോഗിച്ച് വിലപ്പെട്ട ജീവനുകളെടുക്കുകയാണ് ഭീകരത ചെയ്യുന്നത്,’ മന്ത്രി പ്രതികരിച്ചു. അഫ്ഗാനിസ്ഥാനിലെ യുദ്ധങ്ങളിൽ യുഎസിനെ സഹായിച്ചതാണ് പാകിസ്ഥാന് വിനയായതെന്നും ആസിഫ് പറഞ്ഞു. റഷ്യ അഫ്ഗാനിൽ അധിനിവേശം നടത്തിയപ്പോൾ യുഎസിനെ പാകിസ്ഥാൻ സഹായിച്ചു. 10 വർഷത്തെ യുദ്ധത്തിന് ശേഷം റഷ്യയുടെ പരാജയം ആഘോഷിച്ച് അമേരിക്ക തിരികെ പോയി. അടുത്ത 10 വർഷം അതിന്റെ പ്രത്യാഘാതം അനുഭവിച്ചത് പാകിസ്ഥാനാണ്. പിന്നീട് 9/11 ഭീകരാക്രണമുണ്ടായി. അടുത്ത യുദ്ധത്തിലും പാകിസ്ഥാൻ പങ്കാളിയായി. ഈ രണ്ട് യുദ്ധങ്ങളും കവിഞ്ഞൊഴുകി പാകിസ്ഥാനിലെ വീടുകളിലേക്കും സ്കൂളുകളിലേക്കും പൊതു ഇടങ്ങളിലേക്കും എത്തിയിരിക്കുകയാണെന്നും മന്ത്രി വിമർശിച്ചു.

## പാകിസ്ഥാനിലുണ്ടായ ചാവോറാക്രമണം: പിന്നിൽ പൊലീസുകാരോടുള്ള പ്രതികാരം

ഇസ്ലാമാബാദ്: പാക്കിസ്ഥാനിലെ വടക്കൻ നഗരമായ പെഷവാറിലെ പള്ളിയിലുണ്ടായ സ്ഫോടനം പ്രതികാര ആക്രമണമായിരുന്നുവെന്ന് പൊലീസ് മേധാവി. പൊലീസ് സേനയെ തകർക്കുകയായിരുന്നു തീവ്രവാദികളുടെ ലക്ഷ്യമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. തീവ്രവാദികൾക്കെതിരെ നടപടിയെടുക്കാൻ മുൻനിരയിലുള്ളതിനാലാണ് അവർ തങ്ങളെ ലക്ഷ്യമിടുന്നതെന്ന് സിറ്റി പൊലീസ് മേധാവി മുഹമ്മദ് ഇജാസ് ഖാൻ എഎഫ്പിയോട് പറഞ്ഞു. ചാവേർ ആക്രമണത്തിൽ ഒരു ഇമാം ഉൾപ്പെടെ 100 പേർ കൊല്ലപ്പെടുകയും 150 ലധികം പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. സ്ഫോടനസമയത്ത് പള്ളിയുടെ പരിസരത്ത് പ്രാർത്ഥനയ്ക്കായി നാനൂറോളം പൊലീസ് ഉദ്യോഗസ്ഥർ ഉണ്ടായിരുന്നു. 2021 ഓഗസ്റ്റിൽ താലിബാൻ കാബൂളിന്റെ നിയന്ത്രണം പിടിച്ചെടുത്തതിനുശേഷം അഫ്ഗാനിസ്ഥാന്റെ അതിർത്തിയിലുള്ള പെഷവാറിനടുത്തുള്ള പ്രദേശങ്ങളിൽ സുരക്ഷാ ചെക്ക്പോസ്റ്റുകളെ ലക്ഷ്യം വച്ചുള്ള തീവ്രവാദപ്രവർത്തനങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പാകിസ്ഥാൻ താലിബാനും ഇസ്ലാമിക് സ്റ്റേറ്റിന്റെ പ്രാദേശിക വിഭാഗവുമാണ് ആക്രമണങ്ങളുടെ ഉത്തരവാദിത്തം കൂടുതലും ഏറ്റെടുക്കുന്നത്. പള്ളിയിൽ പ്രാർഥനയ്ക്കിടെ മുൻ നിരയിൽ ഉണ്ടായിരുന്ന ചാവേർ സ്വയം പൊട്ടിത്തെറിക്കുകയായിരുന്നുവെന്ന് സുരക്ഷാ ഉദ്യോഗസ്ഥരെ ഉദ്ധരിച്ച് വാർത്താ ഏജൻസി പിടിഐ റിപ്പോർട്ട് ചെയ്തു.




## പാകിസ്ഥാനിൽ ഇന്ധനം തൊട്ടാൽ കൈ പൊള്ളും

ഇസ്ലമാബാദ്: പാക്കിസ്ഥാനിൽ പെട്രോളിന്റെയും ഡീസലിന്റെയും വില കുത്തനെ കൂട്ടി. സാമ്പത്തിക പ്രതിസന്ധിയിൽ നട്ടം തിരിയുന്ന പാകിസ്ഥാനിൽ പെട്രോളിന്റെയും ഡീസലിന്റെയും വില വർധിച്ചത് പൊതുജനങ്ങളെ ബാധിച്ചിരിക്കുകയാണ്. പെട്രോളിനും ഡീസലിനും ലിറ്ററിന് 35 രൂപ വർധിപ്പിച്ചതായി ധനമന്ത്രി ഇസ്ഹാഖ് ദാർ ഞായറാഴ്ച വെളിപ്പെടുത്തിയിരുന്നു. വില വർധനവ് പ്രഖ്യാപിച്ചതോടെ ദിവസവും ബൈക്കും കാറും ഓടിക്കുന്ന പാകിസ്ഥാനികൾ കൂടുതൽ ആശങ്കാകുലരാണ്. വാഹനങ്ങൾ ഓടിക്കാൻ വീടുകളിൽ നിലവിലുള്ള ചിലവ് വീണ്ടും ചുരുക്കണോ അതോ പുതുക്കിയ വിലയ്ക്ക് പെട്രോളും ഡീസലും വാങ്ങണോ എന്ന ആശങ്കയിലാണെന്ന് പലരും പറയുന്നു. പാക്കിസ്ഥാനിൽ വർധിപ്പിച്ച വില പ്രാബല്യത്തിൽ വന്നതോടെയാണ് വാഹനങ്ങൾ നിരത്തിൽ ഇറക്കാൻ പോലും ആവാതെ ജനങ്ങൾ വലയുന്നത്.

## റഷ്യയും ചൈനയും തമ്മിലുള്ള അടുപ്പം വർധിക്കുന്നു; കൂടുതൽ 'സുഹൃത്തുക്കളെ' തേടി നാറ്റോ മേധാവി!

ടോക്കിയോ: റഷ്യയുമായുള്ള ചൈനയുടെ വർദ്ധിച്ചുവരുന്ന ഉറപ്പും സഹകരണവും ഏഷ്യയ്ക്ക് മാത്രമല്ല യൂറോപ്പിനും ഭീഷണിയാണെന്ന് നാറ്റോ സെക്രട്ടറി ജനറൽ ജെൻസ് സ്റ്റോൾട്ടൻബെർഗ്. ഇൻഡോ-പസഫിക് മേഖലയിൽ നാറ്റോയ്ക്ക് കൂടുതൽ ശക്തമായ സഹകരണവും കൂടുതൽ ‘സുഹൃത്തുക്കളും’ ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു.സുതാര്യത നൽകാതെ ആണവായുധങ്ങളിലും ലോംഗ് റേഞ്ച് മിസൈലുകളിലും ചൈന കൂടുതലായി നിക്ഷേപിക്കുന്നു. അയൽക്കാരുടെ മേൽ ബലപ്രയോഗവും സ്വന്തം പ്രദേശമെന്ന് അവകാശപ്പെട്ട് ദ്വീപ് രാജ്യമായ തായ്വാനെതിരെയുള്ള ഭീഷണികളും വർദ്ധിപ്പിക്കുന്നു.റഷ്യയും ചൈനയും കൂടുതൽ അടുപ്പം പുലർത്തുന്നു എന്നതും ചൈനയുടെ ഗണ്യമായ നിക്ഷേപങ്ങളും പുതിയ നൂതന സൈനിക ശേഷികളും ഏഷ്യയ്ക്ക് മാത്രമല്ല നാറ്റോ സഖ്യകക്ഷികൾക്കും വെല്ലുവിളി ഉയർത്തുന്നുവെന്നും സ്റ്റോൾട്ടൻബർഗ് പറഞ്ഞു. തങ്ങൾക്ക് ശക്തരായ സുഹൃത്തുക്കളുണ്ടെന്ന് നാറ്റോ ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ഇൻഡോ പസഫിക്കിലെ പങ്കാളികളുമായി കൂടുതൽ അടുത്ത് പ്രവർത്തിക്കേണ്ടത് പ്രധാനമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.ചൈന കൂടുതലായി റഷ്യയുമായി ചേർന്ന് പ്രവർത്തിക്കുന്നുണ്ടെന്നും ജനാധിപത്യപരമായ അന്താരാഷ്ട്ര ക്രമത്തിനെതിരെ അവർ സ്വേച്ഛാധിപത്യ മുന്നേറ്റത്തിന് നേതൃത്വം നൽകുന്നതായും അദ്ദേഹം പറഞ്ഞു.



## ഖുർആനെ അവഹേളിക്കുന്നത് അനുവദിക്കിടത്തോളം സ്വീഡന് നാറ്റോയിൽ ചേരാനാകില്ല: എർദോഗൻ

ഇസ്ലാമിന്റെ വിശുദ്ധ ഗ്രന്ഥത്തെ അവഹേളിക്കുന്നത് അനുവദിക്കുന്നിടത്തോളം നാറ്റോ സൈനിക സഖ്യത്തിൽ ചേരാൻ സ്വീഡനെ തുർക്കി അനുവദിക്കില്ലെന്ന് തുർക്കി പ്രസിഡന്റ് റജബ് ത്വയ്യിബ് എർദോഗൻ. ഇത് കാരണം നാറ്റോയിലേക്കുള്ള രണ്ട് നോർഡിക് രാജ്യങ്ങളുടെ പ്രവേശനത്തെക്കുറിച്ച് ചർച്ച ചെയ്യുമായിരുന്ന ബ്രസൽസിൽ ഒരു പ്രധാന യോഗം അത് അനിശ്ചിത കാലത്തേക്ക് മാറ്റിവച്ചു.എന്റെ വിശുദ്ധ ഗ്രന്ഥമായ ഖുറാൻ കത്തിക്കാനും കീറിമുറിക്കാനും നിങ്ങൾ അനുവദിക്കുകയും നിങ്ങളുടെ സുരക്ഷാ സേനയുമായി ചേർന്ന് അങ്ങനെ ചെയ്യുകയും ചെയ്യുന്നിടത്തോളം കാലം നിങ്ങളുടെ നാറ്റോയിലേക്കുള്ള പ്രവേശനത്തിന് ഞങ്ങൾ അതെയെന്ന് പറയില്ല എന്നാണ് എർദോഗൻ തന്റെ വിധിന്യായത്തോടുള്ള പ്രസംഗത്തിൽ പറഞ്ഞത്.

## ‘റഷ്യയെ ഒറ്റപ്പെടുത്താൻ ഉക്രെയ്ന് വേണ്ടതെല്ലാം നൽകുക; മടിക്കരുത്’

റഷ്യയെ ഒറ്റപ്പെടുത്താൻ യുഎസും, യുകെയും ഉൾപ്പെടെയുള്ള പടിഞ്ഞാറൻ രാഷ്ട്രങ്ങൾ ഉക്രെയ്നിന് ആവശ്യമായതെല്ലാം നൽകുന്നത് തുടരണമെന്ന് മുൻ ബ്രിട്ടൻ പ്രധാനമന്ത്രി ബോറിസ് ജോൺസൺ.‘ഞങ്ങളുടെ പിന്തുണ ഇരട്ടിയാക്കാനുള്ള സമയമാണിത്, അവർക്ക് ആവശ്യമുള്ളത് നൽകുക, അത് ടാങ്കുകളോ ലോംഗ് റേഞ്ച് പീരങ്കികളോ ആകട്ടെ. അവർക്ക് പുടിനെ മുഴുവൻ പ്രദേശത്തുനിന്നും പുറത്താക്കേണ്ടതുണ്ട്‘ ജോൺസൺ പറഞ്ഞു.‘പുടിൻ എത്ര വേഗത്തിൽ ഉക്രെയ്നിൽ നിന്ന് പുറത്തുകടക്കുന്നുവോ അത്രയും വേഗത്തിൽ ഞങ്ങൾ സ്ഥിരതയിലേക്ക് മടങ്ങുന്നു. ബലപ്രയോഗത്തിലൂടെ അതിർത്തികൾ മാറ്റാനുള്ള ആക്രമണാത്മക ശ്രമങ്ങൾ വെച്ചുപൊറുപ്പിക്കില്ലെന്നും അദ്ദേഹം പറഞ്ഞു.2014-ൽ ഉക്രൈനിലെ ക്രിമിയ പ്രദേശം ക്രെംലിൻ പിടിച്ചടക്കിയ സമയത്ത് പടിഞ്ഞാറ് പുടിനെ ശിക്ഷിക്കുന്നതിൽ പരാജയപ്പെട്ടുവെന്നും മുൻ പ്രധാനമന്ത്രി കൂട്ടിച്ചേർത്തു. ഞങ്ങൾ ചില ഉപരോധങ്ങൾ ഏർപ്പെടുത്തി, പക്ഷേ അവ ശരിക്കും കഠിനമായിരുന്നില്ല. എന്നാൽ അടിസ്ഥാനപരമായി ഞങ്ങൾ പുടിനെ ഉക്രെയ്ൻ ആക്രമിക്കാൻ അനുവദിച്ചു.യുദ്ധം ഒരു ആഗോള ആണവ സംഘട്ടനമായി മാറുമെന്ന ഭയം ജോൺസൺ വലിയതോതിൽ തള്ളിക്കളഞ്ഞു. ‘‘ഞാൻ പറയുന്നത് സമയം ലാഭിക്കുക, പണം ലാഭിക്കുക, ജീവൻ രക്ഷിക്കുക, ഉക്രേനിയക്കാർക്ക് കഴിയുന്നത്ര വേഗത്തിൽ അവർക്ക് ആവശ്യമുള്ളത് നൽകുക. പുടിനെ പുറത്താക്കുക.’’

# തായ്വാൻ – ചൈന യുദ്ധത്തിന് തുടക്കമോ?

# ഇരുപത് ചൈനീസ് യുദ്ധവിമാനങ്ങൾ തായ്‌വാൻ അതിർത്തിയിൽ പ്രവേശിച്ചു



തായ്വാൻ: റഷ്യ-ഉക്രെയ്ൻ യുദ്ധത്തിന് ശേഷം ഇസ്രായേൽ-ഇറാൻ യുദ്ധവും ആരംഭിച്ചു, ഇപ്പോൾ തായ്വാൻ-ചൈന യുദ്ധത്തിന്റെ ആശങ്കയും വർദ്ധിച്ചു. തായ്വാനിൽ ചൈനയുടെ ആക്രമണത്തിന് സാധ്യതയുണ്ടെന്ന് രണ്ട് ദിവസം മുമ്പ് ജപ്പാൻ പ്രധാനമന്ത്രി ഫ്യൂമിയോ കിഷിദ വ്യക്തമാക്കിയിരുന്നു.കിഷിദയുടെ ഈ പ്രവചനം 48 മണിക്കൂറിനുള്ളിൽ യാഥാർത്ഥ്യമാകുന്ന അവസ്ഥയിലാണ്. ചൊവ്വാഴ്ച 20 ചൈനീസ് യുദ്ധവിമാനങ്ങൾ പെട്ടെന്ന് തായ്വാൻ അതിർത്തിയിൽ പ്രവേശിച്ചതായാണ് റിപ്പോർട്ട്. ഇതിന് പിന്നാലെ സംഘർഷാവസ്ഥ നിലനിൽക്കുകയാണ്. ഇതിനിടയിൽ ചൈന തങ്ങളുടെ ഏറ്റവും അപകടകരമായ യുദ്ധക്കപ്പലുകളും തായ്വാൻ അതിർത്തിയിൽ വിന്യസിച്ചിട്ടുണ്ട്.ചൈനീസ് യുദ്ധവിമാനങ്ങളെ വെടിവെച്ചിടാനുള്ള മിസൈൽ സംവിധാനം തായ്വാൻ സജീവമാക്കി. ഇതോടെ ഇരു രാജ്യങ്ങളും തമ്മിലുള്ള സംഘർഷം രൂക്ഷമായിരിക്കുകയാണ്. ഈ സംഭവവികാസങ്ങളെല്ലാം അമേരിക്ക സൂക്ഷ്മമായി നിരീക്ഷിച്ചുവരികയാണ്. ചൈനയ്ക്കെതിരെ പ്രതികരിക്കാൻ അമേരിക്കൻ സൈന്യവും സജീവമായി രംഗത്തെത്തിയിട്ടുണ്ട്.തായ്വാൻ അതിർത്തിയിൽ ചൈന 34 യുദ്ധവിമാനങ്ങൾ ഇറക്കിയിട്ടുണ്ട്. ഇതോടൊപ്പം 9 യുദ്ധക്കപ്പലുകളും വിന്യസിച്ചിട്ടുണ്ട്. മൂന്നാം തവണയും ചൈനയുടെ പ്രസിഡന്റായ ഉടൻ തായ്വാനെ ചൈനയിൽ ലയിപ്പിക്കാൻ സൈനിക ശക്തി പ്രയോഗിക്കാൻ മടിക്കില്ലെന്ന് ഷി ജിൻപിംഗ് പറഞ്ഞിരുന്നു. ചൈനയുടെ 34 സൈനിക വിമാനങ്ങളും 9 യുദ്ധക്കപ്പലുകളും വിന്യസിച്ചതിന് മറുപടിയായി തായ്വാൻ തങ്ങളുടെ യുദ്ധവിമാനങ്ങളും വിന്യസിച്ചു. ഇതോടൊപ്പം നാവികസേനയ്ക്കും ജാഗ്രതാ നിർദേശം നൽകിയിട്ടുണ്ട്.

# തെരുവിൽ നൃത്തം ചെയ്ത ബ്ലോഗർ ദമ്പതികളെ തടവിലാക്കി ഇറാൻ

ടെഹ്റാൻ: പ്രസിഡന്റ് ഇബ്രാഹിം റൈസിയുടെ കീഴിൽ ജനങ്ങളുടെ സ്വാതന്ത്ര്യം കൂടുതൽ അപകടത്തിലാണെന്ന് വ്യക്തമാകുന്ന റിപ്പോർട്ടുകളാണ് ഇറാനിൽ നിന്നിപ്പോൾ പുറത്തുവരുന്നത്.രാജ്യത്ത് സ്ത്രീ ജീവിത സ്വാതന്ത്ര്യ വിപ്ലവത്തെ പിന്തുണച്ച് തെരുവിൽ നൃത്തം ചെയ്തതിന് ഇറാനിയൻ ദമ്പതികൾക്ക് തടവ് ശിക്ഷ വിധിച്ചുവെന്ന ഞെട്ടിക്കുന്ന വാർത്തയാണ് ഇപ്പോൾ അന്താരാഷ്ട്ര മാധ്യമങ്ങളുടെ തലക്കെട്ടുകളിൽ നിറയുന്നത്.ബ്ലോഗർ ദമ്പതികളായ അസ്തിയാസ് ഹഗിഗി (21), അമീർ മുഹമ്മദ് അഹമ്മദി (22) എന്നിവർക്കെതിരെയാണ് ഇത്തരത്തിൽ വിചിത്രമായ ഒരു നടപടി ഇപ്പോൾ സ്വീകരിച്ചിരിക്കുന്നത്.ഇറാനിയൻ സദാചാര പൊലീസിന്റെ കസ്റ്റഡിയിൽ 22 കാരിയായ കുർദിഷ് യുവതി മഹ്സ അമിനി മരിച്ചതിനെ തുടർന്ന് കഴിഞ്ഞ വർഷം സെപ്റ്റംബറിൽ ആരംഭിച്ച പ്രതിഷേധങ്ങളെ പിന്തുണയ്ക്കാൻ ദമ്പതികൾ നൃത്തം ചെയ്തിരുന്നു. ഈ വീഡിയോ പിന്നീട് വൈറലായി. ഇതോടെയാണ് ഇവർക്കെതിരെ നടപടി ഉണ്ടായത്.ഇരുവർക്കും പത്തര വർഷത്തെ തടവ് ശിക്ഷയാണ് ഇറാനിയൻ കോടതി വിധിച്ചത്.



2022 നവംബർ 10നാണ് ഹാഗിഗിയെയും അഹമ്മദിയെയും അറസ്റ്റ് ചെയ്തത്. അഴിമതിയും പൊതു വേശ്യാവൃത്തിയും പ്രോത്സാഹിപ്പിക്കുന്നു എന്ന കുറ്റമാണ് ഇവർക്കെതിരെ ചുമത്തിയിരിക്കുന്നത്.






# പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ

# 91-ാം ഓർമ്മപ്പെരുന്നാൾ

## ST. PETER'S JACOBITE SYRIAC ORTHODOX CHURCH, NORTHLAKE

150 E BELLE DR, NORTHLAKE, IL, 60164

**2023 FEBRUARY 11 12 SATURDAY SUNDAY**



പ്രിയരെ,

മഞ്ഞനിക്കരയിൽ കബറടങ്ങിയിരിക്കുന്ന പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ 91-ാമത് ഓർമ്മപ്പെരുന്നാൾ, ഷിക്കാഗോയിലെ സെന്റ് പീറ്റേഴ്സ്, സെന്റ് ജോർജ്, സെന്റ് മേരീസ് ക്നാനായ എന്നീ യാക്കോബായ സുറിയാനി ഓർത്തഡോക്സ് ഇടവകകളുടെ സംയുക്താഭിമുഖ്യത്തിൽ 2023 ഫെബ്രുവരി 11,12 (ശനി,ഞായർ) തീയതികളിൽ സെന്റ് പീറ്റേഴ്സ് പള്ളിയിൽ അഭിവന്ദ്യ ഡോ.അയൂബ് മോർ സിൽവാനോസ് (Knanaya Regional Metropolitan of NA & Europe) മെത്രാപ്പോലീത്തയുടെ പ്രധാന കാർമ്മികത്വത്തിൽ പൂർവ്വാധികം ഭംഗിയായി കൊണ്ടാടുവാൻ കർത്താവിൽ പ്രത്യാശിക്കുന്നു. വിശ്വാസികളേവരും നേർച്ച -കാഴ്ചകളോടെ പരിശുദ്ധന്റെ ഓർമ്മപ്പെരുന്നാളിൽ സംബന്ധിച്ച് അനുഗ്രഹം പ്രാപിപ്പാൻ ദൈവനാമത്തിൽ താൽപ്പര്യപ്പെടുന്നു.

For Perunnal Council
V. Rev. Sakariya Cor-episcopa, Thelappillil
Rev. Fr. Thomas Mapurath
Rev. Fr. Mathew Karuthalackal
Rev. Fr. Liju Paul
Rev. Fr. Thomas Nediyavila
Rev. Fr. Anish Sakariya Thelappillil

## കാര്യപരിപാടികൾ

### 05 FEBRUARY SUNDAY

12.30 pm : Flag Hoisting at St.Peter's Church

### 11 FEBRUARY SATURDAY

05.30 pm : Pilgrimage (If weather permits)
06.30 pm : Evening Prayer & Gospel Message
07.30 pm : Choir Fest
09.30 pm : Dinner



### 12 FEBRUARY SUNDAY

09.00 am : Morning Prayer
10.00 am : Holy Tri Mass (വി.മൂന്നിന്മേൽ കുർബാന)
11.30 am : Procession, Benediction, Chendamelam
12.30 pm : Lunch
02.00 pm : Flag lowering

വിശുദ്ധ കുർബാനയിൽ ഓർക്കാനുള്ള പേരുകൾ അതാത് പള്ളികളിൽ നൽകേണ്ടതാണ്. പെരുന്നാൾ ദിവസം പാച്ചോർ നേർച്ചയായി സമർപ്പിക്കാൻ സൗകര്യമുണ്ട്.

**Contacts**

Vinu Varughese 773-469-8232
Sabu Mathew 847-477-0099
Bijoy Malathusseril 630-439-5855
Nibu George 630-544-0177
Rodney Simon 630-730-8218



SUNNY E. THOMAS
Licensed Agent
New York Life insurance Company
(847) 370-9279
thmasse@ft.nyl.com
www.newyorklife.com/agent/thomasse
NEW YORK LIFE
25+ Years of Industry Experience
Protection & Insurance Solutions : Life, Longterm Care & Disability Income
Fixed Immediate and Deferred Annuities
SUNNY FINANCIAL STRATEGIES

TOM E.SUNNY
CFP®, RICP®
Financial Advisor
(847) 414-9116
tom@sunnyfinancial.com www.sunnyfinancial.com
◆ Full-Service Financial Planning
◆ Retirement Income/Retirement Savings
◆ Wealth Management & Investments
◆ Education Funds ◆Estate Planning ◆Risk Protection
◆ 401(k), 403(b), IRA, Roth IRA Rollovers & Account Set-ups
◆ Employee Benefits/Medicare/Pension/Business Plans

ROYAL GROCERS & FLAVORS
We Add Taste to Quality
INDIAN GROCERIES
CATERING & CARRY-OUT
409 E. Euclid Ave., Mt.Prospect, IL 60056
www.theroyalgrocers.com
224 735 2588
ONLINE SHOPPING WITH HOME DELIVERY

For All Your Real Estate Needs, Please Call
RENCHI VARGHESE
Real Estate Broker / Consultant
License # 475137041
Call : 8478457361
Fax : 8886286648
Renchirealtor@yahoo.com

Achieve Real Estate Group, Inc.
834 E. Rand Rd., Suite 6,
Mount Prospect, IL 60056
achieverealtors.com

john greene REALTOR

LOOKING FOR A REAL ESTATE AGENT?
Contact me to learn more about the local housing market, and about buying a new home or selling your current one.
Anna Kunneth
Broker, john greene Realtor
630. 631.4149
annakunneth@johngreenerealtor.com


IT Solutions that work for your business
Maztech
www.maztech.tech
Ph: 630 730 8218
Rodney simon@hotmail.com
sales@maztech.tech
❖ Systems Engineering and Design
❖ Specializing in Customized Healthcare Software Solutions
❖ Systems Applications Development
❖ Project Management
❖ IT Consulting Services
❖ Cloud and Digital Services
❖ Data Analysis and Strategies
❖ Data Warehousing Implementations


JAIBU MATHEW KULANGARA & ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
7215 W.Touhy, Suite 6
CHICAGO, IL 60631
Christine Mathew Lead Associate
E-mail : tax@jaibu.com Web : www.jaibu.com
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
FREE ELECTRONIC FILING


St. Ignatius Elias III was born in Madrin, Turkey in 1867. He joined the monastery at the age of twenty two. He became bishop in 1908 and was elevated in 1916 as the 119th successor to St. Peter on the Holy Patriarchal See of Antioch. The Patriarch visited India in 1931 in response to a request from Lord Irwin, Viceroy of India, to help resolve the schism within Malankara Church. Even though long travel was discouraged by his doctor, he left Mosul on Feb 6th 1931. He arrived in Malankara on 21st March and held a number of meetings to resolve the differences between factions of the Church. Unfortunately, Bava was not very successful in resolving the differences within the Church. The inability to bring reconciliation and the hardships due to long travel had taken a toll on his life. He was taken to eternal rest on Feb 13th at Church of St. Stephen, Manjanikkara. The remains of Patriarch were interred in Manjanikkara. Bava is the only Patriarch of Antioch whose remains are interred in Malankara. In 1987, Patriarch Mor Zakka II was officially declared Bava as Saint and permitted Malankara Church to remember him in the fifth Diptych. The feast day (Dukhrono)of Bava is observed on 13th February every year. In Kerala, for the Dukhrono of Manjanikkara Bava, thousands of pilgrims come to Manjanikkara by foot from different parts of the state. Big arrangements are done in the area to welcome the pilgrims. In the Chicago area, three Syriac parishes together celebrate the feast which is a true recognition and remembrance of sacrifices made by Bava for the unity of Malankara Churches.